KOTTAYAM PUBLIC LIBRARY

Call No. M.330 Acc. No. 11422

Author. വേങ്കാദ്രി അയ്യർ. പി

Title. സമുദായശാസ്ത്രം

951

Travancore University Series No. 4.

No. 11422

# സമുദായശാസ്ത്രം

KOTTAYAM PUBLIC LIBRARY
KOTTAYAM.

പി. ശേഷാദ്രി അയ്യർ, ബി. ഏ., എം. എൽ.

പബ്ലിക്കേഷൻ ഡിപ്പാർട്ടുമെൻറ്
തിരുവിതാംകൂർ സർവകലാശാല
തിരുവനന്തപുരം

NATIONAL BOOK STALL
SPCS LTD.
KOTTAYAM

1116

വില അണ ൪.

M330
Ses-s

# പ്രസ്താവന

ഇന്നു പ്രചാരത്തിലിരിക്കുന്ന ശാസ്ത്രങ്ങളിൽ വച്ച് സമുദായശാസ്ത്രം ഏററവും അധുനാതനമായ ഒന്നാകുന്നു. 'സോഷ്യാളജി' എന്ന പദത്തിനു തന്നെ നൂറു വർഷത്തോളം പഴക്കമേ ഉള്ളു. ഈ കാലത്തിനിടയ്ക്കു് അനേകം ചിന്തകന്മാർ പ്രസ്തുതവിഷയത്തെപ്പററി ചർച്ച ചെയ്തിട്ടുണ്ടെങ്കിലും സകലരും ഒരുപോലെ സമ്മതിക്കുന്ന തത്വങ്ങളിൽ ഇതേവരെ എത്തിട്ടില്ല. ഫ്രഞ്ചുകാരും അമേരിക്കാക്കാരുമാണ് സമുദായശാസ്ത്രസംബന്ധമായി കൂടുതൽ പ്രവർത്തിച്ചുപോരുന്നത്. പാശ്ചാത്യരാജ്യങ്ങളിലെ സർവ്വകലാശാലകളിൽ സമുദായശാസ്ത്രം ഒരു പാഠ്യവിഷയമാണ്. ഭാരതീയസർവ്വകലാശാലകളിലും ഇതിന് സ്ഥാനം അനുവദിച്ചു തുടങ്ങീട്ടുണ്ട്.

സമുദായശാസ്ത്രത്തിൻെറ വ്യാപ്തി അത്യന്തം വിശാലമാണ്. ഒന്നിലധികം വ്യക്തികളുടെ സമ്മേളനങ്ങൾ ഏതും സമുദായമെന്നു പറയാം. വ്യക്തികൾ തമ്മിലുള്ള ഏതു ബന്ധവും— കുടുംബപരമോ, സൌഹാർദ്ദനിഷ്ഠമോ, സാമ്പത്തികമോ, രാഷ്ട്രീയമോ, മതപരമോ, ആയ ഏതും—ഇതിൻെറ പരിധിയിലുൾപ്പെടും. ഇത്ര വിപുലമായ ഒരു ശാസ്ത്രത്തെ സമഗ്രമായി ഒരൊററ ഗ്രന്ഥത്തിൽ ഒതുക്കി നിറുത്തുക എന്നത് ശ്രമസാദ്ധ്യമാണ്.

പ്രസ്തുതഗ്രന്ഥത്തിൽ രണ്ടു ഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. ഒന്നാം ഭാഗത്തിൽ സമുദായതത്വങ്ങളെ സംക്ഷിപ്തമായി വിവരിച്ചിട്ടുണ്ട്. പ്രാചീനകാലം മുതൽ പ്രസ്തുതവിഷയത്തിൽ ചർച്ച നടത്തീട്ടുള്ള പല ചിന്തകന്മാരുടേയും ഗവേഷകന്മാരുടേയും അഭിപ്രായങ്ങൾ ക്രോഡീകരിച്ച് രണ്ടാം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. മാനവസമുദായത്തിൻെറ സംസ്കാരപരമായ പുരോ

ഗമനം ഏതെല്ലാം മാർഗ്ഗങ്ങളിൽ കൂടിയാണ് സാധിച്ചിട്ടുള്ളതെന്നും ഏതു ലക്ഷ്യത്തെ അഭിമുഖീകരിച്ചാണ് പ്രയാണം ചെയ്യേണ്ടതെന്നും ഉള്ള വസ്തുതകൾ ഗ്രഹിക്കുന്നതിന് പ്രസ്തുതഗ്രന്ഥം ഉപകരിക്കുമെന്നു വിശ്വസിക്കുന്നു.

ഭാരതീയസംസ്കാരത്തിനുള്ള മഹനീയത സർവ്വാദരണീയമായിരിക്കുന്ന ഇക്കാലത്ത് അതിന്റെ ഒരു സംക്ഷിപ്തചരിത്രം സമുദായശാസ്ത്രപരമായ ഒരു ആദർശത്തിൽ കൂടി പ്രതിഫലിപ്പിക്കുന്നതിന് ഇതിനെ തുടൎന്ന് ഒരു ഗ്രന്ഥംകൂടി അചിരേണ പ്രസിദ്ധപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

---

# വിഷയവിവരം

UNIVERSITY OF TRAVANCORE ✲ DEPARTMENT OF PUBLICATIONS ✲ TRIVANDRUM


| | ഒന്നാം ഭാഗം | പുറം |
|---|---|---|
| 1. | സമുദായം എന്നാൽ എന്ത്? .... .... | 1 |
| 2. | താല്പര്യങ്ങളും ഭാവങ്ങളും .... .... | 12 |
| 3. | മനുഷ്യനും സമുദായവും .... .... | 17 |
| 4 | സമുദായവും പരിതഃസ്ഥിതിയും .... .... | 26 |
| 5. | ഭൂപ്രകൃതിയുടെ പ്രേരണ .... .... | 31 |
| 6. | നഗരവും ഗ്രാമവും .... .... | 34 |
| 7. | സാമുദായികസംഘടന .... .... | 37 |
| 8. | കുടുംബം .... .... | 46 |
| 9. | സംഘങ്ങളുടെ ആദിമരൂപവും വലിയ സംഘങ്ങളും .... | 55 |
| 10. | പ്രവർത്തനസമ്പ്രദായങ്ങൾ .... .... | 64 |
| 11. | ഇതരസംഘങ്ങൾ .... .... | 68 |
| 12. | സാമുദായികനിയമസംഹിതകൾ .... .... | 71 |
| 13. | സാമുദായികപരിവർത്തനം .... .... | 78 |
| 14. | സാമുദായികഗതി .... .... | 85 |
| | **രണ്ടാം ഭാഗം** | |
| 1. | സമുദായചിന്ത .... .... | 93 |
| 2. | പ്രാചീനചിന്തകന്മാർ .... .... | 98 |
| 3. | ആധുനികചിന്തകന്മാർ .... .... | 107 |
| 4. | മാനവശാസ്ത്രവും സമുദായചിന്തയും .... | 132 |
| 5. | സാമുദായികമത്സരം .... .... | 139 |
| 6. | സഹകരണവാദങ്ങൾ .... .... | 143 |
| 7. | സാമുദായികമനശ്ശാസ്ത്രം .... .... | 151 |
| 8. | പ്രായോഗികസമുദായശാസ്ത്രം .... | 162 |
| 9. | വിദ്യാഭ്യാസപരമായ സമുദായശാസ്ത്രം .... | 166 |
| 10. | സമുദായശാസ്ത്രത്തിലെ ഗവേഷണപദ്ധതികൾ | 169 |

# BOOKS CONSULTED


1. Foundations of Sociology ... By *Ross.*
2. Social Theory ... ... „ *Cole.*
3. Elements of Social Science ... „ *Mac Iver.*
4. The Modern State ... ... „ *Do.*
5. Society ... ... ... „ *Do.*
6. Community ... ... „ *Do.*
7. Society and its problems ... „ *Dow.*
8. Social and Cultural Dynamics ... „ *Sorokin.*
9. Studies in Sociology ... „ *Ginsberg.*
10. Sociology ... ... ... „ *Do.*
11. Political Institutions of the Hindus ... „ *Sarkar.*
12. Creative India ... ... „ *Do.*
13. History of Social thought ... „ *Bogardus.*
14. Grammar of Politics ... „ *Laski.*
15. The State and the Nation ... „ *Jenks.*
16. Ancient Law ... ... „ *Maine.*
17. Principles of Sociology ... „ *Spencer.*
18. Introduction to Sociology (French) ... „ *Prof: Andre* ... *De Maday.*
19. Samaja Vijnana (Bengali) ... „ *B.K. Sarkar.*
20. Do. (Hindi) ... „ *C.B. Visarad*
21. Gitarahasya (Marathi) ... „ *B. G. Tilak*
22. Mutual Aid ... ... ... „ *Kropotkin.*
23. The Great Society ... ... „ *G. Wallas.*

24. The Group Mind ... ... by *Mcdougall.*

25. An Examination of the Nature of the State ... ,, *Willonghby*

26. Principles of Sociology ... ,, *Lumley.*

27. Politics (Greek) ... ,, *Aristotle.*

28. Republic (Greek) ... ,, *Plato.*

29. Social Contract (French) ... ,, *Roussean.*

30. Short History of Marriage ... ,, *Westermarck*

31. History of Human Marriage ... ,, *Do.*

32. Physics and Politics ... ,, *Bagehot.*

33. The Laws of Imitation ... (French) ... ,, *Tarde.*

34. The True Sources of morality and religion (French) ... ,, *Bergson.*

35. Social and Religious Life in the Grihya Sutras ... ,, *V. M. Apte.*

36. The Science of Social Adjustment ... ,, *Stamp.*

37. Encyclopædia Britanica ... *1939.*

# സമുദായശാസ്ത്രം

## ഒന്നാംഭാഗം

### 1

### സമുദായം എന്നാൽ എന്ത്?

അനേകം വ്യക്തികൾ ഒന്നുചേന്ന് മാനസികസ ബന്ധത്തിൽ ഇരിക്കുമ്പോൾ ആ വ്യക്തികളുടെ സമൂഹ ത്തെ സമുദായം എന്നു വിളിക്കുന്നു. സമുദായം എന്ന വാക്ക് പൊതുവായ അത്ഥത്തിൽ ഉപയോഗിക്കുമ്പോൾ അതിനെപ്പററി പ്രതിപാദിക്കുന്ന തത്വങ്ങൾ സാമാന്യേന അസ്പഷ്ടമായിട്ടേ ഇരിക്കുകയുള്ളു; എന്നാൽ ഒരു പ്രത്യേകസമുദായത്തെക്കുറിക്കുമ്പോൾ സ്പഷ്ടമായിരിക്കും. സമുദായം എന്ന വാക്കിനു സമാനമായി "സംഘം" "സമാജം" എന്നീ രണ്ടു വാക്കുകൾ അശോകൻെറ ശിലാശാസനങ്ങളിൽ കാണുന്നു. സംഘം എന്നാൽ ബൌദ്ധ സംഘം എന്നാണ് അവിടെ ഉദ്ദേശിച്ചിട്ടുള്ളത്. ആ സംഘത്തിൻെറ സ്ഥാപകൻ അശോകൻ തന്നേ. അദ്ദേഹത്തിൻെറ ശിലാശാസനങ്ങൾക്കു മുമ്പ് സമാജങ്ങൾ ഉണ്ടായിരുന്നെങ്കിലും "സമാജം" എന്ന പദം ഉപയോഗിച്ചിട്ടുള്ളതായ രേഖയില്ല. സമുദയവും സംഘവും ഒന്നാണെന്നുള്ളതിനു "ഭവേത് സമുദയഃ സംഘേ സംഗമേ ച സമുദ്ഗമേ" എന്ന മേദിനീവാക്യം നമുക്കു തെളിവു തരുന്നുണ്ട്. സമുദായവും സമുദയവും പര്യാ

യങ്ങളാണല്ലോ. (സം-ഉദ്-അയ്, ഗതൌ)—ഒന്നിച്ചു ചേൎന്നു ഗമിക്കുന്നത് എന്നാണ് വ്യുൽപത്തി. "സമുദായ സാമൎത്ഥ്യാദ് വാ സിദ്ധം" എന്ന വാൎത്തികത്തെ ഭാഷ്യ കാരൻ വ്യാഖ്യാനിക്കുമ്പോൾ സമുദായം എന്നതിന് അവയവി എന്നാണ് അൎത്ഥം കല്പിച്ചിട്ടുള്ളത്. ആധു നികശാസ്ത്രജ്ഞന്മാരിൽ ചിലർ ഈ അർത്ഥത്തിൽ തന്നെയാണ് 'സമുദായ' പദം സ്വീകരിച്ചിട്ടുള്ളത്.

## സമുദായശാസ്ത്രം എന്നാൽ എന്ത്?

യാതൊരു ശാസ്ത്രം ഒന്നിലധികം ആളുകളുടെയോ സംഘങ്ങളുടെയോ കാൎയ്യകാരണസംബന്ധത്തെ നിൎണ്ണയി ക്കുന്നു, അതിനെ സമുദായശാസ്ത്രം എന്നു പറയാം. വി ഭിന്നവ്യക്തികൾ ഒരുമിച്ചുചേൎന്ന് എങ്ങനെ സംഘമായി ത്തീരുന്നു, ഏതു ഭാവത്താൽ പ്രചോദിതരായിട്ടാണ് ചേ രുന്നത് എന്നു തുടങ്ങിയ വിഷയങ്ങൾ ഈ ശാസ്ത്രത്തിൽ അന്തർഭവിച്ചിരിക്കുന്നു. ഒരു സംഘത്തെ സംബന്ധിച്ച് ഏതെങ്കിലും ഒരു വിഷയം അന്വേഷിക്കുന്നതിൽ ആദ്യ മായി നോക്കേണ്ടതു പരിതഃസ്ഥിതിയാണ്. പിന്നീട് മനുഷ്യസ്വഭാവവും പരിതഃസ്ഥിതിയും തമ്മിലുള്ള ബ ന്ധം. അടുത്തതായി ചിന്തിക്കേണ്ടത് മനുഷ്യരുടെ സം സ്കാരപരമായ ചരിത്രവും ജീവിതയാപനരീതിയുമാണ്. സമുദായശാസ്ത്രത്തെപ്പററി ചിന്തിക്കുമ്പോൾ ജീവിശാസ്ത്ര വുമായുള്ള ബന്ധം ഒഴിക്കാൻ പാടില്ലാത്തതാകുന്നു.

## ഏതെല്ലാം രൂപത്തിലാണ് സമുദായ ശാസ്ത്രചർച്ച നടത്തേണ്ടത്?

ജനനാനന്തരം ബാല്യാവസ്ഥയിൽ മനുഷ്യന്റെ മനോവൃത്തി എങ്ങനെ ഇരിക്കുന്നു; മനുഷ്യൻ എല്ലാ പ്രകാരമാണ് സമുദായത്തോടു തന്റെ മനോവൃത്തിയെ

ഇണക്കാൻ ശ്രമിച്ച് പുരോഗമിക്കുന്നത്; ഗാർഹസ്ഥ്യ ജീവിതം, മതം, രാജ്യഭരണം, വിദ്യാഭ്യാസവ്യവസ്ഥ, ശില്പം, കല, ഇവയുടെ പ്രവർത്തനം ഏതു രീതിയിലാണ് എന്നു തുടങ്ങിയുള്ളതെല്ലാം ഈ ശാസ്ത്രത്തിൻെറ ആലോചനാപരിധിയിലുൾപ്പെടുന്നു. ചുരുക്കിപ്പറയുന്നതായാൽ ഒന്നിലധികം വ്യക്തികളുടെ സംഘസംബന്ധമായ സർവവും സമുദായ ശാസ്ത്രത്തിനു വിഷയീഭവിക്കുന്നു. സമുദായശാസ്ത്രം മുൻപു പറഞ്ഞ വിഷയങ്ങളിലുള്ള വസ്തുതകളെ സംഗ്രഹിച്ച് അവയിൽ അന്തർലീനമായ ബന്ധത്തെ വ്യക്തമാക്കുന്നു. ഈ ശാസ്ത്രത്തിൻെറ പരിധി അത്യന്തം വിസ്തൃതമാണ്. പ്രായേണ മനുഷ്യനെ സംബന്ധിച്ചുള്ള ശാസ്ത്രങ്ങളെല്ലാം തന്നേ സമുദായശാസ്ത്രത്തിനു വിഷയമാണ്. ചില മനുഷ്യർ ദുഃഖപൂർണ്ണമായ വീക്ഷണകോണത്തിൽ നിന്നാണ് ജീവിതത്തെ ദർശിക്കുന്നത്. ബൈബിളിൽ പ്രസിദ്ധനായ ജറിമിയായുടെ ദുഃഖവാദത്തെ ഇവർ സ്വീകരിക്കുന്നു. ഇതിൻെറ കാരണം സുസ്പഷ്ടമാണ്. ധനത്തിലോ രാഷ്ട്രീയസ്ഥിതിയിലോ സാമുദായികാവസ്ഥയിലോ എത്രതന്നേ ഉന്നതിയെ പ്രാപിച്ചാലും, ഒരു വ്യക്തിയോ ജാതിയോ ഏതെങ്കിലും ഒരു തരത്തിൽ ദുഃഖം ഒഴിഞ്ഞു ജീവിച്ചതായി നമുക്കറിവില്ല. ദുഃഖവാദികളുടെ സംശയപൂർണ്ണമായ മനോഭാവത്തിൽ നിന്ന് ആത്മപരിശോധനത്തിനും സാമുദായികപരിഷ്കാരത്തിനും ആവശ്യമുള്ള സാമഗ്രികൾ ലഭിക്കുന്നു. ദുഃഖവാദം നൈരാശ്യമൂലകമല്ല. വാസ്തവത്തിൽ ദുഃഖവാദം തന്നേയാണ് ജീവിതാനുഭവങ്ങൾക്കു ശരിയായ വില കല്പിക്കാൻ സഹായിക്കുന്നത്. ആ വിലമതിപ്പിന് ഒരു തോതു കണ്ടുപിടിച്ച് പരിഷ്കാരത്തെയും സംസ്കാരത്തെയും പുരോഗമിപ്പിക്കുന്നതിനും ഇതു സഹായിക്കുന്നു. സമുദായഘടനാശക്തിയെ സംബന്ധിച്ചു നോക്കുമ്പോൾ ദുഃഖ

വാദത്തെ അവഗണിക്കാൻ നിവൃത്തിയില്ല. ദുഃഖവാദം തന്നേയാണ് സമുദായത്തിനു വില കല്പിക്കുന്നത്.

സാമുദായികഭാവങ്ങൾക്ക് അടിസ്ഥാനമായ നിയമങ്ങളെപ്പററി പ്രതിപാദിക്കുന്ന ശാസ്ത്രം എന്ന അർത്ഥത്തിലാണ് അഗസ്റ്റ് കാങ്ററേ "sociology" (സാമുദായികശാസ്ത്രം) എന്ന പദം ആദ്യമായി (1837-ൽ) ഉപയോഗിച്ചത്. മിൽ, സ്പെൻസർ മുതലായവർ ഈ ശാസ്ത്രത്തിന്റെ പ്രചാരകന്മാരും പോഷകന്മാരും ആയിരുന്നു.

മനുഷ്യൻ സമുദായജീവിയാണെന്നും, അന്യരുമായി സഹകരിക്കാൻ കഴിയാത്ത വ്യക്തി മനുഷ്യനു താഴെയോ മുകളിലോ ആയിരിക്കണമെന്നും അരിസ്റ്റട്ടിൽ പറഞ്ഞിട്ടുള്ളത് അർത്ഥവത്താണ്. അതിനാൽ മനുഷ്യൻ സമുദായത്തെ തേടുന്നു, സമുദായത്തിൽ ജീവിക്കുന്നു, ഏകാന്തജീവിതം വെറുക്കുന്നു. അതുകൊണ്ടു തന്നേയാണ് "ഏകാന്തതടവ്" ഒരു ഭയങ്കരശിക്ഷയായി ഗണിക്കപ്പെട്ടുന്നത്. വൈരാഗ്യമേറിയ ഒരു തപസ്വി പോലും സത്സംഗത്തെയും ഈശ്വരസമാഗമത്തെയും അഭിലഷിക്കുന്നു. മനുഷ്യൻ സമുദായത്തിൽ ജനിക്കുന്നു. സമുദായം ആവശ്യമാണെന്നുള്ള വസ്തുത അവൻെറ രക്തത്തിൽ കലന്നിട്ടുണ്ട്. തന്മൂലം സാമുദായികജീവിതം മനുഷ്യൻെറ സ്വാഭാവികമായ ധർമ്മമായി പരിണമിക്കുന്നു. മനുഷ്യൻെറ ജനനവും ജീവിതവും സാമുദായികപദ്ധതി അനുസരിച്ചാകാനേ തരമുള്ളു.

ഉൽകൃഷ്ടജന്തുക്കളിലെല്ലാം ഒരു ക്ലിപ്തമായ സമുദായബന്ധം ഉണ്ട്. സ്വഭാവത്തിൻെറ ആവശ്യങ്ങൾ അനുസരിച്ചും പ്രത്യേകിച്ച് അതതു ജാതിയുടെ നിലനില്പിനു വേണ്ട വ്യവസ്ഥകൾ അനുസരിച്ചും സമുദായം ആവിർഭവിച്ചു. ഭിന്നവർഗ്ഗങ്ങളിൽ പെട്ടവർ തമ്മിൽ —അതായതു മനുഷ്യനും കുതിരയും തമ്മിൽ, മനുഷ്യനും

പട്ടിയും തമ്മിൽ, മനുഷ്യനും പശുവും തമ്മിൽ, മനുഷ്യനും ആടും തമ്മിൽ പോലും ഒരു തരത്തിലുള്ള സാമുദായിക ബന്ധം നില നിൽപ്പുണ്ട്.

## സാമുദായികബന്ധം എന്നാലെന്ത്?

വ്യക്തികളുടെ പരസ്പരമുള്ള പെരുമാററത്തിൽ സാമുദായികബന്ധം സംജാതമാകുന്നു. എന്നാൽ ശത്രുക്കൾ തമ്മിലുള്ള ബന്ധവും ഒരുതരം സാമുദായികബന്ധമാണെന്നു പറയാമോ? അതുകൊണ്ട് സമുദായാംഗങ്ങൾക്ക് പൊതുവായി എന്തെങ്കിലും ഉണ്ട് എന്നുള്ള ധാരണയാണ് സമുദായബന്ധത്തിനു കാരണം. സമുദായമാകണമെങ്കിൽ സാമ്യവും വ്യത്യാസവും വേണം. ശാരീരികമായിട്ടോ, മാനസികമായിട്ടോ എന്തെങ്കിലും തുല്യമായിട്ടു സ്ഥിതി ചെയ്യുകയും അപ്രകാരമുള്ള പരസ്പരസാമ്യം ബോദ്ധ്യപ്പെടുകയും ചെയ്താൽ മാത്രമേ സമുദായമാകുകയുള്ളൂ. എന്നാൽ വ്യത്യാസവും ആവശ്യമാണ്. സകലരും എല്ലാ വിധത്തിലും ഒരുപോലെയാണെങ്കിൽ 'പരസ്പരവിനിമയത്തിന് ഒന്നുമില്ലാതെ വരും. സമുദായത്തിലെ ഓരോ വ്യക്തിയും ചിലതിനെ സ്വീകരിക്കയും മററു ചിലതിനെ ത്യജിക്കയും ചെയ്യുന്നു. സ്വഭാവം, താൽപര്യം, വാസന, സാമർത്ഥ്യം, മുതലായവയിലുള്ള വ്യത്യാസം നിമിത്തം ഓരോരുത്തരും പരസ്പരം സഹായമായിത്തീരുന്നു. ഒരാളിന്റെ കുറവു മറെറാരാൾ പരിഹരിക്കുന്നു. ഇപ്രകാരമുള്ള പരസ്പരാപേക്ഷ തന്നെയാണ് സമുദായത്തിന്റെ ജീവൻ. വ്യത്യാസത്തെക്കാൾ സാമ്യം കൂടുതൽ ഉണ്ടെങ്കിൽ മാത്രമേ സാമുദായികബന്ധം നില നില്ക്കുകയുള്ളൂ. തൊഴിൽവിഭജനം മുതലായവയിൽ സ്വസമുദായോന്നതിക്കായുള്ള ആഗ്രഹം ജനിക്കുന്നതുകൊണ്ടു തന്നെയാണ് മനുഷ്യർ ഭിന്നപ്രവൃത്തികൾ ചെയ്യുന്നത്. സമുദായ

ത്തിൻെറ നന്മയ്ക്കും പൊതുവായ ലക്ഷ്യപ്രാപ്തിക്കും ഉപകരിക്കുന്നവയാണ് ഈ ഭിന്നപ്രവൃത്തികൾ. ഭിന്നപ്രവൎത്തനങ്ങൾകൊണ്ടു മനുഷ്യർ അന്യോന്യം കുറവുകൾ പരിഹരിക്കയും പരസ്പരം ആശ്രയാശ്രയിബന്ധം പുലർത്തുകയും ചെയ്യുന്നു. ഇങ്ങനെ സമുദായം സംജാതമാകുന്നു.

## സമൂഹം

പൊതുജീവിതത്തിന് ആവശ്യമുള്ള മൌലികവ്യവസ്ഥകളോടു കൂടി ജീവിക്കുന്ന ഒരു കൂട്ടത്തിനെയാണ് സമൂഹം എന്ന പദം കൊണ്ട് ഇവിടെ നിർദ്ദേശിച്ചിരിക്കുന്നത്. ഇന്നത്തെ നാത്സി ജർമ്മനിയും സോവ്യററഷ്യയും ഏതാദൃശങ്ങളായ സമൂഹങ്ങൾക്കു ദൃഷ്ടാന്തങ്ങളാണ്. ചെറുതോ വലുതോ ആയ ഏതെങ്കിലും ജനത, ഒരു പ്രത്യേക താൽപര്യത്തിനു മാത്രമല്ലാതെ ഒരു പൊതുജീവിതത്തിന് അടിസ്ഥാനമായ സകലവ്യവസ്ഥകളിലും പങ്കെടുക്കത്തക്കവണ്ണം ഒരുമിച്ചു താമസിക്കുമ്പോൾ അതിനെ ഒരു സമൂഹം എന്നു പറയാം. ബാഹ്യാശ്രയം കൂടാതെ ആ സമൂഹത്തിൽ തന്നെ ഒരുവൻെറ ജീവിതം സമ്പൂൎണ്ണമായി നിർവ്വഹിക്കപ്പെടാമെന്നുള്ളതാണ് ഇതിൻെറ ലക്ഷണം. വിപുലതരങ്ങളായ സമുദായങ്ങളിൽ മററു സമുദായങ്ങൾ ഉൾപ്പെട്ടിരിക്കാം. ഉദാഹരണമായി നഗരസമുദായം രാജ്യസമുദായത്തിൽ അന്തർലയിച്ചിരിക്കുന്നു. ഒരു സമൂഹത്തിന് ഒരു ക്ലിപ്തമായ താമസസ്ഥലം ഉണ്ടായിരിക്കണം. പൊതുജീവിതവും പൊതുവാസസ്ഥലവും സമൂഹത്തിന് ആവശ്യകമാണ്. ചെറിയസമുദായങ്ങളുടെ അംഗങ്ങളായി ജീവിക്കുമ്പോൾ നമുക്ക് കൂടുതൽ ആന്തരമായ സംതൃപ്തി ഉണ്ടാകുന്നു. വിപുലമായ സമുദായത്തിന്റെ അംഗങ്ങളാകുമ്പോൾ നമുക്കു സൌകര്യവും സ്ഥിരതയും

നാനാമുഖമായ പരിഷ്കാരത്തിന്റെ പ്രേരണയും ലഭിക്കുന്നു.

ഇന്ന് ഒരു പട്ടണത്തിലോ ഒരു വാർഡിലോ താമസിക്കുവർ, സാഹചര്യത്തിനു സൌകര്യമുണ്ടെങ്കിലും പൊതുജീവിതം നയിക്കാത്തതുകൊണ്ട് ഒരു സമൂഹമാകുന്നില്ല. സമുദായത്തിന്റെ ധർമ്മം വലിയ സംഘങ്ങൾ ഏറെറടുത്തിരിക്കുന്നു. അതിനാൽ ഒരേ സ്ഥലത്തു താസിക്കുന്നതുകൊണ്ടുമാത്രം ഒരു ജനക്കൂട്ടം 'സമൂഹം' എന്ന അഭിധാനത്തിന് അർഹമല്ല. ഒരു സന്ന്യാസിമഠത്തിൽ താമസിക്കുന്നവർ ഒരു സമൂഹം തന്നേ.

## സംഘം

മനുഷ്യർ മൂന്നു വിധത്തിൽ ഉദ്ദേശ്യങ്ങൾ സാധിക്കാൻ ശ്രമിക്കുന്നു. (1) സ്വതന്ത്രമായി ഓരോരുത്തരും അന്യരെപ്പററിയോ അവരുടെ പ്രവൃത്തികളെപ്പററിയോ ഗണിക്കാതെ ഇഷ്ടാനുസരണം പ്രവർത്തിക്കുക. എന്നാൽ മനുഷ്യർ ഒരുമിച്ചു താമസിക്കുന്ന സ്ഥിതിക്ക് അസാമുദായികമായ ഈ രീതി അപ്രായോഗികമാണ്; (2) മനുഷ്യർ തമ്മിൽ യുദ്ധം ചെയ്യുക; ഒരുവൻ ആഗ്രഹിക്കുന്നതിനെ അന്യന്റെ കൈയിൽനിന്ന് അപഹരിക്കാൻ ശ്രമിക്കുക. ഇതിന്റെ ഫലം അനിശ്ചിതമാണ്. മാത്രമല്ല അതു കഷ്ടനഷ്ടങ്ങൾക്കു കാരണവും സമുദായസ്ഥിതിക്കു ഹാനികരവുമാണ്. സമുദായം അനുവദിക്കുന്ന പരസ്പര സംഘർഷം, മൽസരം മുതലായവ എത്രയും പരിമിതവും നിയന്ത്രിതവുമാണ്. (3) ഒരുമിച്ചു ചേർന്നു സഹകരണരീതിയിൽ ഉദ്ദേശ്യങ്ങൾ സാധിക്കാൻ ശ്രമിക്കാം. സാമുദായികമായ ഈ രീതിയിൽ നിന്നാണ് സംഘങ്ങൾ ആവിർഭവിക്കുന്നത്. സഹകരണപ്രവൃത്തി സ്വയമായും യാദൃച്ഛികമായും കീഴ്നടപ്പനുസരിച്ചും സംഭവിക്കാം.

ഒരു കൂട്ടം ജനങ്ങൾ പൊതുവായ ഒന്നോ അതിലധിക മോ താൽപര്യങ്ങളെ പുലർത്താൻ വേണ്ടി സംഘടിതമാകുമ്പോൾ അതിനു സംഘം എന്നു പറയുന്നു.

സംഘം സമൂഹമല്ല. സംഘടന സമൂഹത്തിൽ അന്തർഭവിക്കുന്നു എന്നേയുള്ളൂ. പ്രത്യേകമായ താൽപര്യത്തിനോ അനേകം താൽപര്യങ്ങൾക്കോ വേണ്ടിയാണ് സംഘം സംജാതമാകുന്നത്. അതിൻെറ ഉദ്ദേശ്യത്തിനോ ഉദ്ദേശ്യങ്ങൾക്കോ ആയിട്ടു മാത്രമേ നാം സംഘത്തിലേ അംഗങ്ങളായിരിക്കുന്നുള്ളൂ. വ്യവസായസംഘം, പന്തുകളി ക്ലബ്ബ് മുതലായവ ഇതിനുദാഹരണങ്ങളാണ്. അതിനാൽ ഒരേ സമൂഹത്തിൽ അനേകം സംഘങ്ങളുണ്ടായിരിക്കും. സമൂഹം നമ്മുടെ ജീവിതത്തിലേ എല്ലാ വശങ്ങളെയും സ്പർശിക്കുന്നു. നമ്മുടെ ജീവിതത്തിലേ സകലഭാഗങ്ങളിലും അതു വ്യാപിക്കുന്നു. അതിനകത്തു നാം ജീവിക്കുന്നു; അതിൽത്തന്നെ വളരുകയും ചെയ്യുന്നു. എന്നാൽ സംഘത്തെ നാം സൃഷ്ടിക്കുന്നു, അഥവാ നമ്മൾ അതിലേക്കു തിരഞ്ഞെടുക്കപ്പെടുന്നു.

## കുടുംബം

കുടുംബവും പ്രാചീനകാലത്ത് ഒരു സമൂഹമായിരുന്നു. അന്ന് ഓരോ അംഗങ്ങളുടെയും പ്രവൃത്തിയെ കുടുംബം തന്നെ നിയന്ത്രിച്ചിരുന്നു. കുടുംബത്തിൽത്തന്നെ മനുഷ്യൻ ജനിക്കുകയും ജീവിക്കുകയും പ്രാർത്ഥനാദികൾ നടത്തുകയും ചെയ്തിരുന്നു. ഇക്കാലത്തേ കുടുംബമാകട്ടെ, പ്രായപൂർത്തിയുള്ളവൎക്കു ചില കാര്യങ്ങൾ സാധിക്കുന്നതിനു വേണ്ടിയുള്ള ഒരു സംഘമായിത്തീൎന്നിരിക്കുന്നു. മററ് അംഗങ്ങളെ സംബന്ധിച്ച് അത് സമൂഹമായി ആരംഭിച്ച് ക്രമേണ സംഘമായി പരിണമിക്കുന്നു.

## രാഷ്ട്രം

രാഷ്ട്രവും ഒരു സംഘം തന്നേ. ചിലകാൎയ്യങ്ങൾക്കു വേണ്ടി രൂപവൽകരിക്കപ്പെട്ടിരിക്കുന്ന ഒരു സംഘടനയാണ് രാഷ്ട്രം. രാഷ്ട്രത്തിലുള്ള സകലസംഘടനകളും സകലവ്യക്തികളും അതിൻെറ പരിധിയിലും അധീനതയിലുമാണ്. രാഷ്ട്രത്തിനു മററു സംഘടനകളുടെ മേൽ ആധിപത്യം ഉണ്ടു്. അത് ഒരു സാംസ്ഥാനികസംഘടനയത്രേ. അതിനാൽ അതിനെ സമുദായത്തിൽ അന്തർഭവിക്കുന്ന ഒരു ഏജൻസി എന്നു പറയുന്നതിനെക്കാൾ സമുദായത്തിൻെറ ഒരു പ്രവൎത്തകസമിതി എന്നു കരുതുന്നതാണുത്തമം.

ഇതരസംഘങ്ങളിൽ നാം സ്വേച്ഛയാ ചേരുന്നു. എന്നാൽ രാജ്യത്തിൻെറ സീമയ്ക്കുള്ളിൽ നാം ജനിച്ചു എന്ന ഒററക്കാരണം കൊണ്ടുതന്നെ നാം അതിൻെറ അധീനതയിൽ ആയിത്തീരുന്നു.

## കൂട്ടം

കേവലം സാമുദായികബന്ധങ്ങളിൽ സ്ഥിതിചെയ്യുന്ന ജീവികളുടെ സമൂഹത്തെയാണ് കൂട്ടം എന്നു പറയുന്നത്. ഇതും സംഘവും തമ്മിലുള്ള വ്യത്യാസം സംഘടനയിലാണ്. സംഘടിതമായ കൂട്ടമാണ് സംഘം എന്നു പറഞ്ഞു കഴിഞ്ഞുവല്ലോ.

പൊതുക്കാൎയ്യങ്ങൾ സാധിക്കുന്നതിനു സംഘാംഗങ്ങൾ ഒത്തുചേൎന്നു പ്രവൎത്തിക്കുന്നു. ഇവർ സംഘത്തിനു വേണ്ടി അന്യരോടും സംഘത്തിനോടു തന്നെയും ഉത്തരവാദിത്വമുള്ളവരാണ്. അതുകൊണ്ടു് സംഘത്തിന് അതിൻെറ പ്രത്യേകതയും നിയമസമ്മതമായ സ്ഥിതിയും ലഭിക്കുന്നു. അതിന് അംഗങ്ങളുടെ സ്വത്തിൽ നിന്നു വ്യത്യസ്തമായി പ്രത്യേകസ്വത്തും, അംഗങ്ങൾക്ക് വ്യക്തി

എന്ന നിലയിൽ ഇല്ലാത്ത പ്രത്യേകാവകാശങ്ങളും ചുമതലകളും അധികാരങ്ങളും ബാദ്ധ്യതകളും ഉണ്ട്. ഇവയെല്ലാം നിയമബദ്ധമാകുമ്പോൾ സംഘം കാർപ്പൊറേഷൻ ആകുന്നു.

## വ്യവസ്ഥകൾ

സമൂഹപ്രവർത്തനത്തിൻെറ നടപടിക്കു വേണ്ട നിയമങ്ങളെ വ്യവസ്ഥകൾ എന്നു പറയാം. ഒരു സംഘം രൂപവൽകരിക്കുമ്പോൾ അതിൻെറ പൊതുക്കാര്യം നടത്തുന്നതിനും അംഗങ്ങളുടെ പരസ്പരബന്ധത്തെ നിയന്ത്രിക്കുന്നതിനും ചില നിയമങ്ങളും നടപടികളും ചടങ്ങുകളും അവശ്യം നിർമ്മിക്കേണ്ടതായുണ്ട്. അങ്ങനെ നിർമ്മിക്കപ്പെടുന്നവയാണ് വ്യവസ്ഥകൾ. ഉദാ:—ക്ഷേത്രത്തിനു ചില ക്രിയകളും ചടങ്ങുകളും പ്രത്യേകമായി ഉണ്ട്. രാജ്യത്തിലെ വ്യവസ്ഥകൾ നിയമനിർമ്മാണപദ്ധതി, പ്രതിനിധിഭരണം മുതലായവയാകുന്നു. വിവാഹം, അവകാശക്രമം തുടങ്ങിയവയാണ് കുടുംബവ്യവസ്ഥകൾ.

## വ്യവസ്ഥയും ആചാരവും

വ്യവസ്ഥയെന്നതു സ്വേച്ഛയാ സ്ഥാപിക്കുന്നതോ സ്വീകരിക്കപ്പെടുന്നതോ ആണ്. ആചരണം ഒരു സാമുദായികവർത്തനരീതിയും വ്യവസ്ഥ സാമുദായികവർത്തനനിയമവുമാണ്. സ്വത്ത്, വിവാഹം മുതലായവ വ്യവസ്ഥകളിൽ ഉൾപ്പെടുന്നു. വ്യക്തികളുടെ പ്രവർത്തനം സംബന്ധിച്ചത് ആചരണം. വ്യവസ്ഥ സാമുദായികസംബന്ധങ്ങളുടെ നിയന്ത്രണത്തെ ലക്ഷ്യമാക്കുന്നു. ആചാരങ്ങൾ ആരും സ്ഥാപിച്ചിട്ടുള്ളവയല്ല, സ്വയം പ്രവർത്തിക്കുന്നവയാണ്. അവ അനുഭവം കൊണ്ട് ഗുണകരങ്ങളെന്നു വെളിപ്പെട്ടിട്ടുള്ളവയും പരമ്പരാഗതങ്ങളും മി

ക്കവാറും പരിവത്തനത്തിനു വിധേയങ്ങളല്ലാത്തവയുമാകുന്നു. ആ ആചാരങ്ങൾ ജനനം മുതൽ മരണം വരെ വ്യക്തികളെ നിയന്ത്രിക്കുന്നുണ്ട്. അവ സമൂഹൈക്യത്തിനു കാരണമാകുന്നു.

മനുഷ്യരെല്ലാവരും ഒരു സംഘത്തിന്റെ അംഗങ്ങളാണ്; അല്ലാതെ ഒരു വ്യവസ്ഥയുടെ അംഗങ്ങളല്ല. ഈ രണ്ടിനത്തിൽ ഉൾപ്പെട്ടത് ചിലപ്പോൾ ഒരേ പേരു കൊണ്ട് അറിയപ്പെടും. "ഒരു വിദ്യാഭ്യാസപദ്ധതി"—ഇതിന് വിദ്യാലയം എന്നത് ഒരു വ്യവസ്ഥ. അദ്ധ്യേതാക്കളും അദ്ധ്യാപകന്മാരും കൂടിച്ചേർന്ന് ഒരു സംഘടന എന്ന നിലയിൽ ഇത് ഒരു സംഘം, ഈ രൂപത്തിൽ തന്നെയാണ് ആശുപത്രി മുതലായ സ്ഥാപനങ്ങളും നിലകൊള്ളുന്നത്.

## വഗ്ഗരീതികൾ

ഓരോ ജനതതിയും ചില രീതികളെ, അനേകകാലത്തെ പഴക്കം കൊണ്ടോ ഗുണകരമാണെന്നു തോന്നീട്ടോ അഭ്യാസം മൂലമോ അനുവത്തിക്കുന്നു. ഓരോ രീതിയും ഓരോ നിയന്ത്രണമായി പരിണമിക്കുന്നു. ഒരു ജനതതിയുടെ രീതി മറെറാന്നിൽനിന്നു വിഭിന്നമാണ്. വസ്ത്രധാരണം, ആഹാരക്രമം, ശുചീകരണം, ബഹുമാനപ്രകാശനം ഇവയിലെല്ലാം രീതിവ്യത്യാസം കാണുന്നുണ്ട്. ഒരു സ്ഥലത്തെ മര്യാദ തല മറയ്ക്കുന്നതാണെങ്കിൽ മറെറാരിടത്തേതു മറ മാററുന്നതായിരിക്കും. രീതികൾ സാമുദായികമായ ഐക്യത്തിനു കാരണമായിത്തീരുന്നു. രീതികളെ പെട്ടെന്നു സമുദായത്തിൽനിന്നു മാററാൻ പ്രയാസമാണ്. വിപ്ലവകാലത്തു മാത്രമേ ഇങ്ങനെയുള്ള മാററങ്ങൾ സംഭവിക്കയുള്ളൂ. രീതികൾക്കു കാലക്രമേണ മാററം സംഭവിക്കുന്നു എന്നുള്ളതു പരമാത്ഥമാണ്.

# 2
# താൽപര്യങ്ങളും ഭാവങ്ങളും

സമുദായാംഗങ്ങളുടെ പെരുമാററത്തിൻെറ സ്വഭാവത്തെപ്പററി ചർച്ച ചെയ്യുമ്പോൾ നാം ഒരു മനസ്സതത്വശാസ്ത്രജ്ഞൻെറ നില അവലംബിക്കുന്നു.

സ്നേഹം, ഭയം, ആശ്ചര്യം, സഹാനുഭൂതി, പരസ്പരബഹുമാനം മുതലായവ ഭാവങ്ങളും, ശത്രു, കുടുംബം, ഈശ്വരൻമുതലായ വിഷയങ്ങൾ താൽപര്യങ്ങളുമാകുന്നു. ആദ്യത്തേതു് വിഷയസമ്പക്കത്തിലുള്ള ആന്തരവികാരത്തെ കുറിക്കുന്നു. രണ്ടാമത്തേതു് ആന്തരവേദനത്തിനു കാരണമായ വിഷയങ്ങളെസൂചിപ്പിക്കുന്നു. ഭാവവും താൽപര്യവും പരസ്പരം ബന്ധപ്പെട്ടവയാണ്. ഒരേ പേരിൽ അറിയപ്പെടുന്ന ഭാവങ്ങൾ തന്നെ യഥാത്ഥത്തിൽ അനേകങ്ങളായിരിക്കും. ശിശുവിൻെറ സ്നേഹം മാതാപിതാക്കന്മാരുടെ സ്നേഹത്തിൽനിന്നു ഭിന്നമാണ്. ഒരേ ആളിനോടു സ്നേഹം,ഭയം എന്നിങ്ങനെ പരസ്പരവിരുദ്ധങ്ങളായ ഭാവങ്ങൾ ഉണ്ടാകുന്നതു സാധാരണമാണ്. അവയിൽ പ്രധാനമായതിനെ മാത്രം അവലംബിച്ച് ഇന്ന ഭാവം എന്നു നിശ്ചയിക്കുന്നു. ശിശുവിൻെറ ഭാവം ശിശുവിനെ മാത്രം കേന്ദ്രമാക്കീട്ടുള്ളതാണ്. താൻജീവിക്കുന്നതും അനുഭവിക്കുന്നതുമായ ലോകത്തിൽ 'താൻ തന്നെ കേന്ദ്രം'എന്നരീതിയിലാണ് ശിശു പ്രവത്തിക്കുന്നതു്. തൻെറ സുഖദുഃഖങ്ങൾക്ക് ഉപകരണങ്ങളായിട്ടാണ് ശിശു അന്യരെ കരുതുന്നതു്. ക്രമേണ മാനസികമായ വികാസം അനുസരിച്ചു വസ്തുക്കളെയും വ്യക്തികളെയും തിരിച്ചറിവാൻ അവൻ പഠിക്കുന്നു. അപ്പോൾ മുതലാണ് അവൻ സാമുദായികസംബന്ധത്തിനു വിധേയനാകുന്നതു്. സ്വജനങ്ങളെന്നും അന്യരെന്നും ഉള്ള വ്യത്യാസം അവൻ മനസ്സിലാക്കിത്തുടങ്ങു

ന്നു. ഈ ധാരണകഠം തന്നെയാണ് വിസ്തൃതങ്ങളായി സ്വകുലം, സ്വജാതി, സ്വസമുദായം മുതലായവയോടുള്ള ഭക്തിസ്നേഹവിശ്വാസാദികളായി പരിണമിക്കുന്നത്. ഇവ കൂടുതൽ വ്യാപകങ്ങളായ താൽപര്യങ്ങളാകുന്നതിനു തടസ്സമായും ഇരിക്കുന്നു.

സമാനതാൽപര്യങ്ങളും പൊതുതാൽപര്യങ്ങളും തമ്മിലുള്ള വ്യത്യാസം സമുദായശാസ്ത്രത്തിൽ ഏററവും പ്രധാനമായ ഒന്നാണ്. ഓരോരുത്തക്കും പ്രത്യേകമായി വ്യക്തിഗതമായി ഉള്ളതാണ് സമാനതാൽപര്യം, അഥവാ തുല്യതാൽപര്യം. പ്രത്യേകം വിഭക്തമായി നില്ക്കാതെ പൊതുവേ ഒരുമിച്ചു ചേന്നു പങ്കുകൊള്ളപ്പെടുന്നതാണ് പൊതുതാൽപര്യം. വിദ്യാലയത്തിൽനിന്നു നമുക്കു ലഭിക്കുന്ന സംസ്കാരം ഒന്നാമത്തേ രീതിയിലുള്ളതും, നാം പങ്കുകൊള്ളുന്ന വിദ്യാലയജീവിതം രണ്ടാമത്തേ രീതിയിലുള്ളതുമാകുന്നു.

നമ്മുടെ താൽപര്യങ്ങളെല്ലാം സ്വാത്ഥപരങ്ങളാണെങ്കിൽ സമുദായം നെടുനാഠം നിലനില്ക്കുകയില്ല. അന്യർ നമ്മുടെ സുഖത്തിനുള്ള സാധനങ്ങഠം മാത്രമാണെങ്കിൽ അവരെ നാം സ്വതന്ത്രവ്യക്തികളായി ഗണിക്കാറില്ല. നമ്മുടെ സ്വാത്ഥത്തിനു മാത്രം അന്യരെ ഉപയോഗിക്കുമ്പോഠം സമത്വം നശിക്കുന്നു. തന്മൂലം മൈത്രി, കുടുംബസ്നേഹം, സ്വവർഗ്ഗഭക്തി, രാഷ്ട്രസ്നേഹം ഇവയ്ക്കു ഭംഗം വരുന്നു. സ്വാത്ഥത്തിന് ആവശ്യമുള്ളപ്പോഠം മാത്രം അന്യരോടുണ്ടാകുന്ന ബന്ധംകൊണ്ട് സഹാനുഭൂതി നശിക്കും.

പൊതുതാൽപര്യങ്ങഠം രണ്ടു വിധമുണ്ട്. (1) കുടുംബം, നഗരം, രാജ്യം മുതലായവയോട് അവയുടെ അംഗമെന്നനിലയിൽ നമുക്കുള്ള താൽപര്യം. (2) വിജ്ഞാനം, കല, മതം, തത്വജ്ഞാനം മുതലായവയോടുള്ള താൽപര്യം. ഒന്നാമത്തേതു വ്യക്തിഗതമായ ഐക്യത്തോ

ട്ടുള്ള ബന്ധവും, രണ്ടാമത്തേതു ലക്ഷ്യത്തോടുള്ള ഭക്തി നിഷ്ഠയും ആകുന്നു. ഒരു യഥാർത്ഥവിജ്ഞാനി ലാഭ നഷ്ടങ്ങളെ ഗണിക്കാതെ വിജ്ഞാനത്തിനു വേണ്ടി മാത്രം പ്രവത്തിച്ചാൽ അയാളുടെ പ്രവൃത്തി സകലവി ജ്ഞാനികളുടെയും ലക്ഷ്യപ്രാപ്തിക്ക് അനുകൂലമായ നില യിലായിരിക്കും.

മനുഷ്യൻ ആദ്യം മുതലേ സ്വാർത്ഥപരനും, അ തോടു കൂടി സമുദായതൽപരനും ആണ്. അതുകൊണ്ട് സ്വതാൽപര്യങ്ങളെപ്പോലെ തന്നേ പൊതുതാൽപര്യങ്ങ ളും ഒരേ സമയത്ത് ആരംഭിക്കുന്നു. മനുഷ്യൻ തനിക്കുവേ ണ്ടിയും സ്വവർഗ്ഗത്തിനു വേണ്ടിയും ജീവിക്കുന്നു. ഒരു വർഗ്ഗത്തിലേ അംഗമാകുന്നതും സമുദായത്തെ നിലനി ൎത്തുന്നതുമായ ഏകത്വബോധത്തെപ്പററി കൂടുതൽ മനസ്സി ലാക്കാൻ സാധിക്കുന്ന പൊതുതാൽപര്യങ്ങൾ സമുദായ ശാസ്ത്രത്തിൻെറ പ്രത്യേകപഠനവിഷയമാണ്.

നമ്മുടെ പ്രവൃത്തികൾക്കു പ്രേരകങ്ങളായ ഉദ്ദേശ്യ ങ്ങളെ കണ്ടുപിടിക്കാൻ ശ്രമിക്കുന്നതു സഹജമാണെങ്കി ലും അതു സവ്വഥാ സഫലമായിരിക്കയില്ല. അങ്ങനെ യിരിക്കെ അന്യരുടെ പ്രവത്തനങ്ങളുടെ ഉദ്ദേശ്യങ്ങൾ എന്തെന്ന് അന്വേഷിക്കുന്നത് മിക്കവാറും വ്യർത്ഥം തന്നേ. ഒരു കാര്യത്തിന് ഒരാളെ പ്രേരിപ്പിക്കുന്ന ഉദ്ദേ ശ്യമല്ലായിരിക്കും മറെറാരാളെ അതിനു പ്രേരിപ്പിക്കുന്ന ത്. പ്രവൃത്തി ചെയ്തതിൽ പിന്നീട് ആ പ്രവൃത്തിക്കു പ്രേരകമായി എന്തെങ്കിലും ഒന്നുണ്ടായിരിക്കുമെന്നു സങ്കല്പി ക്കുന്നത് സ്വാഭാവികം തന്നെയാണ്.

ചില ഭാവങ്ങൾ നമ്മെ അന്യരോട് അടുപ്പിക്കുന്നു. മററു ചിലത് അന്യരിൽനിന്ന് അകററുന്നു. സ്നേഹം യോജിപ്പിക്കുന്നു. വിദ്വേഷം അകററുന്നു. ഓരോ സമു ദായികബന്ധവും അതിൽ ഏർപ്പെടുന്നവരുടെ ഭാവത്തെ ക്രമീകരിക്കുന്നു. ചില ഭാവങ്ങൾ അന്യോന്യാശ്രയങ്ങ

ളായിരിക്കും. ഉദാഹരണമായി പിതാവിൻെറ വാത്സല്യവും പുത്രൻെറ ഭക്തിയും, യജമാനൻെറ ആജ്ഞാപനവും ഭൃത്യൻെറ അനുസരണശീലവും നോക്കുക. ഒരു സംഘത്തിലെ അംഗങ്ങൾക്ക് അവർ ബന്ധപ്പെടുന്ന ഓരോ വിഷയങ്ങളിലും സമനില ഉണ്ടായിരിക്കും.

ഭാവങ്ങൾ സമ്മിശ്രമായിരിക്കും. ഒരേ സമയത്തു തന്നെ ഭയവും വെറുപ്പും സ്നേഹവും ഉണ്ടായി എന്നു വരാം. അതുകൊണ്ട് ഭാവങ്ങളെ സമ്പൂൎണ്ണമായി വിശ്ലേഷണംചെയ്യാൻ സാദ്ധ്യമല്ല. സമുദായശാസ്ത്രത്തിൻെറ ഉപയോഗത്തിനായി ഭാവങ്ങളെ മൂന്നായി വിഭജിക്കാം. (1) സമുദായബന്ധങ്ങളെ തടസ്സപ്പെടുത്തുന്നത്, (2) നിയന്ത്രിക്കുന്നത്, (3) സഹായിക്കുന്നത്. ഇവ വിയോജകഭാവങ്ങൾ, നിയാമകഭാവങ്ങൾ, സംയോജകഭാവങ്ങൾ എന്നറിയപ്പെടുന്നു. അവയുടെ ഒരു പട്ടിക താഴെക്കൊടുക്കാം.

| വിയോജക ഭാവങ്ങൾ | നിയാമക ഭാവങ്ങൾ | സംയോജക ഭാവങ്ങൾ |
|---|---|---|
| ഭയം | ബഹുമാനം | കൃതജ്ഞത |
| ഈൎഷ്യ | ഭക്തി | അനുകരണം |
| വെറുപ്പ് | വിനയം | മഹത്പൂജനം |
| | | ദയ |
| അസഹ്യത | അഹംഭാവം | രക്ഷകഭാവം |
| ദ്വേഷം | സഹനം | സഹാനുഭൂതി |
| | | സ്നേഹം |
| സംശയം | അസൂയ | വിശ്വാസം |
| | | മാർദ്ദവം |
| ക്രൂരത | എതിർപ്പ് | പ്രേമം |
| | | മൈത്രി |
| അവിശ്വാസം | സംഘർഷം | മൎയ്യാദ, സഹായഭാവം |

സാമുദായികജീവികളോടുള്ള ഭാവങ്ങളെയാണ് ഇവിടെ പ്രതിപാദിക്കുന്നത്, ബാഹ്യവസ്തുക്കളോടു തോന്നുന്ന വികാരങ്ങളെയല്ല. അതുകൊണ്ട് ധൈയ്യം, ആശ, നൈരാശ്യം, ലോഭം മുതലായവ ഇതിൽ ഉൾപ്പെടുന്നില്ല. ഒരു വ്യക്തിയുടെയോ കൂട്ടത്തിൻെറയോ സ്വാത്ഥതമൂലമാണ് ഭിന്നത ഉണ്ടാകുന്നത്. യോജിപ്പിന് ഉതകുന്ന താൽപയ്യങ്ങൾ പൊതുതാൽപയ്യങ്ങളും സമാനതാൽപയ്യങ്ങളുമായിരിക്കും. ഭാവങ്ങൾ പൊതുവായിരിക്കയില്ല. ഭിന്നവ്യക്തികളിൽ ഒരേ വികാരം തന്നേ സ്ഥിതിചെയ്യുകയില്ല.

കച്ചവടതാൽപയ്യത്തെ സ്വാത്ഥപരമായി ഗണിക്കാം. അതുപോലെ ഒരു "കൂട്ട"ത്തിൽ മാത്രം നിബദ്ധമായ താൽപയ്യത്തെ സ്വാത്ഥമെന്നുപറയാം. ഉദാഹരണമായി സ്വദേശസ്നേഹം ഇതരരാജ്യങ്ങളുടെ നന്മയെ പരിഗണിക്കുന്നില്ലെങ്കിൽ അതു സ്വാത്ഥതാൽപയ്യമായിത്തീരുന്നു.

സ്വാത്ഥതാൽപയ്യങ്ങൾ തമ്മിലുള്ള ബന്ധം വിവിധരൂപത്തിൽ ഇരിക്കുന്നു. (1)ഇരുകൂട്ടരുടെയും താൽപയ്യം സാധിക്കുക. കച്ചവടം അതിനൊരുദാഹരണമാണ്. ക്രയവിക്രയംകൊണ്ട് ഇരുവക്കും ഗുണം തന്നെ ലഭിക്കുന്നു. (2) താൽപയ്യം തുല്യമായിരിക്കുക. പൊതുശത്രു, പൊതുവിപത്ത് മുതലായവകൊണ്ട് അന്യോന്യരക്ഷയ്ക്കായി ഒരുമിച്ചു ചേരുമ്പോൾ അവരുടെ തൽകാല താൽപയ്യം സമാനമായിട്ടിരിക്കുന്നു. (3) താൽപയ്യം തുല്യമെങ്കിലും വിയോജനത്തിനു കാരണമാക്കുന്നവ. ഉദ്യോഗക്കയററം, സമ്മാനം, ബഹുമതി മുതലായവ ഇതിനുദാഹരണമാണ്. ഇവ പരസ്പരമത്സരത്തിനു ഹേതുവാകുന്നു.

പൊതുതാൽപയ്യം സമൂഹപരവും സമതാൽപയ്യം വ്യക്തിപരവും ആണ്. സമതാൽപയ്യം പൊതുതാൽപയ്യത്തിനു കാരണമായിത്തീരാം. താൽപയ്യങ്ങളെല്ലാം സ്വാത്ഥപരങ്ങളായാൽ സമുദായം നിലനില്ക്കുകയില്ല.

# 3
# മനുഷ്യനും സമുദായവും

ക്രിസ്തുവിന് അഞ്ചു ശതാബ്ദങ്ങൾക്ക മുമ്പ് ജീവിച്ചിരുന്ന ഏതാനും ഗ്രീക്കചിന്തകന്മാർ സമുദായം പ്രകൃത്യാ ഉണ്ടായതല്ലെന്നും കരാറുമൂലം ഉത്ഭവിച്ചതാണെന്നും അഭിപ്രായപ്പെട്ടു. ചില പ്രത്യേക ഉദ്ദേശ്യങ്ങൾക്ക വേണ്ടി കരുതിക്കൂട്ടി മനുഷ്യർ സ്ഥാപിച്ചതാണ് സമുദായം എന്നാണ് അവരുടെ മതം. "ഹാബ്സ്" എന്ന ഇംഗ്ലീഷ് തത്വജ്ഞാനി പറയുന്നത് മനുഷ്യർ സദാ സ്വാഭാവികമായി കലഹിക്കുന്നവരാണെന്നും അതുകൊണ്ട് പണിപ്പെട്ട് അവരുടെ സ്വാഭാവികാവസ്ഥയിലുള്ള സ്വാതന്ത്ര്യങ്ങളെ ത്യജിച്ച് നിയമാധീനരാകണമെന്നു കരാർ ചെയ്ത് സമുദായത്തെ സൃഷ്ടിച്ചു എന്നുമാണ്.

പ്രസ്തുത വാദം തെററാണെന്നു കാണിക്കാൻ അനേകകാരണങ്ങൾ ഉണ്ട്. 1. സമുദായം വിട്ട് മനുഷ്യന് ജീവിക്കാമെന്നു പറയുന്നതു തന്നെ അബദ്ധമാണ്. സമുദായത്തിൽ നിന്ന് അകന്ന് ജീവിക്കാൻ ഇടവന്നിട്ടുള്ള മനുഷ്യർ ശാരീരികമായി വളരുന്നു എങ്കിലും മാനസികമായി മൃഗങ്ങളെപ്പോലെ തന്നെ സ്ഥിതിചെയ്യുന്നു. മനസ്സിന് അല്പം പോലും വികാസം ഉണ്ടാകുന്നില്ല. സംഭാഷണശക്തിയോ മാനസികവ്യാപാരങ്ങളോ അവക്ക് ഉണ്ടാകാതിരിക്കുന്നു. ശബ്ദം കേവലം അസ്പഷ്ടമായിത്തീരുന്നു. "കാസ്പർ ഹൌസർ" എന്ന ഒരാൾ 17 വഷക്കാലം മനുഷ്യസഹവാസം അല്പം പോലും ഇല്ലാതെ ഏകാന്തജീവിതം നയിച്ചു. തന്മൂലം അയാളുടെ മനസ്സ് കേവലം ശിശുവിൻേറതുപോലെയായിത്തീന്നു. ഒന്നു രണ്ടു ശബ്ദങ്ങൾ അസ്പഷ്ടമായി ഉച്ചരിക്കുവാൻ മാത്രമേ അയാൾക്ക സാധി

ച്ചുള്ളൂ. നിർജ്ജീവവസ്തുക്കളെയും അയാൾ സജീവപ്രാണികളായിത്തന്നെ കരുതി.

2. ശിശുവിൻെറ വളർച്ചയിൽ നാം സാമുദായികമായ വികാസം കാണുന്നുണ്ട്. താൻ ഒരു വ്യക്തിയാണെന്നു മനസ്സിലാകുമ്പോൾ അന്യരും വ്യക്തികളാണെന്നുള്ള ബോധം ശിശുവിനുണ്ടാകുന്നു. അന്നു മുതൽ അവൻ സാമുദായികബന്ധങ്ങൾ സ്ഥാപിക്കാൻ സമർത്ഥനായിത്തീരുന്നു. ആരംഭത്തിൽ കേവലം അനുകരണം കൊണ്ടു ശീലിക്കുന്ന അവൻെറ കളി തനിക്കു വേണ്ടി മാത്രമാണെന്നു കാണാം. ക്രമേണ അന്യരുമായി കളിക്കുകയും അന്യരാൽ സ്ഥാപിക്കപ്പെട്ട ബാഹ്യനിരോധനങ്ങളെന്നു തോന്നിയിരുന്ന കളികളുടെ നിയമങ്ങൾ അവൻ മനസ്സിലാക്കുകയും ചെയ്യുന്നു. ശിശു വളരുന്തോറും സമുദായബോധം പ്രകാശിച്ചു വരുന്നു.

3. നമ്മുടെ വ്യക്തിത്വവും നമുക്കു ലഭിക്കുന്ന സാമുദായികസമ്പത്തും തമ്മിലുള്ള ബന്ധം ആലോചിക്കുമ്പോൾ സമുദായം ഒരു കൃത്രിമസൃഷ്ടിയല്ലെന്ന് മനസ്സിലാകും. ഓരോ വ്യക്തിയും പൂർവ്വസ്ഥാപിതമായ ആചാരം അനുസരിച്ചുള്ള ഒരു സാമുദായികബന്ധത്തിൻെറ (വിവാഹത്തിൻെറ) ഫലമാകുന്നു. ഓരോ വ്യക്തിയും ആ ബന്ധത്തിൻെറ ഓരോ കണ്ണിയാണ്. വ്യക്തി അതിൻെറ ആരംഭമോ അവസാനമോ അല്ല. ഏതു സാമുദായികസ്വത്തിൻ്റെ അവകാശികളായി നാം ജനിക്കുന്നുവോ അതു ക്രമേണ നമ്മളുടെ മാനസികസമ്പത്തായിത്തീരുന്നു. ആ സമ്പത്തും നമ്മളുടെ അനുസ്യൂതമായ സാമുദായികാനുഭൂതിയും നമ്മുടെ വ്യക്തിത്വത്തെ ഉണർത്തുകയും വികസിപ്പിക്കുകയും ചെയ്യുന്നു. നമ്മുടെ ഭാവങ്ങൾ, വിശ്വാസങ്ങൾ, സന്മാർഗ്ഗചര്യകൾ, ആദർശങ്ങൾ എന്നിവയെ രൂപവൽകരിക്കുന്നത് സമുദായമാണ്.

സമുദായം ഒരു അവയവിയാണെന്നുള്ളവാദം അതിപ്രാചീനമാണ്. തത്വചിന്തകനായ ഹാബ്സും വിഖ്യാതശാസ്ത്രജ്ഞനായ സ്പെൻസറും വ്യക്തിത്വത്തെ സമർത്ഥിക്കുന്നവരാണെങ്കിലും മേൽപറഞ്ഞ വാദത്തിലെ സാങ്കേതികശബ്ദങ്ങൾ ധാരാളം ഉപയോഗിച്ചിരിക്കുന്നു. സമുദായം ഒരവയവിയും വ്യക്തികൾ അതിലെ കോശങ്ങളും സംഘങ്ങളും സ്ഥാപനങ്ങളും അതിലെ അവയവങ്ങളും ആണെന്ന് അവർ പ്രതിപാദിക്കുന്നു. ചില ചിന്തകന്മാർ സമുദായത്തിൻെറ ഹൃദയം, സിരകൾ മുതലായവ ഏതെല്ലാമാണെന്നു വേർതിരിച്ച് കാണിക്കാൻപോലും ശ്രമിക്കുന്നു. സമുദായത്തെ ഒരവയവി എന്ന രൂപത്തിൽ വർണ്ണിക്കുമ്പോൾ സമുദായത്തിൻെറ ഏകത്വം, അതിൽ പങ്കുകൊള്ളുന്ന വ്യക്തികളുടെ നില എന്നുള്ളതെല്ലാം പ്രസ്പഷ്ടമാകുന്നു എന്നാണ് കാങ്റേറ മുതലായവർ അഭിപ്രായപ്പെടുന്നത്. സമുദായത്തിനു് വ്യക്തിക്കെന്നപോലെ ജനനം, ശൈശവം, യൌവനം, വാർദ്ധക്യം, മരണം ഇത്യാദി ജീവിധർമ്മങ്ങൾ ഉണ്ടെന്ന് സ്ഥാപിക്കാൻ സ്പെൻസർ മുതലായവർ ശ്രമിക്കുന്നു. മററുചിന്തകന്മാർ സമുദായത്തെ ഒരു സാമാന്യമനസ്സായിക്കരുതണമെന്നു പറയുന്നു. പ്ലേറേറാ ഈ അഭിപ്രായത്തിന് അനുകൂലിയാണ്. മാക്ഡുഗൽ, ഹെഗൽ തുടങ്ങിയവർ "സംഘമനസ്സിനെ"പ്പററി ചർച്ചചെയ്യുന്നുണ്ട്. ഈ വാദങ്ങളെല്ലാം ഭ്രമപ്രമാദങ്ങൾ കൊണ്ടുണ്ടായിട്ടുള്ളവയാണ്. ഇവ കേവലം ഉപമകളായി സ്വീകരിക്കാമെന്നല്ലാതെ വസ്തുതകളാണെന്നു ധരിക്കുന്നതു ന്യായമല്ല. സമുദായത്തിനു പൊതുവായ മനസ്സോ അന്തഃകരണമോ ഇല്ല. ഒരു സമുദായത്തിലെ താൽപര്യംഎന്നതിന് ആ സമുദായത്തിലെ അംഗങ്ങളുടെ താൽപര്യമെന്നേ അർത്ഥമുള്ളു. സമുദായത്തിലെ ഓരോ വ്യക്തിക്കും പ്രത്യേക നിലയുണ്ട്. വ്യക്തികൾ തന്നെയാണ് അനുഭവിക്കുന്നതും ചിന്തിക്കുന്നതും. എത്രതന്നെ

സഹാനുഭൂതി ഉണ്ടെങ്കിലും അന്യന്റെ സുഖദുഃഖങ്ങളെ അതേപ്രകാരംതന്നെ നമുക്ക് അനുഭവിക്കാൻ സാധിക്കുകയില്ല. ഒരാൾക്ക് മറെറാരാളിനോടു സഹാനുഭൂതി ഉണ്ടാകാം. അതുകൊണ്ട് ഇരുവർക്കും ഏകമനസ്സായിരിക്കണമെന്നില്ല. അവയവങ്ങൾ ശരീരത്തെ ആശ്രയിച്ചിരിക്കുന്നതുപോലെ നാം സമുദായത്തെ ആശ്രയിക്കുന്നില്ല. നമ്മുടെ സമുദായം നാംതന്നെ സൃഷ്ടിക്കുന്ന പരസ്പരബന്ധങ്ങളോടുകൂടിയ ഒന്നാണ്.

സമുദായത്തിനു സ്വന്തഅവകാശത്തിൽ ജീവിക്കാൻ അധികാരമുണ്ടെന്നും വ്യക്തികളുടെ നന്മയ്ക്കു വിപരീതമായി അതിൻെറ നന്മ സാധിക്കാമെന്നും ഉള്ള തെററായ ധാരണയ്ക്കിടവരും എന്നതാണ് മുൻപറഞ്ഞ വാദത്തിനുള്ള പ്രധാനദോഷം. വ്യക്തികളിൽകൂടിയും വ്യക്തികൾക്കവേണ്ടിയും അനുഭവിക്കാത്ത യാതൊരു നന്മയും നന്മയല്ല,

ഓരോ സാമുദായികബന്ധവും അതതു സമുദായത്തിലെ അംഗങ്ങളുടെ ഭാവങ്ങളും താൽപര്യങ്ങളും അനുസരിച്ച് മാറുകയും വർദ്ധിക്കുകയും ചെയ്യുന്നു. വ്യക്തികളുടെ ഉദ്ദേശ്യങ്ങൾക്കു സഹായമായിത്തീരുന്നതുകൊണ്ടു മാത്രമേ സാമുദായികബന്ധം അത്ഥവത്താകുന്നുള്ളു. ഈ തത്വമനുസരിച്ചാണ് വ്യക്തിത്വവും സമുദായവും യോജിക്കുന്നത്. അവനവനു പ്രധാനമെന്നു തോന്നുന്ന വിഷയങ്ങളിൽ അന്യർ എപ്രകാരം ചെയ്യുന്നു എന്നു നോക്കാതെ സ്വന്തം വിവേകബുദ്ധി അനുസരിച്ച് ചിന്തിക്കുകയും പ്രവത്തിക്കുകയും ചെയ്യുന്നതാണ് വ്യക്തിത്വം. അനുകരണം, ആകഷണം, ആചാരം എന്നിവയ്ക്കു വിധേയമാകാതെ സ്വതന്ത്രവും വിവേകയുക്തവുമായ വിധത്തിൽ പ്രവത്തിക്കുന്നതാണ് സമുദായശാസ്ത്രപ്രകാരം വ്യക്തിത്വമെന്നു പറയുന്നത്. പരിഷ്കൃതസമുദായത്തിൽ വ്യക്തിത്വം കൂടുതലായി വികസിക്കുന്നു. പ്രാചീനസമുദായങ്ങളിൽ വ്യക്തിത്വത്തിനുള്ള അവസരവും അവകാശവും

തുലോം കുറവായിരുന്നു. ആചാരാദി രീതികൾക്ക് എല്ലാവരും വിധേയരാകേണ്ടിവന്നു. ഇരിക്കുക, ഊണുകഴിക്കുക, കിടക്കുക മുതലായവയിൽപ്പോലും അന്നുണ്ടായിരുന്ന അലംഘനീയങ്ങളായ വിധിനിഷേധങ്ങൾ ജനങ്ങളുടെ വ്യക്തിത്വത്തിന് ബാധകമായിരുന്നു.

എല്ലാവരും ഒരുപോലെ ചിന്തിക്കുകയും പ്രവൎത്തിക്കുകയും ചെയ്താൽ പരിഷ്കാരം വികസിക്കാൻ വഴിയില്ല. സംസ്കാരവും ബാല്യദശയിൽ കഴിയുകയേ ഉള്ളു. തന്മൂലം സാമുദായികസഹകരണത്തിന്റെ ശരിയായ ഫലം അനുഭവിക്കാൻ സാദ്ധ്യമാകാതെ വരും.

പരിഷ്കാരത്തിന്റെ സമുജ്ജ്വലമായ പ്രകാശം സൎവത്ര വ്യാപിച്ചതോടു കൂടി ഈ നിലയ്ക്കു വ്യത്യാസം വന്നു. വിദ്യാഭ്യാസത്തിനും പരസ്പരവ്യവഹാരത്തിനും അത്യാവശ്യമായ ഭാഷയുടെ സംസ്കരണം പരിഷ്കൃതസമുദായത്തിൽ സാധിച്ചിരിക്കുന്നു. അതും വ്യക്തിവികാസത്തിനു സഹായമാണ്. നിരവധി ഉപകരണങ്ങൾ, തൊഴിലുകൾ, താൽപൎയ്യങ്ങൾ, സൌകൎയ്യങ്ങൾ മുതലായവ പരിഷ്കൃതസമുദായത്തിൽ ഉള്ളതുകൊണ്ട് വ്യക്തിത്വത്തിന്റെ പല വശങ്ങൾ പ്രകാശിക്കാനും പോഷിക്കാനും അവസരം ലഭിക്കുന്നു. പ്രാചീനസമുദായങ്ങളിൽ ഒരേ വൎഗ്ഗത്തിൽ ചേൎന്നവർ, ഒരേ ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കും വിധേയരായവർ എന്നിങ്ങനെ പല കൂട്ടങ്ങൾ ഉണ്ടായിരുന്നു. പരിഷ്കൃതസമുദായത്തിൽ വൎദ്ധിച്ചിരിക്കുന്ന പല തൊഴിലുകൾ വ്യക്തിത്വത്തെ പ്രകാശിപ്പിക്കുന്നതിനു സഹായിക്കുന്നു.

വ്യക്തിയും സമുദായവും അന്യോന്യം ആശ്രയിച്ചിരിക്കുന്നു. അവയ്ക്കു തമ്മിൽ വിരുദ്ധതയില്ല. ഓരോ കൂട്ടത്തിലും കൂട്ടങ്ങൾ തമ്മിലും സംഘൎഷങ്ങളും വിരുദ്ധതാൽപൎയ്യങ്ങൾകൊണ്ട് നിരന്തരമായ കലഹവും ഉണ്ടാകുന്നത് സുലഭമാണ്. സമുദായം അന്യായമായും അതികഠിനമാ

യും വ്യക്തികളെ നിയന്ത്രിക്കുകയും ഹിംസിക്കുകയും ചെയ്തിട്ടുണ്ട്. വ്യക്തികളുടെ ആഗ്രഹങ്ങളെ മാത്രമല്ല ആദശ്ങളെയും സമുദായം നിരോധിച്ചിട്ടുണ്ട്. ബലവത്തായ സാമുദായികമർദ്ദനമാണ് ഇന്നു കാണുന്ന നിരവധി മനഃക്ലേശങ്ങളുടേയും രോഗങ്ങളുടേയും കാരണം എന്നും പറയപ്പെടുന്നു. വ്യക്തിത്വത്തെ സമുദായം ജയിച്ചിരിക്കുന്നു എന്ന് സ്ഥാപിക്കാനും ചിലർ ശ്രമിക്കുന്നുണ്ട്. വ്യക്തിയും സമുദായവും തമ്മിലുള്ള ഐക്യം പൂണ്ണമല്ല. എങ്കിലും വ്യക്തിത്വവികാസത്തിന് സമുദായം അത്യാവശ്യമാണെന്നും സമുദായത്തിൽ കൂടിയാണ് നമ്മുടെ ആഗ്രഹങ്ങൾക്ക് സംതൃപ്തിവരുന്നതെന്നും വ്യക്തിത്വം വികസിക്കുംതോറും നാം സമുദായത്തെ കൂടുതൽ ആശ്രയിക്കുന്നു എന്നുമുള്ളത് നിർവിവാദമാണ്.

വ്യക്തികൾ ഒരുമിച്ചു കൂടുമ്പോൾ സഹകരിക്കാതെ നിവൃത്തിയില്ല. അതായത് പൊതുക്കാര്യങ്ങൾക്ക്, അഥവാ സമതാൽപര്യങ്ങൾക്കു വേണ്ടി ഒന്നുചേന്ന് പ്രവത്തിച്ചേ മതിയാവൂ. അങ്ങനെ സഹകരണം സാധിക്കാം. രണ്ടുവിധത്തിലാണ് ഈ സഹകരണം (1) പ്രത്യക്ഷം (2) പരോക്ഷം.

ഒരേവിധത്തിലുള്ള കാര്യങ്ങൾ ഒരുമിച്ചുചെയ്യുമ്പോൾ പ്രത്യക്ഷം. തനിച്ചുചെയ്യാവുന്ന കാര്യങ്ങൾ ഒരുമിച്ചുചേന്നു നടത്തുന്നതാണ് പ്രത്യക്ഷമായ സഹകരണത്തിൻെറ സ്വരൂപം. ഒരുമിച്ചു പാടുക, കളിക്കുക, പ്രാത്ഥിക്കുക, കൃഷിചെയ്യുക മുതലായവയെല്ലാം പ്രത്യക്ഷസഹകരണത്തിൽ ഉൾപ്പെടുന്നു.

ഭിന്നങ്ങളായ കാര്യങ്ങൾ ഒരേ ലക്ഷ്യത്തെ മുൻനിറുത്തി ചെയ്യുന്നത് പരോക്ഷം. തൊഴിൽവിഭാഗം ഇപ്രകാരമാണ് ആവിർഭവിച്ചത്. കുടുംബവ്യവസ്ഥയിലും സാമൂഹ്യജീവിതത്തിലും ഇതു പ്രകാശിക്കുന്നു. തൊഴിൽപരമായ അഭിവൃദ്ധിയുണ്ടാകുമ്പോൾ പരോക്ഷമായ

സഹകരണം കൂടുതൽ ഉണ്ടാകുന്നു. വിജ്ഞാനപരങ്ങളായ ഗവേഷണങ്ങളിലും ഇതു പ്രത്യേകം കാണുന്നുണ്ട്.

സംഘർഷം പലവിധത്തിൽ വെളിപ്പെടുന്നു. വ്യക്തികളുടെ കലഹത്തിൽ നിന്ന് ആരംഭിച്ച് പരിഷ്കാരങ്ങളുടെ സംഘട്ടനം വരെ ഇത് പ്രത്യക്ഷപ്പെടുന്നു. ഇതിനും അവസ്ഥാന്തരങ്ങൾ സംഭവിക്കുന്നു. സംഘർഷത്തെയും പ്രത്യക്ഷപരോക്ഷങ്ങളായി വിഭജിക്കാം. ഒരു ലക്ഷ്യത്തെ പ്രാപിക്കുന്നതിന് വ്യക്തികളോ സമൂഹമോ പരസ്പരം യുദ്ധം ചെയ്യുകയോ, തടസ്സപ്പെടുത്തുകയോ, ഉപദ്രവിക്കാൻ ശ്രമിക്കുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന സംഘർഷം പ്രത്യക്ഷം. വ്യവഹാരം, തർക്കം മുതലായ മൃദുരൂപങ്ങളും ദ്വന്ദ്വയുദ്ധം, യുദ്ധം, വിപ്ലവം തുടങ്ങിയ ഭയങ്കരരൂപങ്ങളും അതിനുണ്ട്. നേരിട്ട് തടസ്സപ്പെടുത്താതെ അന്യർ അവരുടെ ലക്ഷ്യത്തെ പ്രാപിക്കുന്നതിന് വിഘ്നകരമായ രീതിയിൽ അതേ ലക്ഷ്യത്തെത്തന്നെ പ്രാപിക്കാൻ ശ്രമിക്കുന്നത് പരോക്ഷസംഘർഷമാണ്. ഏതു തരത്തിലുള്ള മത്സരവും ഇതിൽ ഉൾപ്പെടുന്നു.

മത്സരം അന്യരുടെ പ്രവർത്തനത്തെയല്ല വിജയത്തെയാണ് തടസ്സപ്പെടുത്താൻ ശ്രമിക്കുന്നത്. പ്രയത്നം സംഘർഷത്തേക്കാൾ വ്യാപകമാണ്. പ്രയാസങ്ങൾ തരണം ചെയ്യുന്നതിനും വിഘ്നങ്ങൾ നീക്കുന്നതിനും ഉദ്ദേശ്യങ്ങൾ സാധിക്കുന്നതിനും മനുഷ്യർ എന്നും പരിശ്രമിച്ചുകൊണ്ടേയിരിക്കുന്നു. പുതുതായി എന്തെങ്കിലും കണ്ടുപിടിക്കുന്നതിനും കലകളിൽ പ്രാവീണ്യം നേടുന്നതിനും മററും ശ്രമിക്കുമ്പോൾ അതു പ്രയത്നമാണെങ്കിലും സംഘർഷമാകുന്നില്ല. ഒരു മഹാനെ അനുകരിക്കാൻ ശ്രമിക്കുന്നതും പ്രയത്നം തന്നെയാണ്. അതു സംഘർഷമാകുകയില്ല.

മനുഷ്യജീവിതത്തിൽ സഹകരണവും സംഘർഷവും സാർവ്വജനീനഭാവങ്ങളാണ്. മനുഷ്യപ്രവർത്തനങ്ങളിൽ ഏറിയഭാഗത്തിലും അവ ഒന്നുചേർന്ന് നിലകൊള്ളുന്നു.

പൊതുക്കാൎയ്യങ്ങൾക്കായി സഹകരിക്കുമ്പോഴും ആ താൽപൎയ്യങ്ങൾ ഒരു ഘട്ടംവരെ മാത്രമേ യോജിച്ചിരിക്കുന്നുള്ളു. മനുഷ്യരും കൂട്ടങ്ങളും സഹകരിക്കുമ്പോൾതന്നെ ഇടയ്ക്കിടയ്ക്കു ചില സംഘൎഷങ്ങൾ ഉണ്ടാകാതിരിക്കുകയില്ല. കുടുംബാംഗങ്ങൾ തമ്മിലും സുഹൃത്തുക്കൾ തമ്മിലും അഭിപ്രായവ്യത്യാസങ്ങൾ മൂലം സംഘൎഷം ഉണ്ടാകുന്നതായി നാം കാണുന്നു. കാരണം നിസ്സാരമായതായിരിക്കാം. സംഘൎഷത്തിലുൾപ്പെട്ടവൎക്കു തന്നെ പൊതുവായ പല താൽപൎയ്യങ്ങളും ഉണ്ടായിരിക്കാം. യുദ്ധങ്ങളിൽ മാത്രമാണ് ഇങ്ങനെ സംയോജകങ്ങളായ യാതൊരു ഘടകങ്ങളും ഇല്ലാത്തത്.

പൊതുക്കാൎയ്യത്തിനു വേണ്ടി സംഘടിതമായ സഹകരണം വളരെ ബലവത്താണ്. അപ്രകാരം സഹകരിക്കുന്നവർ തോൽവി സംഭവിച്ചാലും പൊതുതാൽപൎയ്യത്തിനുവേണ്ടി കൂടുതൽ ഐക്യഭാവത്തിൽ പ്രവൎത്തിക്കുന്നു. ഒരു പൊതുതാൽപൎയ്യം സ്വീകരിക്കുന്നവർ അതിന്റെ സിദ്ധിക്കായി കൂടുതൽ സഹകരിക്കുന്നു. ഇത്തരം സഹകരണം മനുഷ്യരെ യോജിപ്പിക്കുന്നു.

സമതാൽപൎയ്യങ്ങളും സഹകരണപ്രവൎത്തനത്തെ സഹായിക്കുന്നു. തൊഴിൽവിഭജനത്തിലും സഹകരണപ്രവൃത്തി കാണുന്നുണ്ട്. പൊതുതാൽപൎയ്യങ്ങൾക്കായി സഹകരിക്കുമ്പോൾ സഹകരണഭാവം പ്രധാനമാണ്. എന്നാൽ സമതാൽപൎയ്യങ്ങൾക്കായി സഹകരിക്കുമ്പോൾ ഓരോരുത്തരും അവരവൎക്കുള്ള ലാഭനഷ്ടങ്ങൾ മാത്രമാണ് കണക്കാക്കുന്നത്. ഇത്തരം സഹകരണപ്രവൃത്തിയിൽ സഹകരണം അപ്രധാനവും ലാഭം പ്രധാനവുമായിത്തീരുന്നു. മുതലാളികളും തൊഴിലാളികളും തമ്മിലുള്ള സഹകരണം ഈ രൂപത്തിലുള്ളതാണ്. അവർ തമ്മിൽ കൂടെക്കൂടെ സംഘൎഷം ഉണ്ടാകുന്നതു സ്വാഭാവികമാകുന്നു.

No. 1142

സംഘഷം പലവിധത്തിലുണ്ടാവാം. ഒരേ വസ്തു ഒന്നിലധികം ആളുകൾക്ക് വേണമെന്നു വരുമ്പോൾ സംഘഷമുണ്ടാകുന്നു. ധനത്തിൽ തുല്യത വരുത്താമെന്നിരുന്നാലും ആധിപത്യം, ശക്തി മുതലായവയിൽ സമത്വം വരുത്തുക സാദ്ധ്യമല്ല. ഭിന്നതാൽപര്യങ്ങൾ മൂലം സംഘഷം ഉണ്ടാകുന്നു. ഒരാൾ സ്നേഹിക്കുന്നതിനെ വേറൊരാൾ വെറുത്തു എന്നു വരാം. മതവിദ്വേഷം, വൎഗ്ഗവൈരം മുതലായവയിൽ നിന്ന് ഇത്തരം സംഘഷം സംഭവിക്കുന്നുണ്ട്. ഭിന്നതാൽപര്യങ്ങളിൽ നിന്ന് ഉദാസീനത, ദ്വേഷം, സംഘഷം എന്നിവ സംഭവിക്കുന്നതാണ്.

സംഘഷം ചിലപ്പോൾ നിയമപരിധിക്കുള്ളിലായിരിക്കും. സാമ്പത്തികമായ മത്സരം, രാഷ്ട്രീയകക്ഷികൾ തമ്മിലുള്ള ബലാബലപരീക്ഷ മുതലായവ അതിന് ഉദാഹരണങ്ങളാകുന്നു. ചിലപ്പോൾ സംഘഷം നിയമത്തിന് വിധേയമല്ലായിരിക്കും. അതിന് ഒരു ഉദാഹരണമാണ് യുദ്ധം. ഇതു ഭയങ്കരവും നാശോന്മുഖവുമാണ്. ശത്രുക്കൾ തുല്യബലമുള്ളവരാണെങ്കിൽ യുദ്ധത്തിന് കാരണഭൂതങ്ങളായ താൽപര്യങ്ങൾക്കു മാത്രമല്ല സകല താൽപര്യങ്ങൾക്കും വിഘാതം സംഭവിക്കും.

ഒരു ജനക്കൂട്ടത്തിന്റെ പൊതുതാൽപര്യം സംഘഷത്തിന് അഥവാ പരസ്പരമത്സരത്തിന് ശക്തിമത്തായ കാരണമാണ്. പൊതുതാൽപര്യം സംയോജിപ്പിക്കുന്നതുപോലെ തന്നെ വിയോജിപ്പിക്കുകയും ചെയ്യും. മറെറാരു ജനക്കൂട്ടം എതിർക്കുമ്പോൾ ഈ പൊതുതാൽപര്യങ്ങൾ മൂലം ഒരു ജനക്കൂട്ടത്തിന് കൂടുതൽ യോജിപ്പും ഐക്യബോധവും തദ്വാരാ ബലവും ഉണ്ടാകുന്നു.

സംഘഷം അസ്ഥിരമായ ഒരവസ്ഥയാണ്. അതിനാൽ അതിൽ ഏൎപ്പെടുന്നവരുടെ താൽപര്യങ്ങളും ഭാവങ്ങളും യുദ്ധത്തിനിടയ്ക്കുതന്നെ മാറുന്നു. ഒരു വിഭാഗത്തെ സമ്പൂൎണ്ണമായി നശിപ്പിക്കുന്നതായ അപൂവം ചില ഘട്ട

ങ്ങൾ ഒഴിച്ച് സംഘർഷത്തിൽനിന്നു സംഭവിക്കുന്ന താൽ കാലികമായ പരിണാമം മാത്രമേ പരാജയംകൊണ്ടുണ്ടാകുന്നുള്ളൂ. കൂടാതെ രാജിയായിട്ടും സംഘർഷം അവസാനിപ്പിച്ചെന്നു വരാം. പരസ്പരം മത്സരിക്കുന്നവർ അവക്കു യോജിക്കാവുന്ന താൽപര്യങ്ങൾ ഉണ്ടെന്നു കണ്ടാൽ യോജിച്ചേയ്ക്കാം. അപ്പോൾ മത്സരം അവസാനിച്ച് പൊതുനന്മയ്ക്കുവേണ്ടി കരാർചെയ്യാം. സംഘർഷം മൂലമുണ്ടാകുന്ന നാശം വിജയംകൊണ്ടു കിട്ടാവുന്ന ലാഭത്തെ അപേക്ഷിച്ച് അധികമാണെന്നു മനസ്സിലാക്കിയിട്ടും അവർ യോജിച്ചു എന്നു വരാം. അജ്ഞതകൊണ്ട് തോന്നിയ വിദ്വേഷം പരിചയാധിക്യം നിമിത്തം മാറി ഇരുകക്ഷികളും നിർമ്മത്സരബുദ്ധികളായി വർത്തിച്ചു എന്നും വരാം. ഇങ്ങനെ പലവിധത്തിൽ യോജിപ്പു സംഭവിക്കുന്നു.

## 4

# സമുദായവും പരിതഃസ്ഥിതിയും

ഒരു ജീവിയുടെ ഘടന അതിൻെറ ഉൽപത്തിയുടേയും പൂർവ്വപരിതഃസ്ഥിതിയുടേയും ഫലമാണ്. ജീവിതത്തിൻെറ ആരംഭദശയിൽത്തന്നെ പരിതഃസ്ഥിതിയുടെ പ്രഭാവം ശക്തിമത്തായിരിക്കുന്നു. പരിതഃസ്ഥിതി ബാഹ്യമാണെന്നും ശരീരസ്ഥിതി ഒരു ജീവിയെ മാത്രം അവലംബിച്ചതാണെന്നും സാധാരണമായി വിചാരിച്ചു പോരുന്നു. എന്നാൽ ഒരു ജീവിയുടെ ശക്തികളും ധർമ്മങ്ങളും ഗുണങ്ങളും അതിൻെറ പരിതഃസ്ഥിതിയെ ആശ്രയിച്ചിരിക്കും. പരിതഃസ്ഥിതിയിൽ നിന്നു വേർതിരിച്ച് ജീവിതത്തെക്കുറിച്ച് ആലോചിക്കാൻതന്നെ പ്രയാസമാണ്. എന്തെ

ന്നാൽ ജീവിതവും പരിതഃസ്ഥിതിയും അന്യോന്യം ആശ്ര യിച്ചിരിക്കുന്നു. ഓരോ ജീവിക്കും പ്രത്യേകം പ്രത്യേകം പരിതഃസ്ഥിതികൾ ഉണ്ട്. അപ്രകാരമുള്ള ജീവികളെ പ്പോലെ തന്നെ പരിതഃസ്ഥിതികളും വിഭിന്നങ്ങളാണ്. ജീവിയുടെ ഓരോ മാററവും പരിതഃസ്ഥിതിയുമായുള്ള ബന്ധത്തെ മാററുന്നുണ്ട്. അതുപോലെ പരിതഃസ്ഥിതി യുടെ മാററവും ജീവിയുടെ താൽപര്യത്തെയും പ്രത്യാഘാ തത്തെയും മാററുന്നു. പരിതഃസ്ഥിതി എന്നത് സർവ്വഥാ നമ്മുടെ ആവാസം തന്നെ. സകലൎക്കും പൊതുവായി ട്ടുള്ളതും ഓരോ സമൂഹത്തിനും പ്രത്യേകമായിട്ടുള്ളതുമായ സകല വ്യവസ്ഥകളും അതിൽ ഉൾപ്പെടുന്നു. പരിതഃ സ്ഥിതിയുടെ ഓരോ മാററവും നമ്മുടെ ജീവിതരീതി, ശീലങ്ങൾ മുതലായവയെ മാററുന്നു. ഇവതന്നെ ഓരോ രുത്തൎക്കും ഓരോപരിതഃസ്ഥിതി സൃഷ്ടിക്കുകയും ചെയ്യുന്നു. മൂന്നു തരത്തിലാണ് മനുഷ്യർ പരിതഃസ്ഥിതിയുമായി ഇണങ്ങി ജീവിക്കുന്നത്:— ശാരീരികം, ജൈവം, സാമു ദായികം.

ശാരീരികം. സൂൎയ്യകിരണസ്പൎശത്താൽ ശരീരത്തിന്റെ നിറം മാറുന്നു. ശുദ്ധവായു ശ്വസിക്കുന്നതുകൊണ്ട് ആ രോഗ്യം ഉണ്ടാകുന്നു. ബലം, ബലഹീനത, രോഗം, അ രോഗത ഇവ ഓരോന്നും പ്രകൃതിനിയമത്തിന്റെ ഫല മായി അനുഭവപ്പെടുന്നതാണ്. പ്രകൃതി സകലതിനോടും ഇണങ്ങുന്നതാണ്. ഒരു വ്യക്തിയുടെ ഒടുവിലത്തെ ഇണ ക്കം മരണത്തോടാണ്.

ജൈവം. പരിതഃസ്ഥിതി അനുസരിച്ച് ജീവിക്കു വാനും അഭിവൃദ്ധിപ്പെടുവാനും ഇണങ്ങുന്ന വിധത്തിന്ന് ജൈവം എന്നു പറയും. ഉദാ:—മത്സ്യം ജലജീവിയാണ്. ജലത്തിൽ ജീവിക്കാൻ അനുരൂപമായ ഘടനയാണ് അ തിനുള്ളത്. സിംഹം മുതലായ ഹിംസ്രജന്തുക്കൾ വനപ്ര

ദേശങ്ങളിൽ വസിക്കത്തക്കഘടനയോടു കൂടിയവയായി കാണുന്നു.

സാമുദായികം. നമുക്ക് ഇഷ്ടമുള്ള രീതിയിൽ ജീവിക്കണമെങ്കിൽ അതിനു യോജിച്ച പരിതഃസ്ഥിതി കണ്ടുപിടിക്കുകയോ നിർമ്മിക്കുകയോ വേണം. മനുഷ്യരൊഴിച്ച് മററു ജീവജാലങ്ങൾ അതാതിൻെറ പ്രകൃതി അനുസരിച്ച് ഓരോ പരിതഃസ്ഥിതി സ്വീകരിക്കുന്നു. എന്നാൽ മനുഷ്യന്റെ സ്വഭാവം സദാ ചഞ്ചലവും സുഖാന്വേഷണതൽപരവുമായതുകൊണ്ട് ഒരു പരിതഃസ്ഥിതിയും അവന് സമ്പൂർണ്ണമായ സംതൃപ്തി നല്കുന്നില്ല.

പരിതഃസ്ഥിതി മാററാനുള്ള നിരന്തരമായ ശ്രമത്തിൽ മനുഷ്യൻ പുതിയ രീതിയിലുള്ള ഒരു പരിതഃസ്ഥിതി സൃഷ്ടിക്കുന്നു. ആ പരിഃതസ്ഥിതിക്ക് ബാഹ്യം, ആഭ്യന്തരം എന്ന് രണ്ടു രൂപങ്ങൾ ഉണ്ട്. ബാഹ്യം എന്നത് പ്രകൃതിയുടെബാഹ്യപരിണാമം തന്നെ—അതായത് ഗൃഹങ്ങൾ, പട്ടണങ്ങൾ, നഗരങ്ങൾ, ഗതാഗതമാർഗ്ഗങ്ങൾ എന്നു വേണ്ട നമ്മുടെ പരിഷ്കാരത്തിൻെറ സകല ഉപകരണങ്ങളും അതിൽ ഉൾപ്പെടും. ആഭ്യന്തരം എന്നത് സമുദായം തന്നെ—അതിൻെറ ഘടന, നിയമങ്ങൾ, സ്ഥാപനങ്ങൾ, ചടങ്ങുകൾ, വ്യവസ്ഥകൾ തുടങ്ങി സാമുദായികമായ സകലതും ആഭ്യന്തരത്തിൽ ഉൾപ്പെടുന്നു. അതിനാൽ ഓരോ മനുഷ്യൻെറയും പരിതഃസ്ഥിതി രണ്ടായി വിഭജിക്കാം. (1) മനുഷ്യൻ പല പ്രകാരത്തിൽ മാററിയിട്ടുള്ളതും മാററിക്കൊണ്ടിരിക്കുന്നതും എന്നാൽ സമ്പൂർണ്ണമായി മാററാൻ സാദ്ധ്യമല്ലാത്തതുമായ ഒരു ബാഹ്യപരിതഃസ്ഥിതി. (2) മനുഷ്യൻ സ്വയം നിർമ്മിക്കുന്ന ഒരു ആന്തരമായ അഥവാ സാമുദായികമായ പരീതഃസ്ഥിതി. ഇവ രണ്ടിനെയും മാററി തൻെറ ആഗ്രഹങ്ങളെ സാധിക്കാൻ മനുഷ്യൻ ശ്രമിക്കുന്നു.

ആധുനികപരിഷ്കാരം കൊണ്ടുണ്ടായിട്ടുള്ള പരിതഃസ്ഥിതി മനുഷ്യസ്വഭാവത്തിന് അനുരൂപമല്ലെന്നു ചിലർ പറയുന്നു. 'ഗ്രഹാംവാലസി'ൻെറ അഭിപ്രായപ്രകാരം മനുഷ്യൻെറ സ്വാഭാവികമായ വാസന നാട്ടിൻപുറത്ത് താമസിക്കുക എന്നതാണ്. ഇന്നത്തെ പരിഷ്കാരത്തിൻെറ ഫലമായി നഗരവാസം മനുഷ്യസ്വഭാവത്തിനു പററിയതല്ലെന്നും അദ്ദേഹം പറയുന്നു. ഈ അഭിപ്രായം ശരിയാണെന്നു തോന്നാം. എന്നാൽ പട്ടണവാസംകൊണ്ട് ശുദ്ധവായു എല്ലുക മുതലായ ചിലസൌകര്യങ്ങൾക്കു തടസ്സമുണ്ടെങ്കിലും പട്ടണത്തിൽ താമസിച്ചു ശീലിച്ചവരിൽ ഭൂരിപക്ഷവും നാട്ടിൻപുറത്തു താമസിക്കാൻഇഷ്ടപ്പെടുന്നില്ല. നേരേമറിച്ച് നാട്ടുംപുറത്തുള്ള ജനങ്ങളിൽ ഭൂരിപക്ഷവും പട്ടണങ്ങളിൽ താമസിക്കാൻ ഇഷ്ടപ്പെടുന്നുമുണ്ട്. അതിനാൽ മുൻ പറഞ്ഞ അഭിപ്രായം യുക്തമല്ല.

നമ്മുടെ ചില ആഗ്രഹങ്ങൾ സാധിക്കുന്നതിനു വേണ്ടി പരിതഃസ്ഥിതിയെ മാററുമ്പോൾ മററുചില ആഗ്രഹങ്ങൾക്ക് അത് വിഘാതമായി വരാം. പരിഷ്കാരം മൂലം സംഭവിച്ചിട്ടുള്ള ഏതാനും മാററങ്ങൾ നമുക്കു യോജിച്ചതല്ലെങ്കിലും അവ മനുഷ്യസ്വഭാവത്തിനു തുലോം വിരുദ്ധമാണെന്നു പറയാൻ പാടില്ല. ആദിമനിവാസികൾ വളരെനാൾ ഗുഹകളിൽ ഇരുന്നു പരിചയിച്ചുകൊണ്ട് പിൽക്കാലം ജീവിച്ചവർക്കും ആ ജീവിതം തന്നെയാണ് സ്വാഭാവികമെന്ന് വരണമെന്നില്ല. ശുദ്ധവായു മുതലായവ ലഭിക്കാത്തത് നഗരവാസത്തിനുള്ള ന്യൂനതയാണെങ്കിലും വിജ്ഞാനത്തിൻെറ അഭിവൃദ്ധി ആ കുറവിനെ പരിഹരിക്കാൻ സഹായിക്കുന്നുണ്ട്. നാട്ടുംപുറത്തുനിന്നും ലഭിക്കുന്ന അനുഗ്രഹങ്ങൾക്ക് കുറവുവരാതിരിക്കത്തക്കവണ്ണം നഗരജീവിതത്തിലെ പരിഷ്കാരത്തെ നിയന്ത്രിക്കാനാണ് ഇപ്പോഴത്തെ ശ്രമം.

മനുഷ്യസമുദായങ്ങൾ തമ്മിലുള്ള വ്യത്യാസം പാരമ്പര്യംകൊണ്ടു വന്നിട്ടുള്ളതാണെന്നു ചിലരും പരിതഃസ്ഥിതി മൂലമാണെന്നു മററുചിലരും വാദിക്കുന്നു. ഇതിനെ സംബന്ധിച്ച് ഒരു നിശ്ചിതമായ തീരുമാനം ഇതുവരെ ഉണ്ടായിട്ടില്ല. മാതാപിതാക്കന്മാരുടെ ഗുണങ്ങൾ അതേ രൂപത്തിലോ തത്തുല്യമായോ ശിശുക്കളിൽ സംക്രമിക്കുന്നു എന്നു പറയാൻ നിവൃത്തിയില്ല. അപ്രകാരം വന്നുചേരുന്ന ഗുണങ്ങൾക്കു കാരണം പാരമ്പര്യമോ പരിതഃസ്ഥിതിയോ എന്നു നിശ്ചയിക്കാനും പ്രയാസം തന്നെയാണ്. ഇരട്ടപെററ സന്താനങ്ങളെ വിഭിന്നങ്ങളായ പരിതഃസ്ഥിതികളിൽ വളത്തിനോക്കിയതിൽ സവ്ഥാ ഭിന്നമായ സ്വഭാവവും സാമത്ഥ്യവും കാണപ്പെട്ടു. വാസ്തവത്തിൽ ഇവ രണ്ടും—പരമ്പരാഗതഭാവവും പരിതഃസ്ഥിതിയും—ഒന്നുചേന്ന് മനുഷ്യനെ പ്രേരിപ്പിക്കുകയും പ്രവത്തിപ്പിക്കുകയും ചെയ്യുന്നു. ഇവയെ വേർപെടുത്താൻ നിവൃത്തിയില്ല. വായുവും ആഹാരവും എന്നപോലെ ജീവിതത്തിന് ഇവ രണ്ടും തുല്യപ്രധാനങ്ങളാണ്.

പരമ്പരാഗതങ്ങളാണ് ഒരുവൻെറ ഗുണങ്ങൾ. എന്നാൽ അവ വികസിക്കണമെങ്കിൽ പരിതഃസ്ഥിതി അനുഗുണമായിരിക്കണം. മാറിക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ പരിതഃസ്ഥിതി വളർച്ചയുടെ പ്രധാനകാരണമാകുന്നു. ജീവികളിൽ വച്ച് മനുഷ്യൻ മാത്രമാണ് പരിതഃസ്ഥിതിയെ തനിക്ക് അനുകൂലമായി മാററാൻ ശ്രമിക്കുന്നത്. അധികം അനുകൂലമായ പരിതഃസ്ഥിതിയെ അന്വേഷിക്കുക എന്നത് മനുഷ്യൻെറ നിത്യധമ്മമാകുന്നു.

# 5

# ഭൂപ്രകൃതിയുടെ പ്രേരണ

പരിതഃസ്ഥിതി എന്നതിൽ ഭൂപ്രകൃതിയും ഉൾപ്പെടുന്നു. അതു പ്രായേണ മനുഷ്യപ്രയത്നത്തെ ആശ്രയിക്കാതെ സ്വയം സ്ഥിതിചെയ്യുന്ന ഒന്നാണ്. ഭൂപ്രകൃതിയിൽ ചിലത് മനുഷ്യപ്രയത്നത്താൽ മാററാവുന്നതും മററുചിലത് അപ്രകാരം ചെയ്യാൻ സാധിക്കാത്തതും ആകുന്നു. ഭൂമിയും സൂര്യനും തമ്മിലുള്ള ബന്ധം, ഭൂമിയുടെ പരിമാണം, അതിലെ ലോഹങ്ങൾ, സമുദ്രം, ഭൂഖണ്ഡം മുതലായവയുടെ സംസ്ഥിതി, നദി, കായൽ, ഋതുക്കളുടെ മാററങ്ങൾ, വായു ഇവയെല്ലാം രണ്ടാമതു പറഞ്ഞതിനു ദൃഷ്ടാന്തങ്ങളാണ്. ചെടികളെയും ജന്തുക്കളെയും വളർത്തുക, ഒരു സ്ഥലം കൂടുതൽ ഫലപ്രദമാക്കുക മുതലായവയെല്ലാം ആദ്യത്തേതിനു ഉദാഹരണങ്ങളാണ്.

ഭൂപ്രകൃതി സാമുദായികജീവിതത്തിൻെറ മാററത്തിൽ വളരെയധികം പ്രവർത്തിക്കുന്നുണ്ടെന്ന് ചില ചിന്തകന്മാർ വാദിക്കുന്നു. എന്നാൽ ഭൂപ്രകൃതി പരിതഃസ്ഥിതികളിൽ ഒന്നുമാത്രമേ ആകുന്നുള്ളു. അത് ഏററവും പ്രധാനവുമല്ല.

പ്രാചീനകാലത്ത് പരിഷ്കാരം, മതം മുതലായ സകലതും അതാതു ഭൂപ്രകൃതിയെ അനുസരിച്ചിരുന്നു. എന്നാൽ ഇക്കാലത്ത് അതിന് വളരെ വ്യത്യാസം വന്നിട്ടുണ്ട്. ഒരിടത്ത് ക്ഷാമം ബാധിച്ചാൽ അവിടെയുള്ളവക്ക് അന്യദിക്കുകളിൽ നിന്നും സഹായം ലഭിക്കുന്നു. കൃഷകജീവിതം വാണിജ്യവ്യവസായപരമായിത്തീരുന്നു. അന്യരാജ്യങ്ങളിൽ നിർബാധം പോകാൻ സൌകര്യമുള്ളതുകൊണ്ട് പരിഷ്കാരം പൊതുവേ പ്രചരിക്കുന്നു. അതിനാൽ പൂർവ്വകാലത്തേപ്പോലെ ആചാരപരിഷ്കാരാദികളിൽ വലു

തായ വ്യത്യാസമില്ല. പരിഷ്കാരവികാസത്തോടു കൂടി ഭൂപ്രകൃതിയുടെ പ്രേരണാശക്തി ക്ഷയിച്ചുവരുന്നു.

ഭൂമിശാസ്ത്രം സമുദായത്തെ നേരിട്ടു ബാധിക്കുന്നുണ്ട്. ചില ഭൂവ്യവസ്ഥകൾ ധനപരമായി മനുഷ്യൻെറ ജീവിതത്തെ നിയന്ത്രിക്കുന്നു. താമസസ്ഥലം, ഗൃഹം, റോഡുകളുടെ ചായ്‌വും ചരിവും, ലോഹസാന്നിദ്ധ്യം മുതലായവയാണ് പ്രസ്തുത വ്യവസ്ഥകൾ. ഇവിടത്തെ പള്ളിവാസൽപദ്ധതി അതിനുദാഹരണമാണ്.

സമുദായത്തിൻെറ അംഗമായ മനുഷ്യൻെറ ജീവിതം ഭൂശാസ്ത്രാന്തർഗതങ്ങളായ ചില ബാഹ്യവ്യവസ്ഥകൾക്ക വിധേയമാകേണ്ടിയിരിക്കുന്നു. ഈ വ്യവസ്ഥകളെ സമുദായശാസ്ത്രജ്ഞൻ വിഗണിച്ചുകൂടാ. ഇവയെ മനുഷ്യൻെറ ഭാവങ്ങൾ, താൽപര്യങ്ങൾ മുതലായ സാമുദായിക വിഷയങ്ങളുമായി ഘടിപ്പിച്ച് അവയുടെ പരസ്പരബന്ധത്തെ കാണിക്കുകയാണ് സമുദായശാസ്ത്രജ്ഞൻെറ കത്തവ്യം.

ബാഹ്യപ്രകൃതി മനുഷ്യനെ സംബന്ധിച്ചിടത്തോളം വെറും ഭൌതികം അല്ല. ഭൌതികഭാവങ്ങളെയും തൻെറ സ്വഭാവത്തിന് അനുരൂപമായി മനുഷ്യൻ വ്യാഖ്യാനിക്കുന്നു. സാമുദായികജീവിക്ക് പരിതഃസ്ഥിതിയെന്നത് നാനാഭാവങ്ങളുടെ ഒരു സമ്മിശ്രണമാണ്. ഭൂസംബന്ധമായ പരിതഃസ്ഥിതിയെ സാമുദായിക പരിതഃസ്ഥിതിയിൽനിന്നും അവൻ വേർപെടുത്തുന്നില്ല. വയലുകൾ അവൻെറ സ്വത്തും ഭവനങ്ങൾ വാസസ്ഥാനങ്ങളുമാകുന്നു. ഇവിടെ സാമുദായികവും ഭൌതികവും ആയ ഭാവങ്ങൾ ഒരുമിച്ചു ചേൎന്നിരിക്കുന്നു.

പല തരത്തിലും പല ക്രമത്തിലുമാണ് സാമുദായിക സമ്പത്ത് നമുക്ക ലഭിക്കുന്നത്. ആചരണം, സംഭാഷണശക്തി എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഇവ വലിയ പരിശ്രമം കൂടാതെ ലബ്ധമാണ്. മററു ചിലത്—മതം,

സംസ്കാരം തുടങ്ങിയവ—പരിശ്രമിച്ച് സ്വായത്തമാക്കേണ്ടിയിരിക്കുന്നു. ഇവ സമ്പാദിക്കാൻ നാം അർഹരായിത്തീരണം. ഇവ സാമുദായികങ്ങളെന്നു കരുതാമെങ്കിലും വ്യക്തിക്ക് ലഭ്യമാകണമെങ്കിൽ വ്യക്തിയുടെ പരിശ്രമം അത്യന്താപേക്ഷിതമാണ്. പ്രസ്തുത സമ്പത്ത് അവനവന്റെ ജന്മനാലുള്ള വാസനയും പിന്നീട്ടുള്ള പരിശ്രമവും കൊണ്ട് ഓരോരുത്തക്കും അല്പാല്പമായി മാത്രമേ കിട്ടുന്നുള്ളു.

പരിതഃസ്ഥിതിയെന്നത് കേവലം ബാഹ്യലോകമല്ല; നമ്മുടെ ജീവിതവുമായി സംബന്ധപ്പെട്ട വിവിധ ഭാവങ്ങളാൽ പരിപൂൎണ്ണമായ വിശ്വമാണ്. ജന്തുക്കൾക്കില്ലാത്ത ഉപകരണങ്ങൾ മനുഷ്യൻ സൃഷ്ടിക്കുന്നു. പരിഷ്കൃതമനുഷ്യൻ പരിതഃസ്ഥിതികൾക്ക് പരിപൂൎണ്ണമായി വിധേയനാകുന്നില്ല. അതിലെ ചില വ്യവസ്ഥകളെ അവൻ എതിൎക്കുന്നു. അവനിലുള്ള നിത്യമായ അസംതൃപ്തി പുതിയ നേട്ടങ്ങളിലേയ്ക്ക് അവനെ എല്ലായ്പോഴും പ്രേരിപ്പിക്കുന്നു. അവൻ വല്ല സമയത്തും വിധേയനായിത്തീരുന്നെങ്കിൽ അത് താൽക്കാലികമായിട്ടു മാത്രമാണ്. അവന്റെ ശ്രമം എപ്പോഴും പരിതഃസ്ഥിതിയെ നിയന്ത്രിച്ച് മാററുന്നതിനാണ്. തന്മൂലം പരിതഃസ്ഥിതി മാറിക്കൊണ്ടേയിരിക്കും. അവൻ വിധേയനാകുന്നത് തിരഞ്ഞ്നോക്കിയാണ്. വിവിധരീതിയിലാണ് ഓരോ പരിഷ്കൃതമനുഷ്യനും വിധേയനായിത്തീരുന്നത്. പുതിയ പരിതഃസ്ഥിതികളിൽ ജീവിക്കാൻ അപരിഷ്കൃതമനുഷ്യനു പ്രയാസമാണ്. എന്നാൽ പരിഷ്കൃതമനുഷ്യന് അതു സുസാധമത്രേ.

ഇങ്ങനെ വിധേയനാകുക എന്നത് പരിഷ്കൃതമനുഷ്യനെ സംബന്ധിച്ചിടത്തോളം താഴെപ്പറയുന്ന ഘട്ടങ്ങളിൽ പ്രയാസമാണ്. (1) വിപ്ലവം. (2) അന്യരാജ്യങ്ങളിൽ കുടിയേറിത്താമസം.

പുതുതായി കുടിയേറിത്താമസിക്കുന്ന രാജ്യത്തിലെ ജാതി, പരിഷ്കാരം മുതലായവ വളരെ വ്യത്യാസപ്പെട്ടിരുന്നാൽ ക്ലേശിച്ചു മാത്രമേ അവിടത്തെ നിവാസികളുമായി യോജിക്കുകയുള്ളൂ. ആഗതർ പൂർവ്വനിവാസികളെ അപേക്ഷിച്ച് അധികം പരിഷ്കൃതരാണെങ്കിൽ അവരുടെ പരിഷ്കാരം പൂർവ്വനിവാസികളെ ആവേശിക്കുന്നു. അഥവാ ഇരുകൂട്ടരും ചേർന്ന് ഒരു പുതിയ പരിഷ്കാരം സൃഷ്ടിക്കുന്നു. ചിലപ്പോൾ ഇരുകൂട്ടരും യോജിക്കാതെ അകന്നു എന്നും വരാം. അമേരിക്കയിലെ ഐക്യരാജ്യങ്ങളിൽ കുടിപാർത്തിരുന്ന വിദേശീയർ ആദ്യഘട്ടങ്ങളിൽ അവരുടെ ആചാരം, ഭാഷ മുതലായവയെ പ്രത്യേകം സംരക്ഷിച്ചിരുന്നു. എന്നാൽ കുറേക്കഴിഞ്ഞ് അന്യോന്യമുണ്ടായ വിവാഹാദിബന്ധങ്ങളാൽ അവരുടെ പ്രത്യേകാചാരാദികൾ ക്രമേണ ശിഥിലങ്ങളായി. അവരുടെ സന്താനങ്ങൾ ജനനാൽത്തന്നെ—മിക്കവാറും തദ്ദേശവാസികളെപ്പോലെ—അമേരിക്കാക്കാരായി ഭവിച്ചു.

## 6

# നഗരവും ഗ്രാമവും

സമുദായസൃഷ്ടമായ ഒരു പരിതഃസ്ഥിതിയാണ് നഗരം. പൊതുജീവിതത്തിനുവേണ്ടി സ്വാഭാവികമായ പരിതഃസ്ഥിതിക്ക് അനേകം മാററങ്ങൾ സംഭവിച്ചിട്ടുണ്ട്. നാഗരികത്വം എന്നതിന്റെ ഇംഗ്ലീഷ് പര്യായമായ സിവിലിസേഷൻ എന്ന വാക്കു തന്നെ. നഗരവാസികളെപ്പോലെ ആകുക എന്നതിൽ നിന്നും വന്നിട്ടുള്ളതാണ്.

ഗ്രാമീണജീവിതം എന്നത് കുടുംബജീവിതത്തിൽ മാത്രം പ്രായേണ സീമാബദ്ധമായിത്തീരുന്നു. ഒരു തൊഴിൽ—കൃഷി, ഗോരക്ഷ ഇത്യാദികളിൽ ഒന്നു മാത്രം—ഗ്രാമീണൻ പ്രധാനമായിക്കരുതുന്നു. ഒരു പ്രവൃത്തിയിൽ പ്രത്യേക വൈദഗ്ദ്ധ്യമില്ലാതാകുക, എല്ലാം അല്പാല്പം അഭ്യസിക്കുക എന്നതും ഗ്രാമീണജീവിതത്തിൻെറ ലക്ഷണമാണ്. മിതജീവിതം ആണ് വേറൊരു ലക്ഷണം. ആദായത്തിൻെറ കുറവാണ് ഇതിനു കാരണം. ഗ്രാമീണജീവിതത്തിൽ നഗരജീവിതത്തെക്കാൾ ആജ്ഞാപരിപാലനവും കുടുംബസംബന്ധമായ കെട്ടുപാടുകളും കൂടുതലായുണ്ട്. കുടുംബാംഗങ്ങൾ എല്ലാം ഏകയോഗക്ഷേമമായി വർത്തിച്ച് അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നു. പിതൃദായക്രമവും പിതൃഭരണവും നിലനില്ക്കുന്നു. വ്യക്തിക്ക് സമുദായത്തിൽക്കൂടി മാത്രമേ സ്ഥാനമുള്ളു. സ്വത്ത് എന്നു പറയുന്നത് കുടുംബസ്വത്തു് തന്നെയാണ്, വ്യക്തിയുടേതല്ല. വിവാഹം എന്നത് കുടുംബത്തോട് നിർവ്വഹിക്കേണ്ട കടമ, കുടുംബത്തിൻെറ പേരും പെരുമയും നിലനിർത്തുവാൻ ചെയ്യുന്ന കർത്തവ്യം മാത്രം.

പട്ടണത്തിൽ കുടുംബജീവിതം അത്ര പ്രധാനമല്ല. അതായത് ഒരുവൻെറ ജീവിതത്തെ അത് പൂർണ്ണമായി ബാധിക്കുന്നില്ല. അവിടെ വ്യക്തിത്വവികാസത്തിന് കൂടുതൽ സൌകര്യം ഉണ്ട്. അവനവൻെറ വാസനയ്ക്കനുരൂപമായ ഒരു ജോലി തിരഞ്ഞെടുക്കാനും അതിൽ ഏർപ്പെടാനും അവിടെ സാധിക്കുന്നു. കുടുംബം ഇടപെടേണ്ട സംഗതികൾ കുറഞ്ഞതായി വ്യവസ്ഥപ്പെടുത്തുന്നു. മനുഷ്യൻെറ സദ്വാസനയ്ക്കും ദുർവ്വാസനയ്ക്കും അനുകൂലമായ സൌകര്യം നഗരജീവിതത്തിലാണ് കൂടുതലുള്ളത്. എന്തെന്നാൽ തുല്യവാസനയുള്ളവരുമായി ചേരാൻ അവിടെ സാധിക്കുന്നു.

നഗരജീവിതത്തെ കേവലം കൃത്രിമമെന്നു പറയാൻ നിവൃത്തിയില്ല. എന്തുകൊണ്ടെന്നാൽ അതും മനുഷ്യന്റെ സ്വാഭാവികമായ വാസന, ആഗ്രഹം മുതലായവയിൽ നിന്നും സംജാതമായതാണ്. തന്നെയല്ല അത് വൎദ്ധിച്ചുവരുന്ന പരിഷ്കാരത്തിന്റെ ഫലവുമാണ്. അതിൽനിന്ന് ഉപരിപരിഷ്കാരം ഉളവാകുകയും ചെയ്യുന്നു. തൊഴിലിനെ വിഭജിച്ച് ഓരോന്നിലും കൂടുതൽ വൈദഗ്ദ്ധ്യം സമ്പാദിക്കുകയെന്നതാണ് നഗരജീവിതത്തിന്റെ മറെറാരു ലക്ഷണം.

നഗരവാസി തന്റെ സാമുദായികബന്ധങ്ങളെ സ്വയം തിരഞ്ഞെടുത്ത് രൂപവല്ക്കരിക്കണം. അവന്റെ വ്യക്തിഗതഗുണങ്ങളെ ആസ്പദമാക്കിയാണ് അവനെ സജാതീയർ തിരഞ്ഞെടുക്കുന്നത്. മാറിക്കൊണ്ടിരിക്കുന്ന അവസ്ഥകൾക്കു യോജിച്ചവിധം മാററങ്ങൾ വരുത്താൻ നഗരവാസി സദാ ജാഗരൂകനായിരിക്കണം. ഗ്രാമവാസി തന്റെ ജാതിഗതമായ തൊഴിലിൽ മാത്രം നിഷ്ഠയോടു കൂടി വൎത്തിച്ചാൽ മതിയാകും. പലവിധത്തിലുള്ള ജനങ്ങളുമായി സമ്പൎക്കം ഉള്ളതുകൊണ്ട് പട്ടണവാസി സഹനശീലനായി സകലരോടും യഥായോഗ്യം പെരുമാറാൻ ത്രാണിയുള്ളവനായിത്തീരുന്നു. പ്രാചീനങ്ങളായ മതാചാരാദികളിൽ ഗ്രാമീണനു് വിശ്വാസം ഉണ്ടായിരിക്കും. എന്നാൽ നഗരവാസി സകലതും പരീക്ഷിച്ച് പ്രവൎത്തിക്കുന്ന യുക്തിവാദിയായിത്തീരുന്നു.

സ്ത്രീകളെ സംബന്ധിച്ച് ആധുനികപരിഷ്കാരം ഒരു വലിയ പരിവൎത്തനം വരുത്തിയിട്ടുണ്ട്. സകലകാൎയ്യങ്ങളിലും ഇന്ന് സ്ത്രീകൾ പുരുഷന്മാരോടൊപ്പം പങ്കുകൊള്ളുന്നു. നഗരജീവിതം സ്ത്രീസ്വാതന്ത്ര്യത്തിനും സ്ത്രീകളുടെ വ്യക്തിത്വവികാസത്തിനും സഹായമായിത്തീർന്നിട്ടുണ്ട്. സ്ത്രീപുരുഷന്മാർ തമ്മിലുള്ള ബന്ധം

കൂട്ടതൽ സ്വാതന്ത്ര്യവും മിക്കവാറും തുല്യം എന്ന നില യിലും ആയിക്കഴിഞ്ഞിരിക്കുന്നു.

പട്ടണം ഗ്രാമത്തേക്കാൾ പ്രാധാന്യമേറിയതായിത്ത ന്നെ വരുന്നു. പട്ടണത്തിൻെറ പ്രഭാവം ഗ്രാമത്തേയും നാഗരികമാക്കുന്നു. ശക്തി, ധനം, പ്രത്യേകമാർഗ്ഗത്തി ലുള്ള പരിജ്ഞാനം മുതലായവ പട്ടണത്തിൽ ഉള്ള താണ് അതിനു കാരണം. പട്ടണവും ഗ്രാമവും തമ്മി ലുള്ള ബന്ധം പൂർവ്വാധികം ഗാഢമായിത്തീർന്നിട്ടുണ്ട്. ജനങ്ങൾ പ്രായേണ നഗരവാസം ഇഷ്ടപ്പെടുന്നതായി ട്ടാണ് കണ്ടുവരാറുള്ളത്. കഴിഞ്ഞ ഏതാനും വർഷ ങ്ങൾക്കിടയിൽ നഗരങ്ങൾക്കുണ്ടായിട്ടുള്ള അഭിവൃദ്ധി സീ മാതീതമാണ്.

## 7

# സാമുദായികസംഘടന

മനുഷ്യബന്ധങ്ങളുടെ ഘടനയാണ് സമുദായം. മനു ഷ്യർതന്നെ രൂപവൽകരിച്ചതും നിലനിർത്തിപ്പോരുന്ന തും സദാ മാറിക്കൊണ്ടിരിക്കുന്നതുമാണ് ഈ സംഘടന.

സാമുദായികസംഘടന മൂന്നു വിധത്തിലാണ്. (1) സമൂ ഹം—ഇത് പരസ്പരമുള്ള പ്രത്യേകബന്ധത്തോടു കൂടിയ താണ്. (2) സ്വാഭാവികമായി പൊതുതാൽപര്യങ്ങൾക്കു വേണ്ടി ഉൽഭവിക്കുന്നതു്—ഇത് സാമുദായികശ്രേണികൾ പോലെ നിലനില്ക്കുന്നതോ താൽക്കാലികമായ 'കൂട്ടമോ' ആയിരിക്കാം. (3) സംഘങ്ങൾ—ഇവ പൊതു താൽപ ര്യങ്ങളെ അടിസ്ഥാനമാക്കി ഒരു പ്രത്യേകമാർഗ്ഗം അവ ലംബിച്ച് തുടരുന്നവയാകുന്നു. സമുദായത്തിൻെറ വളർ ച്ച അനുസരിച്ച് ഈ സംഘങ്ങൾ പ്രത്യേക സാമുദായിക

ഘടനയുടെ ഏററവും വ്യക്തമായ അംശമായിത്തീന്ന് യോജിപ്പിലും സംഖ്യയിലും കാൎയ്യക്ഷമതയിലും അഭിവൃദ്ധിയെ പ്രാപിക്കുന്നു.

സാമുദായികംഘടനയിൽ സാമുദായികഭാവങ്ങൾക്കും താൽപൎയ്യങ്ങൾക്കും ഉള്ള സ്ഥാനം പ്രത്യക്ഷമാണ്. സംഘങ്ങൾ താൽപൎയ്യങ്ങൾക്ക് അനുകൂലമായിരിക്കുന്നു. താൽപൎയ്യങ്ങളിൽ സംസ്കാരപരം എന്നും പ്രയോജനപരം എന്നും രണ്ടു പ്രധാന ഭാഗങ്ങൾ ഉണ്ട്. സമൂഹത്തിൽ ജനങ്ങൾ എല്ലാക്കാൎയ്യങ്ങളിലും സാമുദായികമായി പങ്കെടുക്കുന്നു. ഇതിൽ അല്പം കുറവായിട്ടാണ് രണ്ടാമത്തേതിൽ പങ്കുകൊള്ളുന്നത്. സംഘടിതാവസ്ഥയിൽ പൊതുവായി ചെയ്യേണ്ട കാൎയ്യങ്ങൾ ക്ളിപ്തപ്പെടുത്തിയിരിക്കുന്നു.

സമൂഹം—അനേകം ആളുകൾ ഒരുമിച്ച് അടുത്ത സമ്പക്കത്തിൽ ഇരിക്കുമ്പോൾ സമൂഹമായിത്തീരാൻ ഇടയുണ്ട്.

മനുഷ്യരിൽ ഒരു കൂട്ടർ ഒരുമിച്ച് താമസിക്കാൻ നിർബന്ധിതരാകുകയും സമ്പൂൎണ്ണമായോ ആംശികമായോ ഇതര ജനങ്ങളിൽനിന്നു വേർപിരിയേണ്ടിവരികയും ചെയ്യുമ്പോൾ സാമുദായികഭാവങ്ങൾ ഉത്ഭവിച്ച് അവരെ ഒരു സമൂഹമാക്കിത്തീൎക്കുന്നു. ഒരു പൊതുജീവിതത്തിൽ പങ്കെടുക്കുക എന്ന ബോധം എല്ലാവൎക്കും ഉണ്ടാകുന്നു. സ്ഥിരസമുദായങ്ങളിൽ ഒരോ സ്ഥാനികസമൂഹവും സ്വന്തനിവാസസ്ഥാനത്തെ കേവലം ഒരു ഭൂവിഭാഗമായി കരുതുന്നില്ല. പ്രാചീനങ്ങളായ ചരിത്രങ്ങളും സംസ്കാരങ്ങളും ഇദാനീന്തനമായ അനുഭവവും കൊണ്ട് അത് അവരുടെ ഗൃഹംപോലെ ആയിത്തീരുന്നു. പൊതുവായി ഐതിഹ്യങ്ങൾ, ആചാരങ്ങൾ, സ്ഥാപനങ്ങൾ മുതലായവ ഈ സമൂഹത്തിനുണ്ട്.

അവിഭാജ്യമായ ഏകത്വത്തിൽ പൊതുവേ പങ്കെടുക്കുന്നതാണ് സാമൂഹ്യഭാവം, 'ഞങ്ങൾ', 'ഞങ്ങളുടെ'

എന്നു പറയുമ്പോൾ യാതൊരു വ്യത്യാസമോ വിഭജനമോ തോന്നാതിരിക്കുന്ന അവസ്ഥ പൊതുതാൽപര്യങ്ങളുള്ളപ്പോൾ മനുഷ്യരിൽ പ്രകടിതമാകുന്നു. സ്വസമുദായത്തിന് എന്തെങ്കിലും ആപത്ത് വരുന്ന അവസരത്തിൽ പ്രസ്തുത ഭാവം പ്രത്യക്ഷമാകുന്നു. ഈ സാമുദായികപ്രവൎത്തനത്തിൽ ഓരോ മനുഷ്യനും തന്റെ ജോലിയും നിലയും നല്ലവണ്ണം മനസ്സിലാക്കണം. ഓരോ അംഗവും സമുദായത്തിനു സൎവ്വഥാ അധീനമാണെന്നു ധരിക്കണം.

ഭാഷ, കുലം, സാമ്പത്തികതാൽപര്യം, മതം, ശരീരം, ചരിത്രം, മുതലായവയെ ദേശീയത ആശ്രയിക്കുന്നില്ല. വിവിധഭാഷകൾ സംസാരിക്കുന്ന സ്വിസ്സുകാർ ഒരേ രാഷ്ട്രത്തിൽപ്പെട്ടവരാകുന്നു. വിവിധജാതികളിൽ ജനിച്ച ഐക്യരാജ്യക്കാർ ഏകജാതിയായി വൎത്തിക്കുന്നു. ദേശീയത ഒരു സാമൂഹ്യഭാവമാണ്. ഒരു കൂട്ടത്തിൽപ്പെട്ടവർ എന്നു തോന്നുന്നവർ സ്വന്തമായ ഒരു പൊതുരാജ്യഭരണം ആഗ്രഹിക്കുന്ന ഭാവമാണ് ദേശീയത. ഇത് ചരിത്രപ്രതിഷ്ഠിതവും പൊതുവായ മാനസികസംസ്കാരം കൊണ്ട് പരിപുഷ്ടവുമാണ്. ദേശീയതയുടെ ഒരു ഭാവംതന്നെയാണ് സ്വദേശസ്നേഹം; മറെറാന്ന് ഏകജാതിഭരണം.

വ്യത്യാസങ്ങളും സാമൂഹ്യബോധത്തെ സഹായിക്കുന്നുണ്ട്. വ്യത്യാസങ്ങൾ ഒന്നും ഇല്ലാതിരിക്കുക എന്നതല്ല സമൂഹൈക്യത്തിനു കാരണം. പ്രസ്തുത ഈ വ്യത്യാസങ്ങളെ സമന്വയിപ്പിക്കുന്നതിലോ വ്യത്യാസങ്ങൾ പ്രവൎത്തനത്തിന് വിഘ്നം വരുത്താതെ സൂക്ഷിക്കുന്നതിലോ ആണ് ശ്രദ്ധ വയ്ക്കേണ്ടതു്.

ഒരു വിഭാഗത്തെ മറെറാരു വിഭാഗം ബലാൽ നിൎബന്ധിക്കുകയോ സഹകരണത്തിന് ആഗ്രഹിക്കാതെ സ്വയം ഒഴിഞ്ഞിരിക്കുകയോ ചെയ്യുന്നതുനിമിത്തം പരസ്പരം മനസ്സിലാക്കാതെ തെററിദ്ധാരണകൾക്കു കാരണമാ

ക്കുകയും അവജ്ഞ, വിദ്വേഷം മുതലായവ വർദ്ധിക്കുകയും ചെയ്യും. ഇവയെല്ലാം ഐക്യബോധത്തിന് വിഘ്നങ്ങളാകുന്നു.

ഒരു സമൂഹവിഭാഗം മറെറാന്നിൽനിന്ന് സാമുദായികസ്ഥിതിയനുസരിച്ച് വ്യത്യസ്തമാണെങ്കിൽ അതിനെ 'ശ്രേണി' എന്നു വിളിക്കുന്നു. ഭാഷ, താമസസ്ഥലം, ജോലി മുതലായവകൊണ്ട് വരുന്നതല്ല ഈ വ്യത്യാസം. ശ്രേണീവിഭാഗം സമുദായസ്ഥിതി അനുസരിച്ചാണിരിക്കുന്നത്; തൊഴിൽ അനുസരിച്ചല്ല. എല്ലാവരും ഒരു ശ്രേണിയിൽ ചേർന്നവരാണെന്നുള്ള ബോധം ഉണ്ടായാൽ മാത്രമേ യഥാർത്ഥ ശ്രേണിയായിത്തീരുകയുള്ളു.

സർവ്വസാധാരണവും സർവ്വപ്രധാനവുമായ ശ്രേണീവിഭാഗം രണ്ടുവിധമാണ്. പരിഷ്കൃതരും അപരിഷ്കൃതരും, അവകാശയുക്തരും അവകാശഹീനരും, ധനവാന്മാരും നിർദ്ധനന്മാരും, ഭരണകർത്താക്കളും ഭരണീയരും, വിദ്യാസമ്പന്നരും വിദ്യാവിഹീനരും, തൊഴിലുള്ളവരും തൊഴിലില്ലാത്തവരും ഇങ്ങനെയാണ് ഈ രണ്ടുവിധത്തിലുള്ള വിഭാഗം. ധനം, വിദ്യ മുതലായവ ശ്രേണീവിഭാഗത്തിന് കാരണമാണ്. ഇത്തരം വിഭാഗം എന്നും മാറിക്കൊണ്ടിരിക്കുകയും ചെയ്യും.

ശ്രേണീബോധത്തിൽ പല പടികൾ ഉണ്ട്. അവ സാമൂഹ്യബോധത്തിൽ ഇല്ല. ശ്രേണീബോധം ഒരു 'വ്യത്യാസബോധം' തന്നെയാണ്. താഴ്ന്നവർക്ക് ഉയർന്നവരോട് വണക്കവും ബഹുമാനവും ഉയർന്നവർക്ക് താഴ്ന്നവരോട് അനുകമ്പയും രക്ഷാകർത്തൃത്വബോധവും തോന്നുന്നു. സംഘസംബന്ധമായ ശ്രേണീബോധം ഒരേ സാമുദായികസ്ഥിതി ഉള്ളവരെ യോജിപ്പിക്കുന്നു. മത്സരസ്ഥാപിതമായ ഭാവം വ്യക്തിതാൽപര്യത്തെ പ്രകാശിപ്പിക്കുന്നു. ശ്രേണീതാൽപര്യത്തെയാണ് സംഘസംബന്ധമായ ശ്രേണീബോധം വ്യക്തമാക്കുന്നത്.

ശ്രേണീഭാവം വ്യാപകമാണെങ്കിലും ഓരോ അവസ്ഥയിലും അതിൻെറ സ്വഭാവവും സാമുദായികഭാവവും മാറിക്കൊണ്ടിരിക്കുന്നു. ഒരേ സാമുദായികസ്ഥിതിയുള്ളവരെ സാമുദായികബോധം യോജിപ്പിക്കുന്നു. എന്നാൽ ഒരു ശ്രേണിയിലുൾപ്പെട്ടവർ തമ്മിൽ വ്യക്തിഗതമായ മത്സരം ഉണ്ടായെന്നു വരാം. ഇന്നത്തെ സമുദായം സ്ഥാപിതമായിരിക്കുന്നതു മത്സരത്തിലാണ്. സമുദായം ജാതിസ്ഥാപിതമായാൽ ആ ജാതിയിലുൾപ്പെട്ടവർ സ്വജാതീയരോട് സർവ്വഥാ യോജിക്കുന്നു. ഓരോ വ്യക്തിക്കും സ്വപ്രയത്നത്താൽ സാമുദായികമായ ഉന്നതസ്ഥാനം ലഭ്യമാകുമെങ്കിൽ വർഗ്ഗഭാവം ശിഥിലമായിത്തീരും. വടക്കേ അമേരിക്കയിലെ സ്ഥിതി ഇപ്രകാരമാണ്. എത്ര താഴ്ന്ന സ്ഥിതിയിലുള്ള ആളിനും സ്വപരിശ്രമം കൊണ്ട് ഏററവും ഉയർന്ന നിലയിൽ എത്താം. വ്യക്തികളും കൂട്ടങ്ങളും ഉന്നതി നേടാൻ മത്സരിക്കുകയാണു ചെയ്യുന്നത്. ഈ സ്ഥിതി ബാഹ്യലക്ഷണം കൊണ്ട് അറിയാവുന്നതാണ്. ഉന്നതസ്ഥിതിയിലിരിക്കുന്നവരെ താഴ്ന്നവർ അനുകരിക്കാൻ ശ്രമിക്കുന്നത് സർവസാധാരണമാണ്.


കൂട്ടത്തിൻെറ ഭാവം എന്നത് ഒരു സംഘത്തിൻെറ ആചാരങ്ങൾ, വിശ്വാസങ്ങൾ, രീതികൾ മുതലായവ യുക്തിവാദം കൂടാതെ സ്വീകരിക്കാൻ പ്രേരിപ്പിക്കുന്നതും അനുകരണം കൊണ്ട് സാധിച്ചിട്ടുള്ളതുമായ ഒരു യോജിപ്പാകുന്നു. അത് യാതൊരു മാററത്തിനും വഴങ്ങാത്ത ഒരു ഭാവമാണ്. അന്നന്നുണ്ടാകുന്ന ലോകാചാരങ്ങൾ അനുസരിക്കുന്നവരാണ് കൂട്ടത്തിലെ അംഗങ്ങൾ. ആചാരങ്ങൾ ഓരോ കാലത്ത് സാംക്രമികരോഗം പോലെ പ്രചരിക്കുന്നു. 'കൂട്ട'ത്തിലുള്ളവരെല്ലാം സ്വീകരിക്കും. പുതിയ പാട്ടുകൾ, പുതിയ ചലനചിത്രങ്ങൾ, പുതിയ കളികൾ ഇവയിൽ പെട്ടെന്ന് ഒരു ഭ്രമം

തോന്നുകയും ക്രമേണ നശിക്കുകയും ചെയ്യുന്നു. അവയുടെ ആവിർഭാവത്തിന്റെ കാരണം കണ്ടുപിടിക്കാൻ പ്രയാസമാണെങ്കിലും അവ പൊയ്പ്പോകുന്നത് അവയിലുള്ള പുതുമ മാറുന്നതുകൊണ്ടാണ്. പുതുമകൊണ്ടുതന്നെയാണ് ഒരു കാലത്ത് അവയ്ക്കു പ്രചാരം സിദ്ധിച്ചിരുന്നത്.

സ്വന്തം വിദ്യാലയമോ നഗരമോ ഒരു കായികമത്സരത്തിൽ ജയിക്കുമ്പോൾ ആ സ്ഥാപനത്തിലുള്ളവക്കുണ്ടാകുന്ന ഭാവം പൊതുതാൽപര്യത്തിന്റെ ഒരു പ്രകടനമാണ്. യുദ്ധവിജയത്തിൽ സംഭവിക്കുന്നതും ഇതുതന്നെയാണ്. പൊതുവായ ഒരാപത്തിന്റെ ബോധം ഒരു കൂട്ടത്തിൽ ചേൎന്നവൎക്കെല്ലാം ഉണ്ടായിരിക്കുന്നതും ഒരു രക്ഷാമാർഗ്ഗം തന്നെ.

സംഘടിതമാകാത്ത ഒരുകൂട്ടമാണ് ജനതതി. അതിലുള്ളവർക്കു പരസ്പരബന്ധമില്ല. താൽക്കാലികമായിട്ടുമാത്രമാണ് അവർ ഒരുമിച്ചുകൂടിയിരിക്കുന്നത്. ഈ അവസ്ഥ പെട്ടെന്നുണ്ടാകുന്നതാണ്. ഒരു ജനതതിയായിത്തീരാൻ അനേകം ആളുകൾ ചേരണമെങ്കിലും ഒരു സഭയിൽ കൂടുന്നതുപോലെ പൂർവ്വനിശ്ചയം ആവശ്യമില്ല.

ജനതതി രണ്ടുവിധത്തിലാകാം. 1. സമതാൽപര്യത്തോടുകൂടി കൂടുന്നവർ:— ഒരു അഗ്നിബാധയുണ്ടാകുമ്പോഴോ ഉത്സവാദ്യാഘോഷങ്ങൾ നടക്കുമ്പോഴോ കൂടുന്നവരോ, ട്രയിനിലോ ബസ്സിലോ കയറാൻ ശ്രമിക്കുന്നവരോ— ഇതിന് ഉദാഹരണമാണ്. 2. പൊതുതാൽപര്യം അനുസരിച്ചു കൂടുന്നവർ:— സമുദായശാസ്ത്രദൃഷ്ട്യാ ഈ വിഭാഗം കൂടുതൽ പ്രാധാന്യം അർഹിക്കുന്നു. ഒരു വീരന്റെ മരണം പ്രമാണിച്ചു കൂടുന്നത്, സന്തോഷമോ, സന്താപമൊ പ്രകടിപ്പിക്കാൻ കൂടുന്നത്—ഇതെല്ലാം ഈ വിഭാഗത്തിനു ഉദാഹരണങ്ങളാണ്. കൂട്ടത്തിന്റെ ഒരു വിവരണപട്ടിക താഴെച്ചേർക്കുന്നു.




ജനസാമാന്യത്തിന്റെ ഭാവം താൽപര്യത്തിന്റെ സ്വഭാവമനുസരിച്ച് മാറുന്നു. പെട്ടെന്നുണ്ടാകുന്ന ഒരു സംഭവം ഇതിനുദാഹരണമായി എടുക്കാം. അതോടു കൂടി സഹജമായ ഒരു കൌതുകം ജനതതിയെ ആവേശിക്കുന്നു. തൽഫലമായി പരസ്പരസംഘട്ടനം, സമാധാനഭംഗം, ഉദ്ദേശ്യാവിഷ്കരണം മുതലായവ സംഭവിക്കുന്നു. ഹൃദയത്തെ കൂടുതൽ സ്പർശിക്കുന്ന ഒരു സംഭവമാണെങ്കിൽ അപ്പോൾ ജനതതിയുടെ ഭാവവികാരങ്ങൾ മൂർദ്ധന്യദശയെ പ്രാപിക്കുന്നു. അവ പെട്ടെന്നു സംക്രമിക്കുകയും വർദ്ധിക്കുകയും കർത്തവ്യബോധം നശിപ്പിച്ച് അനുസ്യൂതമല്ലാത്തതും ആലോചനാരഹിതവുമായ പ്രവർത്തനങ്ങൾ വരുത്തുകയും ചെയ്യുന്നു. തൽസമയം പരിഷ്കാരസ്ഥാപിതമായ തോതുകളും രീതികളും

മാതൃകകളും ശിഥിലമാകുന്നു. ഇപ്രകാരം പങ്കെടുക്കുന്നവർ കേവലം ശിശുക്കളെപ്പോലെ ബുദ്ധിശൂന്യരായിത്തീരുന്നു. ഇതെല്ലാം ക്ഷണനേരംകൊണ്ടുതന്നെ സംഭവിക്കുന്നുണ്ട്. ഇങ്ങനെ യുക്തി, പരിഷ്കാരം മുതലായവ കൊണ്ട് നിലനിന്നുപോരുന്ന മര്യാദയുടെ ലംഘനംതന്നെയാണ് ജനതതിയുടെ സ്വഭാവം. പൊതുതാൽപര്യം നിമിത്തം ഒരുമിച്ചുചേരുന്ന ജനതതിയിലാണ് ഈ ഭാവം പ്രസ്പഷ്ടമായി പ്രകാശിക്കുന്നത്. അപ്പോൾ ഐക്യബോധം ജനതതിക്കുണ്ടാകുന്നു. സമാനതാൽപര്യത്താൽ ജനതതി ഒന്നുചേരുമ്പോൾ അതിന്റെ ഭാവവികാസത്തിന് അന്യരുടെ സമ്പർക്കം ബാധകമായിരിക്കും. നേരെമറിച്ച് പൊതുതാൽപര്യം മൂലം ഒരുമിച്ചുകൂടുന്ന ജനതതിയിൽ ഭാവവികാരങ്ങൾ വർദ്ധിക്കുന്നു. പരസ്പരസാന്നിദ്ധ്യം വികാരങ്ങൾക്കു ബലം കൊടുക്കുന്നു. പൊതുതാൽപര്യം മൂലം ഓരോരുത്തരും തനിക്ക് മററുള്ളവർ സഹായികളാണെന്ന് ധരിക്കുന്നു. ഇപ്രകാരം ഓരോരുത്തരും ഏകഭാവത്തിൽ ഭാഗഭാക്കാകുമ്പോൾ വികാരാധിപത്യം ഉണ്ടാകുന്നു. വ്യക്തിയുടെ ഉത്തരവാദിത്വം സാമുദായികഭാവത്തിൽ ലയിക്കുന്നു. ഈ അവസ്ഥ ക്രമേണ സുദൃഢമായിത്തീരുകയും ചെയ്യുന്നു. സാമുദായികപ്രേരണ സമൂഹബന്ധത്തിൽ നിന്ന് വിമുക്തമാകുമ്പോൾ വ്യക്തികൾ സ്വേച്ഛാനുസരണം പ്രവർത്തിക്കുന്നു. എന്നാൽ സംഘടന ഇല്ലാത്ത ഒരു ജനതതിക്ക് നശിപ്പിക്കാൻ മാത്രമേ സാധിക്കൂ. നശിപ്പിക്കുക എന്നത് എളുപ്പമാണല്ലോ.

പ്രബലമായ ഏതെങ്കിലും വികാരത്തെ സ്പർശിക്കുന്ന ഒരു സംഭവം തന്നെയാണ് ജനതതിയുടെ ഭാവപ്രകടനത്തിനു കാരണം. ഒരു ബാങ്കു പൊളിയുക, മതസംബന്ധമായ ആഘോഷങ്ങൾ നടക്കുക ഇവ എല്ലാം ഇതിനുദാഹരണങ്ങളാണ്. പ്രാസംഗികന്മാർ, സ്വദേശസ്നേഹികളെ

ന്നഭിമാനിക്കുന്നവർ, ഒരു പ്രത്യേകസമുദായത്തിൻെറ അവകാശങ്ങളെപ്പററി വാദകോലാഹലം കൂട്ടുന്നവർ—ഇങ്ങനെയുള്ളവരെല്ലാം വികാരത്തെ ഉജ്ജ്വലിപ്പിക്കാൻ പ്രാപ്തരാണ്. ശ്രോതാക്കളുടെ യുക്തിബോധത്തെ തൽക്കാലത്തേയ്ക്കു നശിപ്പിക്കുകയാണ് അവർ ചെയ്യുന്നത്.

സംഘരൂപത്തിലേയ്ക്കു പ്രയാണം ചെയ്യുന്നതാണ് 'ജനതതി'. ഏതുസംഘടിതസഭയിലും ഈ ജനതതിയുടെ മനോഭാവം—സാംക്രമികഭാവം—കാണുന്നു. ജനതതിയിൽ സകലരും വ്യക്തിത്വവും ഭേദവും മറന്ന് ഒന്നായിത്തീരുന്നു. ഒരു വ്യക്തി സാധാരണമായി ചെയ്യാത്തത് ജനതതി ചെയ്യുന്നു. എന്തെന്നാൽ ജനതതി തൽക്കാലത്തേക്ക് ഏതോ ഒരാവേശത്താൽ മതിമറന്നിരിക്കുകയാണ്.

പ്രസ്തുത ഭാവത്തെ പ്രസിദ്ധീകരണശാലകളും പത്രങ്ങളും സഹായിക്കുന്നു. ഇവയുടെ സഹായംമൂലം എതിർകക്ഷികളോ വിദേശീയരോ സർവ്വഥാ ദുഷ്ടരാണെന്നുള്ള ബോധം സർവ്വത്ര പരത്താൻ സാധിക്കുന്നു. യുക്തിബോധം തൊട്ടുതെറിച്ചിട്ടില്ലാത്ത ജനക്കൂട്ടം അതു സത്യമാണെന്നു സ്വീകരിക്കുന്നു. അതുകൊണ്ട് ജാതിസ്പർദ്ധ, വിദേശീയരോടുള്ള വിദ്വേഷം മുതലായവ വർദ്ധിക്കാൻ ഇടവരുന്നു. സാമുദായികതത്വങ്ങൾ അനുസരിച്ച് പരസ്പരബന്ധം മനസ്സിലാക്കി ജീവിച്ചാൽ ജനതതിയുടെ ഈ ദോഷഭാവം പരിഹരിക്കാൻ സാധിക്കും.

# 8

## കുടുംബം

സമൂഹത്തിനും സംഘത്തിനും ഇടയ്ക്കു് സ്ഥിതിചെയ്യുന്ന സാമുദായികഘടനയാണു് കുടുംബം. കുടുംബം അന്യാപേക്ഷ കൂടാതെ ജീവിക്കുന്ന ഒരു സമൂഹത്തിൽ നിന്നു വേർതിരിഞ്ഞു് ഉണ്ടായതാണു്. അതിൽ ജനിക്കുന്നവർക്കു പ്രായപൂർത്തിവരുന്നതുവരെ അതു് ഒരു സമൂഹമായിത്തന്നെ പ്രവർത്തിക്കുന്നു. ഒരു ജാതിയുടെ ചരിത്രത്തിൽ കുടുംബത്തിനുണ്ടായിട്ടുള്ള മാററങ്ങളെ മനസ്സിലാക്കുന്നതുകൊണ്ടു മാത്രമേ കുടുംബത്തെ ശരിയായി ഗ്രഹിക്കാൻ സാധിക്കുകയുള്ളു.

സന്താനങ്ങളുടെ ജനനഭരണപോഷണാദികൾക്കു് ഉതകുന്നതും സുനിർദ്ദിഷ്ടവും ചിരസ്ഥായിയും വിവാഹബന്ധവ്യവസ്ഥകളോടു കൂടിയതുമായ ഘടനയാണു് കുടുംബം. മാതാപിതാക്കന്മാരും സന്താനങ്ങളും ചേർന്നതാണു് കുടുംബം എന്നു ചുരുക്കാം.

കുടുംബത്തിനു് ഒരു പ്രത്യേകമായ ഐക്യമുണ്ടു്. അതിൻെറ ലക്ഷണം അഞ്ചുവിധത്തിലാണു്. (1) വിവാഹബന്ധം. (2) വിവാഹബന്ധത്തെ ഉറപ്പിക്കുന്നതും വ്യവസ്ഥപ്പെടുത്തുന്നതുമായ ഒരു പദ്ധതി. (3) കുടുംബാംഗങ്ങൾക്കു് പ്രത്യേകമായ ഒരഭിധാനം. (4) കുടുംബത്തിൻെറ ഭരണപോഷണങ്ങൾക്കു വേണ്ടി ഒരു ധനവ്യവസ്ഥ. (5) ഒരു പൊതു വാസസ്ഥലം.

മേൽപ്പറഞ്ഞ അഞ്ചുലക്ഷണങ്ങളിൽത്തന്നെ പല വ്യത്യാസങ്ങളുമുണ്ടു്. വിവാഹബന്ധം ചിരസ്ഥായിയോ താൽക്കാലികമോ ആയിരിക്കാം. വിവാഹത്തിൽ ഏക

പത്നീവ്രതമോ ഏകപതിവ്രതമോ, ബഹുപത്നീസമ്പ്രദായമോ ബഹുപതിസമ്പ്രദായമോ സംഭവിക്കാം. വിവാഹം നടത്തുന്നത് സ്വവർഗ്ഗത്തിൽ നിന്നോ വെളിയിൽ നിന്നോ ആകാം. ഇന്നിന്ന ബന്ധത്തിൽ ഇരുന്നാൽ വിവാഹം അനുവദിക്കാമോ പാടില്ലയോ എന്നുള്ള വ്യവസ്ഥയിലും വ്യത്യാസം കാണുന്നുണ്ട്. ഭാൎയ്യ ഭർത്തൃകുടുംബത്തിലെ ആളായിത്തീരുകയോ തീരാതിരിക്കുകയോ ആകാം. അവകാശക്രമത്തിലും ഭിന്നത സംഭവിക്കാം. ഭാൎയ്യാഭർത്താക്കന്മാൎക്ക് സ്വത്തിനുള്ള അവകാശത്തിലും വ്യത്യാസം ഉണ്ടായിരിക്കാം. ഇങ്ങനെ കുടുംബവ്യത്യാസങ്ങൾ അസംഖ്യമാണ്.

സാമുദായികദൃഷ്ട്യാ നോക്കുമ്പോൾ കുടുംബത്തെക്കാൾ ഏററവും അടുത്ത ബന്ധമുള്ള മറെറാരു സംഘടനയുമില്ല. സാമുദായിക ജീവിതത്തിലെ എല്ലാ വശങ്ങളെയും നാനാപ്രകാരേണ അതു സ്പർശിക്കുന്നു. കുടുംബത്തിലുണ്ടാകുന്ന മാററങ്ങൾ സാമുദായിക ഘടനയേയും മാററുന്നുണ്ട്. സാമുദായികസംഘടനകളിൽ വച്ച് ഏററവും സാൎവ്വജനീനമായിട്ടുള്ളത് കുടുംബംതന്നെ. കുടുംബസംഘടന ഏതു സാമുദായികാവസ്ഥയിലും കാണും. സന്താനേച്ഛ, സഹകരണത്തിനുള്ള ആഗ്രഹം, കുടുംബത്തെ നിലനിൎത്താനുള്ളയത്നം മുതലായവ പരിശോധിച്ചു നോക്കിയാൽ കുടുംബം എന്നത് മനുഷ്യന്റെ ഗാഢവികാരങ്ങളാൽ സംസ്ഥാപിതമാണെന്നു കാണാം. മനുഷ്യന്റെ ഏററവും പ്രാചീനമായ സാമുദായികപരിതഃസ്ഥിതി കുടുംബം തന്നെ. ആദ്യകാലത്ത് അവന്റെ സ്വഭാവത്തെ രൂപവൽക്കരിക്കുന്നതും ഇതു തന്നെയാണ്. ആകൃതിയിൽ അത്യന്തം പരിമിതമായ ഒരു സംഘടനയാണ് ഈ സാമുദായികഘടന. സകല സമുദായങ്ങളിലും വച്ച് ഏററവും ചെറിയ സമുദായമാണ് കുടുംബം. ഉന്നതങ്ങളായ സാമുദായികസംഘടനകളുടെയെല്ലാം കേന്ദ്രം അഥവാ അടി

സ്ഥാനം ഇതത്രേ. സമുദായം എന്നതിനു 'കുടുംബങ്ങളുടെ സംഘടന' എന്ന് അരിസ്റ്റട്ടിൽ നല്കിയ നിർവചനം യോജിച്ചതുതന്നെയിരിക്കുന്നു. അത്യധികമായും നിരന്തരമായും കർത്തവ്യപരിപാലനം സ്വാംഗങ്ങളോട് ആവശ്യപ്പെടുന്നതും കുടുംബമാണ്. മനുഷ്യൻ രാജ്യത്തിനു വേണ്ടി ആപൽഘട്ടങ്ങളിൽ സ്വജീവനെ ബലികഴിക്കുന്നുണ്ട്. എന്നാൽ അവൻ ജീവിതം മുഴുവൻ കുടുംബത്തിനു വേണ്ടി പരിശ്രമിക്കുന്നു. അന്യൎക്കുവേണ്ടി അത്യന്തം ഭാരമേറിയതും ചിരസ്ഥായിയും ആയ പ്രവൃത്തികൾ ചെയ്യുന്നതിനു കുടുംബബന്ധമാണ് കാരണം. സാമുദായികങ്ങളായ നിഷേധങ്ങൾക്കും നീതിവിധാനങ്ങൾക്കും കുടുംബം വിധേയമായിരിക്കും. പലവിധമായ കരാറുകളെക്കാളും വിവാഹസംബന്ധമായ കരാറിനാണ് കൂടുതൽ നിഷ്കൎഷ നല്കുന്നതു്. പരസ്പരസമ്മതം അനുസരിച്ച് ആ കരാറിൽ ഏൎപ്പെടുന്നവൎക്ക് അതിനെ മാററാനും ലംഘിക്കാനും സാധിക്കുകയില്ല. വിവാഹബന്ധത്തിൽ ഏർപ്പെടുന്നത് സ്വേച്ഛയാ ആണെങ്കിലും പിന്നീട് അതിൽ നിന്ന് ഒഴിയാനോ അതിനെ ഇല്ലാതാക്കാനോ സാധിക്കുന്നില്ല. കുടുംബസ്ഥാപനം സുസ്ഥിരവും സാർവജനീനവുമാണെങ്കിലും സംഘമെന്ന നിലയിൽ കുടുംബം താൽക്കാലികവും സമുദായത്തിൽ ഉൾപ്പെട്ട മററു പ്രധാനസംഘങ്ങളെ അപേക്ഷിച്ച് അല്പകാലം മാത്രം നിലനില്ക്കുന്നതുമാണ്.

ഓരോ കുടുംബവും ആദിമദമ്പതിമാരോടുകൂടി ആരംഭിക്കുകയും നശിക്കുകയും ചെയ്യുന്നു. പ്രാചീനകുടുംബം എന്നു പറയുന്നത് ഒരേ പേരിൽ അറിയപ്പെടുന്നതും ഏറെക്കുറെ ഒരേവർഗ്ഗത്തെ നിലനിൎത്തുന്നതും ആയ അനേകം കുടുംബങ്ങളുടെ തുടർച്ച മാത്രമാണ്. കുടുംബത്തിലെ ഈ ജീവിതകാലത്തിനിടയ്ക്കു് അംഗങ്ങൾ വർദ്ധിക്കുന്നു. ഇപ്രകാരം സ്വതാൽപൎയ്യങ്ങൾക്കും

വികാരങ്ങൾക്കും പരസ്പരബന്ധങ്ങൾക്കും നിരന്തരമായ മാററം സംഭവിക്കുന്നു. ദമ്പതികളെ സംബന്ധിച്ച് ചില അവസ്ഥകൾ ഉണ്ട്. (1) വിവാഹബന്ധത്തിനു മുമ്പുള്ള ഘട്ടം (2) സന്താനങ്ങൾ ഉണ്ടാകുന്നതിനു മുമ്പുള്ള വൈവാഹികമായ അവസ്ഥ. (3) ശിശുപരിപോഷണം (4) മാതാപിതാക്കന്മാരുടെ സഹായം സന്താനങ്ങൾക്ക് ആവശ്യമില്ല എന്നു വരുന്ന ഘട്ടം.

ഒന്നാമത്തെ ഘട്ടത്തിൽ വധൂവരന്മാർ അന്യോന്യം മനസ്സിലാക്കുന്നു. പാശ്ചാത്യരുടെ ഈ രീതി പൌരസ്ത്യദേശങ്ങളിലും സംക്രമിച്ചുതുടങ്ങിയിട്ടുണ്ട്. രണ്ടാമത്തേതു യഥാർത്ഥകുടുംബത്തിന്റെ ആരംഭമാണ്. അതായത് ഒരുമിച്ചു കുടുംബമായി വസിക്കുക. മൂന്നാമത്തേതു സാക്ഷാൽ കുടുംബം തന്നെ. ദമ്പതിമാർ തമ്മിലുള്ള ബന്ധം കുറേക്കൂടി ദൃഢവും സുസ്ഥിരവുമാകുന്നു. കൂടുതൽ താൽപര്യങ്ങളും ചുമതലകളും വന്നുചേരുന്നു. നാലാമത്തേതിൽ മുൻപറഞ്ഞ ചുമതലകൾ നീങ്ങി പുതിയ താൽപര്യങ്ങളും പ്രവൎത്തനങ്ങളും ആരംഭിക്കുന്നു.

ഏററവും പ്രാചീനമായ സമുദായത്തിൽ കുടുംബങ്ങൾ സുസ്ഥാപിതങ്ങളായിരുന്നു. ആ പുരാതനകാലത്തും വിവാഹബന്ധം സുദൃഢമായിത്തന്നെയിരുന്നു.

കുടുംബബന്ധം ഇല്ലാതിരുന്നതായ ഒരു സമയം അറിയപ്പെടാത്തതിനാൽ കുടുംബം എന്ന് ഉൽഭവിച്ചു എന്ന ചോദ്യം തന്നെ അനുചിതമാണ്. കുടുംബം പല പ്രകാരത്തിൽ സംഭവിച്ചിട്ടുള്ളതാണ്. ഒരു പ്രത്യേകമായ പ്രാചീനരൂപവും അതിനില്ല. അനേകം ആഗ്രഹങ്ങളും ആവശ്യങ്ങളും ചേൎന്ന് പല വിധത്തിലുള്ള കുടുംബങ്ങൾ ആവിർഭവിച്ചു. ഇവ (1) മനുഷ്യന്റെ കാമസംതൃപ്തി (2) കുടുംബം നില നിൎത്താനുള്ള ആഗ്രഹം-പ്രത്യേകിച്ച് സ്ത്രീകൾക്കുള്ള സന്താനേച്ഛ (3) സ്ത്രീപുരുഷന്മാരുടെ സാമ്പത്തികാവശ്യങ്ങൾ. ഇവ കൂടാതെ വധൂവര

ന്മാർ യാതൊരു കൂട്ടത്തിലെ അംഗങ്ങളാണോ ആ കൂട്ടത്തിൻെറ സാമുദായികവും സാമ്പത്തികവും ആയ സ്ഥിതിയും നാലാമത്തെ ഘടകമായി പറയാവുന്നതാണ്. കൃഷിപ്രധാനമായ സമുദായത്തിൽ സ്ത്രീകൾക്കുള്ള സ്ഥാനമല്ല മൃഗയാപ്രധാനമായ സമുദായത്തിൽ ഉണ്ടായിരിക്കുന്നത്. അതുപോലെ ഒരുസമുദായത്തിൻെറ സ്വാതന്ത്ര്യം, യുദ്ധപ്രവണത മുതലായവയെ ആശ്രയിച്ചിരിക്കും സ്ത്രീകളുടെ സ്ഥിതി. ആചാരങ്ങളും സ്ഥാപനങ്ങളും സാമുദായികമായി സൃഷ്ടിച്ചിട്ടുള്ളവയാണ്.

പ്രാചീനകുടുംബത്തിൽ പിതൃഭരണമായിരുന്നു പതിവ്. മാതാവു ഭരിക്കുന്ന ഒരു സമുദായവും ഇല്ലെന്നുപോലും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. അനന്തരകാലത്ത് അവകാശക്രമം ചില സമുദായങ്ങളിൽ മാതൃവഴിയായി. കുടുംബഭരണം ഭാര്യാകുടുംബത്തിൽ പെട്ട ഒരു പുരുഷൻെറ അധീനതയിലായിരുന്നു. സാധാരണമായി മാതുലനോ മാതാമഹനോ ആയിരിക്കും. മാതൃദായം ഒരുമിച്ചുചേർക്കുന്നു എങ്കിലും കുടുംബത്തെ ശിഥിലമാക്കുന്നുണ്ട്.

പിതൃഭരണസമ്പ്രദായത്തിൽ ദൃഢബദ്ധങ്ങളായ കുടുബാംഗങ്ങൾ പിതാവിൻെറ അധികാരത്തെ ശരിയായി മാനിക്കുന്നു. അച്ഛൻ മതവിഷയകമായ കുടുംബകർമ്മങ്ങളുടെ അധിപതിയും കുടുംബദേവതകളുടെ രക്ഷകനും ആകുന്നു. പൂർവ്വികന്മാരെ ആരാധിക്കുന്ന സ്ഥലങ്ങളിൽ മതം മുഴുവനും അച്ഛൻെറ രക്ഷാകർതൃത്വത്തിൽ തന്നെ. പിതൃഭരണസമ്പ്രദായത്തിൽ കുടുംബപതി രാഷ്ട്രത്തിൻെറ പ്രതിനിധിയാണ്. കുടുംബപതികൾ ചേർന്ന ഒന്നാണ് രാഷ്ട്രീയസഭ. സന്താനങ്ങളുടെ മേൽ അച്ഛനുണ്ടായിരുന്ന അധികാരം സീമാതീതമായിരുന്നു. പുരാതന റോമൻകാരുടെ ഇടയിൽ സന്താനങ്ങളെ കൊല്ലാൻ കൂടി പിതാവിന് അധികാരമുണ്ടായിരുന്നു. ഭാര്യ ഭർത്താവിൻെറ പരിപൂർണ്ണമായ അധീനതയിലായിരുന്നു. സ്ത്രീകൾക്ക്

രാഷ്ട്രീയജീവിതത്തിൽ പങ്കില്ലായിരുന്നു. വിദ്യാഭ്യാസവും പ്രായേണ ശൂന്യമായിരുന്നെന്നുവേണം പറയാൻ.

ഇംഗ്ലണ്ടിൽ പോലും പതിനെട്ടാം ശതാബ്ദത്തിൽ സ്ത്രീകൾക്ക് സ്വത്തിന്മേലുള്ള അവകാശം അത്യന്തം പരിമിതമായിരുന്നു. വിവാഹം കഴിഞ്ഞാൽ പിന്നെ ഭാര്യയുടെ സ്വത്തിനവകാശി ഭർത്താവാണ്. സ്ത്രീകൾ സ്വപരിശ്രമം കൊണ്ട് സമ്പാദിക്കുന്നതും ഭർത്താവിനു തന്നെ. നിയമപ്രകാരം അവർ മൈനറിനു തുല്യമായിരുന്നു.

അമേരിക്കയിലെ സ്ഥിതിയും ഇങ്ങനെ തന്നെയായിരുന്നു. സ്ത്രീവിദ്യാഭ്യാസം പുരുഷന്മാരെ ആശ്രയിച്ചിരിക്കണം. പുരുഷന്മാരെ പ്രീതിപ്പെടുത്താൻ ജനിച്ചവരാണ് സ്ത്രീകൾ എന്നാണ് 'റൂസോ' പറഞ്ഞത്. ഇത് അന്നത്തെ സാധാരണ മനുഷ്യരുടെ മനഃസ്ഥിതി വെളിപ്പെടുത്തുന്നു എന്നേയുള്ളു.

പതിനെട്ടാം ശതാബ്ദത്തിന്റെ അവസാനത്തോടുകൂടി പിതൃഭരണത്തിന്റെ കാഠിന്യം ശിഥിലമായിത്തുടങ്ങി. സാമ്പത്തികമായ പരിതഃസ്ഥിതി മാറി. കുടുംബകേന്ദ്രങ്ങളിൽ നിലനിന്നിരുന്ന പ്രവൃത്തിയും ആധിപത്യവും പൊയ്പോയി. തൊഴിലുകളും സംസ്കാരാഭിവൃദ്ധിയും പിതൃഭരണസമ്പ്രദായത്തിലെ അധികാരാവകാശങ്ങൾക്കു വിരുദ്ധമായിത്തീർന്നു. കുടുംബത്തിന് അംഗങ്ങളുടെ പേരിൽ ഉണ്ടായിരുന്ന അധികാരത്തിൽ ഭൂരിഭാഗവും ഇല്ലാതായി. ജനകീയഭരണത്തിന്റെ പ്രഭാവം പൌരത്വത്തേയും കുടുംബാംഗസ്ഥിതിയേയും വേർപെടുത്തി. ഭാര്യയുടേയും സന്താനങ്ങളുടേയും മേൽ ഉണ്ടായിരുന്ന ആധിപത്യം അസ്തമിച്ചു. വോട്ടവകാശം വന്നതോടുകൂടി കുടുംബാംഗം എന്ന നിലമാറി വ്യക്തി എന്ന സ്വാതന്ത്ര്യനില വന്നുചേർന്നു. കുടുംബത്തിൽ മതവിഷയകങ്ങളായ

പ്രവൎത്തനങ്ങൾ കുറഞ്ഞു. കുടുംബാംഗങ്ങൾക്കു വിവാഹം നിശ്ചയിക്കാനുള്ള കുടുംബാധിപതിയുടെ അധികാരം കുടുംബാംഗങ്ങൾക്കു തന്നെ ലഭിച്ചു. വലിയ തൊഴിൽശാലകളിൽചെന്ന് ശിശുക്കളും സ്ത്രീകളും ജോലി ചെയ്തു തുടങ്ങി. അവർക്ക് പ്രത്യേകം സമ്പാദ്യവും സ്വാതന്ത്ര്യവും കിട്ടി. ഇരുപതാം നൂററാണ്ടിൻെറ ആരംഭം മുതല്ക്ക് ധനസമ്പാദനമാൎഗ്ഗം വിശാലമായിത്തീർന്നു. അമേരിക്കയിലെ ഐക്യനാടുകളിൽ ഉള്ള വിവാഹിതകളിൽ 23 ശതമാനവും അവിവാഹിതകളിൽ 40 ശതമാനവും തൊഴിൽ ചെയ്തു ധനം സമ്പാദിച്ചു കൊണ്ടിരിക്കുകയാണ്.

കുടുംബത്തെ അതിൻെറ കൃത്യനിൎവ്വഹണത്തിൽ സഹായിക്കാൻ അനേക സാമുദായികസംഘടനകൾ ആവിർഭവിച്ചിട്ടുണ്ട്. വ്യക്തികളുടെയും പൊതുസ്ഥാപനങ്ങളുടെയും ധനസഞ്ചയത്തിൽ നിന്നു കുടുംബകൃത്യനിൎവ്വഹണത്തെ സഹായിക്കാൻ ചില പദ്ധതികൾ ഏൎപ്പെടുത്തീട്ടുണ്ട്. ന്യൂസിലൻഡ്, ക്യാനഡ, ഐക്യനാടുകൾ മുതലായ സ്ഥലങ്ങളിൽ മാതാക്കൾക്കു സഹായധനം കൊടുക്കുന്ന പതിവ് ഇക്കാലത്തു നടപ്പുണ്ട്. സാമുദായിക ഇൻഷ്വറൻസ് (രക്ഷാഭോഗം), ഗ്രേററ് ബ്രിട്ടൺ, ആസ്ത്രിയാ, ജൎമ്മനി, ഫ്രാൻസ് മുതലായ യൂറോപ്യൻ രാജ്യങ്ങളിൽ ഇന്നു നടപ്പിലുണ്ട്. വിവാഹാനന്തരമുള്ള സന്താനനിയന്ത്രണവും ഇന്നു കൂടുതൽ നിഷ്കൎഷിച്ചു പോരുന്നു. ഇതുകൊണ്ട് സ്ത്രീകൾക്ക് കൂടുതൽ ജോലി ചെയ്വാൻ അവസരം ലഭിക്കുന്നു.

വിവാഹബന്ധത്തിൽ ഏൎപ്പെടുന്നത് വധൂവരന്മാരുടെ സമ്മതപ്രകാരമായിത്തീൎന്നു. അച്ഛനമ്മമാരുടെ നിയന്ത്രണം ഇക്കാൎയ്യത്തിൽ മിക്കവാറും ശിഥിലമായിരിക്കുന്നു. സമുദായം സ്ത്രീകളെ പണ്ടത്തെപ്പോലെ ഹിംസിക്കുന്നില്ല. നിയമദൃഷ്ട്യാ അവർക്ക് ഉന്നതമായ നിലയും രാഷ്ട്രീയസ്ഥാനവും ലഭിച്ചിരിക്കുന്നു. മാത്രമല്ല, ധനസം

ബന്ധമായും അവർ സ്വതന്ത്രരായിരിക്കുന്നു. കുടുംബസ്വത്തും സമ്പാദ്യവും ഭരിക്കുന്നതിനുള്ള അവകാശം അവൎക്കു സിദ്ധമായിത്തീൎന്നിട്ടുണ്ട്. പുരുഷന്മാരോടൊപ്പം സമത്വം അവൎക്കു ലഭിച്ചുകഴിഞ്ഞിട്ടില്ലെങ്കിലും ഏതാദൃശമായ സ്ഥിതിവ്യത്യാസം സമത്വത്തിലേയ്ക്കുള്ള പ്രയാണം തന്നെയാണ്. വിവാഹബന്ധം ജീവിതത്തിന് അപരിഹാൎയ്യമെന്നോ അതിപ്രധാനമെന്നോ ഇപ്പോൾ സ്ത്രീകൾ വിചാരിക്കുന്നില്ല. സ്വയം സമ്പാദിച്ചു ജീവിക്കാൻ അവരിൽ പലരും ശക്തകളായിക്കാണുന്നുണ്ട്.

വിവാഹവ്യവസ്ഥയുടെ സ്വഭാവം തന്നെ മാറിയിട്ടുണ്ട്. പുരുഷന്മാരുടെ പ്രാധാന്യവും സ്ത്രീകളുടെ അധീനതയും അവലംബിച്ചായിരുന്നു വിവാഹത്തിൻെറ പൂൎവ്വരൂപം. പാശ്ചാത്യരുടെ വിവാഹവും മുമ്പിലത്തെപ്പോലെ പുരോഹിതനിയന്ത്രിതമല്ല. ആധുനികസമുദായത്തിൻെറ സാമാന്യഭാവം സമുദായത്തിൽ സ്ത്രീകൾക്കു സമമായ സ്ഥാനം നല്കുക എന്നതാണ്. ഭാൎയ്യാഭൎത്തൃബന്ധം ശിഥിലമായി ഭവിച്ചിട്ടുണ്ടെന്നു മാത്രമല്ല വിവാഹമോചനം വൎദ്ധിച്ചിട്ടുമുണ്ട്.

മുമ്പ് കുടുംബത്തിനുണ്ടായിരുന്ന പല ചുമതലകളും ഇപ്പോൾ സമുദായസ്ഥാപനങ്ങളാണ് നിൎവ്വഹിക്കുന്നത്. കുടുംബത്തിന് അപരിഹാൎയ്യകൎത്തവ്യങ്ങൾ മാത്രമേ ശേഷിക്കുന്നുള്ളു. അവ, കുടുംബത്തെ നിലനിൎത്തുക, കാമവാസന ന്യായാനുസരണം തൃപ്തിപ്പെടുത്തുക, കുടുംബത്തിൻെറ ഭൌതികം, സാംസ്കാരികം മുതലായ ആവശ്യങ്ങൾ സാധിക്കുക ഇവയാണ്.

കുടുംബനായകന് പണ്ടുണ്ടായിരുന്ന ആധിപത്യം അധികാരം, അവകാശം മുതലായവ പൊഴിഞ്ഞുപോയതോടുകൂടി കുടുംബബന്ധം ശിഥിലമായിത്തീൎന്നു എന്നു നാം കണ്ടു. പൂൎവ്വകാലങ്ങളിലുണ്ടായിരുന്ന സാമ്പത്തികമായ ആവശ്യവും സമുദായത്തിൻെറ മൎദ്ദനവും കുറഞ്ഞി

ട്ടുണ്ട്. ഏകാധിപത്യം ഇന്നില്ല. സകലരുടെയും അഭിപ്രായം അനുസരിച്ചാണ് കാര്യങ്ങൾ നടക്കുന്നത്. വ്യക്തികളുടെ സ്വാതന്ത്ര്യത്തിന് വലുതായ പ്രാധാന്യം നല്കിയിരിക്കുന്നു. ഇന്നത്തെ കുടുംബം നിർബന്ധിതമോ ആധിപത്യസ്ഥാപിതമോ അല്ല; കേവലം സ്വാതന്ത്ര്യസ്ഥാപിതമാണ്.

വിവാഹങ്ങളുടെ സംഖ്യ വർദ്ധിച്ചുതന്നെ വരുന്നു. സാമുദായികജീവിതത്തിന് അത്യാവശ്യമായ കുടുംബജീവിതം അസ്തമിച്ചേയ്ക്കുമെന്നുള്ള ആശങ്കയ്ക്ക് ഇപ്പോൾ അവകാശമില്ല. വിവാഹിതരുടെ ഇടയിൽ കുററക്കാർ, ഭ്രാന്തന്മാർ, പാപ്പർ എന്നിങ്ങനെയുള്ളവർ കുറവാണെന്നുള്ള വസ്തുത ശ്രദ്ധേയമാണ്. അതിനാൽ സാമുദായികസംസ്ഥിതിക്ക് കുടുംബജീവിതം അത്യാവശ്യമെന്നു തെളിയുന്നു.

മററു സംഘങ്ങളെക്കാൾ കുടുംബത്തെ അധികം നിയന്ത്രിക്കുന്നത് രാഷ്ട്രമാണ്. വധൂവരന്മാരുടെ അഭിപ്രായമനുസരിച്ചല്ല വിവാഹഉടമ്പടിയിലെ വ്യവസ്ഥകൾ. അവർക്ക് ഇത്രവയസ്സിൽ കുറയാൻ പാടില്ലെന്ന് രാഷ്ട്രം വിധിക്കുന്നു. വിവാഹം ഏതു വിധം ബന്ധമുള്ളവരുമായി ആകാമെന്നും രാഷ്ട്രം തീരുമാനിക്കുന്നു. ഭാര്യാഭർത്തൃബന്ധത്തിൻെറ ചുമതലകൾക്കും വ്യവസ്ഥയുണ്ട്. അവരുടെ സ്വത്ത് കുടുംബംവകയായിത്തീരുന്നു. മനുഷ്യവർഗ്ഗത്തെ പുലർത്തുക എന്നതാണ് കുടുംബത്തിൻെറ പ്രധാന കത്തവ്യം. അതിനാൽ വിവാഹബന്ധത്തെ നിയന്ത്രിക്കാൻ രാഷ്ട്രത്തിന് അധികാരം ഉണ്ട്. ശിശുക്കൾ ഭാവിപൌരന്മാരാകയാൽ അവരുടെ ജനനരക്ഷണാദികാര്യങ്ങളിൽ വേണ്ടത് ആജ്ഞാപിക്കാനും രാഷ്ട്രത്തിന് അധികാരം ഉണ്ട്.

നിർബന്ധിതവ്യവസ്ഥ കൂടാതെതന്നെ കുടുംബസ്ഥിതിയെ നാനാപ്രകാരത്തിൽ പുലർത്താൻ രാഷ്ട്രത്തിനു

സാധിക്കും. രാഷ്ട്രത്തിൻെറ സഹായം കൂടാതെ സാമുദായികസ്വത്ത് സകലക്കും നല്കാൻ സാദ്ധ്യമല്ല. ശിശുക്കൾക്കുവേണ്ടി പ്രത്യേകം സംരക്ഷണശാലകൾ സ്ഥാപിക്കുന്നത് ശിശുജീവിതത്തിലുണ്ടാകുന്ന ദോഷങ്ങളെ നിവാരണം ചെയ്യാൻ പര്യാപ്തമാണ്.

വധൂവരന്മാക്ക് വേണ്ട വയസ്സ് കണ്ടെപ്പത്തപ്പെടുത്തുന്നതു കൂടാതെ സാംക്രമികരോഗങ്ങളുള്ളവർ വിവാഹം ചെയ്യാൻപാടില്ല എന്നു തുടങ്ങിയ വ്യവസ്ഥകൾ നടപ്പിലാക്കാനും രാഷ്ട്രത്തിന് സാധിക്കുന്നതാണ്.

## 9

## സംഘങ്ങളുടെ ആദിമരൂപവും വലിയ സംഘങ്ങളും

ഒരു ചെറിയ കൂട്ടം ജനങ്ങൾ സാഹചര്യത്തിനും പരസ്പരസഹായത്തിനും പൊതുകാര്യചർച്ചയ്ക്കും ആയി കൂടിച്ചേരുന്നതാണ് സംഘങ്ങളുടെ അദിമവും അകൃത്രിമവും സാർവ്വജനീനവുമായ രൂപം. ഇത് യഥേഷ്ടം പ്രവർത്തിക്കുന്ന ഒന്നാണ്. കളിസംഘം, സുഹൃൽസംഘം, നർമ്മസല്ലാപസംഘം മുതലായവ ഇതിൻെറ വകഭേദങ്ങളാണ്.

ഒരു അദ്ധ്യയനസംഘത്തെ ഉദാഹരണമായി സ്വീകരിക്കാം. "ഇത് ബാഹ്യപ്രയോജനങ്ങൾക്കു വേണ്ടി രൂപവൽക്കരിക്കപ്പെട്ടതായിരിക്കും. ഓരോ വ്യക്തിക്കും പ്രത്യേകം ഓരോ അദ്ധ്യാപകനെ നിയമിച്ചു എന്നു വരുന്നതല്ല.

അതുകൊണ്ട് അദ്ധ്യയനസംഘം സ്ഥാപിച്ച് താൽപര്യമുള്ളവർ ചേർന്ന് ഒരദ്ധ്യാപകനു ശമ്പളം കൊടുക്കുന്നു. സഹപാഠികളുടെ സാമീപ്യം ഓരോ അംഗത്തിനും ഒരു പ്രേരകശക്തിയാണ്. തന്മൂലം അംഗങ്ങൾക്കു കൂടുതൽ താൽപര്യവും ബോധവും ഉണ്ടാകുന്നു. നമ്മൾക്കുള്ള താൽപര്യങ്ങളുടെ സ്വഭാവത്തെയും രീതിയെയും ഈ സംഘം ചിത്രീകരിക്കുന്നു. അന്യരുടെ സഹകരണം നിമിത്തം പുതിയ ഒരു വീക്ഷണകോടിയിൽ നിന്നു നമുക്കു നോക്കാൻ സാധിക്കുന്നു. ഓരോരുത്തരുടെയും ഭാവം അന്യനിൽ പകരുന്നു. അങ്ങനെ താൽപര്യത്തിൻെറ സ്വഭാവം വിസ്തൃതവും പരിപുഷ്ടവും ആയിത്തീരുന്നു. എന്നാൽ ഏതാദൃശങ്ങളായ ഗുണങ്ങൾ സിദ്ധിക്കണമെങ്കിൽ സംഘം പരിമിതമായിരിക്കണം; അംഗങ്ങളുടെ സ്വഭാവങ്ങൾ തമ്മിൽ യോജിപ്പുമുണ്ടായിരിക്കണം. ഏകദേശം തുല്യമായ അനുഭവവും ബോധവും വേണം. അന്യനു നല്കാൻ ഓരോരുത്തർക്കും എന്തെങ്കിലും ഉണ്ടായിരിക്കണം. സഹകരണഭാവം എല്ലാവരുടെ ഹൃദയത്തിലും സ്ഥിതിചെയ്യണം. അന്യർ പങ്കെടുക്കുമ്പോൾ ആ കാര്യത്തിൽ നമുക്കും കൂടുതൽ ശ്രദ്ധയും താൽപര്യവും ഉണ്ടാകുന്നു. മനുഷ്യൻ സമുദായജീവിയാണെന്നു കാണിക്കുന്ന ഒന്നാണ് ഈ സംഘടന. അന്യർ കൂടി പങ്കെടുക്കുമ്പോൾ ഏതു ക്ലേശവും വിപത്തും സഹിക്കാൻ മനുഷ്യൻ സന്നദ്ധനായിത്തീരുന്നു.

എല്ലാ സംഘങ്ങൾക്കും ഏകാഭിപ്രായം ഉണ്ടായിരിക്കണമെന്നില്ല. ഒരു വാദപ്രതിവാദസംഘത്തിന് ഇതാവശ്യമില്ല. എന്നാൽ ഒരു പ്രവൃത്തിപദ്ധതി നിർണ്ണയിക്കേണ്ട സംഘം യോജിച്ചു തന്നെയാണ് കാര്യം തീരുമാനിക്കേണ്ടത്. സംഘയോജിപ്പിൻെറ മാതൃകകളെ കാണിക്കുന്ന ഒരു പട്ടിക താഴെ ചേർക്കുന്നു.

| അടിസ്ഥാനം | പദ്ധതി | നിർണ്ണയത്തിന്റെ സ്വഭാവം | വ്യത്യാസങ്ങളുടെ പരിഹാരം |
|---|---|---|---|
| 1. അധികാരം | അനുവർത്തനവും സ്വീകരണവും | ബാഹ്യമായ ഏകത്വം | അമർത്തുക |
| 2. രാജി | കൊടുക്കൽ വാങ്ങൽ, പരസ്പരംവിട്ടുവീഴ്ചകൾചെയ്യുക | പുറമേ ഏകത്വം | ഫലത്തിൽയോജിക്കുക, എന്നാൽ ആന്തരമായ യോജിപ്പില്ലായ്മ |
| 3. സംഖ്യാനം | അനിർണ്ണീതമായ ചർച്ച | ഭൂരിപക്ഷ നിർണ്ണയം | പദ്ധതിയിൽ യോജിക്കുക, ഫലത്തിൽ അല്ല. |
| 4. പൂർണ്ണമായ ഐക്യം | നിർണ്ണീതമായ ചർച്ച | യഥാർത്ഥമായ ഏകത്വം | പദ്ധതിയിൽ പ്രകാശിപ്പിക്കുകയുംഫലത്തിൽ നിലനിർത്തുകയും ചെയ്യുക |

അധികാരം പ്രമാണിച്ച് ആജ്ഞാപിക്കുന്ന കാര്യങ്ങളിൽ അനുസരിക്കേണ്ടവരുടെ അനുവർത്തനം മാത്രം മതിയാകുന്നതാണ്. രാജികൊണ്ടു സാധിക്കുന്ന ഘട്ടത്തിൽ സാമാന്യമായ ഒരു യോജിപ്പുണ്ടായിരിക്കും. എങ്കിലും അംഗങ്ങളുടെ ചില അവകാശങ്ങളും ആഗ്രഹങ്ങളും അഭിപ്രായങ്ങളും ബലി കഴിച്ചിട്ടാണ് രാജിയിൽ എത്തിച്ചേരുന്നത്. തിരഞ്ഞെടുപ്പുസമ്പ്രദായത്തിലും യോജിപ്പില്ല. ഭൂരിപക്ഷത്തിന്റെ അഭിപ്രായം അനുസരിച്ച് കാര്യം നടത്തുന്നു. ഏകമായ അഭിപ്രായത്തോടും ഇച്ഛാശക്തിയോടും സ്ഥിതിചെയ്യുന്ന ഒരു സംഘത്തെ ആരും അതിലംഘിക്കുകയില്ല.

ഒരു സമുദായം വലുതാകുമ്പോൾ മറെറാരു രീതിയിലുള്ള സംഘം ആവശ്യമായി വരുന്നു. വലിയ തോതി

ഷുള്ള സംഘത്തിൽ താൽപര്യങ്ങൾ വിവിധങ്ങളാകുന്നു. വിദഗ്ദ്ധന്മാരുടെ സഹായം ആവശ്യമായിത്തീരുന്നു. സാധാരണമായി ഒരു സംഘാംഗത്തിന് സംഘത്തെപ്പററി ആലോചിക്കാൻ സമയമോ ശക്തിയോ ഇല്ല. താൽപര്യത്തിൻെറ പുതിയ വിസ്തൃതി നാനാമുഖമായ സംഘത്തിൻെറ സ്ഥാപനത്തിനു കാരണമാകുന്നു. ആ സംഘം ഒരു സ്ഥലത്തു തന്നെ സ്ഥിതിചെയ്യുന്നില്ല. ഒരു സ്ഥാനികശാഖയ്ക്കു് ഈ സംഘത്തെ നിയന്ത്രിക്കാൻ സാധ്യമല്ലാതെയും വരുന്നു. അപ്പോൾ സംഘത്തിനുവേണ്ടി തിരഞ്ഞെടുക്കപ്പെട്ട ചില ഉദ്യോഗസ്ഥന്മാർ വേണ്ടിവരുന്നു. പ്രവർത്തിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന അംഗങ്ങൾ സാധാരണഅംഗങ്ങളിൽ നിന്നും ഭിന്നരായിത്തീരുന്നു. ഇങ്ങനെ പ്രേരണയിലും പ്രവൃത്തിനിർദ്ദേശത്തിലും ഒരു കേന്ദ്രീകരണം വന്നുകൂടുന്നു.

സംഘത്തിൽ അംഗങ്ങൾ വർദ്ധിക്കുന്തോറും ഓരോ അംഗവും നേരിട്ടു പങ്കെടുക്കുന്നില്ല. പരോക്ഷമായ സഹകരണമാണ് ഉണ്ടാകുന്നത്. ഉദ്ദേശ്യത്തിലല്ലാതെ പദ്ധതിയിൽ അംഗങ്ങൾ ഒരുമിച്ചുചേരുന്നില്ല. ഒരാൾ മററുള്ളവർക്കുവേണ്ടി പ്രവർത്തിക്കുന്നു. "യഥാസ്ഥാനത്തിൽ നിന്നും കരാറിലേയ്ക്കു"ള്ള പ്രയാണമാണ് ഇവിടെ കാണുന്നതു്.

വലിയ തോതിലുള്ള സംഘത്തിന് സഹജമായ ഒരു ദോഷം ഉണ്ടു്. അതു് കാലാനുസൃതമായ മാററത്തിനു വിധേയമാകുന്നില്ല എന്നതാണ്. ഈ ഒരു ദോഷം നിമിത്തം ജീവിതതത്വം മറന്നിട്ട് കേവലം ചടങ്ങുകളിൽ — ജീവനില്ലാത്ത രൂപങ്ങളിൽ — സംഘം ആസക്തമായിത്തീരുന്നു. പ്രസ്തുത ദോഷത്തെ നിവാരണം ചെയ്യുന്നതിന് രണ്ടു വഴികൾ ഉണ്ടു്. സംഘത്തിൻെറ ഉദ്ദേശ്യത്തിന് ഭംഗം വരാതെ സംഘാംഗങ്ങൾക്കു് കഴിയുന്നത്ര സ്വാതന്ത്ര്യം അനുവദിക്കുക. രണ്ടാമതു്

സ്ഥാനികയൂണിററുകൾ സ്ഥാപിക്കുക. ഇതിന് ന്യൂന തയില്ലാതില്ല. ഏതാദൃശസംഘങ്ങൾ കേവലം സ്ഥാ നികതാൽപര്യങ്ങൾക്കു വേണ്ടി ഉള്ളവയല്ല. കേന്ദ്രീകര ണവും വികേന്ദ്രീകരണവും യഥായോഗ്യം സമന്വയിപ്പി ക്കേണ്ടതാണാവശ്യം. ഉദ്യോഗസ്ഥന്മാരുടെ ഉത്തരവാ ദിത്വവും അധികാരനിയന്ത്രണവും ഈ സമന്വയത്തിന് ഉതകുന്നു.

വലിയ തോതിലുള്ള സംഘത്തിന് പ്രാഥമികമായക്രൂ ട്ടങ്ങളുടെ സ്ഥാനം കൈക്കൊള്ളാൻ സാദ്ധ്യമല്ല. എന്തെ ന്നാൽ മനുഷ്യധർമ്മമായ സാഹചര്യം വലിയ സംഘങ്ങ ളിൽ സാദ്ധ്യമല്ലാതിരിക്കുന്നു. സംഘം വലുതാകുന്തോറും അതിലെ അംഗമായ ഓരോ വ്യക്തിയുടെയും സ്ഥാനം കുറഞ്ഞുവരുന്നു.

ഒരു സംഘം അതിന്റെ അംഗങ്ങൾ തമ്മിൽ പ്ര ത്യേകവും പരിമിതവുമായ ഒരു ബന്ധം സ്ഥാപിക്കുന്നു. പ്രത്യേകമായ ഉദ്ദേശ്യങ്ങൾക്കായി പ്രത്യേകം ചില യോഗ്യ തകളോടുകൂടി നാം ഒരു സംഘത്തിൽ അംഗങ്ങളായി ചേരുന്നു. കാര്യം സാധിക്കാൻ അന്യരുടെ സഹകര ണം ആവശ്യമായിത്തീരുന്നു. ഇങ്ങനെയാണ് സംഘ ങ്ങൾ ആവിർഭവിക്കുന്നത്. ചില താൽപര്യങ്ങൾ സാധിക്കുന്നതിനു തന്നെയാണ് സംഘങ്ങൾ സ്ഥാപിക്കു ന്നത്. പൊതുതാൽപര്യം പൊതുപ്രവർത്തനംകൊണ്ട് അഭിവൃദ്ധിയെ പ്രാപിക്കും എന്നു വരുന്ന ഘട്ടങ്ങളിൽ സംഘം സംജാതമാകുന്നു. സമുദായം പരിഷ്കൃതവും നാനാ മുഖങ്ങളായ പ്രവർത്തനങ്ങളോടുകൂടിയതും ആയിത്തീരു മ്പോൾ സംഘങ്ങൾ അധികമാകാൻ ഇടയുണ്ട്. അതു കൊണ്ട് ആധുനികകാലത്ത് സംഘങ്ങൾ കൂടുതൽ കൂടുതൽ ആവിർഭവിക്കുന്നു.

ഒരാളിന്റേയോ, ഒരു ചെറിയ സംഘം ആളുകളു ടേയോ പ്രാരംഭശ്രമം, താൽപര്യശക്തി എന്നിവയാണ്

ഒരു സംഘത്തിൻെറ സ്ഥാപനത്തിന് കാരണമായി ത്തീരുന്നത്. സംഘത്തിൻെറ താൽപര്യത്തിലുള്ള ശ്ര ദ്ധയും വിശ്വാസവും കൊണ്ടോ, സ്വാത്ഥതകൊണ്ടോ ഒരു നായകൻ സംഘത്തിൻെറ ഗുണങ്ങൾ വാഴ്ത്താനും സംഘാംഗങ്ങളായിത്തീരാവുന്നവർക്ക് വേണ്ട പ്രചോദ നവും ഉത്സാഹവും നൽകാനും ശ്രമിക്കുന്നു.

താൽപര്യങ്ങളുടെ സ്വഭാവം അനുസരിച്ചിരിക്കും നേതാവിൻെറ ലക്ഷണം. ധനപരമായ താൽപര്യങ്ങൾ ഉള്ള ഒരു സംഘത്തിൽ സ്വന്തം ധനസ്ഥിതി നന്നാ ക്കാൻ ഒരു നേതാവ് ശ്രമിച്ചേയ്ക്കും. സംഘങ്ങളിൽ സ്വന്ത താൽപര്യവും പൊതുതാൽപര്യവും തമ്മിൽ കൂട്ടിമുട്ടു മ്പോൾ സ്വന്തതാൽപര്യത്തിനു പ്രാധാന്യം കല്പിക്കു ന്നത് സാധാരണമായിരിക്കും.

ധനപരമയ ഉദ്ദേശ്യത്തോടുകൂടിയുള്ള സംഘം സമാ നതാൽപര്യങ്ങൾക്കായി സ്ഥാപിതമാണ്. അതിലെ അം ഗങ്ങൾക്ക് ലാഭം വീതിച്ചുകൊടുക്കുകയാണ് അതിന്റെ പ്രധാനകത്തവ്യം. ഒരു സംസ്കാരസംഘം പൊതുതാൽപ ര്യങ്ങൾക്കുവേണ്ടി സ്ഥാപിക്കപ്പെടുന്നതാണ്. ആരംഭ ത്തിൽ ഇങ്ങനെയുള്ള വ്യത്യാസങ്ങൾ ഉണ്ടെങ്കിലും സ്ഥാ പിച്ചു കഴിഞ്ഞാൽ മിക്കസംഘങ്ങൾക്കും പൊതുവും സമാനവുമായ താൽപര്യങ്ങൾ ഇടകലർന്നിരിക്കും. സമു ദായഘടന മനസ്സിലാക്കാൻ ഈ രണ്ടിൻേറയും സ്വഭാവ ങ്ങൾ അത്യാവശ്യമാണ്.

ഒരു കാളേജ് സൊസൈററിയെ ഉദാഹരണമായി എടുക്കാം. സാഹചര്യം, ചർച്ച മുതലായ സമാനങ്ങളാ യ ചില താൽപര്യങ്ങൾക്കു പുറമേ പൊതുതാൽപര്യവും അതു നിർവഹിക്കുന്നു. കുടുംബസംഘം സംബന്ധിച്ചും ഇപ്രകാരം പറയാവുന്നതാണ്. ഓരോ അംഗത്തിൻെറ യും പ്രത്യേക നന്മകൂടാതെ പൊതുനന്മയും കുടുംബാംഗം ഗണിക്കുന്നുണ്ട്. കുടുംബത്തിലെ മററ് അംഗങ്ങളുടെ

നന്മയും സ്വന്തം നന്മയെന്നു വിചാരിച്ച് അവൻ അഭിനന്ദിക്കുന്നു. ഇതുപോലെ ഒരു സഹകരണസംഘത്തിലെ അംഗങ്ങൾക്ക് അതിൽ നിന്ന് ഓരോരുത്തൎക്കു ലഭിക്കുന്ന പ്രതിഫലത്തിൽ മാത്രമല്ല, സംഘവിജയത്തിലും ഒരുപ്രത്യേകസന്തോഷവും സംതൃപ്തിയും ഉണ്ടു്.

സമാനതാൽപൎയ്യങ്ങൾ പൊതുതാൽപൎയ്യങ്ങൾക്കു് വഴങ്ങിയിരിക്കേണ്ടതാണ്. ചിലമുദ്രാവാക്യങ്ങൾ ചിഹ്നങ്ങൾ ഉത്സവങ്ങൾ ഘോഷയാത്രകൾ ക്രിയാപദ്ധതികൾ മുതലായവ അംഗങ്ങൾക്ക് ആ സംഘത്തോടുള്ള ഭക്തിശ്രദ്ധകളെ വൎദ്ധിപ്പിക്കാൻ കാരണമായിത്തീരുന്നു.

സംഘങ്ങളുടെ നാനാമുഖങ്ങളായ സ്വഭാവങ്ങൾ താഴെ കാണുന്നവയാണ്.

1. പുറമേ പ്രഖ്യാപനം ചെയ്യപ്പെടുന്ന താൽപൎയ്യം സംഘത്തിന്റെ യഥാൎത്ഥമായ താൽപൎയ്യമല്ലെന്നു വരാവുന്നതാണ്. മതസംബന്ധമായി ആരംഭിച്ച ഒരു സംഘം പിന്നീട് മററു വിധത്തിൽ പരിണമിച്ചാലും പുറമേ മതസംഘമെന്ന പേരിൽതന്നെ അറിയപ്പെടുന്നു. നിസ്സ്വാൎത്ഥങ്ങളും ഉൽകൃഷ്ടങ്ങളും ആയ ആദൎശങ്ങൾ, പ്രചാരത്തിനും വരിസംഖ്യ കിട്ടുന്നതിനും വേണ്ടി ഘോഷിക്കപ്പെടുന്നു.

2. പ്രഖ്യാപനം ചെയ്യപ്പെടുന്ന താൽപൎയ്യം മററു ചില അവസ്ഥകൾ കൊണ്ടു മാറുന്നു. ഒരു സംഘത്തിന്റെ സ്വഭാവവിശേഷം അതിസൂക്ഷ്മമായിത്തന്നെ ഇരിക്കാവുന്നതിനാൽ അതിന്റെ പ്രവൎത്തനങ്ങളെ നല്ലവണ്ണം ആലോചിച്ചെങ്കിൽ മാത്രമേ ആ സ്വഭാവം വെളിപ്പെടുകയുള്ളു. അംഗങ്ങളുടെയും അവരുടെ പ്രവൎത്തനസ്ഥലത്തിന്റേയും സ്വഭാവം കൊണ്ടും ആ സ്വഭാവം മാറുന്നു. ചില സംഘങ്ങളുടെ യഥാൎത്ഥസ്വഭാവം അതിലെ അംഗങ്ങൾക്കോ പ്രവൎത്തകന്മാൎക്കോ പോലും സുവിദിതമല്ല. ആദ്യം ഉണ്ടായിരുന്ന ഒരു ഐക്യാംശം നഷ്ട

മായിത്തീരുന്ന ഘട്ടങ്ങളിൽ ഒരു പുതിയ ഐക്യം ആ സംഘത്തെ നില നിത്തി എന്നു വരാം. മതസംബന്ധമായി തുടങ്ങിയ പല സംഘങ്ങളും അദ്ധ്യാപനപരങ്ങളും സാമുദായികങ്ങളുമായി പരിണമിക്കുന്നു. ഏതെങ്കിലും ഒരു പ്രത്യേകഉദ്ദേശ്യത്തിൽ സ്ഥാപിതമായ സംഘവും, ആ ഉദ്ദേശ്യം സാധിച്ചു കഴിഞ്ഞാലും ജീവിക്കുന്നതിനുള്ള ആഗ്രഹം കൊണ്ട് തുടരുന്നതായി കാണാവുന്നതാണ്. അതിലെ ഉദ്യോഗസ്ഥന്മാക്ക് സംഘനാശം ഇഷ്ടമല്ല. അതുകൊണ്ട് ഒരു പുതിയ ഉദ്ദേശ്യം പറഞ്ഞ് ജീവിതം തുടരുന്നു.

3. മൂലതാൽപര്യം ഏതെന്നു നിശ്ചയിക്കാൻ പ്രയാസമാണ്. ഒരു മതസമ്പ്രദായത്തിൽ സ്ഥാപിതമായ കാളേജിനെ ഒരു ആദ്ധ്യാത്മികസംഘടന എന്നു പറയാമോ? മതം ചിലപ്പോഠം പ്രധാനതാൽപര്യമായി വരാം; ചിലപ്പോഠം നിമിത്തം മാത്രമായും ഇരിക്കും.

4. ചില പ്രധാന താൽപര്യങ്ങഠം പ്രത്യേക സംഘങ്ങളുടെ സൃഷ്ടിക്കു കാരണമാണ്. ആധിപത്യത്തിലോ പ്രാമാണ്യത്തിലോ ഉള്ള അഭിനിവേശം മാത്രം ഒരു പ്രത്യേക സംഘത്തെ സൃഷ്ടിക്കുന്നതിനു കാരണമായിത്തീരുന്നില്ല. അതുപോലെ തന്നെ സാഹചര്യതാൽപര്യം അതിവ്യാപകമായതു കൊണ്ട് അതു സകല സംഘങ്ങഠംക്കും സഹജമായ ധമ്മമാണ്.

സംഘങ്ങളിലുള്ള താൽപര്യസംഘഷം പലരീതിയിലാണ്

1. അനേകം താൽപര്യങ്ങഠം ഉള്ളപ്പോഠം അവ തമ്മിൽ സംഘഷമുണ്ടാകുന്നു. തൊഴിൽസംഘങ്ങളിൽ ജോലിയുടെ ശരിയായ നിർവഹണവും സാമ്പത്തികമായ അഭിവൃദ്ധിയും തമ്മിൽ യോജിക്കുന്നില്ല. ഇതിനൊരു ഉദാഹരണം വൈദ്യവൃത്തി ആണ്. വൈദ്യന്മാർ അവരുടെ

ജോലി ശരിയായി നിർവഹിച്ചാൽ രോഗത്തെ തടയു ന്നതു പ്രധാനമായിത്തീരുകയും ചികിത്സാവൃത്തി കുറഞ്ഞു വരികയും ചെയ്യും. എന്നാൽ സാമ്പത്തികമായി നോക്കു മ്പോൾ ആദ്യത്തേതു ധനസമ്പാദനത്തിനു തടസ്സമാണ്. രണ്ടാമത്തേത് അതായത് രോഗചികിത്സയാണ് ധന സമ്പാദനത്തിനു പററിയ മാർഗ്ഗം.

2. പരസ്പരസംബന്ധം ഉള്ളതും ഇല്ലാത്തതുമായ താൽപര്യങ്ങൾ തമ്മിൽ സംഘർഷമുണ്ടാകുന്നു. ഒരു സർവ്വ കലാശാലയിൽ വിദ്യാഭ്യാസമാണ് പ്രത്യക്ഷമായ താൽ പര്യം; മററു താൽപര്യങ്ങൾകൊണ്ടു അതു നിയന്ത്രിത മായെന്നു വരാം. ഒരു നിഗ്രോവിദ്യാർത്ഥിക്കു വേണ്ട യോഗ്യത ഉണ്ടെങ്കിലും അവൻെറ ജാതി നിമിത്തം ചില അമേരിക്കൻ സർവ്വകലാശാലകളിൽ പ്രവേശനം ലഭിക്കു ന്നില്ല. സമതപത്തിൽ സ്ഥാപിതമായ ഒരു സംഘത്തിലെ നായകന്മാർ അംഗങ്ങളുടെ മേൽ ആധിപത്യം സ്ഥാപി ക്കാൻ പ്രയത്നിക്കുന്നു. ലബ്ധമായ ആധിപത്യം ഉപേക്ഷി ക്കാൻ അവർ സന്നദ്ധരല്ലതാനും.

3. ഒരു ഉദ്ദേശ്യസിദ്ധിക്ക് അനേകം മാർഗ്ഗങ്ങൾ ഉണ്ട്. അവ തമ്മിൽ സംഘർഷമുണ്ടായി എന്നു വരാം. തന്നിക്ക് എതിരായി പ്രവർത്തിക്കുന്ന ഒരു സംഘത്തി നോട്ട് എപ്രകാരം പെരുമാറണമെന്ന് ഒരു സംഘ ത്തിന് നിർണ്ണയിക്കേണ്ടിവരുന്നു. അപ്പോൾ അതിനു പല മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നു. അവയിൽ ഏററ വും യുക്തമെന്നു തോന്നുന്നതിനെ അതു സ്വീകരി ക്കുന്നു. ഒരു മതസംഘത്തിൽ ആളുകൾ കുറഞ്ഞു വരു മ്പോൾ ആ കുറവിനെ പരിഹരിക്കേണ്ടതെങ്ങനെ എന്ന ചോദ്യം ഉണ്ടാകുന്നു. അതിനു കാരണം ആന്തര മായ ഉദ്ദേശ്യത്തിൻെറ വൈവിധ്യമാണെന്ന് വെളിപ്പെട്ടു മ്പോൾ അതിലെ അംഗങ്ങൾ തമ്മിൽ സംഘർഷമുണ്ടാ കാം.

# 10

# പ്രവൎത്തനസമ്പ്രദായങ്ങൾ

സാമുദായികസംഘടനയിൽ രണ്ടു പ്രവൎത്തനപദ്ധതികൾ ഉണ്ടാകാം; സംസ്കാരപരവും പരിഷ്കാരപരവും. മനുഷ്യന്റെ സകല പ്രവൎത്തനങ്ങളും ഇവയിൽ ഒന്നിൽ അന്തൎഭവിക്കുന്നു. തന്റെ ജീവിതാവസ്ഥകളെ നിയന്ത്രിക്കാൻ മനുഷ്യൻ സൃഷ്ടിക്കുന്നതെല്ലാം-ടെലിഫോൺ, തൊഴിൽശാല, ബാങ്ക്, അച്ചടിയന്ത്രശാല, ടൈപ്പ്റൈററർ ഇങ്ങനെ പ്രയോജനകരങ്ങളായ ഉപകരണങ്ങൾ—പരിഷ്കാരപരിധിയിൽ ഉൾപ്പെടുന്നു.

നേരെമറിച്ച് പ്രത്യക്ഷമായിട്ടുതന്നെ നാം ആഗ്രഹിക്കുന്നതിനെയും അന്വേഷിക്കുന്നതിനെയും നമുക്കു പ്രദാനം ചെയ്യുന്നവ അതായത് ചിത്രം, കാവ്യം, നാടകം, നോവൽ, സിനിമ, കളികൾ, തത്വജ്ഞാനം, മതം, മുതലായവയെല്ലാം സംസ്കാരത്തിൽ അന്തൎഭവിക്കുന്നു. നമ്മുടെ ആന്തരമായ ഒരു ആവശ്യത്തെ അതു നിറവേററുന്നു. ജീവിതത്തിലും ചിന്തയിലും ദൈനംദിനമുള്ള പെരുമാററത്തിലും സാഹിത്യാദികലകളിലും നമ്മുടെ സ്വഭാവത്തിന്റെ ബാഹ്യപ്രകടനം സംസ്കാരമാണ്. ഗൃഹം വസ്ത്രം എന്നിവ, രണ്ടിലും അതായതു സംസ്കാരത്തിലും പരിഷ്കാരത്തിലും ഉൾപ്പെടുന്നു.

ഇവ രണ്ടിനും തമ്മിൽ വ്യത്യാസമുണ്ട്. പരിഷ്കാരം കാൎയ്യക്ഷമതയുടെ തോതിനെ ആശ്രയിച്ചിരിക്കുന്നു. അതിന് താരതമ്യം ഉണ്ട്. സംസ്കാരത്തിലുള്ള താരതമ്യം ഉദ്ദേശ്യങ്ങൾക്ക് ഓരോരുത്തർ നല്കുന്ന ഏററക്കുറവ് അനുസരിച്ചിരിക്കും. അത് ഓരോരുത്തരുടെയും മനഃസ്ഥിതിയെ ആശ്രയിക്കുന്നു. അതിനാൽ സംസ്കാരത്തിന് ബാഹ്യവും സാൎവ്വജനീനവും ആയ ഒരു തോതില്ല.

സാധാരണമായി സാമുദായികമായ തുടർച്ചയ്ക്ക് തടസ്സമില്ലെങ്കിൽ പരിഷ്കാരം അഭിവൃദ്ധിപ്പെട്ടുകൊണ്ടു തന്നെ ഇരിക്കും. അതുകൊണ്ട് ഉപകരണങ്ങൾ, യന്ത്രങ്ങൾ എന്നിവ നാൾക്കുനാൾ പരിഷ്കൃതങ്ങളായിത്തീരുന്നു. സംസ്കാരത്തെപ്പററി ഇങ്ങനെ നിർണ്ണയിക്കാൻ നിവൃത്തിയില്ല. നമ്മുടെ നാടകങ്ങൾ, ശില്പങ്ങൾ, സംഭാഷണം, കളികൾ മുതലായവ അഭിവൃദ്ധിയെ സൂചിപ്പിക്കുന്നു എന്നു തീർത്തു പറയാൻ പ്രയാസമാണ്. എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ എന്നിവരെ ഇന്നത്തെ കവികൾ അതിശയിക്കുന്നു എന്ന് ആക്കും അഭിപ്രായപ്പെടാൻ സാധിക്കുകയില്ല.

സമാനമനസ്കരിൽ മാത്രമേ സംസ്കാരം പകത്താൻ സാധിക്കുകയുള്ളൂ. സംഗീതശാസ്ത്രബോധം ഇല്ലാത്തവർ സംഗീതത്തിൻെറ ഗുണം എങ്ങനെയാണു മനസ്സിലാക്കുന്നത്? പരിഷ്കൃതരാകാൻ അത്രവിഷമമില്ല. ഒരു മഹാൻ പരിഷ്കാരസംബന്ധമായി വല്ലതും കണ്ടുപിടിച്ചാൽ പിന്നീട് ബുദ്ധിശക്തിയില്ലാത്തവരും അതിനെ അനുകരിക്കുന്നു. എന്നാൽ ഒരു അസാധാരണ കവിക്കുപോലും ഷേക്സ്പീയരുടെ കൃതികളെ കൂട്ടുതൽ ഭംഗിയാക്കാൻ സാധിക്കുമോ എന്നു സംശയമാണ്. നമ്മുടെ യോഗ്യതയനുസരിച്ചല്ലാതെ സംസ്കാരം നമ്മിൽ പകരുകയില്ല. വ്യക്തിയെന്ന നിലയിൽ നമുക്ക് പ്രത്യേകം അർഹതയുണ്ടെങ്കിൽ മാത്രമേ സംസ്കാരം നമ്മിൽ പ്രവേശിക്കുകയുള്ളൂ. എന്നാൽ പരിഷ്കാരാവകാശികളാകാൻ യാതൊരു വൈഷമ്യവും ഇല്ല. റേഡിയോ നമ്മുടെ വാക്കുകളെ സകല ദിക്കുകളിലും വഹിച്ചുകൊണ്ടുപോകുമെങ്കിലും ആ വാക്കുകളെ തിരഞ്ഞെടുത്ത് നന്നാക്കുന്നത് വക്താവിന്റെ യോഗ്യത അനുസരിച്ചു മാത്രമാണ്.

വേണ്ടുപോലെ ഗതാഗതസൌകര്യം ഉണ്ടെങ്കിൽ ജീവിതോപകരണങ്ങളായ പരിഷ്കാരപദ്ധതികൾ എവിടെയും പ്രചരിക്കും. ഇന്നത്തെ ഗതാഗതസൌകര്യത്തി

ന്റെ മഹിമയാൽ ലോകം മുഴുവനും പരിഷ്കാരം വ്യാപിക്കുന്നു. അമ്പിനും വില്ലിനും പകരം തോക്ക്, ഉരലിനും ഉലക്കയ്ക്കും പകരം നെല്ലുകുത്തുയന്ത്രം മുതലായവ എല്ലായിടത്തും കാണുന്നു. അതുകൊണ്ട് സംസ്കാരപരിഷ്കാരങ്ങൾ തമ്മിലുള്ള വ്യത്യാസം പ്രസ്പഷ്ടമാണ്. സംസ്കാരവ്യത്യാസം കൊണ്ടാണ് ചിലർ ചില പരിഷ്കാരങ്ങളെ സ്വീകരിക്കാതിരിക്കുന്നത്. ഗതാഗതസൗകര്യമുണ്ടെങ്കിൽ പരിഷ്കാരപ്രചരണം നിഷ്പ്രയാസം സാദ്ധ്യമാകും. പരസ്പരം മനസ്സിലാക്കാതെ തന്നെ രണ്ടു ജനതതികൾ തമ്മിൽ കച്ചവടം ചെയ്തുതുടങ്ങുന്നു. അത് സംസ്കാരവ്യവസ്ഥിതിക്ക് തടസ്സമായിത്തീരാൻ എളുപ്പമുണ്ട്.

പരിഷ്കാരവും സംസ്കാരവും തമ്മിൽ ചില ബന്ധങ്ങളും ഉണ്ട്. പരിഷ്കാരത്തിൽ ഉൾപ്പെടുന്ന ചില വിഷയങ്ങൾക്ക് സാംസ്കാരികമായ ഒരു വശവും സംസ്കാരവിഷയങ്ങളിൽ ചിലതിന് പരിഷ്കാരപരമായ ഒരു വശവും കാണുന്നു. നാം താമസിക്കുന്ന ഗൃഹങ്ങൾ, സഞ്ചരിക്കുന്ന വാഹനങ്ങൾ, ധരിക്കുന്ന വസ്ത്രങ്ങൾ മുതലായവയ്ക്ക്, അവ പ്രയോജനപ്പെടാൻ അവശ്യം വേണ്ടതായ യോഗ്യതകൾക്കു പുറമെ ഒരു മോടി കൂടി വേണമെന്ന് നാം ആഗ്രഹിക്കുന്നു. ശിലാസ്ഥാപനങ്ങളിലും മററും സംസ്കാരത്തിന്റെ പ്രാഭവം കാണുന്നുണ്ട്. ഇതുപോലെതന്നെ നിയമസമ്പ്രദായം, ഭരണസമ്പ്രദായം മുതലായവയിലും ഒരു സംസ്കാരഭാവം സ്ഥിതിചെയ്യുന്നു. അതുകൊണ്ട് ജനങ്ങൾക്ക് സാധാരണമായി പുരാതനങ്ങളായ ആചാരങ്ങളേയും സ്ഥാപനങ്ങളെയും മാററാൻ വൈമുഖ്യം കാണുന്നുണ്ട്.

പരിഷ്കാരം സംസ്കാരത്തിന്റെ പ്രകാശനത്തെയും പ്രവൃത്തിയെയും ഉദ്ബുദ്ധമാക്കുന്നതിനോ തടസ്സപ്പെടുത്തുന്നതിനോ നിർണ്ണായകമായ ഒരു ഘടകവും, സംസ്കാരം

യോഗ്യമായ രീതിയിൽ പുരോഗമിക്കുന്നതിനുള്ള ഒരു പരിതഃസ്ഥിതിയും ആണ്.

അച്ചടിയന്ത്രം കണ്ടുപിടിച്ചതുമുതൽ സാഹിത്യകലയുടെ രൂപവും ആകർഷണീയതയും വളരെ മാറിയിട്ടുണ്ട്. ഇന്നത്തെ വിപുലമായ നോവൽപ്രസ്ഥാനവും വായിക്കാൻ അറിയാവുന്നവരുടെ സംഖ്യയും വായിക്കുന്ന രീതിയുടെ പ്രചരണവും പരിഷ്കാരത്തിൻെറ ഫലമാകുന്നു.

യന്ത്രങ്ങളുടെ അത്ഭുതാവഹമായ പ്രചാരവും ഉപയോഗവും സംസ്കാരപ്രവത്തനത്തെ വളരെ സഹായിച്ചിട്ടുണ്ട്. യാതൊരു വിശ്രമവും കൂടാതെ നിരന്തരം ജോലി ചെയ്താൽ മാത്രമേ ജീവിതത്തിനാവശ്യമുള്ള അപരിഹാര്യങ്ങളായ കാര്യങ്ങൾ നിവ്വഹിക്കാൻ സാധിക്കുകയുള്ളു എന്നു വന്നാൽ സംസ്കാരപരമായ അഭിവൃദ്ധിക്ക് അവകാശമില്ല തന്നെ. പരിഷ്കാരത്തിൻെറ അത്യധികമായ പ്രചാരവും പ്രവത്തനവുമാണ് സംസ്കാരാഭിവൃദ്ധിയെ സഹായിച്ചിട്ടുള്ളത്.

നാം ഉപയോഗിക്കുന്ന ഉപകരണങ്ങൾ നമ്മുടെ ആഗ്രഹങ്ങളെ ഉണത്തുന്നു. എന്നാൽ ആ ഉപകരണങ്ങളും നമ്മുടെ ആഗ്രഹങ്ങളുടെ ഫലമാണ്. ഇപ്രകാരം നമ്മുടെ പരിഷ്കാരം നമ്മേത്തന്നെ നിയന്ത്രിക്കുന്നു.

രാജ്യത്തിൻെറ അഥവാ സമുദായത്തിൻെറ ശരിയായ അഭിവൃദ്ധി നിർണ്ണയിക്കുന്നത് അതിൻെറ സംസ്കാരമാണ്. ഓരോ വർഗ്ഗത്തിനും ഓരോ കാലത്തും വസ്തുവീക്ഷണരീതി ഭിന്നമാണ്. സംസ്കാരദൃഷ്ടിയിൽ കൂടിയാണ് നാം സകലതും നോക്കേണ്ടത്.

# 11

# ഇതരസംഘങ്ങൾ

രാഷ്ട്രീയ സംഘങ്ങൾ. രാഷ്ട്രത്തെയും ഒരു സംഘവിശേഷമായി ഗണിക്കാം. അത് ഒരു സാമുദായിക സംഘടന തന്നെയാകുന്നു. ജീവിതത്തിൻെറ ബാഹ്യഭാവങ്ങളെ മാത്രമേ അതിന് നിയന്ത്രിക്കാൻ സാധിക്കുകയുള്ളു. രാഷ്ട്രത്തിന് പ്രത്യേകമായ ഗുണങ്ങൾ, ഉപകരണങ്ങൾ, ശക്തികൾ എന്നിവയുണ്ട്. അതിന് അതിൻെറ പരിധിയിലുള്ള സകലരെയും നിയന്ത്രിക്കാൻ സാധിക്കുന്നു എന്നത് ഒരു പ്രത്യേക വിശേഷമാണ്. അതിനാൽ അത് ചില സംഗതികളിൽ മാത്രമേ പ്രവത്തിക്കുന്നുള്ളു. ബലം കൊണ്ടാണ് അത് വ്യവസ്ഥിതമായി നില്ക്കുന്നത്. മററു സംഘങ്ങളിൽ ബലം മാത്രമല്ല, ചർച്ചചെയ്തു മനസ്സിലാക്കുക മുതലായ മാർഗ്ഗങ്ങളും പ്രയോഗത്തിലുണ്ട്. അതിനാൽ ചില കാര്യങ്ങളിൽ രാഷ്ട്രത്തിന് നല്ലവണ്ണം പ്രവത്തിക്കാം. എങ്കിലും വേറെ ചില കാര്യങ്ങളിൽ മററു സംഘങ്ങളെപ്പോലെ പ്രവത്തിക്കാൻ നിവൃത്തിയില്ല.

സാമുദായികപ്രവത്തനം രാജ്യമൊട്ടുക്ക് ഒരുപോലെ വരുത്താൻ സാധിക്കുന്നത് രാഷ്ട്രത്തിൻെറ നിയന്ത്രണം ഒന്നുകൊണ്ടു മാത്രമാണ്. അതിൻെറ ചട്ടം ഒരു വിഭാഗത്തിൽ വസിക്കുന്ന സകലരേയും നിയന്ത്രിക്കുന്നു. ഈ ചട്ടങ്ങളെ ഊർജ്ജിതത്തിൽ വരുത്താനും രാഷ്ട്രത്തിനു മാത്രമേ സാധിക്കുകയുള്ളു.

സാമ്പത്തിക സംഘങ്ങൾ. സാമ്പത്തികസംഘത്തിൽ മനുഷ്യർ ഒരുമിച്ചുചേന്ന് ധനാർജ്ജനത്തിനായി പ്രയത്നിക്കുന്നു. എന്നാൽ ആ പ്രയത്നം ഓരോ വ്യക്തിയു

ടെയും കൈവശം ധനം വന്നു ചേരുന്നതിനു വേണ്ടിയാണ്. സമുദായത്തിനോ രാജ്യത്തിനോ വേണ്ടി ആ സമ്പത്തിനെ നിലനിൎത്തിയാൽ അത് കൈമാററത്തിനു വിധേയമാകുന്നതല്ല. തന്മൂലം പരസ്പരസംഘൎഷത്തിനു കാരണവുമാകുകയില്ല.

സാമ്പത്തികസ്ഥിതിയെ പ്രധാനമായി അവലംബിക്കുന്ന സംഘങ്ങളാണ് സാമ്പത്തികസംഘങ്ങൾ. ധനം സമ്പാദിക്കുകയും അതിനെ നിയന്ത്രിക്കുകയും ചെയ്യുക എന്നുള്ളതാണ് സാമ്പത്തികസംഘത്തിന്റെ പ്രധാന കൎത്തവ്യം. ധനം എങ്ങനെ വിനിയോഗിക്കണമെന്ന വിഷയത്തെപ്പററി ഗണിക്കേണ്ടതില്ല. സാമ്പത്തികസംഘത്തിന് നിയമദ്രഷ്ട്യാ ഒരു പ്രത്യേക വ്യക്തിത്വം കൊടുക്കുന്നത് അഭിവൃദ്ധിക്കു കാരണമാണ്.

ധനപരമായ സംഘത്തിന്റെ പ്രത്യേകതാൽപൎയ്യം അതിലെ അംഗങ്ങൾക്ക് ധനം വൎദ്ധിക്കണം എന്നതാണ്. ഗൃഹങ്ങൾ, യന്ത്രങ്ങൾ, ട്രെയിൻ മുതലായവ സമുദായത്തിനു വേണ്ടി നിൎമ്മിക്കുക എന്നതാണ് അതിന്റെ പ്രത്യേകപ്രവൃത്തി. സാമ്പത്തികപദ്ധതി വിരുദ്ധശക്തികളുടെ ആവിർഭാവത്തിനു കാരണമാകുന്നു. ആദാനപ്രദാനസമ്പ്രദായത്തിന്റെ ഫലമായി സംഘൎഷവും വന്നു ചേരുന്നു. സാമ്പത്തിക സംഘങ്ങളുടെ വിപുലത വൎദ്ധിക്കുന്തോറും ഈ സംഘൎഷം കുറയുന്നുണ്ടെങ്കിലും തീരെ ഇല്ലാതാകുന്നില്ല. വ്യക്തികളുടെ ചെറിയ തോതിലുള്ള സംഘൎഷത്തിനു പകരം സംഘങ്ങൾ തമ്മിൽ വലിയ തോതിലുള്ള സംഘൎഷം ഉണ്ടാകുന്നു.

തൊഴിൽസംഘങ്ങൾ. ആധുനികസമുദായത്തിന്റെ തൊഴിൽവിഭജനവും പരസ്പരസമാശ്രയവും അനുസരിച്ച് തൊഴിൽസംഘങ്ങൾ വൎദ്ധിക്കുകയും ശക്തിയുക്തങ്ങളാകുകയും ചെയ്തിട്ടുണ്ട്. അവയിൽ ഒന്ന് തൊഴിലാ

ളികൾ മുതലായവരുടെ സംഘങ്ങളും, മറെറാന്ന് ഡാക്ടർമാർ, വക്കീലന്മാർ, മുതലായവരുടെ സംഘങ്ങളുമാകുന്നു. ഉദ്ദേശ്യമനുസരിച്ച് ഇവയ്ക്കു തമ്മിൽ വ്യത്യാസമുണ്ട്. ആദ്യത്തേതിൻെറ ഉദ്ദേശ്യം സംഘാംഗങ്ങളുടെ സാമ്പത്തികാഭിവൃദ്ധിയും ജോലിവ്യവസ്ഥകളിൽ കൂടുതൽ സൌകര്യം നല്കുക എന്നതും ആകുന്നു. രണ്ടാമത്തേതിൻെറ ഉദ്ദേശ്യം ജോലിയിൽ വൈദഗ്ദ്ധ്യവും ആത്മാർത്ഥതയും വരുത്തുക എന്നതാണ്. ജനോപകാരം തന്നെയാണ് അവരുടെ ലക്ഷ്യം. ലാഭം അപ്രധാനമായ ഉദ്ദേശ്യം മാത്രമേ ആകുന്നുള്ളു. രണ്ടാമത്തേതിൽ ഉൾപ്പെടുന്ന ഒരോ തൊഴിലും ഓരോ കലയും ജനഹിതത്തിനു പ്രയോജനപ്പെടുന്നു. തൊഴിലിൻെറ ആദർശം പരിപാലിക്കുകയും തൊഴിലിൽ ഏർപ്പെടുന്നവർക്ക് പര്യാപ്തമായ ശമ്പളം കൊടുക്കുകയും ചെയ്യുന്നത് ഉത്തമമായിരിക്കും.

തൊഴിൽസംഘങ്ങൾക്ക് സംഘതാൽപര്യവും സാമുദായികനന്മയും ഒരുമിച്ചുചേർക്കാൻ സാധിക്കും. ഓരോ തൊഴിലിനും ഓരോ പ്രത്യേക കർമ്മക്ഷേത്രം ഉണ്ട്. അതതിൻെറ പ്രത്യേകത ഓരോ അംഗത്തിനും ഉണ്ടായിരിക്കും. അതായത് ആ സംഘത്തിലെ പ്രത്യേകമനോഭാവം ഓരോ അംഗത്തിലും പകന്നു കാണും എന്നതാണ്. പരിതഃസ്ഥിതി സംഘഭാവത്തെ ഉളവാക്കുന്നു. സാമുദായികനന്മ തന്നെയാണ് ഇങ്ങനെയുള്ള സംഘങ്ങളെ നിയന്ത്രിക്കുന്നതും നിയന്ത്രിക്കേണ്ടതും.

<u>സംസ്കാരപരമായ സംഘങ്ങൾ</u>. സംസ്കാരപരമായ സംഘങ്ങൾക്ക് ചില പ്രത്യേകതകൾ ഉണ്ട്. (1) ഇവ പ്രാഥമികസംഘങ്ങൾ തന്നെയാണ്, പ്രാഥമികങ്ങളായ കൂട്ടങ്ങൾ ഒരുമിച്ചു ചേർന്നു ഒരു കേന്ദ്രസംഘടനയായിത്തീരുന്നു. ഇങ്ങനെ സംസ്കാരപരവും സാമുദായികവുമായ ഭാവങ്ങൾ ഏതാദൃശങ്ങളായ സംഘങ്ങളിൽ ഒന്നുചേർന്നു കിട

ക്കുന്നു. ഇതിൽ അംഗങ്ങൾ ഒന്നിച്ചു ചേരേണ്ടത് ആവശ്യമാണ്. (2) അംഗങ്ങൾക്കു പൂർണ്ണമായ അഭിപ്രായസ്വാതന്ത്ര്യമുണ്ടായിരിക്കും. ഒരു രാഷ്ട്രത്തിൽതന്നെ അനവധി മതസംഘടനകൾ കാണാം. എന്നാൽ രാഷ്ട്രീയമായ വ്യവസ്ഥ ഒന്നു മാത്രമേ ഉണ്ടായിരിക്കാൻ നിവൃത്തിയുള്ളു. മതം സാമുദായികം മാത്രമല്ല; സമുദായാതീതമായ ഒരു സംബന്ധത്തെ—ഈശ്വരനോടുള്ള ബന്ധത്തെ—കുറിക്കുന്നു. മതത്തിന്റെ ഈ സ്വഭാവവൈശിഷ്ട്യം മതസംഘത്തിനും ഉള്ളതാണ്.

## 12

# സാമുദായികനിയമസംഹിതകൾ

സാമുദായികനിയമം. സാമുദായികനിയമങ്ങളെല്ലാം ശാസനാരൂപത്തിലുള്ളതാണ്. അവയെ അനുസരിക്കാതിരിക്കാനോ വ്യത്യാസപ്പെടുത്താനോ സാധിക്കും. ഭൌതികനിയമങ്ങൾക്കുള്ളതുപോലെ അവയ്ക്ക് അലംഘനീയതയോ നിത്യതയോ ഇല്ല. മനുഷ്യസ്വഭാവത്തിൽ സ്ഥാപിതങ്ങളായതുകൊണ്ട് മനുഷ്യർക്കുണ്ടാകുന്ന ആവശ്യങ്ങളുടേയും ആഗ്രഹങ്ങളുടേയും മാററമനുസരിച്ച് സാമുദായികനിയമങ്ങളും മാറുകതന്നെ ചെയ്യും.

ചട്ടങ്ങളും ശിക്ഷകളും. ശിക്ഷതന്നെയാണ് നിയമാനുസരണത്തിന് പ്രധാന കാരണം. നിയമം നല്ലതാണെന്നു വിചാരിച്ച് അതനുസരിക്കാൻ ശീലിച്ചിട്ടുള്ളതുകൊണ്ടും അന്യർ അനുമോദിക്കും എന്നുള്ള ധാരണകൊണ്ടും അവരവരുടെ താൽപര്യങ്ങൾക്ക് ഉപയുക്തങ്ങളായതുകൊണ്ടും ഇതരക്കു മാതൃകയായിരിക്കണമെന്നുള്ള ആഗ്രഹം കൊണ്ടും ജനങ്ങൾ നിയമങ്ങളെ

അനുസരിക്കുന്നു. അതിനാൽ നിയമാനുസരണത്തിൻെറ ഉദ്ദേശ്യം വിഭിന്നവും വ്യക്തിപരവുമാണ്. എന്നാൽ ശിക്ഷ വ്യവസ്ഥിതവും സാമുദായികവുമത്രേ.

ഏതു സമുദായവും അതിലെ അംഗങ്ങൾക്ക് ചില നിയമങ്ങൾ വിധിക്കുന്നുണ്ട്. എന്നാൽ ഒരുവൻെറ ജീവിതം, സ്വത്ത് മുതലായവ ഇല്ലാതാക്കാൻ രാഷ്ട്രത്തിലെ നിയമത്തിനു മാത്രമേ അധികാരവും ശക്തിയുമുള്ളൂ.

പ്രാചീനകാലത്തെ നിയമസംഹിതകളിൽ സന്മാർഗ്ഗചര്യ, ചട്ടം മുതലായവയെല്ലാം കലർന്നിരുന്നു. മനുസ്മൃതി മുതലായ ധർമ്മശാസ്ത്രങ്ങൾ പരിശോധിച്ചാൽ ഈ വസ്തുത വെളിപ്പെടുന്നതാണ്. ആധുനികകാലത്ത് ഇവയെല്ലാം വേർതിരിക്കപ്പെട്ടിരിക്കുന്നു. ചട്ടം പ്രത്യേകമായിത്തന്നെ സ്ഥിതിചെയ്യുന്നു. ഈ വിഭജനം സാമുദായികാഭിവൃദ്ധിയുടെ ഫലമാണ്.

നിയമപരിപാലനം, അഥവാ സാമുദായികവ്യവസ്ഥ ശിക്ഷകൊണ്ടുമാത്രം നിലനില്ക്കുകയില്ല. വിശ്വാസവും ശ്രദ്ധയും ദൃഢനിശ്ചയവും തന്നെയാണ് അതിന് അടിസ്ഥാനം. ഇവ സാമുദായികപരിതഃസ്ഥിതിയിൽനിന്ന് ഉളവാകുന്നതാണ്. ഓരോ സമുദായവും പരിതഃസ്ഥിതിയനുസരിച്ച് വിശ്വസിക്കുന്നതിനാൽ അതതിൻെറ ആചരണം അത്യന്തം ശ്രേഷ്ഠമായി കരുതുന്നു.

ശൈശവം മുതൽക്കു തന്നെ മാതാപിതാക്കന്മാരും മററും അതതു സമുദായത്തിൽ നടപ്പുള്ള നന്മതിന്മകളെ സംബന്ധിച്ച ബോധവും ആചാരങ്ങളും സന്താനങ്ങളിൽ സംക്രമിപ്പിക്കുന്നു. അതുകൊണ്ട് സ്വാഭാവികമായിത്തന്നെ അവർ അവയിൽ കൂടി വളരുന്നു. ഇങ്ങനെയാണ് അവ സഹജമായിത്തീരുന്നത്. തന്മൂലം മതപരമായും രാഷ്ട്രീയമായും അനുകൂലാഭിപ്രായങ്ങൾ രൂപവൽക്കരിക്കുന്നതിന് ഇക്കാലത്ത് അവരെ പ്രേരിപ്പിക്കുന്നത് മതസംഘടനകളും രാഷ്ട്രവും തന്നെയാണ്.

മുൻ പറഞ്ഞ ശിക്ഷണം കൂടാതെ ഈ വിശ്വാസങ്ങൾ എല്ലാം സ്വയം ഉണ്ടാകത്തക്കവണ്ണം ജനങ്ങളെ ശീലിപ്പിക്കുക എന്നതും ഒരു മാർഗ്ഗമായി അംഗീകരിച്ചിട്ടുണ്ട്. പരിചിതമായതെല്ലാം നന്മയെന്നും അപരിചിതമായതെല്ലാം തിന്മയെന്നും തോന്നുന്നത് മനുഷ്യസ്വഭാവമാണ്. ഇതോടുകൂടി ഒരു നേതാവിന്റെ പ്രേരണയും പ്രവൃത്തിയും ആചാരവിശ്വാസാദികൾക്ക് സ്ഥൈര്യവും മേന്മയും കൊടുക്കുന്നു.

നായകൻ പ്രബലനായാൽ കൂടുതൽ പ്രചാരത്തിന് സ്വാഭാവികമായിത്തന്നെ വഴിയുണ്ട്. വിഗ്രഹങ്ങൾ, ചിഹ്നങ്ങൾ മുതലായവയും ഈ ആചാരവിശ്വാസാദികളുടെ പ്രചരണത്തിന് ഉപകരിക്കുന്നു. അവയും സാമുദായികങ്ങൾ തന്നെ.

നിർബ്ബന്ധം അഥവാ ബലപ്രയോഗം കൂടാതെ ഒരു നിയമത്തിനും നിലനില്പില്ല. എന്നാൽ ഇതരമാർഗ്ഗങ്ങൾ ഫലപ്രദങ്ങളാണെങ്കിൽ ബലം ഉപയോഗിക്കുന്നത് അനാവശ്യവും നഷ്ടകരവുമാണ്. അത് എതിർപ്പിനെ വളർത്തുകയും ചെയ്യുന്നു. അതുകൊണ്ടു തന്നെയാണ് "സമാധാനം ഇച്ഛിക്കുന്നെങ്കിൽ യുദ്ധത്തിനു തയ്യാറാകണം" എന്നുള്ള വാക്യം തെറ്റും "സമാധാനം ആഗ്രഹിക്കുന്നെങ്കിൽ സമാധാനത്തിനുവേണ്ടി തയ്യാറാകുക" എന്നുള്ള വാക്യം ശരിയും ആയിരിക്കുന്നത്. ഐക്യനാടുകളിലെ ഓരോ രാജ്യവിഭാഗവും സമാധാനത്തെയാണ് ഇഷ്ടപ്പെടുന്നത്. അതിനാൽ അവിടെ അഭിവൃദ്ധിയും ഉണ്ട്. ഭൂരിപക്ഷം ജനങ്ങളും എതിരാണെങ്കിൽ ഒരു ചട്ടവും നിലനില്ക്കുകയില്ല. അതുകൊണ്ട് ജനങ്ങളുടെ നിയമാനുസരണത്തെ ആശ്രയിച്ചുതന്നെയാണ് നിയമങ്ങൾ നടപ്പിൽ വരുത്തുന്നത്. നിയമത്തിന്റെ ഉദ്ദേശ്യം സാമുദായികനന്മയായതുകൊണ്ട് നിയമസ്ഥാപനം ശിക്ഷകൊണ്ടുമാത്രം സാധ്യമാകുന്നതല്ല.

എങ്കിലും രാഷ്ട്രീയനിയമസംസ്ഥിതിക്ക് ബലപ്രയോഗം അത്യാവശ്യമാണ്.

മതവും സന്മാർഗ്ഗചര്യയും. ഇവ രണ്ടും വളരെ ബന്ധപ്പെട്ടിരിക്കുന്നു. മതം മനുഷ്യർ തമ്മിലുള്ള ബന്ധത്തെ മാത്രമല്ല, മനുഷ്യനും ഈശ്വരനും തമ്മിലുള്ള ബന്ധത്തെയും നിർവചിക്കുന്നു. മതത്തിലെയും സന്മാർഗ്ഗചര്യയിലെയും വിധിനിഷേധങ്ങൾ പലപ്പോഴും ഒന്നായിരിക്കാം. എന്നാൽ മതം ലൌകികപ്രമാണത്തെ ആശ്രയിക്കുന്നില്ല. മനുഷ്യരിലുള്ള നന്മതിന്മകളുടെ ബോധത്തിൽനിന്ന് സംജാതമാകുന്നതാണ് സന്മാർഗ്ഗനിഷ്ഠാനിയമം. മതവും സന്മാർനിഷ്ഠയും പരസ്പരം സഹായികളായിരിക്കുന്നുണ്ട്. എന്നാൽ സമുദായത്തിന്റെ ആവശ്യവും അഭിവൃദ്ധിയും അനുസരിച്ച് സദാചാരം മാറാറുണ്ടെങ്കിലും മതം പഴയപോലെ തന്നെ മാററമില്ലാതെ സ്ഥിതി ചെയ്യുകയാണെങ്കിൽ ഇവ തമ്മിൽ സംഘർഷവും സംഭവിച്ചേയ്ക്കാം. സാമുദായികമായ നന്മ എന്നത് മതദൃഷ്ട്യാ ഗൌണം മാത്രമായതുകൊണ്ട്. മതവും സൽപ്രവൃത്തിയും തമ്മിൽ സംഘർഷമുണ്ടാകാം. എന്നാൽ മതം സാർവ്വജനീനമാകുന്തോറും ഈ മത്സരം നശിച്ച് മതവും സന്മാർഗ്ഗവും ഒന്നായിത്തീരും.

ആചാരവും ചട്ടവും. ഒരു രാഷ്ട്രത്തിലെ കോടതികളിൽ സ്വീകരിക്കുകയും വ്യാഖ്യാനിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന നിയമമത്രേ ചട്ടം. ആചാരങ്ങൾ താനേതന്നെ വന്നുചേരുന്ന സാമുദായികനിയമങ്ങളാണ്. അവയെ ആരും സ്ഥാപിച്ചതല്ല; സമുദായം സ്വീകരിച്ചതുകൊണ്ട് അവ ക്രമേണ നടപ്പിൽ വന്നതാണ്. എല്ലാ അവസ്ഥകളിലും അവതന്നെയാണ് നമ്മെ നിയന്ത്രിക്കുന്നത്. എന്നാൽ സമുദായത്തിന്റെ വളർച്ചയ്ക്കു തക്കവണ്ണം നൂതനാവശ്യങ്ങളും നൂതനവ്യവസ്ഥകളും ആചാരത്തിൽനിന്നുണ്ടാകാൻ നിവൃത്തിയില്ല.

ആ ഘട്ടങ്ങളിൽ ചട്ടത്തിന്റെ അവശ്യം വന്നുചേരുന്നു. ഇതാണ് ആധുനികകാലത്ത് അനവധി ചട്ടങ്ങൾ ആവിർഭവിക്കുന്നതിനുള്ള കാരണം. ഇന്നത്തെ വ്യവസായാഭിവൃദ്ധിമുതലായതും പുതിയ ചട്ടങ്ങളുടെ സൃഷ്ടിക്കു കാരണമായിട്ടുണ്ട്. ചട്ടത്തിന്റെ പ്രവൃത്തികൾ—(1) രക്ഷയും പ്രവൃത്തിസൌകൎയ്യവും ഉള്ള വ്യവസ്ഥ സ്ഥാപിക്കുക. (2) സമുദായങ്ങളും വ്യക്തികളും തമ്മിൽ ഉണ്ടാകുന്നതും അവക്കു സ്വയം തീരുമാനിക്കാൻ സാധിക്കാത്തതുമായ സംഘർഷങ്ങളെ പരിഹരിച്ച് ശരിയായി തീരുമാനിക്കുക.

ആചാരവും ചട്ടവും പരസ്പരം ആശ്രയിച്ചിരിക്കുന്നു. ആചാരങ്ങൾ ചട്ടമായിത്തീരുകയും ചട്ടം ആചാരങ്ങളെ സൃഷ്ടിക്കുകയും ചെയ്യുന്നു. ആചരണംകൊണ്ടു മാത്രമേ ചട്ടത്തിന് സമുദായത്തിൽ ദൃഢപ്രതിഷ്ഠ ഉണ്ടാകുകയുള്ളു. ഇപ്രകാരം കച്ചവടത്തിലെ ആചാരങ്ങൾ ചട്ടമായിത്തീന്നിട്ടുണ്ട്. ചട്ടം പുതിയ ആചാരങ്ങളെ സൃഷ്ടിക്കാൻ കാരണമായിത്തീരുന്നു.

<u>രീതിയും ആചാരവും.</u> രീതി (ഫ്ാഷൻ) എന്നത് സമുദായാനുമതമായ സംസ്കാരസമ്പ്രദായമാകുന്നു. സാഹിത്യം, കല മുതലായ സകല സംസ്കാരങ്ങളിലും ഈ "രീതി" ഉണ്ട്. പ്രാചീനസമ്പ്രദായത്തെ ഇത് അവലംബിക്കുന്നില്ല എന്നതാണ് ആചാരത്തിൽ നിന്നും ഇതിനുള്ള വ്യത്യാസം. മൎയ്യാദ ചില പ്രത്യേകസന്ദർഭങ്ങളിൽ ആചരിക്കേണ്ട ചടങ്ങുകളെ വിധിക്കുന്നു. ഇക്കാലത്ത് രീതിക്ക് കൂടുതൽ പ്രചാരം കാണുന്നുണ്ട്.

<u>ആചാരവും ശീലവും.</u> ശീലം അഥവാ സ്വഭാവം വ്യക്തിയുടെ ജീവിതത്തിൽ വ്യവസ്ഥിതമായിട്ടുള്ളതാണ്. അഭ്യാസബലം കൊണ്ട് നമുക്കു ദൈനംദിനജീവിതത്തിൽ അനേകം ജോലികൾ ക്ഷിപ്രസാദ്ധ്യങ്ങളായിത്തീരുന്നു. തന്മൂലം നമ്മുടെ ശക്തികളെ മററു കാൎയ്യങ്ങൾക്കായി വിനിയോഗിക്കാൻ സൌകൎയ്യം ലഭിക്കുന്നു.

ആചാരം സമുദായത്തിന്റെയും ശീലം വ്യക്തിയുടെയും നീതിയാകുന്നു. ഒരു വൈദ്യന്റെ ചികിത്സാനൈപുണ്യം ശീലവും, മര്യാദ ആചാരവുമാണ്. വ്യക്തിയുടെ ന്യായബോധം സമുദായനിയമത്തിന് എതിരായി വരുമ്പോൾ അത് ഒരു നോവലിനോ നാടകത്തിനോ വിഷയമായിത്തീരുന്നു.

വ്യക്തിയും സമുദായാചാരവും തമ്മിൽ സംഘർഷം വരുന്ന പല അവസരങ്ങളുമുണ്ടാകാം. (1) പ്രാബല്യമുള്ള കൂട്ടങ്ങൾ സ്വേച്ഛാനുസരണം ബലഹീനരെക്കൊണ്ട് പ്രവർത്തിപ്പിക്കാൻ ശ്രമിക്കുന്നു. (2) അധികാരവും പ്രശസ്തിയും ഉള്ളവർ അവരുടെ സ്വാതന്ത്ര്യം സാധിക്കാൻ വേണ്ടി ഇതര വ്യക്തികളുടെ താൽപര്യങ്ങളെ അവഗണിക്കുന്നു. ഇങ്ങനെയുള്ള പ്രതിരോധം മൂലം ആ വ്യക്തികൾക്ക് മുൻപറഞ്ഞ കൂട്ടത്തോടോ സമുദായത്തോടോ വെറുപ്പ് തോന്നുന്നു. പൊതുക്കാര്യങ്ങൾ സാധിക്കാൻ നിയമങ്ങളും നിരോധനങ്ങളും വ്യവസ്ഥകളും ആവശ്യം തന്നെ. എന്നാൽ വ്യക്തിസ്വാതന്ത്ര്യം കൂടാതെ വ്യക്തിക്ക് വളർച്ച ഉണ്ടാകുന്നതല്ല. (3) ഒരു പ്രത്യേകാവസ്ഥയിൽ ഉണ്ടായിട്ടുള്ള വ്യവസ്ഥകൾ പിൽക്കാലത്ത് ഉപയോഗശൂന്യങ്ങളായിത്തീർന്നാലും അവയെ ജനങ്ങൾ മുറുകെപ്പിടിക്കുന്നു. പഴക്കംകൊണ്ട് ആ വ്യവസ്ഥകൾ വേരൂന്നുന്നു. എന്നാൽ അവയെ അവസരോചിതം മാറേണ്ടതു തന്നെയാണ്.

സമുദായനിയമങ്ങൾ വ്യക്തിയുടെ സകല അവസ്ഥകളെയും വ്യക്തികൾ തമ്മിലുള്ള ഭിന്നതകളെയും പരിഗണിക്കാത്തതു കൊണ്ട് പല സമയങ്ങളിലും വ്യക്തികൾ അനുവർത്തിക്കേണ്ട മാർഗ്ഗങ്ങളെപ്പറ്റി സംശയം തോന്നാം. ഒരാളെ കൊല്ലാൻ ഉദ്ദേശിക്കുന്ന ഒരുവനോട് ആ ആൾ എവിടെ എന്ന് പറഞ്ഞുകൊടുക്കുന്നതു ന്യായമാണോ? പരിഭ്രാന്തചിത്തനായ ഒരു രോ

ഗിയോട് അയാളുടെ അവസ്ഥ ആപൽക്കരമാണെന്നു പറയാമോ? അതതു ഘട്ടങ്ങളിൽ ചെയ്യേണ്ടതു് വ്യക്തി തന്നെ നിശ്ചയിക്കേണ്ടതാണ്.

സാമുദായികനടപടികൾ കൊണ്ടു് ഇന്ന അവസ്ഥയിൽ ഇന്നതു ചെയ്യണമെന്നു് ഒരു വ്യക്തി ബാല്യകാലം മുതല്ക്കേ പരിചയിക്കുന്നു. എന്നാൽ ഓരോ പ്രവൃത്തിയിലും വ്യക്തിയുടെ സ്വഭാവം പ്രതിഫലിക്കുന്നുണ്ടു്. അവൻ ഒരു വിവേചനാശക്തിയുള്ളവനായി പെരുമാറുന്നു. പരിചയിച്ചതാണെങ്കിലും യുക്തമല്ലെന്നു് തോന്നുന്ന അവസരത്തിൽ സാമുദായികനടപടികളെ പരിത്യജിക്കാൻ മടിക്കുന്നില്ല. എങ്കിലും മനുഷ്യൻ സമുദായജീവിയായതുകൊണ്ടു് സ്വജനങ്ങളുടെയും അയൽക്കാരുടെയും രീതി അനുസരിച്ചു് പ്രവൎത്തിക്കാൻ കടപ്പെട്ടവനാണ്. അതുകൊണ്ടു് ചില സമയങ്ങളിൽ തനിക്കിഷ്ടമല്ലാത്തതു ചെയ്യാനും ഒരു വ്യക്തി നിർബ്ബന്ധിതനായിത്തീരുന്നു. അപ്പോൾ പരസ്പരവിരുദ്ധങ്ങളായ നിയമങ്ങളിൽ ഏതിനെയാണ് അനുസരിക്കേണ്ടതു് എന്ന ചോദ്യവും ആവിർഭവിക്കുന്നു. അച്ഛന്റെ മനോദുഃഖത്തെ പരിഹരിക്കുന്നതിനുവേണ്ടി താൻ വിശ്വസിക്കാത്ത ഒരു മതത്തെ സ്വീകരിക്കണമോ, അഥവാ മനസ്സാക്ഷി അനുസരിച്ചു് പ്രവൎത്തിക്കണമോ, എന്നിത്യാദി പ്രശ്നങ്ങൾക്കിട വരും.

ആദിമസമുദായത്തിൽ വ്യക്തി അന്ധനായിട്ടു്, അതായതു കാൎയ്യകാരണങ്ങൾ ആലോചിക്കാതെ സമുദായ നടപടികളെ ആചരിക്കുന്നു. അറിഞ്ഞു് ബുദ്ധിപൂർവ്വം ആചരിക്കുക എന്നതാണ് സ്വീകാൎയ്യമായ ആദൎശം.

# 13

## സാമുദായികപരിവൎത്തനം

ചരിത്രദൃഷ്ട്യാ നോക്കുമ്പോൾ സമുദായം സദാ മാറിക്കൊണ്ടിരിക്കുന്നതായിക്കാണാം. സമുദായം ഒരുകാലഘട്ടത്തിൽ ഒരു രൂപത്തിൽ സ്ഥിതിചെയ്യുന്നു. അതു പുരോഗമിച്ചുകൊണ്ടിരിക്കുന്നു എന്നല്ലാതെ, ഒരു പരിണാമത്തിൽ എത്തിച്ചേരുന്നില്ല. ഒരു സ്ഥാപനമോ, കൂട്ടമോ, അതാതിനെ സൃഷ്ടിക്കുന്ന പദ്ധതിയിൽ മാത്രം സ്ഥിതിചെയ്യുന്നു. ജനങ്ങൾ അനുഷ്ഠിക്കാതെ വന്നാൽ ഒരു ആചാരവും നിലനില്ക്കുകയില്ല. സംസ്കാരം പരിഷ്കാരം മുതലായവ ഫലങ്ങളാണ്, പദ്ധതികളല്ല. പാറക്കല്ലുപോലെ എന്നും ഒരേനിലയിൽ ഇരിക്കുന്നതല്ല സമുദായം.

സാമുദായികപരിവർത്തനത്തിനു അനുകൂലമായി ചില അവസ്ഥകൾ ഉണ്ട്.

(1) ഭൗതികമായ പരിതഃസ്ഥിതി:—ഭൂമി സംബന്ധമായ മാററങ്ങൾ—അതായത് കൊടുങ്കാററ്, ഭൂകമ്പം, ജലപ്ലാവനം, ശീതോഷ്ണാവസ്ഥ മുതലായവ. ഈ മാററങ്ങളനുസരിച്ച് സാമുദായികവ്യവസ്ഥകളും മാറേറണ്ടിവരുന്നു.

(2) മനുഷ്യസമുദായത്തിൻെറ വളർച്ച, അധഃപതനം മുതലായവകൊണ്ടുണ്ടാകുന്ന മാററങ്ങൾ. തൻെറ ആവശ്യം നിറവേറുന്നതിനുവേണ്ടി മനുഷ്യൻ ഒരു പരിഷ്കാരത്തെ സൃഷ്ടിക്കുന്നു. അതിൽ അവൻ ആദ്യം കരുതിയതിൽ കൂടുതൽ സാമുദായികങ്ങളായ മാററങ്ങൾ ചെയ്യേണ്ടിവരുന്നു. ഉദാഹരണമായി നാം ഒരു വീടു പണിയിക്കുന്നു എന്നിരിക്കട്ടെ. കുറെ കഴിയുമ്പോൾ അതിൽ താമസിക്കുന്നതിനുവേണ്ടി നമ്മുടെ ചില രീതികളെ മാറേറ

ണ്ടിവരുന്നു. അതുപോലെ പഴയ ആവശ്യങ്ങൾ നിറവേററാൻ നവീനമാർഗ്ഗങ്ങൾ കണ്ടുപിടിക്കുകയും, അനന്തരം പുതിയ പുതിയ ആവശ്യങ്ങൾ ആവിർഭവിക്കുകയും ചെയ്യുന്നു. ഓരോ പുതിയ കണ്ടുപിടിത്തവും, സാമുദായികങ്ങളായ നിരവധി മാററങ്ങൾ വരുത്തിയിട്ടുണ്ട്. ആവിയന്ത്രം കണ്ടുപിടിച്ചപ്പോൾ അതിൽനിന്ന് സംഭവിക്കാവുന്ന വിപുലമായ സാമുദായികമാററങ്ങളെ—പൂർവ്വാചാരങ്ങൾ, സ്ഥാപനങ്ങൾ, രാജ്യതന്ത്രങ്ങൾ, വിശ്വാസങ്ങൾ എന്നിവയിലുണ്ടാകാവുന്ന മാററങ്ങളെ—പ്പററി ആരും ഊഹിച്ചിരുന്നതേയില്ല. അതുപോലെ തന്നെ ടെലിഫോൺ, മോട്ടാർ, റേഡിയോ മുതലായവയും കുടുംബജീവിതത്തെ സാരമായി വ്യത്യാസപ്പെടുത്തിയിട്ടുണ്ട്. വിദൂരസ്ഥങ്ങളായ രാജ്യങ്ങളും ജാതികളും തമ്മിൽ സംസ്കാരവിനിമയം ചെയ്യാൻ റേഡിയോ സഹായമായിത്തീന്നിരിക്കുന്നു.

സർവ്വോപരി സംസ്കാരത്തിൻെറ പ്രഭാവത്തെയും പരിഗണിക്കേണ്ടിയിരിക്കുന്നു. നിരന്തരമായ പരിവത്തനശീലത്തോടുകൂടിയതാണ് സംസ്കാരം. സംസ്കാരം വാസ്തവത്തിൽ വിലമതിപ്പാണ്. ഈ വിലമതിപ്പ് ഓരോ കാലത്തിലും ഓരോ വിധത്തിലാണ്. പൂവ്വികന്മാക്ക് ഏററവും ആസ്വാദ്യമായിരുന്നത് അവരുടെ സന്താനങ്ങൾക്കു തീരെ രുചിച്ചില്ലെന്നു വരാം.

സാമുദായികപരിവർത്തനം ചക്രഗതിപോലെയാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. അതല്ല ക്രമവികാസമാണെന്ന് മററു ചിലർ വാദിക്കുന്നു. യന്ത്രങ്ങൾക്കു പ്രാമാണ്യമുള്ള ഈ യുഗത്തിൽ സകലതും യന്ത്രംപോലെ ഉപകരണമാണെന്നുള്ള ചിന്ത ഉത്ഭവിക്കുന്നു. എന്നാൽ മനുഷ്യൻ പരിതഃസ്ഥിതികളുടെ ദാസൻ മാത്രമല്ല, വിമശകനുമാണ്. സകലതിനെയും സ്വസംസ്കാരം കൊണ്ട് നിയന്ത്രിക്കാൻ അവൻ ശ്രമിക്കുന്നു.

സാമുദായികമായ മാററങ്ങൾക്ക് കാരണമായി ചില സംസ്കാരഘടകങ്ങൾ ഉണ്ട്. പരിഷ്കാരമെന്നപോലെ സംസ്കാരവും സാമുദായികമായ മാററത്തിന് ആവശ്യമുള്ള മൌലികമായ ഒരു ഘടകമാണ്. സംസ്കാരം മാറിക്കൊണ്ടു തന്നെ ഇരിക്കുന്നു; എന്തെന്നാൽ സദാ ചലിക്കുക എന്നതു തന്നെയാണ് അതിൻെറ സ്വഭാവം. മാസികഗ്രന്ഥങ്ങളിൽ നിന്നും ജനങ്ങളുടെ സംസ്കാരഗതി മനസ്സിലാക്കാവുന്നതാണ്. അവയിൽ മതം തത്വജ്ഞാനം മുതലായവയെക്കുറിച്ചുള്ള ലേഖനങ്ങൾ ഇടക്കാലത്ത് കുറയുകയും വൈജ്ഞാനികങ്ങളായ ഉപന്യാസങ്ങൾ വദ്ധിക്കുകയും ചെയ്തതായിക്കാണുന്നു.

സംസ്കാരത്തെ പരിഷ്കാരത്തിന് അനുകൂലമാക്കിത്തീക്കുകയല്ല വേണ്ടത്. നേരേമറിച്ച് പരിഷ്കാരത്തെ സംസ്കാരത്തിന് അധീനമാക്കുക എന്നതാണ് നമ്മുടെ കത്തവ്യം.

സാമുദായികവികാസം യഥാത്ഥമായിട്ടുള്ളതാണ്. പരിഷ്കൃതങ്ങളായ ആധുനികസാമുദായികപദ്ധതികളിൽ കാണുന്ന സംഘങ്ങളുടെ പരസ്പരാശ്രയഭാവം പ്രാചീനസമുദായത്തിൽ ദൃശ്യമാകുന്നില്ല. അക്കാലത്ത് തൊഴിൽ-വിഭജനം കൂടാതെ എല്ലാം കഴിഞ്ഞിക്കിടന്നിരുന്നു. മതം, സന്മാൎഗ്ഗനിഷ്ഠ, ആചാരം, നിയമം ഇവയൊന്നും വേർതിരിക്കപ്പെട്ടിരുന്നില്ല. കുടുംബത്തിൻെറ അനുകരണമായിരുന്നു രാഷ്ട്രം. ജാതി, സമുദായം, വൎഗ്ഗം എന്നു പറയുന്നതെല്ലാം ഒരു വലിയ കുടുംബംപോലെ തന്നെ അഭിന്നമായ നിലയിൽ വൎത്തിച്ചിരുന്നു. സകല ജനങ്ങളും ആ നില പരിപാലിക്കുകയുംചെയ്തിരുന്നു. അവനവന്റെ വാസനയനുസരിച്ച് പ്രവൎത്തിക്കാൻ ആക്കും സ്വാതന്ത്ര്യമില്ലായിരുന്നു. ആധുനികകാലത്താകട്ടെ പ്രായേണ സകല താൽപയ്യങ്ങൾക്കും പ്രത്യേകം സംഘങ്ങളുണ്ട്. ഒരു സംഘത്തിലെ അംഗം മറെറാരു സംഘത്തിലെ അംഗ

മായിരിക്കണമെന്ന് അനുമാനിക്കാൻ നിവൃത്തിയില്ല. മുൻ പറഞ്ഞ പ്രാചീന സാമുദായികസ്ഥിതിയിൽ നിന്ന് ഇന്നത്തെ അവസ്ഥയിൽ എത്തിച്ചേർന്നതിനെപ്പററി വിവരിക്കുകയാണ് മനുഷ്യചരിത്രത്തിൻെറ പ്രധാനവിഷയം.

സാമുദായികവികാസത്തിൻെറ ഒരു പ്രധാനഘടകം സംസ്കാരപ്രചരണമാകുന്നു. ഭാരതഭൂമിയിലെ തത്വജ്ഞാനം ചൈനായിലും ജപ്പാനിലും മററും വ്യാപിച്ചിട്ടുണ്ട്. ഗ്രീക്ക്സംസ്കാരം, ഈജിപ്ററ് മൈസീനി ക്രീററ് എന്നീ ദേശങ്ങളിലെ സംസ്കാരങ്ങളിൽ സ്ഥാപിതമാണ്. റോമിൻെറ ആദ്യകാലംമുതൽ തന്നെ അവിടെ ഗ്രീക്ക്സംസ്കാരത്തിൻെറ ആധിപത്യം ഉണ്ടായിരുന്നു. പ്രസ്തുത വികാസത്തിന് എതിരായി നിന്നിട്ടുള്ളത് രാഷ്ട്രംതന്നെയാണ്. മററു സംഘടനകളെയെല്ലാം സ്വന്തം ഘടനയുടെ അംഗമാക്കിത്തീക്കാനും സ്വശാസനങ്ങളെ അനുസരിപ്പിക്കാനുമാണ് രാഷ്ട്രം പ്രയത്നിച്ചിരുന്നത്. ചിലപ്പോഠം മതസ്ഥാപനങ്ങളും ഇതരസംഘടനകഠംക്കെതിരായി പ്രവത്തിച്ചിട്ടുണ്ട്. ഇററലി, ജമ്മനി തുടങ്ങിയ അപൂർവ്വം ചില രാജ്യങ്ങഠം ഇക്കാലത്തും സകലതും—വ്യക്തിജീവിതവും സമഷ്ടിസ്ഥിതിയും—രാഷ്ട്രത്തിനധീനമാക്കാൻ ശ്രമിക്കുന്നു. മാനസികവൈവിധ്യം ഉണ്ടായശേഷമാണ് ബാഹ്യമായി സാമുദായികവൈവിധ്യം വന്നുചേരുന്നത്. പ്രാചീനകാലത്തെ ഏകരൂപതയിൽ നിന്ന് ഇന്നത്തെ ബഹുരൂപത വന്നുചേന്നു. ക്രമേണ ജ്ഞാനം വദ്ധിച്ചുവന്നു. സമുദായത്തിൽ ചിലർ അതിൻെറ രക്ഷകന്മാരായിത്തീർന്നു. ഇങ്ങനെ പ്രത്യേക രീതിനീതികഠം വിധിനിഷേധങ്ങഠം മുതലായവ ആരംഭിച്ചു. പുതിയ സ്ഥാപനങ്ങഠം രൂപവൽക്കരിക്കപ്പെട്ടു. സ്ഥാപനങ്ങഠംക്കുശേഷം സംഘങ്ങഠം ആവിർഭവിക്കുന്നു. സാമുദായികവികാസം അഭിവൃദ്ധിയെ പ്രാപിക്കുകയും സമുദായത്തിൻെറ തോതു വലുതാകുകയും

താൽപര്യങ്ങൾ ജ്ഞാനത്തിന്റെ പുരോഗമനം മൂലം നാനാമുഖങ്ങളാകുകയും ചെയ്യുമ്പോഴാണ് സ്വതന്ത്രസംഘങ്ങളായി സ്ഥിതിചെയ്യാനുള്ള അധികാരം കാര്യക്ഷമമായി ത്തീരുന്നത്. അപ്പോഴാണ് കുടുംബവും സ്വതന്ത്രമായി അതിന്റെ അംഗങ്ങളുടെ സമ്മതത്തിൽ സ്ഥാപിതമാകുന്നത്. വിദ്യ ഏകരൂപതയിൽനിന്നും അനവധി വിദ്യകളും കലകളുമായി പരിണമിക്കുന്നതും അപ്പോൾതന്നെയാണ്.

രാഷ്ട്രം, സാമ്പത്തികസംഘം, കുടുംബം, മതസംഘം, വിദ്യാലയം മുതലായവയെ പരിണാമവാദതത്വമനുസരിച്ച് നോക്കുമ്പോൾ സമുദായത്തെ കൂടുതൽ മനസ്സിലാക്കാൻ നമുക്ക് സാധിക്കുന്നു. പരിണാമം എന്നു പറയുന്നത് ആന്തരമായ വളച്ചതന്നെയാണ്. ഒരു വസ്തുവിനു എന്തു സംഭവിക്കുന്നു എന്നതു മാത്രമല്ല, ആ വസ്തുവിനുള്ളിൽ എന്തു നടക്കുന്നു എന്നതും നാം പഠിക്കുന്നു. മുൻകാലങ്ങളിൽ ആചാരവും സന്മാർഗ്ഗവും ഒന്നായിരുന്നു; പിന്നീട് അവ വേർതിരിഞ്ഞു. ആചാരത്തിന്റെ പരിധി ഇപ്പോൾ എത്രയും സങ്കുചിതമായിരിക്കുന്നു. ഇതുപോലെതന്നെയണ് മതം മുതലായവയും. പരിണാമവാദംകൊണ്ട് മിക്ക വസ്തുക്കൾക്കും തമ്മിൽ ഒരു ആന്തരമായ സംബന്ധം കാണിക്കാൻ സാധിക്കുന്നു. കുടുംബത്തിൽ വന്നിട്ടുള്ള മാററങ്ങളിലെല്ലാം ഒരു അനുസ്യൂതമായ ആന്തരഭാവത്തിന്റെ വികാസം കാണുന്നു.

പരിണാമവാദം വിവിധങ്ങളായ സാമുദായികപദ്ധതികളെ ക്രമീകരിക്കുന്നതിന് സഹായിക്കുകയുംചെയ്യുന്നു. സർവ്വോപരി കാരണങ്ങൾ ആരാഞ്ഞു കണ്ടുപിടിക്കുന്നതിന് ഈ തത്വം നമ്മെ സഹായിക്കുന്നു. തൊഴിൽ വിഭജനത്തിനു കാരണമായി നില്ക്കുന്നത് കാര്യക്ഷമതതന്നെയാണെന്നു കാണാം. ദൃഷ്ടാന്തമായി പണ്ട് ഒരാൾ തന്നെ അനേകം തൊഴിലുകൾ അഭ്യസിച്ചിരുന്നു. റഷ്യ

ന്നാൽ പ്രവൃത്തികൾക്കൊന്നിനും ശരിയായ വൈദഗ്ദ്ധ്യം സിദ്ധിക്കാതെ വന്നു. അതിനാൽ ഒരു പ്രവൃത്തിയിൽ മാത്രം ഓരോരുത്തരും വൈദഗ്ദ്ധ്യം സമ്പാദിക്കാൻ ശ്രമിക്കണമെന്നുള്ള ബോധമുണ്ടായി.

സാമുദായികപരിണാമം എന്നതിന്ന് സാമുദായികാഭിവൃദ്ധി എന്നർത്ഥമില്ല. അഭിവൃദ്ധി ഓരോ വ്യക്തിയുടേയും മനോഭാവം അനുസരിച്ചിരിക്കുന്നു. പ്രാചീനമായിട്ടുള്ളതിനെ എല്ലാം സ്തുതിക്കുന്നവർ ചിലരുണ്ട്. അവരുടെ ദൃഷ്ടിയിൽ സാമുദായികപരിണാമം എന്നത് സാമുദായികാധഃപതനം മാത്രമാണ്.

അഗസ്ററ് കാങ്ററും അദ്ദേഹത്തിൻെറ അനുയായികളും യാഥാത്ഥ്യത്തെ തെററിദ്ധരിച്ച് സാമുദായികപരിണാമത്തെ സാമുദായികാഭിവൃദ്ധിയായി പ്രതിപാദിക്കുന്നു. അഭിവൃദ്ധിയെപ്പററിയുള്ള ധാരണകൾ വ്യക്തി, കാലം, സമുദായം, മുതലായവ അനുസരിച്ച് അനേകവിധത്തിലാണ്. പരിതഃസ്ഥിതിമൂലം അഭിവൃദ്ധിയെക്കുറിച്ചുള്ള ധാരണകൾ മാറുന്നുണ്ട്. സാർവ്വജനീനമായി സ്വീകരിക്കപ്പെടാവുന്ന ഒരഭിവൃദ്ധി ഇല്ലതന്നെ. തന്നെയല്ല, നാം ഇഷ്ടപ്പെടുന്നതും ഇഷ്ടപ്പെടേണ്ടതായി വിചാരിക്കുന്നതും തമ്മിൽ വ്യത്യാസമുണ്ട്. ചുരുക്കിപ്പറഞ്ഞാൽ അഭിവൃദ്ധി മനുഷ്യനിഷ്ഠമാണ്, വസ്തുനിഷ്ഠമല്ല. സകലരും സുഖം ആഗ്രഹിക്കുന്നു എന്നു പറഞ്ഞതുകൊണ്ടു മാത്രം മതിയാകയില്ല. സുഖത്തെപ്പററിയുള്ള ധാരണയിൽ പല വ്യത്യാസങ്ങളുമുണ്ട്. സ്വാസ്ഥ്യം, ദീർഘായുസ്സ്, ഉപജീവനം, യശസ്സ്, ബഹുമാനം മുതലായവ സാധാരണമായി സകലരും ആഗ്രഹിക്കുന്നുവെങ്കിലും അവ അഭിവൃദ്ധിക്കാവശ്യമുള്ള ഉപകരണങ്ങളെന്നല്ലാതെ അഭിവൃദ്ധി ആകുന്നില്ല. അതായത് പരിഷ്ക്കാരവും സംസ്കാരവും ഒന്നല്ല. അജ്ഞത തന്നെയാണ് മേല്പറഞ്ഞ തെററിദ്ധാരണയ്ക്കുള്ള കാരണം.

ശാസ്ത്രത്തിന്റെ (സയൻസിന്റെ) വിഷയങ്ങൾ വിവിധങ്ങളാണ്. ശാസ്ത്രം സാധനങ്ങളുടെയും സാദ്ധ്യങ്ങളുടെയും ബന്ധത്തെപ്പററി പ്രതിപാദിക്കുന്നു. സാദ്ധ്യങ്ങളെ ശ്രേഷ്ഠങ്ങളെന്നു സ്ഥാപിക്കാൻ ശാസ്ത്രത്തിനു നിവൃത്തിയില്ല. എന്നാൽ ഒരു സാദ്ധ്യത്തിന് ഏതെല്ലാം സാധനങ്ങൾ പര്യാപ്തമാണ് എന്നുള്ളത് ശാസ്ത്രത്തിനു ചർച്ച ചെയ്യാം. ഉള്ളതിനെപ്പററിയല്ലാതെ ഉണ്ടായിരിക്കേണ്ടതിനെപ്പററി ആലോചിക്കുന്നത് ശാസ്ത്രത്തിന്റെ വിഷയമല്ല.

സാമുദായികങ്ങളായ സ്ഥാപനങ്ങളിലും സംഘടനകളിലും കല്പിക്കുന്ന വിലമതിപ്പുകളെപ്പററി സമുദായശാസ്ത്രം പ്രതിപാദിക്കണം. എന്നാൽ വിലമതിപ്പുകളെ തുലനം ചെയ്യുന്നത് അതിന്റെ വിഷയമല്ല. സംഘങ്ങളുടെയും സ്ഥാപനങ്ങളുടെയും ഉപയോഗത്തെപ്പററി വിമർശിക്കുമ്പോൾ (അതായത് അവയുടെ ഉദ്ദേശ്യസിദ്ധിക്ക് അവ പര്യാപ്തമാണോ അല്ലയോ എന്നു ഗുണദോഷവിചിന്തനം ചെയ്യുമ്പോൾ) തന്റെ "വിലമതിപ്പ്" കലർത്താതിരിക്കാൻ ശാസ്ത്രജ്ഞൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സാമുദായിക പരിവർത്തനങ്ങൾക്കുള്ള ഒരു കാരണം അഭിവൃദ്ധിക്കുള്ള ആകാംക്ഷയാണ്. അത് ഏതു കാലത്തും പ്രവർത്തിച്ചുകൊണ്ടു തന്നെയിരിക്കും. എല്ലാ അവസ്ഥകളിലും മാറിക്കൊണ്ടിരിക്കുന്ന പരിതഃസ്ഥിതിക്ക് അനുകൂലമായിത്തീരുക എന്നതാണു ജീവിതതത്വം.

# 14

# സാമുദായികഗതി

ഒരു സാമുദായികസംഘം മററു സംഘടനകളിൽ നിന്നു വ്യത്യസ്തമായിരിക്കുന്നത് അതിൻെറ അംഗങ്ങൾ പരസ്പരം യോജിച്ചു പ്രവത്തിക്കുന്നു എന്നതുകൊണ്ടാണ്. ഓരോ അംഗത്തിൻെറ പ്രവൃത്തിയും പെരുമാററവും മററംഗങ്ങളുടെ പ്രവൃത്തികളാൽ നിയന്ത്രിക്കപ്പെട്ടുക എന്നതിനാണ് പരസ്പരപ്രവത്തനം എന്നു പറയുന്നത്. അന്യോന്യാശ്രയം കൂടാതെ ഒരു സമുദായവും നിലനില്ക്കുകയില്ല.

പരസ്പരപ്രവത്തനത്തിനു് വിവിധഭാവങ്ങൾ ഉണ്ട്. (1) പരസ്പരാധീനത സമമോ വിപരീതമോ ആയിരിക്കാം. ഒന്നിനെ അന്യോന്യമെന്നും മററതിനെ ഏകമുഖമെന്നും പറയാം. (2) പരസ്പരാധീനത സമ്പൂണ്ണമോ ആംശികമോ ആകാം. ശിശുവും മാതാവും തമ്മിലുള്ളത് മിക്കവാറും സമ്പൂണ്ണമാകുന്നു. വേലക്കാരനും യജമാനനും, അദ്ധ്യാപകനും ശിഷ്യനും, വൈദ്യനും രോഗിയും, ജന്മിയും പാട്ടക്കാരനും, തമ്മിലുള്ള ബന്ധം ആംശികം മാത്രമാണ്.

സാമുദായികബന്ധവും ഇതരബന്ധങ്ങളും തമ്മിലുള്ള വ്യത്യാസം, ആദ്യത്തേതു് ഒരു മാനസികാവസ്ഥയെ ആശ്രയിച്ചിരിക്കുന്നുവെന്നതാണ്. ഭൂമിയും സൂൎയ്യനും, അഗ്നിയും ധൂമവും തമ്മിൽ സംബന്ധമുണ്ടെങ്കിലും അത് സാമുദായികബന്ധമല്ല. അവയ്ക്കു അന്യോന്യബോധം ഇല്ല. പേനയും മഷിയും തമ്മിൽ ബന്ധമുണ്ടെങ്കിലും അത് സാമുദായികബന്ധമല്ല. സമുദായജീവികൾ അന്യോന്യബോധമനുസരിച്ച് പരസ്പരം പെരുമാറുമ്പോൾ ഉണ്ടാകുന്ന ബന്ധമാണു സാമുദായികബന്ധം. എന്നാൽ

ഒരു യുദ്ധത്തിൽ ഏറ്റപ്പെടുന്ന ഇരുകക്ഷികൾ തമ്മിലുള്ള ബന്ധം സാമുദായികബന്ധമല്ല. അത് സാമുദായികബന്ധമായിത്തീരണമെങ്കിൽ ഒരേ സമുദായത്തിൽ ഉൾപ്പെട്ടവരാണെന്നുള്ള ബോധവും അംഗങ്ങൾക്ക് ഉണ്ടായിരിക്കണം. പ്രധാനമായി സമത്വവും അപ്രധാനമായി വ്യത്യാസവും ഉള്ള സാമുദായികജീവികൾ ഒന്നുചേരുമ്പോൾ ഒരു ഉത്തമ സമുദായം സംജാതമാകുന്നു. മനുഷ്യൻ സ്വതേ തന്നെ സാമുദായികജീവിയായതുകൊണ്ട് അവൻ സമുദായത്തിലും സമുദായത്തിൽ കൂടിയും ആണ് ജീവിക്കുന്നത്.

സാമുദായികങ്ങളായ ശ്രേണീവിഭാഗങ്ങൾ തമ്മിലുള്ള ഭിന്നതയ്ക്ക് അടിസ്ഥാനം ഭാവനാവ്യത്യാസമാണ്. ഇത് മൂന്നുവിധത്തിലുണ്ട്.

(1) സ്വശ്രേണിയുമായി ഒരു ഐക്യബോധം; അതിലുൾപ്പെട്ടവരുമായി സൈ്വരമായി താമസിക്കാമെന്നുള്ള വിചാരം; യോജിച്ചുതന്നെ കഴിഞ്ഞുകൂടാമെന്നുള്ള ധാരണ. (2) സാമുദായികശ്രേണികളിൽ ഉയർന്നവരോടു വിനയം. (3) താഴ്ന്ന ശ്രേണികളെ അപേക്ഷിച്ച് സ്വശ്രേണി ഉപരിനിലയിലാണെന്നുള്ള വിചാരം.

ആധുനികകാലത്തെ സമുദായവിഭാഗം പ്രായേണ ധനത്തെ അടിസ്ഥാനപ്പെടുത്തിയാണ് കാണുന്നത്. ഒരുവന്റെ സാമ്പത്തികമായ അവസ്ഥയാണ് അവനു ലഭിക്കാവുന്ന വിദ്യാഭ്യാസത്തേയും ഏർപ്പെടാവുന്ന തൊഴിലിനേയും മിക്കവാറും നിയന്ത്രിക്കുന്നത്. മനുഷ്യന്റെ ജീവിതരീതിയും സാമുദായികസ്ഥിതിയും സാമാന്യേന കുറിക്കുന്നത് തൊഴിൽ തന്നെയാണ്. തന്റെ പരിതഃസ്ഥിതിയുടെ തോതനുസരിച്ച് ജീവിക്കാൻ സാധിക്കാത്തവനെ ദരിദ്രനെന്നും അതിനുപരിയായി ജീവിക്കാൻ കഴിയുന്നവനെ ധനവാനെന്നും നാം പറയുന്നു.

ആധുനികസാമുദായികവിഭാഗങ്ങളിൽ ജാതി, ആഭിജാത്യം മുതലായവ സ്ഥിരമായി നിലനില്ക്കുന്നില്ല. അവ മാററത്തിനു വിധേയമാകുന്നു. എല്ലാ തൊഴിലും ആൎക്കും അനായാസേന അവലംബിക്കാവുന്നതാണ്. വസ്തു സമ്പാദിക്കുന്നതിന് നിയമസംബന്ധമായ തടസ്സമില്ല.

സാമുദായികസ്ഥാപനങ്ങൾ പോലെ ദേശീയമായ ഐക്യം സാധിക്കാൻ മതവും ഒരു പ്രധാന ഉപകരണമായിത്തീൎന്നിട്ടുണ്ട്. നിസ്സ്വാൎത്ഥതയും പരോപകാരതൽപരതയും ഉപദേശിച്ച് മൃഗീയതയ്ക്കും ക്രൂരതയ്ക്കും എതിരായി ജീവിക്കാൻ മതം മനുഷ്യനെ പ്രേരിപ്പിച്ചിട്ടുണ്ട്. എന്നാൽ മതം ചിലപ്പോൾ മനുഷ്യപ്രയത്നത്തെ ക്ഷീണിപ്പിക്കുകയും സ്തംഭിപ്പിക്കുകയും ചെയ്തിട്ടുള്ളതു കാണാം. കേവലം മതപരമായ ജീവിതത്തിന്റെ മഹിമയെ വാഴ്ത്തി ലൌകികജീവിതവുമായുള്ള ബന്ധം ഇല്ലാതെയാക്കുകയോ, ലൌകികതാൽപൎയ്യങ്ങൾക്ക കൂടുതൽ പ്രാധാന്യം നല്കി മതോപദേശങ്ങൾക്കെല്ലാം വിരുദ്ധമായ യുദ്ധം, അടിമത്തം മുതലായവയെ സഹായിക്കുകയോ ചെയ്തിട്ടുള്ളതും മതത്തിന്റെ നാമധേയത്തിലാണ്. അസാമാന്യമായ ജ്ഞാനദൃഷ്ടി മതത്തിനുണ്ടെന്നു വാദിച്ചതിനാൽ പൂൎവ്വകാലങ്ങളിൽ യുക്തിയുക്തമായ ജിജ്ഞാസ, അന്വേഷണം, ആവിഷ്കരണം, മുതലായവയ്ക്ക് മതം ചിലപ്പോൾ തടസ്സവും ഹാനിയും നല്കിയിരുന്നു. സമാധാനത്തിനും ഗാഢമായ പരിശ്രമത്തിനും അതു കാരണമായിട്ടുണ്ടെങ്കിലും അതുപോലെതന്നെ നികൃഷ്ടങ്ങളായ ഭീതികളേയും ഭയങ്കരങ്ങളായ ക്രൂരതകളേയും അതു സൃഷ്ടിച്ചിട്ടുമുണ്ട്. ആദ്ധ്യാത്മികമായ ഏകാധിപത്യത്തേയും വിനാശകരമായ മതഭ്രാന്തിയേയും മതം നല്ലവണ്ണം പോഷിപ്പിച്ചിട്ടുണ്ട്. ഭൌതികവിജ്ഞാനം വൎദ്ധിച്ചതോടുകൂടി മനുഷ്യന് അഭിവൃദ്ധിയുണ്ടായി തുടങ്ങിയെന്ന് 'ബക്കിൾ' പറയുന്നു. മാനസികവികാസനിയമം തന്നെയാ

ണ് സമുദായശാസ്ത്രത്തിൻെറ അടിസ്ഥാനനിയമമായിരിക്കുന്നതെന്ന് കാങ്ററും അഭിപ്രായപ്പെടുന്നു. അവരവരെപ്പററിയും ചുററുമുള്ള ലോകത്തെപ്പററിയും മനുഷ്യർക്കുള്ള വിശ്വാസങ്ങൾ അഥവാ ധാരണകൾ ആണ് അഭിവൃദ്ധിയുടെ പ്രധാനമായ ഉപകരണമെന്ന് "മിൽ" വിചാരിക്കുന്നു.

ജ്ഞാനാഭിവൃദ്ധി ഉണ്ടായിട്ടുള്ളത് മനുഷ്യനു ഭൌതികശക്തികളിൽ അധികമായ ആധിപത്യം ലഭിച്ചിട്ടുള്ളതുകൊണ്ടുതന്നെയാണ്. ആ മാർഗ്ഗത്തിലാണ് അഭിവൃദ്ധി കൂടുതലായും തുടർച്ചയായും വ്യാപകമായും ഉണ്ടായിട്ടുള്ളത്. ഈ അഭിവൃദ്ധി ആധുനികകാലത്തിൽ അത്യധികമായ ഉന്നതിയെ പ്രാപിച്ചിട്ടുണ്ട്. ചുരുക്കിപ്പറഞ്ഞാൽ ഈ അഭിവൃദ്ധി ഭൌതികശക്തികളെ ഇഷ്ടംപോലെ മനുഷ്യരുടെ പ്രയോജനങ്ങൾക്കായി ഉപയോഗിക്കാൻ ശക്തി നല്കുന്നു. അത്യല്പമായ മാററത്തോടുകൂടിയാണ് പ്രാചീനമനുഷ്യൻ ഭൌതികവസ്തുക്കളെ ഉപയോഗിച്ചിരുന്നത്. ആദ്യമായി കണ്ണിൽ കാണുന്ന ആഹാരം അവൻ ശേഖരിച്ചു. പിന്നീട് ഉപയോഗമുള്ള ജന്തുക്കളെ ഇണക്കുകയും വളർത്തുകയും ചെയ്തു. അനന്തരം കൃഷി ആരംഭിച്ചു. ഇങ്ങനെയാണ് ആദ്യമായി ഭൌതികശക്തികളെ മനസ്സിലാക്കി പ്രയോഗിക്കാൻ തുടങ്ങിയത്. ക്രമേണ ഭൌതികശക്തികളെ ഔചിത്യപൂർവം പ്രയോഗിച്ചു. പ്രകൃതിയിലുള്ള സാമഗ്രികളെ മാററാൻ പ്രയത്നിച്ചു തുടങ്ങി. അനന്തരം വിപുലമായ തോതിൽ രാജ്യഭാരം നടത്തുന്നതിന് ആരംഭിച്ചു. ജ്ഞാനത്തിൻെറ പ്രാഥമികഭാഗങ്ങൾ കണ്ടുപിടിക്കുന്നതിന് ഉതകുന്നതായ ലിപിവിജ്ഞാനം ഉണ്ടായത് ഒരു വലിയ അനുഗ്രഹമായിത്തീർന്നു. ആധുനികപരിഷ്കൃതലോകത്തിൽ പ്രകൃതിയുടെ ബാഹ്യശക്തികളെ അതിക്രമിച്ച് അവയുടെ അടിസ്ഥാനശക്തികളുടെ മേൽ കൂടുതൽ കൂടുതൽ നിയ

ന്നുണ്ണം നേടുവാനാണ് മനുഷ്യൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഭൌതികശാസ്ത്രങ്ങളിലാണ് ഈ അഭിവൃദ്ധി മുഖ്യമായി കാണുന്നത്. വ്യവസായത്തിലും കലകളിലും ജീവിതം, മനസ്സ്, സമുദായം ഇവയെ ബന്ധിക്കുന്ന ശാസ്ത്രങ്ങളിലും പൂർവ്വാധികം അഭിവൃദ്ധി കാണുന്നുണ്ട്.

പരിതഃസ്ഥിതിയെ നിയന്ത്രിക്കുന്നതിൽ മാത്രമല്ല മാനസികവികാസത്തിൻെറ പ്രകാശം കാണുന്നത്. സന്മാർഗ്ഗം മതം മുതലായവയിലും അതു സ്പഷ്ടമായി കാണാം. ഭൌതികവിജ്ഞാനത്തിലും തത്വജ്ഞാനത്തിലും ഇതു പ്രതിഫലിച്ചിട്ടുണ്ട്. കാങ്റററ് ഈ വിപുലമായ പുരോഗമനത്തിൽ മൂന്നു പടികൾ ഉണ്ടെന്നു് ഒരു നിയമം കണ്ടുപിടിച്ചു. ഓരോ ജ്ഞാനശാഖയും മൂന്നവസ്ഥകളിൽ കൂടി പുരോഗമിക്കുന്നു എന്നതാണ് ഈ നിയമം. ഒന്നാമതായി ആധിദൈവികദൃഷ്ടി, രണ്ടാമത് താത്വികദൃഷ്ടി, മൂന്നാമത് ശാസ്ത്രീയദൃഷ്ടി.

1. ആദ്യത്തെ അവസ്ഥയിൽ, മനുഷ്യൻ വസ്തുക്കളുടെ മൂലകാരണത്തെയും സൃഷ്ടിയുടെ ഉദ്ദേശ്യത്തെയും ആരാഞ്ഞ് പല ദിവ്യശക്തികളെയും കാരണങ്ങളായി സ്വീകരിച്ച് അവസാനമായി ഏകേശ്വരവാദത്തിൽ എത്തുന്നു.

2. കേവലം സ്വതന്ത്രമായ ജ്ഞാനത്തെയാണ് രണ്ടാമത്തെ അവസ്ഥയിൽ മനുഷ്യൻ അന്വേഷിക്കുന്നത്. വസ്തുക്കളുടെ പരമകാരണത്തെയും പരമോദ്ദേശ്യത്തെയും മനസ്സിലാക്കാമെന്ന് മനുഷ്യൻ വിചാരിക്കുന്നു. അങ്ങനെയുള്ള ചിന്താഗതിയിലും അനേകം പടികൾ ഉണ്ട്. അവസാനത്തിൽ പ്രകൃതി എന്ന പരമമായ സത്തയിൽ അവൻ എത്തുന്നു.

3. മൂന്നാമത്തേതായ ശാസ്ത്രീയാവസ്ഥയിൽ വസ്തുക്കളുടെ പരമകാരണത്തെ കണ്ടുപിടിക്കാനുള്ള അന്വേഷണം ഉപേക്ഷിച്ച് വസ്തുതകളെ സൂക്ഷ്മമായി നിരീക്ഷ

ണം ചെയ്ത് പലനിയമങ്ങൾ കണ്ടുപിടിക്കാൻ മനുഷ്യൻ ശ്രമിക്കുന്നു. സാമ്യം ക്രമം എന്നിങ്ങനെയുള്ള നിയമങ്ങളെയാണ് അവൻ ആവിഷ്കരിക്കാൻ ഉദ്യമിക്കുന്നത്. ഈ ജ്ഞാനം ആപേക്ഷികജ്ഞാനം തന്നെയാണ്. നമുക്ക് സ്വാധീനമുള്ള ഉപകരണങ്ങളനുസരിച്ച് ആ ജ്ഞാനം പ്രകാശിക്കുന്നു. പരമമായ സത്യത്തെ കണ്ടുപിടിക്കുക എന്നുള്ളതല്ല, മനുഷ്യക്ഷേമത്തെ പുലർത്തുക എന്നുള്ളതാണ് ഉദ്ദേശ്യം.

അനവധി ഭൌതികഭാവങ്ങളും അതനുസരിച്ച് അനേകം ശാസ്ത്രങ്ങളും ഉണ്ട്. ഈ ശാസ്ത്രങ്ങൾക്കു പദ്ധതിയിൽ ഐക്യമുണ്ട്. അതിനാൽ ആധിഭൌതികാവസ്ഥയിൽ എത്തിയിട്ടുള്ള സകല ശാസ്ത്രങ്ങൾക്കും യോജിപ്പു കാണുന്നുണ്ട്. ആദ്യത്തെ രണ്ടവസ്ഥകളിൽ ലഭിക്കുന്ന ജ്ഞാനങ്ങൾ തമ്മിൽ വലുതായ ഐക്യമില്ല.

എന്നാൽ കാങ്ററിൻെറ ഈ അഭിപ്രായം സ്വീകാര്യമല്ല. ഒന്നാമത്തെ അവസ്ഥയായ ആധിദൈവികം ഇപ്പോഴും നിലനില്ക്കുന്നു. കെപ്ലർ, ഡെക്കാർററ് മുതലായ ശാസ്ത്രജ്ഞന്മാരും ഈശ്വരൻെറ മഹിമകൊണ്ടു തന്നെയാണ് ഭൌതികനിയമങ്ങൾ അചഞ്ചലങ്ങളായിരിക്കുന്നത് എന്നു വിശ്വസിച്ചിരുന്നു. ന്യൂട്ടൻെറ അഭിപ്രായം സൌരയൂഥം സ്ഥിതിചെയ്യുന്നത് ഈശ്വരപ്രാഭവം കൊണ്ടാണെന്നാണ്. അനന്തമായ ഈ ജഗത് ഈശ്വരൻെറ സർവ്വവ്യാപിത്വത്തെ പ്രഖ്യാപനം ചെയ്യുന്നു എന്നും അദ്ദേഹം പറയുന്നു. ഭൌതികനിയമവും സന്മാർഗ്ഗജീവിതവും യോജിക്കണമെങ്കിൽ ഈശ്വരാസ്തിത്വത്തെ സ്വീകരിക്കാതെ നിവൃത്തിയില്ലെന്ന് കാൻറ് വിശദമാക്കിയിട്ടുണ്ട്. രണ്ടാമത്തെ അവസ്ഥ അതായത് താത്വികം ജ്ഞാനാധികൃത്താൽ ക്ഷയിച്ചു പോകും എന്നു പറയുന്നതും ശരിയല്ല. കാങ്ററും ഒരു തത്വജ്ഞാനിയായിരുന്നു. അദ്ദേഹ

ത്തിൻെറ ശാസ്ത്രീയപദ്ധതിയും തത്വജ്ഞാനത്തിലാണ് സ്ഥാപിതമായിരിക്കുന്നത്.

പ്രാചീനമനഃസ്ഥിതിയുടേയും ആധുനികമനഃസ്ഥിതിയുടേയും പ്രധാന ലക്ഷണങ്ങൾ താഴെ പ്രസ്താവിക്കാം. പ്രാചീന മനുഷ്യൻെറയും ആധുനിക മനുഷ്യൻെറയും മാനസികഘടനയിൽ മൌലികമായ വ്യത്യാസമൊന്നുമില്ല. അവരുടെ നേട്ടങ്ങളിൽ വ്യത്യാസം കാണുന്നത് അനുഭവത്തിൻെറ ഭിന്നതയും ക്രമീകരണത്തിലുള്ള ഭേദവും ചിന്താഗതിയിലുള്ള വൈവിധ്യവും കൊണ്ടാണ്. ആധിദൈവികവും ആദ്ധ്യാത്മികവുമായ വിശ്വാസങ്ങൾ ശാസ്ത്രാഭിവൃദ്ധിക്കു കാരണമായിത്തീൎന്നു. അക്കാലത്ത് തൽസംബന്ധമായ പ്രശ്നങ്ങൾ ആവിർഭവിക്കുകയും അവയ്ക്കു ശരിയായ സമാധാനം കണ്ടുപിടിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. ദേവാലയങ്ങൾ പണിയിക്കുക, കാലാനുസൃതമായ അടിയന്തിരങ്ങൾ നടത്തുക മുതലായവയ്ക്കുവേണ്ടി അങ്കഗണിതം ക്ഷേത്രഗണിതം തുടങ്ങിയ ശാസ്ത്രങ്ങൾ ആവിർഭവിച്ചു. ജ്യൌതിഷശാസ്ത്രവും അതിനെത്തുടർന്നുണ്ടായി. ഇതോടുകൂടി പുരോഹിതവർഗ്ഗത്തിനു സുപ്രതിഷ്ഠ ലഭിച്ചു. അന്നുമുതൽ ഏറിയ കാലം വിദ്യ അവരുടെ കുത്തകയായിത്തന്നെ കഴിഞ്ഞുകൂടി. ലളിതകലകളുടെ രക്ഷാധികാരികളും അവർ തന്നെയായിരുന്നു.

ശാസ്ത്രങ്ങൾ ആദ്യമായി ഉത്ഭവിച്ചത് ബാബിലോൺ, ഈജിപ്റ്റ്, ചൈന മുതലായ പൌരസ്ത്യരാജ്യങ്ങളിലായിരുന്നു. അങ്കഗണിതം, ക്ഷേത്രഗണിതം ജ്യൌതിഷം മുതലായ അനേകം ശാസ്ത്രങ്ങളിലും പ്രാചീനർ അത്ഭുതകരമാംവിധം അഭിവൃദ്ധി പ്രാപിച്ചിരുന്നു. സാന്മാൎഗ്ഗികമായ ഏകേശ്വരവാദം യഹൂദന്മാരുടെ ഇടയിലും, സന്മാൎഗ്ഗവും രാജ്യഭരണവും ചൈനയിലും ഉൽകൃഷ്ടമായ ആദ്ധ്യാത്മികചിന്ത ഇൻഡ്യയിലുമാണ് പുരോഗമിച്ചു വന്നത്. ഗ്രീക്കുകാരുടെ ഇടയിൽ വിജ്ഞാനം

ക്രമികവും സുചിന്തിതവും വിമശ്നപരവും ആയിത്തീൎന്നു. ആധുനികശാസ്ത്രത്തിൻെറ പ്രത്യേകലക്ഷണം, നിയന്ത്രിതമായ നിരീക്ഷണവും സുസൂക്ഷ്മമായ പരീക്ഷണവും യുക്തിയും ഉപയോഗിച്ചു വസ്തുതകളെ കണ്ടുപിടിക്കുക എന്നതാണ്. ഗ്രീക്ക്ശാസ്ത്രത്തിലാണ് ഇതിൻെറ പ്രാരംഭം. ഗുണങ്ങളുടെ വ്യത്യാസത്തിലും പരിണാമത്തിലും ഒരു നിയമവും ക്രമവും കണ്ടുപിടിക്കുന്നതിലാണ് ആധുനികശാസ്ത്രം നിഷ്കൃഷ്ടിച്ചുപോരുന്നത്. ഭൌതികശക്തികളെ ജയിക്കുന്നതിൽ മാത്രം അനുസ്യൂതമായ അഭിവൃദ്ധി കാണുന്നുണ്ട്. സന്മാൎഗ്ഗചൎയ്യയിലോ കലകളിലോ തുടർച്ചയായ പുരോഗതി ദൃശ്യമാകുന്നില്ല. അതിനാൽ പരിഷ്കാരത്തിൻെറ പുരോഗമനത്തോടുകൂടി സംസ്കാരത്തിൻെറ പരിപൂൎണ്ണതയും സാധിക്കുന്നതിന് പരിശ്രമിക്കേണ്ടത് സമുദായനന്മ കാംക്ഷിക്കുന്ന ഏതു വ്യക്തിയുടേയും അപരിഹാൎയ്യമായ കൎത്തവ്യമാകുന്നു.

# സമുദായശാസ്ത്രം

## രണ്ടാംഭാഗം

### 1
### സമുദായചിന്ത

ഓരോ ചിന്തകന്മാർ ഓരോ കാലത്ത് സമുദായത്തെപ്പററി ചർച്ച ചെയ്തിട്ടുള്ളതിനെയാണ് സമുദായചിന്ത എന്നു പറയുന്നത്. സമുദായത്തിന് പൊതുവേ ഗുണം വരുന്നമാർഗ്ഗത്തെ ആരായുക എന്നതാണ് ഈ ചിന്തകന്മാരുടെ ഉദ്ദേശ്യം.

സമുദായചിന്ത രണ്ടുതരത്തിൽ ആകാം. ആദ്യത്തേതു സാധാരണം. തത്വത്തിലേയ്ക്കു് പ്രവേശിക്കുന്നില്ല. രണ്ടാമത്തേത് താത്വികം. ഇവിടെ കാരണത്തെപ്പററി അന്വേഷിച്ച് കാര്യകാരണങ്ങൾ തമ്മിലുള്ള യുക്തിയുക്തമായ സംബന്ധത്തെ തേടുന്നു.

ആധുനികകാലത്ത് സാമുദായചിന്തയ്ക്കു് കൂടുതൽ പ്രാബല്യം സിദ്ധിച്ചിട്ടുണ്ട്. സഹജീവികളെ എത്രമാത്രം സഹായിക്കാൻ കഴിയും എന്നതിലാണ് ഓരോ ശാസ്ത്രജ്ഞന്റേയും ശ്രദ്ധപതിഞ്ഞുകാണുന്നത്. മതം, തത്വജ്ഞാനം, അർത്ഥശാസ്ത്രം, ഭൌതികവിജ്ഞാനം മുതലായ സകലതും ഈ ദൃഷ്ടിയിൽ തന്നെയാണ് വീക്ഷിക്കപ്പെടുന്നത്. ആധുനികകാലത്തുമാത്രമല്ല, പ്രാചീനകാലം മുതല്ക്കേ സമുദായചിന്ത സകല ജാതിമതസ്ഥരുടെയും

ഇടയിൽ പ്രചരിച്ചിരുന്നതായി കാണുന്നു. പൊതുസ്വത്ത്, പൊതുകൃഷിസ്ഥലങ്ങൾ, പൊതുആചാരങ്ങൾ, പൊതുപ്രാർത്ഥനകൾ മുതലായവ പ്രാചീനകാലത്തുണ്ടായിരുന്ന സാമുദായികബോധത്തിൻെറ ബഹിഃസ്ഫുരണങ്ങളത്രേ.

പൂർവ്വികന്മാരുടെ പഴഞ്ചൊല്ലുകൾ അധികവും പ്രാചീനകാലത്തെ സമുദായചിന്തയുടെ രീതിയെ സൂചിപ്പിക്കുന്നവയാണ്. "പണമില്ലാത്തവൻ പിണം." ഈ വാക്യം മനുഷ്യചരിത്രത്തിൽ ധനത്തിനുള്ള മഹാത്മ്യമാണ് സൂചിപ്പിക്കുന്നത്. അതുപോലെ, "കന്നുചെന്നാൽ കന്നിൻ കൂട്ടത്തിൽ" എന്ന പഴമൊഴിയുടെ സാരം ഒരേ തരത്തിലുള്ളവർ യോജിക്കുന്നു എന്നാണ്. "ബുദ്ധിമാൻ ദുഷ്ടസംസർഗ്ഗം കൊണ്ടു ബുദ്ധിഹീനനും, ഒരു ശ്വാവ് സജ്ജനങ്ങളുടെ സാമീപ്യംകൊണ്ടു ബുദ്ധിയുള്ളതും ആയിത്തീരുന്നു," എന്ന ആറേബിയൻ പഴമൊഴി സംസർഗ്ഗത്തിൻെറ ഗുണദോഷങ്ങളെ പ്രകാശിപ്പിക്കുന്നു. ഇവയിൽ നിന്നെല്ലാം പ്രാചീനമനുഷ്യരുടെ ഇടയിലും സമുദായചിന്ത ഉണ്ടായിരുന്നു എന്നു തെളിയുന്നു. എന്നാൽ സ്വകുടുംബം, സ്വജനങ്ങൾ എന്നതിനേക്കാൾ വ്യാപകമായ ഒരു ആദർശത്തിൽ അവർ എത്തിയിരുന്നില്ല. ഈജിപ്ററ്, ബാബിലോൺ, അസിറിയാ മുതലായ പരിഷ്കൃതകേന്ദ്രങ്ങളിൽ സമുദായചിന്ത പുലർത്തിപ്പോന്നിരുന്നു. എന്നാൽ യഥാർത്ഥമായ ആദർശം ഭാരതഭൂമിയിലെപ്പോലെ മററാരിടത്തും വികസിച്ചിരുന്നതായി അറിവില്ല. യാഗതത്വം, ഋണത്രയം, വൈശ്വദേവം, പഞ്ചമഹായജ്ഞം മുതലായവ ഭാരതത്തിലെ സാമുദായികബോധം സകല ചരാചരങ്ങളേയും ബാധിക്കുന്നു എന്നുള്ളതിന് തെളിവാണ്. തൊഴിൽ സംബന്ധമായ [illegible]സ്ഥപോലും സമുദായസേവനത്തെ മുൻനിറുത്തിയുള്ള ആദർശത്തോടുകൂടിയാണെന്നു കാണാം.

"ശ്ലോകാർദ്ധേന പ്രവക്ഷ്യാമി
യദ്ദുക്തം ഗ്രന്ഥകോടിഭിഃ
പരോപകാരഃ പുണ്യായ
പാപായ പരപീഡനം."

എന്നവചനം സമുദായസേവനത്തെ ഉച്ചൈസ്സരം ഉദ്ഘോഷിക്കുന്നു. വിവാഹബന്ധത്തിൻെറ സാമുദായികമായ ഉദ്ദേശ്യം മുമ്പു നല്ലവണ്ണം മനസ്സിലാക്കിയിരുന്നു എന്നതിന് "പ്രജാതന്തും മാ വ്യവച്ഛേത്സീഃ", "പ്രജായൈ ഗൃഹമേധിനാം" ഇത്യാദി വാക്യങ്ങൾ മതിയായ തെളിവു തരുന്നുണ്ട്. സകല ജീവികളോടും ദയയും സ്നേഹവും ഉണ്ടായിരിക്കണമെന്ന് ശ്രീബുദ്ധൻ ഉപദേശിച്ചു. ബുദ്ധദേവൻെറ ഉപദേശങ്ങളെ ആസ്പദമാക്കി അശോകമഹാരാജാവിൻെറ കാലത്ത് മൃഗങ്ങൾക്കുപോലും ആശുപത്രികൾ സ്ഥാപിച്ചിരുന്നു. അഹിംസ ബുദ്ധമതത്തിൻെറ പ്രധാനമായ ആദർശമായിരുന്നു.

ചൈനാക്കാരുടെ സാമുദായികചിന്തയിൽ പ്രധാനസ്ഥാനം കുടുംബത്തിനും രാഷ്ട്രത്തിനും തന്നെയാണ്. ഒരു വ്യക്തിയുടെ നന്മ കുടുംബരാഷ്ട്രങ്ങൾക്കുവേണ്ടി ബലികഴിക്കുന്നതിലാണ് സ്ഥിതിചെയ്യുന്നത് എന്നാണ് കൺഫ്യൂഷ്യസ് മുതലായ പ്രാചീന ചിന്തകന്മാരുടെ സിദ്ധാന്തം. ദൃഢമായ സാമുദായികബന്ധവും സമാധാനവും ചീനരാജ്യത്തിൽ വളരെക്കാലം ശക്തിമത്തായി നിലനിന്നിരുന്നു. ബുദ്ധനെപ്പോലെതന്നെ "ലൌട്ട്സു" എന്ന ചീനാചാര്യനും വൈരത്തിനുപകരം സാമുദായികാദർശമായ സ്നേഹമാണ് പുലർത്തേണ്ടതെന്നുപദേശിച്ചു. 'അനുസരണം' എന്ന സാമുദായിക തത്വവും ചീനജാതിക്കാർക്ക് വളരെ പ്രധാനമാണ്. 'മെൻസീഷ്യസ്' എന്ന ചീനചിന്തകൻ ഹൃദയശുദ്ധിയുടെ പ്രാധാന്യത്തെപ്പററി പ്രത്യേകം ഉപദേശിക്കുകയും അതോടുകൂടി വ്യക്തിയുടെ

പരമലക്ഷ്യം സമുദായത്തിൻെറ സുഖംതന്നെയാണെന്ന് പ്രതിപാദിക്കുകയുംചെയ്തു. ഇങ്ങനെ സമുദായചിന്താചരിത്രത്തിൽ ചീനക്കാർ പ്രത്യേകം സ്മരണീയരാണ്.

സർവാംഗസമ്പൂർണ്ണമായ ഒരു സുവർണ്ണയുഗത്തിൽനിന്നും മനുഷ്യസമുദായം അധഃപതിച്ചിരിക്കുന്നു എന്ന് പ്രാചീനകാലത്തിലെ ചില സമുദായതത്വജ്ഞന്മാർ വിശ്വസിച്ചിരുന്നു. ക്രിസ്തുവിന് എട്ടുശതാബ്ദം മുമ്പു ജീവിച്ചിരുന്ന പ്രസിദ്ധ റോമൻപണ്ഡിതനായ 'ഹേസിയഡ്' ജരാനര മുതലായവ കൂടാതെ ദേവന്മാരെപ്പോലെ ഒരു മനുഷ്യസമുദായം ആദ്യകാലത്തുണ്ടായിരുന്നതായി പറയുന്നു. അതിനെ 'സുവർണ്ണയുഗ'മെന്നാണ് അദ്ദേഹം അഭിധാനം ചെയ്തിരിക്കുന്നത്. ക്രമേണ രജതയുഗം, കാംസ്യയുഗം, ലോഹയുഗം എന്നിങ്ങനെ മൂന്നു യുഗങ്ങൾ കൂടുതൽ കൂടുതൽ അധഃപതനത്തോടുകൂടി ആദിയുഗത്തെ അനുഗമിച്ചു. 'ഓവിഡ്' എന്ന റോമൻകവിയും ഇതുപോലെതന്നെ വർണ്ണിക്കുന്നു. ആ അധഃപതനത്തോടുകൂടി മനുഷ്യരുടെ അധർമ്മാധിക്യം നിമിത്തം ദേവന്മാർ പ്രളയം വരുത്തിയതായും വർണ്ണിച്ചിട്ടുണ്ട്. പ്ലേറ്റോ, അറിസ്റ്റോട്ടിൽ മുതലായ ഗ്രീക്ക് ചിന്തകന്മാരും രാഷ്ട്രീയഭരണപ്രതിപാദനത്തിൽ യുഗചക്രവാദത്തെ സ്വീകരിച്ചിരുന്നു. പ്ലേറ്റോ പറയുന്നത് ആദ്യമായി അത്യുത്കൃഷ്ടമായ കുലീനഭരണം, പിന്നീട് അധഃപതിച്ചു ക്രമേണ ധനികഭരണം, ലോഭിഭരണം, പ്രജാഭരണം, സ്വേച്ഛാഭരണം എന്നിവ വന്നുചേരുന്നു എന്നാണ്. വീണ്ടും കുലീനഭരണം മുതലായവ ആവർത്തിക്കുന്നു. ഈ യുഗചക്രവാദം തന്നെയാണ് അടുത്തകാലംവരെ പലക്കും സമ്മതമായിരുന്നത്. മനുഷ്യശരീരം പോലെ മനുഷ്യസമുദായവും ബാല്യാദ്യവസ്ഥകളിൽക്കൂടി കടന്നുപോകുന്നു എന്നും അപൂർണ്ണതയിൽനിന്നും പൂർണ്ണതയിലേയ്ക്കു് മനുഷ്യസമുദായത്തെ ഈശ്വരൻ നയിക്കുന്നു എന്നും ക്രിസ്തീയമതാചാര്യന്മായ

സെയിൻറ് അഗസ്റ്റിൻ അഭിപ്രായപ്പെട്ടു. പക്ഷേ ആ അഭിപ്രായത്തിന് പാശ്ചാത്യരാജ്യങ്ങളിൽ പ്രാബല്യമുണ്ടായില്ല.

പതിനെട്ടാംശതാബ്ദം മുതൽ ഫ്രാൻസിലെ ചിന്തകന്മാർ മനുഷ്യചരിത്രം ചച്ച്കൊണ്ട് സാമുദായികാഭിവൃദ്ധിയുടെ പടികളെ ഓരോന്നായി കണ്ടുപിടിക്കാൻ ശ്രമിച്ചു. 'കൊണ്ടോർസേ' എന്ന ഫ്രഞ്ചുചിന്തകൻ മനുഷ്യസമുദായപരിഷ്കാരം പത്തു പടികളിൽ കൂടിക്കടന്ന് അഭിവൃദ്ധിയെ പ്രാപിക്കുന്നുവെന്ന് അഭിപ്രായപ്പെട്ടു. ആദ്യമായി നായാട്ട്, കൈവത്തകവൃത്തി, ഭാഷ, കല, സന്മാഗ്ഗം ഇവയുടെ ആരംഭം; രണ്ടാമത് കൃഷി, ഗോരക്ഷ; അനന്തരം വ്യവസായവാണിജ്യങ്ങൾ മുതലായവ—ഈ രീതിയിൽ പത്തു പടികൾ അദ്ദേഹം വണ്ണിക്കുന്നു. മനുഷ്യന് അനന്തപൂണ്ണതയ്ക്കു് അവകാശമുള്ളതിനാൽ പരിതഃസ്ഥിതിയും വിദ്യാഭ്യാസവുംകൊണ്ട് സ്വാതന്ത്ര്യവും സന്തോഷസമൃദ്ധവും ആയ ഒരു ജീവിതത്തിലേയ്ക്കു് അവൻ ഉയരാൻ ശ്രമിക്കേണ്ടതാണെന്നു 'കൊണ്ടോർസേ' പറയുന്നു. സമുദായശാസ്ത്രത്തിൻെറ സ്ഥാപകനായ 'കാങ്ററ്' മനുഷ്യബുദ്ധിയുടെ വികാസത്തിൽ മൂന്നവസ്ഥകൾ അനുക്രമമായി ഉണ്ടെന്നു അഭിപ്രായപ്പെടുന്നു.

പ്രസിദ്ധ ആങ്ഗ്ലേയചിന്തകനായ സ്പെൻസരുടെ അഭിപ്രായം മനുഷ്യസമുദായം ആദ്യകാലത്തെ അപരിഷ്കൃതാവസ്ഥയിൽനിന്നും യുദ്ധവ്യവസായസമ്മിശ്രിതമായ പടിയിൽകൂടി വ്യവസായപ്രധാനമായ അവസ്ഥയിലേയ്ക്കു് പ്രയാണംചെയ്യുന്നു എന്നതാണ്.

## 2

# പ്രാചീന ചിന്തകന്മാർ

പാശ്ചാത്യദേശങ്ങളിലും പൌരസ്ത്യദേശങ്ങളിലും അതിപ്രാചീനകാലംമുതല്ക്കേ സമുദായചിന്തയുടെ സ്ഫുരണം അങ്ങിങ്ങായി കാണുന്നുണ്ട്. 3530 ബി. സി. യിൽ എഴുതിയിട്ടുള്ള "പ്ററാഹോതപ്പിന്റെ ഉപദേശങ്ങൾ" എന്ന ഈജിപ്ഷ്യൻ ഗ്രന്ഥത്തിൽ, വിനയം മനുഷ്യർക്ക് ആവശ്യമാണെന്നും, ലോഭം പരിത്യജിക്കണമെന്നും, താഴ്ന്നവരോടു ദയവായി പെരുമാറണമെന്നും മററും വിവരിച്ചിരിക്കുന്നു.

കൺഫ്യൂഷ്യസ്. ധാർമ്മികമായ ജീവിതം നയിക്കണമെന്നും ആത്മവികാസത്തിനായി നിരന്തരം പ്രയത്നിക്കണമെന്നും കൺഫ്യൂഷ്യസ് നിഷ്കർഷിച്ചിരുന്നു. അപ്രകാരം ചെയ്യുന്നതുതന്നെയാണ് അത്യുത്തമമായ കലാപ്രകടനം. മനുഷ്യൻ ജ്ഞാനം കൊണ്ട് ആത്മവിജയം സിദ്ധിച്ച് ആർജ്ജവശീലനും ധാർമ്മികനും ആയിത്തീരുന്നു. സ്ഥൈര്യം നിരന്തരമായ ആത്മനിരീക്ഷണം എന്നിവകൊണ്ടുമാത്രമേ ആത്മവിജയം ലഭിക്കുകയുള്ളു. ജ്ഞാനസമ്പന്നരായി ജനിക്കുന്നവർ ഉത്തമന്മാർ. പഠിച്ച് ജ്ഞാനം സമ്പാദിക്കുന്നവർ മദ്ധ്യമന്മാർ. വളരെപ്പണിപ്പെട്ട് ഒരു വിധത്തിൽ ജ്ഞാനം സമ്പാദിക്കുന്നവർ അധമന്മാർ. അജ്ഞരും ബുദ്ധിഹീനരുമായിരുന്നിട്ടും പഠിക്കാൻ അല്പവും ശ്രമിക്കാത്തവർ അധമാധമർ. "ഉച്ചബുദ്ധി, സൽസ്വഭാവം, ധൈര്യം ഇവയോടുകൂടി ജനിക്കുന്നവരുണ്ട്. പരിശീലനംകൊണ്ട് ഈ ഗുണങ്ങൾ നേടുന്നവരുണ്ട്. അനുഭവംകൊണ്ട് ജ്ഞാനം സമ്പാദിക്കുന്ന മററു ചിലരും ഉണ്ട്. എന്നാൽ ഇവർക്കെല്ലാം ലഭ്യമാകുന്ന

ജ്ഞാനം ഒന്നുതന്നെ,'' എന്നാണ് കൺഫ്യൂഷ്യസ് അഭിപ്രായപ്പെടുന്നത്.

മനുഷ്യരുടെ സാമുദായികബന്ധം, കുടുംബം, രാജ്യം എന്നിവയെപ്പററി കൺഫ്യൂഷ്യസ് പ്രതിപാദിക്കുന്നുണ്ട്. മാന്യമായ വിവാഹവ്യവസ്ഥ, പിതൃഭക്തി, വിവാഹിതരുടെ കത്തവ്യം മുതലായവയെക്കുറിച്ചും അദ്ദേഹം ചച്ച ചെയ്തിരിക്കുന്നു. രാഷ്ട്രീയകാൎയ്യത്തിൽ ജനക്ഷേമപരിപാലനത്തിന്റെ ആവശ്യത്തെ ചൂണ്ടിക്കാണിച്ച് ഭരണാധികാരികൾ ശരിയായ ഒരു സാമ്പത്തികവ്യവസ്ഥകൊണ്ട് ദാരിദ്ര്യത്തെ നിവാരണം ചെയ്യണമെന്ന് അദ്ദേഹം ഉപദേശിക്കുന്നു. സാമുദായികവ്യവസ്ഥ സവ്സാധാരണമായ വിദ്യാഭ്യാസം എന്നിവ അവശ്യകത്തവ്യങ്ങളായി അദ്ദേഹം വിധിച്ചിരിക്കുന്നു.

## ഈജിപ്ററിലെ ചിന്തകന്മാർ

സാമുദായികവ്യവസ്ഥയുടെ മൂലതത്വം നിയമമാണെന്ന് ബി. സി. 4000-ാമാണ്ടിടയ്ക്കു തന്നെ ഈജിപ്ററിലെ ചിന്തകന്മാർ മനസ്സിലാക്കിയിരുന്നു. നിയമം ഈശ്വരസൃഷ്ടവും തന്നിമിത്തം അലംഘ്യവുമാണെന്നായിരുന്നു അവരുടെ വിശ്വാസം. സാമാന്യ വിദ്യാഭ്യാസം സകലക്കും സമാനമായി ലഭിച്ചിരുന്നു. ഇതരരാജ്യങ്ങളെ അപേക്ഷിച്ച് സ്ത്രീകൾക്കു കൂടുതൽ സ്വാതന്ത്ര്യവും ഉണ്ടായിരുന്നു. മൂടുപടം ധരിക്കാതെ സഞ്ചരിക്കുക, ഈശ്വരാരാധനയിൽ പുരുഷന്മാരോടൊപ്പം പങ്കുകൊള്ളുക മുതലായവ അവക്ക് സിദ്ധിച്ചിരുന്ന സ്വാതന്ത്ര്യത്തെ വ്യക്തമാക്കുന്നു. മാത്രമല്ല, വസ്തുവകകളിൽ അവർക്ക് പൂണ്ണമായ അവകാശവുമുണ്ടായിരുന്നു. ഭത്താവിനു ഭാൎയ്യ പണം പലിശയ്ക്കു കൊടുക്കുന്ന പതിവും സവ്സാധാരണമായിരുന്നു. സന്താനങ്ങൾ മാതാപിതാക്കന്മാരെ അനുസരിക്ക

ണമെന്ന് പ്ററാഹോതപ്പ് അനുശാസിച്ചിരിക്കുന്നു. മഹത്വവും ദയയും ഒന്നുതന്നെയെന്നും നേതാക്കന്മാൎക്ക് കരുണയും ന്യായബോധവും ഉണ്ടായിരിക്കേണ്ടതാണെന്നും പ്രസ്തുത ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഇഹലോകത്തുള്ള പുണ്യപാപങ്ങൾ അനുസരിച്ചാണ് പരലോകത്തെ അനുഭവം എന്ന വിശ്വാസം പരാൎത്ഥമായി ജീവിക്കാൻ ഈജിപ്റ്റുകാരെ പ്രേരിപ്പിച്ചു. പരന്മാരോട് കപടമായി പെരുമാറരുത്; ദുർബ്ബലന്മാരുടെ അവകാശങ്ങളെ വിഗണിക്കരുത്; അന്യരുടെ സ്വത്ത് അപഹരിക്കരുത് എന്നുള്ള ഉപദേശങ്ങൾമൂലം ഒരു പൌരന്റെ ചുമതലകൾ ശരിയായി നിറവേറുന്നതിനും സമസൃഷ്ടങ്ങളോട് സഹാനുഭൂതിയോടുകൂടി പെരുമാറുന്നതിനും ഈജിപ്റ്റുകാർ പ്രേരിതരായി.

ഹമ്മുറാബി (ബി.സി. 2124—2081) എന്ന ബാബിലോൺരാജാവ് ചില ചട്ടങ്ങൾ ഏൎപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം രചിച്ച ഗ്രന്ഥത്തിൽ നിന്നും പ്രാചീനസാമുദായികസമ്പ്രദായങ്ങളെ സംബന്ധിച്ച പല അറിവുകളും നമുക്കു ലഭിക്കുന്നു. കൃഷി, തൊഴിൽ, സാമുദായികശ്രേണികൾ തമ്മിലുള്ള ബന്ധം, ദായക്രമം, സ്ത്രീകളുടെ അവകാശങ്ങളും ചുമതലകളും, കുടുംബജീവിതം, ആദ്ധ്യാത്മികചിന്ത ഇത്യാദി കാൎയ്യങ്ങൾ അതിൽ പ്രതിപാദിച്ചു കാണുന്നു.

സോറോആസ്റ്റർ. സെൻഡ് അവസ്ഥ എന്ന ഗ്രന്ഥത്തിൽ പ്രാചീനമായ ആൎയ്യമതത്തെ പുനഃസ്ഥാപനം ചെയ്യാൻ ഇദ്ദേഹം ശ്രമിച്ചു. പ്രകൃതിയെ ഉപാസിക്കുക, ആദ്ധ്യാത്മികവിഷയങ്ങളെപ്പററി ചിന്തിക്കുക, സാമുദായികനിയമങ്ങൾ അനുസരിക്കുക മുതലായവ ആ പുനഃപ്രവൎത്തനപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. സാമുദായികവിഷയങ്ങളായ ശുചീകരണവ്യവസ്ഥ, ആരോഗ്യരക്ഷ ഇത്യാദി ഈ ഗ്രന്ഥത്തിൽ പ്രത്യേകം നിഷ്കൎഷിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം സ്ത്രീ

കരംക്ക് പുരുഷന്മാരെപ്പോലെ തന്നെ തുല്യമായ സാമുദായികസ്ഥാനം ഉണ്ട്.

പ്ലേറോ. (ബി. സി. 427—347) പ്രാചീനഗ്രീസിലെ പ്രശസ്തനായ സാമുദായികചിന്തകൻ പ്ലേറോ ആയിരുന്നു. ഒരു ആദശ്സാമുദായികസംഘത്തെ അദ്ദേഹം സങ്കല്പിച്ചു. അതു പില്ക്കാലത്തുള്ള തലമുറകരംക്കു സാമുദായികപരിഷ്കാരം പ്രചരിപ്പിക്കുന്നതിന് പ്രേരകമായിത്തീന്നിട്ടുണ്ട്. സാമുദായികസംഘടനയുടെ യഥാർത്ഥമായ ഉദ്ദേശ്യം നീതിപരിപാലനം ആണെന്നും സ്ത്രീപുരുഭേദമെന്യേ സകലക്കും ഉന്നതി നേടാൻ സമാനസൌകയ്യങ്ങരം നല്കേണ്ടതാണെന്നും പ്ലേറോ അനുശാസിച്ചു. സുവ്യവസ്ഥിതമായ വിദ്യാഭ്യാസം അത്യാവശ്യമാണെന്നും ലോകപരിചയവും അത്യഗാധമായ വിജ്ഞാനവും ഉള്ളവർ ഭരിക്കുന്ന രാജ്യം ഉൽകൃഷ്ടമായിരിക്കുമെന്നും ആ ചിന്തകൻ അഭിപ്രായപ്പെട്ടു. അദ്ദേഹത്തിൻെറ അനുശാസനങ്ങളിൽ ഇന്നത്തെ പരിഷ്കൃതാവസ്ഥയിലെ ചില തത്വങ്ങളുടെ സൂചന കാണുന്നുണ്ട്. മിതഭോഗം പരിശീലിക്കണമെന്നും സ്ത്രീപുരുഷന്മാർ സന്മാർഗ്ഗനിഷ്ഠരായിരിക്കണമെന്നും അദ്ദേഹം പറയുന്നു. ക്രൂടാതെ കുററം ചെയ്തിട്ടുള്ളവരെ സന്മാർഗ്ഗത്തിൽ നയിക്കാൻ ശ്രമിക്കണമെന്നും സമത്ഥന്മാരെ നിരീക്ഷണഗവേഷണാദികരംക്കു വേണ്ടി അന്യരാജ്യങ്ങളിൽ സഞ്ചരിക്കാൻ പ്രേരിപ്പിക്കണമെന്നും ആ മഹാൻ അഭിപ്രായപ്പെടുന്നു.

അരിസ്റ്റട്ടിൽ. (ബി. സി. 384—322) പ്ലേറോവിൻെറ ശിഷ്യനായ അരിസ്റ്റട്ടിൽ ഒരു യാഥാത്ഥ്യവാദിയായിരുന്നു. ഗുരുവിൻെറ ആദശ്വാദം ഇദ്ദേഹം സ്വീകരിച്ചിരുന്നില്ല. തൽക്കാലസ്ഥിതിയെപ്പററിയല്ലാതെ ഭവിക്കേണ്ടതിനെപ്പററി അദ്ദേഹം ചച്ചചെയ്തിരുന്നില്ല. സാമുദായികജീവിതത്തിൻെറ പല വശങ്ങളേയും സൂക്ഷ്മമായി വിശ്ലേഷണം ചെയ്ത് അനേകം തത്വങ്ങരം ഇദ്ദേഹം

ആവിഷ്കരിച്ചു. മനുഷ്യന്റെ സാമുദായികാവശ്യങ്ങൾ നിറവേററുന്നതിനു രാഷ്ട്രം സ്ഥാപിതമായി എന്നാണ് ഇദ്ദേഹം അഭിപ്രായപ്പെടുന്നത്. കുടുംബത്തിൻേറയും രാഷ്ട്രത്തിൻേറയും അംശമാണ് വ്യക്തി. സാമുദായികഭാവം സ്വതേതന്നെ മനുഷ്യനുള്ളതാണ്. അതായത് തൻേറ കൂട്ടുകാരോടു സഹകരിക്കുന്നത് മനുഷ്യസ്വഭാവമാണ്. സമുദായത്തെ വിട്ട് മനുഷ്യനു സ്ഥാനമില്ല. സമുദായത്തിന്റെ അംഗമായിട്ടുമാത്രമേ അവനു പരിപൂർണ്ണത പ്രാപിക്കാൻ സാധിക്കുകയുള്ളു.

## റോമൻ ചിന്തകന്മാർ

ഗ്രീക്ക് തത്വജ്ഞാനചർച്ചയുടെ ഫലമായിട്ടാണ് റോമൻസമുദായചിന്ത ആവിർഭവിച്ചത്. സാമുദായികനിയന്ത്രണത്തിലെ പ്രധാനവശങ്ങൾ ക്രമീകരിച്ച് സംഘടിപ്പിക്കുകയായിരുന്നു അവർ ചെയ്തത്. റോമൻനിയമം ഇന്ന് സകല പരിഷ്കൃതരാജ്യങ്ങളിലേയും നിയമങ്ങളിൽ പ്രതിഫലിച്ചു കാണുന്നുണ്ട്. കൂടാതെ സ്റ്റോയിക്ക്തത്വജ്ഞാനത്തിൻേറ പ്രഭാവം റോമൻചിന്തകന്മാർക്കു പ്രചോദനം നല്കിയിരുന്നു.

ലൂക്രീഷ്യസ്. (ബി. സി. 99—55) ഇദ്ദേഹം എപ്പിക്കൂറിയൻ തത്വജ്ഞാനത്തിൻേറ പ്രചാരകനായിരുന്നു. സാമുദായികവികാസത്തിൻേറ ചരിത്രത്തെപ്പററി ഇദ്ദേഹം വർണ്ണിച്ചിരിക്കുന്നു. ജീവിക്കാൻവേണ്ടി പ്രാണികൾ സംഗ്രാമം ചെയ്യുന്ന അവസ്ഥ മുതൽ ആരംഭിക്കുന്ന സമുദായരീതികളുടേയും ആചാരങ്ങളുടേയും ആഗമത്തെപ്പററി ഈ ചിന്തകൻ പ്രത്യേകം ചർച്ചചെയ്യുന്നു. സമുദായോൽപത്തിയെപ്പററി ഇദ്ദേഹം പ്രതിപാദിച്ചിട്ടുള്ളതിൽ മിക്കതും ആധുനികഗവേഷണഫലങ്ങൾക്കു അനുരൂപമായിത്തന്നെ കാണുന്നു.

സിസറോ. (ബി.സി. 106—43) റോമൻസാമ്രാജ്യ വ്യവസ്ഥ സർവാദരണീയമായ ആദർശമായിത്തീരാൻവേണ്ടി ഇദ്ദേഹം ആദർശജനകീയഭരണത്തെ ചിത്രീകരിച്ചു. അരിസ്റ്റട്ടിൽ, എപ്പിക്ക്യൂറസ് മുതലായ തത്വജ്ഞാനികളുടെ ശ്രേഷ്ഠചിന്തകളെ തിരഞ്ഞെടുത്ത് ഒരു പുതിയ ആദർശം രൂപവൽക്കരിച്ചു. മററു മാർഗ്ഗങ്ങൾ പ്രയോജനകരമല്ല എന്നു കണ്ടാൽ മാത്രമേ ദേഹോപദ്രവം വിദ്യാർത്ഥികൾക്ക നല്കാവു എന്ന് ഇദ്ദേഹം വാദിച്ചു.

ജൂലിയസ് സീസർ. (ബി. സി. 100—44) ഇദ്ദേഹത്തിൻെറ ഗ്രന്ഥത്തിൽ അക്കാലത്തെ സാമുദായികസ്ഥിതികളെ ശരിയായി വർണ്ണിച്ചിരിക്കുന്നതുകൊണ്ട് അതിൽനിന്നും സാമുദായികതത്വങ്ങൾ പലതും ഗ്രഹിക്കാൻ കഴിയും.

സ്റ്റായിക്ക് തത്വജ്ഞാനികൾ. നന്മതന്നെയാണ് ജ്ഞാനം എന്നുള്ള സാക്രട്ടിസ്സിൻെറ ഉപദേശമാണ് ഇവരുടെ മുദ്രാവാക്യം. ദയ എന്നത് ഒരുതരം രോഗമെന്നാണ് ഇവരുടെ അഭിപ്രായം. ഇവരിൽ ഒരു പ്രധാനിയായ സെനക (ബി. സി. 4—ഏ. ഡി. 65) പറയുന്നത് ഇപ്രകാരമാണ്. "ഒരു മനുഷ്യനു നല്ലത് എന്തെന്നല്ലാതെ അവൻെറ ഉദരത്തിനു നല്ലതെന്തെന്നു ഞാൻ അന്വേഷിക്കുന്നില്ല."

സ്റ്റായിക് സമ്പ്രദായപ്രകാരം നന്മ എന്നാൽ സ്വതന്ത്രവും പ്രശാന്തവുമായി ജീവിതം നയിക്കുക എന്നതാണ്. എല്ലാ മനുഷ്യരും ആരംഭത്തിൽ ഒരേ സ്വഭാവം ഉള്ളവരാണെന്നും, ഒരേ വിശ്വാത്മാവിന്റെ സന്താനങ്ങളാണെന്നും ഇവർ വിശ്വസിക്കുന്നു. സാമുദായികവ്യത്യാസങ്ങൾ ബാഹ്യവും നിസ്സാരവുമാണ്. സർവനന്മകളിലുംവച്ചു ശ്രേഷ്ഠമായിട്ടുള്ളതു പരോപകാരമാണ്. കൃതഘ്നതയാണ് അതിനീചമായിട്ടുള്ളത്. എന്തെന്നാൽ അതു സാമുദായികത്വത്തെ നശിപ്പിക്കുന്ന ഒന്നാകുന്നു.

സ്റ്റോയിക്കുകാരുടെ മററു സിദ്ധാന്തങ്ങൾ താഴെക്കാണുന്നവയാണ്. ശിക്ഷയുടെ ഉദ്ദേശ്യം കുററംചെയ്ത ആളിനെ നന്നാക്കാനും അവൻെറ നിന്ദ്യമായ ദൃഷ്ടാന്തം മററുള്ളവർ അനുകരിക്കാതിരിക്കാനുമായിരിക്കണം. ശിക്ഷിക്കുന്നവൻ കോപവശഗനാകരുത്. തെററുചെയ്യുന്നവരേയും സ്നേഹിക്കണം എന്നാണ് ഇവരുടെ മതം. അമിതഭോഗം അരുത്. ധനംകൊണ്ട് ദൃഷിക്കാത്തവനാണ് മഹാൻ. എന്നാൽ അമിതധനത്തിനിടയിലും ലളിതജീവിതം നയിക്കുന്നവൻ മഹാന്മാരിലും ശ്രേഷ്ഠൻതന്നെ. ക്രൂരത കുറയ്ക്കാനും പരോപകാരത്തെ പ്രചരിപ്പിക്കാനും സ്റ്റോയിക്ക് തത്വങ്ങൾ സഹായിച്ചു.

യോദ്ധാക്കളും ഭരണകർത്താക്കളും ആയ റോമൻകാർ സമുദായചിന്തയ്ക്കു വളരെയൊന്നും പ്രദാനം ചെയ്തിട്ടില്ല. വ്യക്തിയുടെ അവകാശം, ഉടമ്പടിയുടെ ശരിയായ തത്വം എന്നീ രണ്ടെണ്ണത്തിലാണ് റോമൻ ചിന്തയുടെ പ്രഭാവം കാണുന്നത്. സംഘടിതമായ ശക്തിയുടെ മഹത്വത്തേയും റോമൻകാർ പ്രചരിപ്പിച്ചു. അവരുടെ സംഘടനാശക്തി ആശ്ചര്യകരമായിരുന്നു. റോമൻകാർ സർവ്വോപരി നല്കിയിട്ടുള്ള മൂന്നു സ്റ്റോയിക് തത്വങ്ങൾ സ്നേഹം, പരോപകാരം, സാഹോദര്യം എന്നിവയാണ്.

<u>മാർക്കസ് അറീലിയസ്.</u> (എ. ഡി. 121—180)

വിശ്വവിശ്രുതനും സന്മാർഗ്ഗനിഷ്ഠനുമായ മാർക്കസ് അറീലിയസ് എന്ന റോമൻ ചക്രവർത്തി ഇപ്രകാരം അഭിപ്രായപ്പെടുന്നു. "മനുഷ്യരെ സ്നേഹിക്കുക. ജീവിതമെന്നാൽ അനുസ്യൂതമായ പരോപകാരപരമ്പരതന്നെ. അന്യോന്യശ്രേയസ്സിനു വേണ്ടിത്തന്നെയാണ് മനുഷ്യസമുദായം വർത്തിക്കുന്നത്. ഈശ്വരൻ സർവ്വലോകൈകതേകതൽ പരനും മനുഷ്യർ ജഗത്തിലെ അംഗങ്ങളുമാകുന്നു. വിശ്വചൈതന്യം പരോപകാരതൽപരമായതുകൊണ്ട് പ്രപ

ഞ്ചത്തിൻെറ ഒരംശമായ മനുഷ്യസമുദായത്തിലെ ഓരോ അംഗവും പരോപകാരതൽപരതയോടുകൂടിത്തന്നെയിരിക്കണം. നാമെല്ലാം സഹകാരികളാണ്. സമുദായത്തിനു ഹാനികരമായിട്ടുള്ളത് വ്യക്തിക്കും ഹാനികരം തന്നെ. വിശ്വസാമ്രാജ്യത്തിലെ ഒരു പൌരനാണ് മനുഷ്യൻ. ഒരുത്തമപൌരൻ തൻെറ ആദർശജീവിതം കൊണ്ടു തന്നെ നന്മ ചെയ്യുന്നു.

## ക്രിസ്റ്റ്യൻചിന്തകന്മാർ

സമുദായചിന്താചരിത്രത്തിൽ ക്രിസ്തുവിൻ്റെ സ്ഥാനം ഒട്ടും അപ്രധാനമല്ല. ഒരു നവീനസമുദായവ്യവസ്ഥ വരത്തക്കവണ്ണം മൌലികങ്ങളായ അനേകം സമുദായതത്വങ്ങൾ അദ്ദേഹം ഉപദേശിച്ചു. സ്വർഗ്ഗരാജ്യം എന്ന പരിപൂർണ്ണസാമുദായികാദർശത്തെ അദ്ദേഹം സങ്കല്പിച്ചു. ആ സ്വർഗ്ഗരാജ്യം ഭൂമിയിൽത്തന്നെ വരുത്താനായിരുന്നു അദ്ദേഹത്തിൻെറ ജീവിതോദ്ദേശ്യം. ഈശ്വരൻ സകല മനുഷ്യരുടേയും പിതാവായതുകൊണ്ട് ലോകം ഒരു കുടുംബവും സകല വ്യക്തികളും സഹോദരങ്ങളും തന്നെ. അതിനാൽ അന്യരോട് സഹോദരഭാവത്തിൽ വർത്തിക്കണം. പരസ്പരം സ്നേഹിക്കണം. ഈശ്വരൻ നമ്മുടെ കുററങ്ങളെ ക്ഷമിക്കുന്നതുപോലെ നമ്മളും അന്യരുടെ കുററങ്ങളെ ക്ഷമിക്കണം. ശത്രുക്കളെപ്പോലും സ്നേഹിക്കണം. ഇപ്രകാരം സാർവ്വജനീനമായ സ്നേഹത്തെ അദ്ദേഹം പ്രചരിപ്പിച്ചു. അദ്ദേഹത്തിൻെറ ശിഷ്യരിൽ 'പാൾ' സന്മാർഗ്ഗജീവിതത്തെയും സമാധാനത്തെയും അനുസരണശീലത്തെയും, 'ജെയിംസ്' സമുദായസേവനത്തെയും, 'ജാൺ' സ്നേഹതത്വത്തെയും ഉപദേശിച്ചു. പില്ക്കാലത്തുള്ള ക്രിസ്റ്റ്യൻചിന്തകന്മാരിൽ സെയിൻററ് അഗസ്റ്റിൻ (ഏ.ഡി. 354—450)

സർവ്വഥാ സ്മരണീയനാണ്. 'ഈശ്വരൻെറ നഗരം' എന്ന സമുദായചിന്താപരമായ ഒരു ഗ്രന്ഥത്തിൽ ആഡംബരരഹിതവും, പരോപകാരതൽപരവും, ഭക്തിനിഷ്ഠവും ആയ ജീവിതത്തിൻെറ മഹിമയെ അദ്ദേഹം വാഴ്ത്തിയിരിക്കുന്നു. 'താമസ് ആകിനസ്' (1226-1274 ഏ. ഡി.) എന്ന ചിന്തകൻെറ ഉപദേശങ്ങളും സമുദായ ചിന്തയെ സാരമായി സ്പർശിച്ചിട്ടുണ്ട്. മനുഷ്യൻ സമുദായ ജീവിയാണെന്നുള്ള അരിസ്റ്റോട്ടിൽതത്വത്തെ അദ്ദേഹം അംഗീകരിക്കുന്നു. തൻെറ ഉദ്ദേശ്യങ്ങൾ സാധിക്കുന്നതിനായി ഓരോ വ്യക്തിയും പരസ്പരം സാമുദായികസംഘടനയ്ക്കു ഭാഗഭാക്കാകുന്നു. പരസ്പരം സഹകരിക്കുക എന്നത് മനുഷ്യൻെറ സ്വാഭാവികധർമ്മമാണ്. അതിനാൽ സമുദായത്തിലല്ലാതെ അവനു സംതൃപ്തിയോടുകൂടി ജീവിക്കാൻ സാധിക്കുകയില്ല.

## മുസ്ലിം ചിന്തകന്മാർ

പത്താം ശതാബ്ദത്തിൻെറ ഉത്തരാർദ്ധത്തിൽ ബസ്രാ ഭ്രാതാക്കൾ എന്ന് ഒരു സന്യാസിസംഘം അക്കാലത്തെ സകല ശാസ്ത്രങ്ങളേയും ക്രോഡീകരിച്ച് അൻപത്തിയൊന്നു വിഭാഗങ്ങളായി ഒരു വിശ്വവിജ്ഞാനകോശം തയ്യാറാക്കി. അതിന് ഒരു ശതാബ്ദം മുൻപ് 'മസൂദി' എന്ന മഹാൻ മുസ്ലീം പരിഷ്കാരത്തിൻെറ ഒരു ചരിത്രം രചിച്ചിരുന്നു. എന്നാൽ സാമുദായിക വിജ്ഞാനത്തിൽ പരമകാഷ്ഠയെ പ്രാപിച്ച മുസ്ലിം ചിന്തകൻ 'ഇബൽ ഖൽദുൺ' (1332—1406) ആയിരുന്നു. നിരീക്ഷണം തുലനം എന്നീ വിധത്തിലുള്ള വൈജ്ഞാനികരീതികളെ ആണ് അദ്ദേഹം സ്വീകരിച്ചത്. സാമുദായികഭവങ്ങൾക്ക് കാര്യകാരണബന്ധം ഉണ്ടെന്നും പ്രാചീനചരിത്രത്തിൽ നിന്നും ഭാവിയെ

നിർണ്ണയിക്കാമെന്നും അദ്ദേഹം പറയുന്നു. മനുഷ്യസംഘങ്ങളേയും ജാതീയഭാവങ്ങളേയും ശീതോഷ്ണാദികളുടെ ഫലത്തേയും ആഹാരാന്വേഷണത്തിനു വേണ്ടിയുള്ള സംഗ്രാമത്തേയും പരിഷ്കാരക്രമങ്ങളേയും ബുദ്ധി, വിജ്ഞാനം, സംസ്കാരം എന്നിവയുടെ ലബ്ധിയേയും വിവരിക്കുന്ന ചരിത്രങ്ങൾ പഠിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ നിർദ്ദേശം. സാമുദായികവികാസം ചക്രഭ്രമണം പോലെയാണെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു.

## 3

# ആധുനിക ചിന്തകന്മാർ

മൂർ, ബേക്കൺ മുതലായ ആംഗ്ലേയചിന്തകന്മാർ ഒരു ആദർശസമുദായത്തെ ചിത്രീകരിക്കാൻ ശ്രമിച്ചു. ധനസംബന്ധമായ ഔന്നത്യം, വിദ്യാഭ്യാസം, വിജ്ഞാനവളർച്ച എന്നിവയുടെ അഭിവൃദ്ധി മുതലായവ സമുദായത്തിന് അത്യന്താപേക്ഷിതമാണെന്ന് അവർ വാദിച്ചു. 'ഹാബ്സ്'. (1588—1678) സാമുദായികഉടമ്പടി എന്ന തത്വത്തെ നിഷ്കർഷിച്ചത് ഇദ്ദേഹമാണ്. മനുഷ്യർ സ്വാർത്ഥതൽപരരും സുഖാന്വേഷികളും ആകയാൽ അവർ തമ്മിൽ സ്വാർത്ഥസിദ്ധിക്കായി പരസ്പരം കലഹിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ നിരന്തരമായ ഈ കലഹം നാശകരമായതിനാൽ സ്വാവകാശങ്ങളെ ഓരോരുത്തരും ഒരു കേന്ദ്രശക്തിക്ക് നല്കി. ആ കേന്ദ്രശക്തിയെ നിയന്ത്രിക്കുന്ന ആൾ രാഷ്ട്രാധിപതിയായിരുന്നു. അദ്ദേഹത്തിന്റെ ആജ്ഞകൾതന്നെയാണ് നിയമങ്ങൾ. ഇപ്രകാരം പ്രജകൾ സർവ്വഥാ രാജാവിന് അധീനരെന്നു സ്ഥാപിക്കാൻ ഹാബ്സ് ശ്രമിച്ചു. ഗ്രോഷ്യസ്

(1583—1645) എന്ന ഡച്ച ചിന്തകൻ സമുദായം എന്ന പദത്തിൻെറ അർത്ഥത്തെ വിപുലമാക്കി സകല ജാതികാംക്കും പൊതുവായ ഒരു നിയമം ഉള്ളതായി പ്രഖ്യാപനംചെയ്തു. തന്മൂലം യുദ്ധനിയമങ്ങളുടെ നൃശംസതയ്ക്കു സാരമായ പരിഹാരം ഉണ്ടായി.

പതിനെട്ടാം ശതാബ്ദത്തിലെ സാമുദായികപഠനത്തിനു അത്യധികം പ്രേരകശക്തി പ്രയോഗിച്ച 'ജാൺ ലാക്' (1632—1704) സാമുദായികഉടമ്പടിതത്വം മതസഹിഷ്ണുത മുതലായവയെ ഉപദേശിച്ചിരിക്കുന്നു. പരിതഃസ്ഥിതിയാണ് സമുദായത്തേയും വ്യക്തിയേയും പരമ്പരാഗതമായ പ്രഭാവത്തേക്കാാം കൂടുതൽ പ്രേരിപ്പിക്കുന്നതെന്ന് അദ്ദേഹം പഠിപ്പിച്ചു.

'വീസോ' (1668-1744) ഇററാലിയിലെ പ്രസിദ്ധ ചിന്തകനായ ഇദ്ദേഹം ചരിത്രവിഷയകമായ ഒരു സാമുദായിക തത്വജ്ഞാനത്തെപ്പററി സങ്കല്പിക്കുകയും നിയമത്തിൻെറ ക്രമവികാസത്തെക്കുറിച്ച് പ്രതിപാദിക്കുകയും ചെയ്തു.

18-ാം ശതാബ്ദത്തിൽ ഫ്രഞ്ചുചിന്തകന്മാർ സമുദായശാസ്ത്രത്തിൽ പല ഗവേഷണങ്ങളും നടത്തി. മാണ്ടസ്കി (1689—1755) എന്ന ചിന്തകൻ ദേശീയതയെ കൂടുതൽ നിഷ്കൃഷ്ടിച്ചു. പ്രസ്തുത ശതാബ്ദത്തിൽ ഏററവും പ്രചാരത്തിലിരുന്ന മാണ്ടസ്കിയുടെ "നിയമതത്വം" എന്ന ഗ്രന്ഥത്തിൽ ശീതോഷ്ണാവസ്ഥ, ഭൂപ്രകൃതി മുതലായവയുടെ അലംഘനീയമായ പ്രേരണാശക്തി പരിഷ്കാരത്തിന് അടിസ്ഥാനമായ മൌലികനിയമങ്ങാം ഇവയെ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. സാമുദായികവും രാഷ്ട്രീയവുമായ സംഘടനയെ പരിഷ്കരിക്കേണ്ടതാണെന്നും അടിമത്തം നിറുത്തൽ ചെയ്യേണ്ടതാണെന്നും അതിൽ അദ്ദേഹം പ്രത്യേകിച്ച് പ്രസ്താവിച്ചിരി

കുന്നു. ദിഡറോയുടെ നേതൃത്വത്തിൽ ഫ്രെഞ്ച് വിശ്വ കോശനിർമ്മാതാക്കൾ സാമുദായികസംഘടനയുടെ മൌലികതത്വങ്ങളെ പ്രഖ്യാപനംചെയ്തു. ഫ്രാൻസിലെ പ്രധാന മന്ത്രിയായിരുന്ന റർഗോ ധനപരമായ പരിഷ്കാരം നിർദ്ദേശിച്ചതു കൂടാതെ അനന്തരകാലത്തിൽ കാണ്ടറ് കണ്ടുപിടിച്ചതായ തത്വങ്ങളേയും സൂചിപ്പിച്ചിരുന്നു. ആ ശതാബ്ദത്തിന്റെ അവസാനഘട്ടത്തിൽ "റൂസോ" സാമുദായികഉടമ്പടി, പ്രകൃതിയനുസരിച്ചുള്ള ജീവിതത്തിന്റെ ഉൽകർഷം മുതലായവയെ പ്രഖ്യാപനം ചെയ്തു. ഫ്രെഞ്ചുവിപ്ലവം റൂസോവിന്റെ സാമുദായികാദർശങ്ങളിൽ മിക്കതിനേയും നടപ്പിൽ വരുത്തി. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ സാമുദായിക ലക്ഷ്യമായിത്തീൎന്നു.

## ഇംഗ്ലീഷ് ചിന്തകന്മാർ

'ജാൺ ഹൌവേർഡ്', 'പേടിക് കൊക്കുഹൂൺ', 'എലിസബത്ത്ഫ്രൈ' മുതലായവർ പ്രസിദ്ധ ശിക്ഷാശാസ്ത്രനിപുണനായ 'ബക്കേറിയ'യെ തുടൎന്ന് ശിക്ഷാനിയമപരിഷ്കാരത്തിനായി ശ്രമിച്ചു. 'ബെന്താം', എന്ന വിശ്വവിഖ്യാതനായ നിയമതത്വഗവേഷകൻ പ്രസ്തുത പരിഷ്കാരത്തിനു അനുകൂലിയായിരുന്നു. ഇദ്ദേഹമാണ് "ഭൂരിപക്ഷത്തിന്റെ ഭൂരിസുഖം" എന്ന നിയമതത്വത്തെ പ്രഖ്യാപനം ചെയ്തത്. ഇംഗ്ലീഷ് നിയമപരിഷ്കരണത്തിൽ ഈ ചിന്തകനും അദ്ദേഹത്തിന്റെ അനുഗാമികളായ 'ജാൺ ആസ്റ്റിൻ', 'ജാൺ സ്റ്റൂവർട്ടുമിൽ' എന്നിവരും പ്രത്യേകം സ്മരണീയരാണ്. 'മാൽത്തസ്' ജനസംഖ്യാതത്വത്തെ കണ്ടുപിടിച്ചു. തൽപ്രേരിതനായി ഡാർവിൻ പ്രകൃതിപരമായ നിർവചനത്തേയും,റാബർട്ട്

ഓയൻ, പരിതഃസ്ഥിതി, വിദ്യാഭ്യാസം എന്നിവയുടെ പ്രയോജനത്തേയും നിഷ്കൃഷ്ടിച്ചു. വ്യാവസായികസഹകരണതത്വത്തെ വികസിപ്പിച്ചതുകൊണ്ട് റാബർട്ട്ഓയൻ അനേകം ഇംഗ്ലീഷ് സാമുദായികസഹകരണപ്രസ്ഥാനങ്ങൾക്കും കാരണഭൂതനായിത്തീൻറു. പാർലമെൻറു നടപ്പിൽവരുത്തിയതായ 1904 മുതൽ 1914 വരെയുള്ള സാമുദായിക്നിയമങ്ങളും ഇതിൻെറ ഫലമായുണ്ടായതാണ്.

കാങ്റ്ററ് [1798—1857] സമുദായശാസ്ത്രപ്രവൎത്തകരിൽ പ്രഥമഗണനീയനായ കാങ്റ്ററിൻെറ ജീവചരിത്രം സംക്ഷിപ്തമായി പ്രസ്താവിക്കുന്നത് അസ്ഥാനത്താകയില്ല. ഫ്രാൻസിൽ 'മോങ്ങ് പെലിയർ' എന്ന സ്ഥലത്ത് ഒരു റോമൻ കത്തോലിക്ക കുടുംബത്തിലാണ് ഇദ്ദേഹം ജനിച്ചത്. ഇദ്ദേഹത്തിൻെറ മാതാപിതാക്കന്മാർ വിനയാന്വിതരും സന്മാൎഗ്ഗനിരതരും ആയിരുന്നു. ഒൻപതാമത്തെ വയസ്സിനകം തന്നെ പ്രസ്തുത ബാലനിൽ അസാധാരണമായ ബുദ്ധിശക്തിയും അചഞ്ചലമായ കൎമ്മകുശലതയും പ്രത്യക്ഷമായി. പുസ്തകപാരായണത്തിലുള്ള ഉത്സാഹവും ഓൎമ്മശക്തിയും അത്യത്ഭുതകരമായിരുന്നു. വിദ്യാലയങ്ങളിൽ നിന്നും അനവധി പാരിതോഷികങ്ങൾ ഇദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. സഹപാഠികളുടെ ഒരു നേതാവായിത്തീൎന്ന ഇദ്ദേഹത്തെ അവർ 'തത്വജ്ഞാനി' എന്നാണ് വിളിച്ചിരുന്നത്. പതിനാറാമത്തെ വയസ്സിൽ ഇദ്ദേഹം ഗണിതശാസ്ത്രത്തിൽ ഉപരിപഠനം നടത്തുന്നതിനു ശ്രമിച്ചു. 19-ാമത്തെ വയസ്സിൽ സമുദായചിന്തകനായ സെയിൻററ് സൈമണുമായി പരിചയപ്പെട്ടു. അല്പകാലത്തേയ്ക്കു മാത്രമേ ആ ബന്ധം നിലനിന്നൊള്ളു. എങ്കിലും അതു കാങ്റ്ററിൻെറ ജീവിതത്തേയും അഭിപ്രായങ്ങളേയും സാരമായി സ്പൎശിച്ചു. 1822-ൽ ഇദ്ദേഹത്തിൻെറ ആദ്യത്തെ ഗ്രന്ഥം പ്രസ

ഷീകൃതമായി. സെയിൻറ് സൈമൺ തന്നെയായിരുന്നു അതിൻെറ അവതാരികാകൎത്താവ്. "സമുദായത്തിൻെറ പുനഃസംഘടനയ്ക്കാവശ്യമുള്ള വൈജ്ഞാനികപ്രവൎത്തനങ്ങൾ" എന്നായിരുന്നു ഈ ഗ്രന്ഥത്തിൻെറ നാമധേയം. ഈ ഗ്രന്ഥനിൎമ്മാണം ഇദ്ദേഹത്തിൻെറ ജീവിതത്തിലെ പ്രധാന പ്രവൃത്തിയുടെ പ്രാരംഭം മാത്രമായിരുന്നു. തൻെറ ഗ്രന്ഥങ്ങൾ സൌജന്യമായി കൊടുക്കുന്ന വിഷയത്തിൽ ഇദ്ദേഹത്തിനു യാതൊരു മടിയും ഇല്ലായിരുന്നു. തൻെറ സൌജന്യബുദ്ധിമൂലം ദാരിദ്ര്യദേവത ഇദ്ദേഹത്തെ ബാധിച്ചു. എങ്കിലും ആ മനുഷ്യസ്നേഹി നിസ്വാൎത്ഥമായിത്തന്നെ നിരന്തരം ജോലിചെയ്തു. ചില സുഹൃത്തുക്കളുടെ സഹായം കൊണ്ടു മാത്രമാണ് ഇദ്ദേഹം ജീവിതം പുലർത്തിപ്പോന്നത്. അസാമാന്യമായ ധിഷണാശക്തി ഉണ്ടായിരുന്നതിനാൽ ദ്രുതഗതിയിൽ എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളിലും അദ്ധ്യായങ്ങളും ആശയങ്ങളും ക്രമാനുഗതമായിരിക്കുന്നതായി നമുക്കു കാണാൻ സാധിക്കും. സത്യത്തിൽ ദൃഢപ്രതിജ്ഞനായിരുന്ന ഈ ചിന്തകൻ താൻ സത്യമെന്നു വിശ്വസിച്ചിരുന്നതിൽ നിന്നും വ്യതിചലിച്ച് ഒരക്ഷരംപോലും കുറിച്ചിട്ടില്ല. കാങ്ററിൻെറ ഗ്രന്ഥങ്ങളിൽ വച്ചു പ്രധാനമായവ "അനുഭവാത്മകജ്ഞാനവും" "അനുഭവാത്മകസംഘടന"യുമാണ്. ആദ്യത്തേത് 1832-1842 നകവും രണ്ടാമത്തേത് 1851-1854 നകവും പ്രസിദ്ധീകരിക്കപ്പെട്ടു. യൂറോപ്പിലെ തത്വജ്ഞാനികളിൽ പ്രഥമഗണനീയൻ കാങ്ററാണെന്നു ജാൺ സ്ററുവർട്ട് മിൽ പറയുന്നു. 'മാർലി'യുടെ അഭിപ്രായത്തിൽ, അസംഖ്യം വിഘ്നങ്ങൾക്കിടയിലും തൻെറ ആദൎശം അനുസരിച്ചു ജീവിച്ച ഒരു ധൎമ്മവീരൻ "കാങ്ററ്" മാത്രമായിരുന്നു. ഉത്തമവികാരങ്ങളെ, വിശേഷിച്ചു സഹാനുഭൂതി, പരോപകാരതൽപരത ഇവയെ ഇദ്ദേഹം കൂടുതൽ നിഷ്കൎഷിച്ചുപോന്നു.

സ്നേഹഭാവം മൌലികമാണെന്നും ബുദ്ധിശക്തി ഗൌണ മാണെന്നും ആയിരുന്നു ഇദ്ദേഹത്തിൻെറ അഭിപ്രായം.

കാങ്ററിൻെറ അവസ്ഥാനിയമവാദം താഴെപ്പറയുന്നവിധം വിശദീകരിക്കാം.

1. ആധിദൈവികം. (ആദ്യത്തെപ്പടി) മനുഷ്യരേയും മൃഗങ്ങളേയും താരതമ്യപ്പെടുത്തുമ്പോൾ മാനസിക ശക്തി മനുഷ്യൻെറ പ്രത്യേക ധമ്മമായി വെളിപ്പെടുന്നു. എന്നാൽ അപരിഷ്കൃതരുടെ ഇടയിൽ വിവേകം വളരെ കുറവായിട്ടാണു കണ്ടുവരാറുള്ളത്. ചില മനുഷ്യവംശങ്ങൾ മൃഗങ്ങളിൽ നിന്നും ആരംഭിച്ചതായും മൃഗങ്ങൾ മനുഷ്യരൂപം ധരിച്ചിരുന്നതായുമുള്ള അനേകം കഥകൾ പ്രാചീനകാലത്തുണ്ടായിരുന്നു. ക്രമേണ സംസ്കാരത്തിന്റെ സ്ഫുരണം കണ്ടുതുടങ്ങിയപ്പോഴേയ്ക്കും മനഃസ്ഥിതിയിൽ മൃഗത്തേക്കാൾ മനുഷ്യൻ സവ്ഥാ വ്യത്യസ്തനാണ് എന്നു മനസ്സിലായിത്തുടങ്ങി. അസാധാരണമായ പ്രതിഭാശക്തിയും ബുദ്ധിസാമത്ഥ്യവും ദേവന്മാർ പൊഴിക്കുന്ന കൃപയുടെ ഫലമാണെന്നു വിശ്വസിച്ചുപോന്നു.

2. ആദ്ധ്യാത്മികം. (രണ്ടാമത്തെപ്പടി) രണ്ടാമത്തെപ്പടിയിൽ മനസ്സിനെ, ബുദ്ധി, ഇച്ഛ, വികാരം എന്ന മൂന്നു ഭാവങ്ങളിൽ മനുഷ്യൻ പഠിക്കാൻ തുടങ്ങി. യുക്തിവാദം ചെയ്യാനും സങ്കല്പിക്കാനും ശക്തിയുള്ളതാണ് ബുദ്ധി. അത് ഒരു വിശ്വമനസ്സിൻെറ അംശമായി വിചാരിക്കപ്പെട്ടു.

3. ആധിഭൌതികം. (മൂന്നാമത്തെപ്പടി) വളരെക്കാലം കൊണ്ടു വികസിച്ച ഒരു സംഘടനയാണ് മനസ്സ് എന്ന് ഒടുവിൽ തീരുമാനിച്ചു. മനസ്സ് സമഗ്രമായി ആദ്യകാലത്തുതന്നെ ഉണ്ടായിരുന്നു എന്നും ഒരു ക്രമവികാസത്തിൻെറ ഫലമല്ല എന്നും ഉള്ള വാദമുഖങ്ങളെ മൂന്നാ

മത്തെ അവസ്ഥയിൽ ഖണ്ഡിക്കുന്നു. മാനസികഭാവങ്ങൾ ശരീരഘടനയുമായി സന്നികടസംബന്ധത്തിൽ ഇരിക്കുന്നു എന്നുള്ളതാണ് മൂന്നാമത്തെപ്പടി.

ഈ മൂന്നു പടികൾക്കും അനുരൂപമായ ഒരു സമുദായഘടന ഉണ്ടെന്നു കാങ്ററ് വാദിച്ചു. ആധിദൈവിക വിചാരപദ്ധതിയിൽ നിന്നും സൈനികവും രാജാധിപത്യപ്രധാനവും ആയ ഒരു സാമുദായികഘടന സംജാതമാകുന്നു. ഈശ്വരൻ രാജാധിരാജനും ബലിഷ്ഠയോദ്ധാവും ആണെന്നും മനുഷ്യർ താഴെത്താഴെയായി സൈനികസംഘടനയിൽ സ്ഥിതി ചെയ്യുന്നവരാണെന്നും ഈശ്വരകല്പന അലംഘ്യമാണെന്നും അതു തന്നെയാണ് ലോകത്തെ ഭരിക്കുന്നതെന്നും ജനങ്ങൾ ഈ ഘട്ടത്തിൽ തീരുമാനിക്കുന്നു.

രണ്ടാമത്തെ പടിയിൽ മനുഷ്യാവകാശങ്ങളാണ് ഭരിക്കുന്നത്. ഇവിടെസാമുദായികഘടന, നിയമസ്ഥാപിതവും ബാഹ്യരൂപനിഷ്ഠവും ആയിത്തീരുന്നു.

മൂന്നാമത്തെ പടിയിൽ പ്രായോഗികഫലങ്ങൾ ഉളവാകുന്നു. വ്യവസായം അഭിവൃദ്ധമാകുന്നു. പ്രകൃതിയിലുള്ള ശക്തികളെ വിനിയോഗിക്കുന്നതിന് മനുഷ്യൻ യത്നിക്കുന്നു.

എന്നാൽ നാലാമതും ഒരു ചിന്തയ്ക്ക് അവകാശം ഉണ്ട്. അതാണ് സാമുദായികചിന്ത—ഭൌതികശക്തികൾ സാമുദായികലക്ഷ്യത്തിനായി വിനിയോഗിക്കപ്പെടുന്നു എന്നതാണ് അതിൻെറ തത്വം.

കാങ്ററ് വിജ്ഞാനശാസ്ത്രങ്ങളെ പരസ്പരബന്ധം അനുസരിച്ച് തരംതിരിച്ച് ക്രമപ്പെടുത്തി. ആദ്യമായി ഉണ്ടായ ശാസ്ത്രം മാനസികചിന്തയ്ക്ക് ഉപകരിക്കുന്ന ഗണിതശാസ്ത്രമാകുന്നു. അതിപ്രാചീനവും സർവാംഗസംപൂർണ്ണവുമായ വിജ്ഞാനം ഇതു തന്നെ. സകല

വിജ്ഞാനശാഖകൾക്കു മൂലവും ഇതുതന്നെയാണ്. വിഷയങ്ങളും ആശയങ്ങളും തമ്മിലുള്ള ബന്ധത്തെ സൂക്ഷ്മമായി അളക്കുന്നത് ഗണിതശാസ്ത്രമാണ്. ബന്ധങ്ങൾ നിർണ്ണയിക്കുക എന്നതാണ് അതിൻെറ കർത്തവ്യം. ഗണിതത്തിൻെറ സഹായമില്ലാത്ത വിജ്ഞാനം ഭ്രമപ്രമാദസങ്കുലമാണ്. ഭവങ്ങൾ അജൈവമെന്നും ജൈവമെന്നും രണ്ടു വിധത്തിലുണ്ട്. അജൈവം തന്നെ പാർത്ഥിവമെന്നും ജ്യൌതിഷികമെന്നും രണ്ടു വിഭാഗങ്ങളായി തിരിയുന്നു. ഭൌതികശാസ്ത്രം, രസതന്ത്രം എന്നിവ പാർത്ഥിവത്തിൽ ഉൾപ്പെടുന്നു. നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ എന്നിവയെപ്പററി പ്രതിപാദിക്കുന്നതു ജ്യൌതിഷികം.

ജൈവത്തിലും രണ്ടു വിഭാഗങ്ങൾ ഉണ്ട്. വ്യക്തിഗതവും സമഷ്ടിഗതവും. വ്യക്തിഗതമായതു ഉദ്ഭിജ്ജം, ജരായുജം മുതലായവ. ശരീരശാസ്ത്രവും ജന്തുശാസ്ത്രവും ഇതിൽ ഉൾപ്പെടുന്നു. സമഷ്ടിഗതമായതു സമുദായശാസ്ത്രം. സമുദായശാസ്ത്രത്തിന് സ്ഥിതികം എന്നും ഗതികം എന്നും രണ്ടു വിഭാഗങ്ങൾ ഉണ്ട്. സാമുദായികമായ സംഭവങ്ങളുടെ ക്രമാനുഗതമായ അവസ്ഥയാണു സ്ഥിതികത്തിനു വിഷയമായിട്ടുള്ളത്. ഗതികം പ്രഗതിനിയമങ്ങളെപ്പററി വിവരിക്കുന്നു.

സാമുദായികഘടന സാമുദായികോന്നതി എന്നിവയെപ്പററിയാണ് കാങ്ററ് സമുദായശാസ്ത്രത്തിൽ പ്രതിപാദിക്കുന്നത്. സാമുദായികനിയമങ്ങളെപ്പററിയുള്ള അജ്ഞതയാണു സാമുദായികവൈഷമ്യങ്ങൾക്കു കാരണം. സാമുദായികസംസ്ഥിതിക്ക് കാങ്ററ് ഉപദേശിച്ച തത്വം ഇതാണ്. "പ്രധാന സംഗതികളിൽ ഏകോപിച്ചുള്ള പ്രവത്തനം, സംശയാസ്പദമായ വിഷയങ്ങളിൽ സ്വാതന്ത്ര്യം, സവ്വത്ര സഹാനുഭൂതി—"

സമുദായശാസ്ത്രത്തിൻെറ മാഹാത്മ്യത്തെപ്പററി കാങ്ററ് ഇപ്രകാരം പറയുന്നു — മൂന്നു ശതാബ്ദങ്ങളായിട്ടു മനുഷ്യർ ജഡവിജ്ഞാനങ്ങളിൽ മുഴുകി സാമുദായികതത്വങ്ങളെ അവഗണിച്ചുവന്നു. സാമുദായികോന്നതിക്ക് അടിസ്ഥാനമായ നിയമങ്ങളനുസരിച്ച് സ്ഥാപനങ്ങൾ മാറേറണ്ടതാണ്. ഭൌതികവും രാഷ്ട്രീയവുമായ പുനഃസംഘടനയ്ക്കു മുമ്പ് സമുദായത്തിൻെറ സാന്മാർഗ്ഗികമായ പുനഃസംഘടന നിർവ്വഹിക്കേണ്ടിയിരിക്കുന്നു. സാമുദായികപുരോഗമനം മാനസികപുരോഗമനത്തിൻെറ ഫലമാണ്. മാനസികപുരോഗമനം മനുഷ്യൻെറ സർവ്വോത്കൃഷ്ടങ്ങളായ വാസനകളുടെ അഭിവൃദ്ധിക്കു സഹായമായി ഭവിക്കുന്നു. സാമുദായികഭിന്നതയ്ക്കു പ്രധാന കാരണങ്ങൾ, ജാതി, ശീതോഷ്ണാവസ്ഥ, രാഷ്ട്രീയപ്രവർത്തനം എന്നിവയാണ്. ഇവയിൽ ആദ്യത്തെ രണ്ടും നിശ്ശേഷം മാററുന്നതിനു സാദ്ധ്യമല്ല. മൂന്നാമത്തേത് ഏറെക്കുറെ മാററാവുന്നതാണ്. ആ‍യതിനാൽ ആ വിഷയത്തിൽ സമുദായശാസ്ത്രം അഭിവൃദ്ധമാകുന്നു. തന്മൂലം മനസ്സിനു വികാസമുണ്ടാകുന്നു. മാനസികവികാസംകൊണ്ടു മനുഷ്യൻ ഇന്ദ്രിയങ്ങളെ ജയിക്കുന്നു. അതോടുകൂടി സാമുദായികസ്വഭാവം ശുദ്ധമാകുകയും സംസ്കാരസമ്പന്നനായ ഒരു വ്യക്തിയുടെ ശക്തികൾ സമുദായത്തിനു വേണ്ടി പ്രവർത്തിക്കാൻ പര്യാപ്തമാകുകയും ചെയ്യുന്നു.

കാങ്ററിൻെറ അഭിപ്രായത്തിൽ കുടുംബം തന്നെയാണു സമുദായത്തിൻെറ അടിസ്ഥാനം. മനുഷ്യനു പ്രത്യേകമായി ഒരു സ്ഥിതിയില്ല. എന്നാൽ കുടുംബത്തിനു പ്രത്യേകസ്ഥിതി ഉണ്ട്. സാമുദായികജീവിതത്തിൻെറ അഭ്യന്തരാംഗം കുടുംബം തന്നെ എന്നാണ് അദ്ദേഹത്തിൻെറ മതം. അവിടെ സ്വാർത്ഥപരമായ വാസനകളുടെ സംതൃപ്തിയിൽ നിന്നും ഉയർന്ന് സാമുദായികങ്ങളായ

ഭാവങ്ങളേയും വികാരങ്ങളേയും പോഷിപ്പിക്കാൻ സൌകര്യം കിട്ടുന്നു. ഇതാണ് സംസ്കാരപരമായ പുരോഗതി. വിദ്യാഭ്യാസം സാൎവ്വജനീനമായിരിക്കണം. മനസ്സിനെ സംസ്കരിക്കാനുള്ള സന്നദ്ധത എല്ലാവൎക്കും ഒരുപോലെ ഉണ്ടായിരിക്കണം. സകലരേയും ഒരുപോലെ സ്നേഹിക്കാൻ പഠിക്കണം. ഇതാണ് കാങ്ററ് ഉപദേശിച്ച പരമമായ തത്വം.

ഹെർബർട്ട്സ്പെൻസർ. (1820–1903) പത്തൊൻപതാം ശതാബ്ദത്തിൻെറ ഉത്തരാൎദ്ധത്തിൽ സാമുദായികശാസ്ത്രം ജന്തുശാസ്ത്രത്തിനു വിധേയമായിത്തീൎന്നു. സമുദായത്തെ അവയവങ്ങളോടു കൂടിയ ഒരു ശരീരത്തോടു സാമ്യപ്പെടുത്തി. ഈ തത്വത്തെ പ്രചരിപ്പിച്ചവരിൽ അഗ്രിമസ്ഥാനം വഹിക്കുന്നതു ഹെർബർട്ട്സ്പെൻസറാണ്.

ബാല്യം മുതല്ക്കേ സ്പെൻസർ ഓരോ സംഭവത്തിന്റെയും കാര്യകാരണങ്ങൾ കണ്ടുപിടിക്കുന്നതിൽ ഉത്സുകനായിരുന്നു. ലോകത്തുണ്ടാകുന്ന സകല സംഭവങ്ങൾക്കും ഓരോ കാരണമുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചു. ദീൎഘകാലത്തെ ചിന്തയുടെ ഫലമായി ലോകത്തിൻെറ ആദികാരണം ശക്തിയാണെന്നും അതിൻെറ രണ്ടു ഭാവങ്ങളിൽ ഒന്ന് വസ്തുവും മറേറതു ചലനവുമാണെന്നും അദ്ദേഹം തീരുമാനിച്ചു. വസ്തു ആദികാലത്തു അവ്യക്തമായിരുന്നത് ക്രമേണ സുവ്യക്തവും സുസംഘടിതവും എന്നാൽ നാനാഭാവങ്ങളോടു കൂടിയതുമായിത്തീൎന്നു എന്നും, ചലനം സദാ അനുകൂലമായി പ്രവൎത്തിക്കുന്നു എന്നും അദ്ദേഹം പ്രതിപാദിക്കുന്നു. മനുഷ്യസമുദായം ഈ നിയമത്തിനു വിധേയമാണ്. ഒരു നഗരം തന്നെത്താൻ സംഘടിതമാകുന്നത് ഏതു വിധമാണെന്നു ചിന്തിക്കാം. ആരംഭകാലത്ത് ഒത്തൊരുമിച്ചുള്ള പ്രവൃത്തിയില്ല. പ്രവൎത്തിക്കേണ്ട വിധം അറിഞ്ഞുകൂടാ. ഇപ്രകാരം അവ്യക്തവും അസംയുക്തവുമായ രൂപത്തിലാണ് ആദ്യത്തെ പ്രവൎത്തനം.

ക്രമേണ സംഘം ചേൎന്നു പ്രവൎത്തിക്കാൻ പരിചയം സിദ്ധിക്കുമ്പോൾ അതിൽ അവർക്ക് വൈദഗ്ദ്ധ്യമുണ്ടാകുന്നു. അന്ന് ഓരോരുത്തൎക്കും ഏററവും നന്നായിട്ടു ചെയ്യാൻ സാധിക്കുന്നത് എന്താണെന്നു മനസ്സിലാകുന്നു. തത്ഫലമായി ഒരു പ്രത്യേകലക്ഷ്യത്തെ മുൻനിൎത്തി സകലരും പ്രവൎത്തിക്കുന്നു. ഇങ്ങനെ നാനാമുഖമായി പ്രവൎത്തിക്കുന്ന സമുദായം സുവ്യക്തവും സുശൃംഖലിതവുമായിത്തീരുന്നു.

പ്രാചീനമനുഷ്യനെപ്പററി ഒരു വൎണ്ണനയോടുകൂടിയാണു സ്പെൻസർ തന്റെ "സമുദായശാസ്ത്രതത്വങ്ങൾ" എന്ന ഗ്രന്ഥം ആരംഭിക്കുന്നത്. അതിൽ കായികവും മാനസികവും ആയ ജീവിതത്തിനു പ്രാധാന്യം നല്കിയിരിക്കുന്നു. മനുഷ്യന്റെ സ്വഭാവഗുണത്തെ വിശ്ലേഷണം ചെയ്ത് പരിതഃസ്ഥിതികളിൽ അവൻ എപ്രകാരം പ്രവൎത്തിക്കണമെന്നു കാണിച്ചിരിക്കുന്നു. പ്രാചീനകാലത്തുണ്ടായിരുന്ന സംഘബലത്തെപ്പററി സ്പെൻസർ ഊന്നിപ്പറയുന്നുണ്ട്. കല്പനാശക്തി, നവീനപ്രസ്ഥാനങ്ങൾ കണ്ടുപിടിക്കാനുള്ള മനോധൎമ്മം മുതലായവ പ്രാചീനമനുഷ്യന് ഇല്ലായിരുന്നുവെന്നാണു സ്പെൻസരുടെ അഭിപ്രായം. സമുദായം സൈനികമായി സംഘടിച്ചതിന്റെ ഫലമാണ് രാഷ്ട്രം എന്നു വാദത്തെ അദ്ദേഹം നിരാകരിക്കുന്നു. അപ്രകാരം ഉണ്ടാകുന്ന രാഷ്ട്രത്തിന്റെ ഭരണം അപരിഷ്കൃതമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. സ്പെൻസർ വ്യക്തിത്വവാദിയായിരുന്നു. വ്യാവസായികമായ അഭിവൃദ്ധി മൂലം വ്യക്തി അഭിവൃദ്ധിയെ പ്രാപിക്കുന്നു എന്നാണ് അദ്ദേഹം വിചാരിച്ചത്. യുദ്ധം വേണ്ടെന്നുവയ്ക്കുന്ന വ്യവസായപ്രധാനമായ രാഷ്ട്രങ്ങൾ ഭാവിയിൽ ഉണ്ടാകുമെന്നു അദ്ദേഹം കരുതിയിരുന്നു. മനുഷ്യന് രാഷ്ട്രത്തേക്കാൾ പ്രാധാന്യം ഉണ്ടായിരുന്നു എന്നാണ് സ്പെൻസരുടെ വാദം. വൎഗ്ഗങ്ങൾ തമ്മിലുള്ള മത്സരങ്ങൾ ക്രമേണ അസ്തമിച്ച്

ലോകശാന്തിയും ലോകൈക്യവും ഉണ്ടാകുമെന്ന് അദ്ദേഹം പ്രവചിച്ചു.

സാമുദായികചിന്തകളെ സ്പെൻസർ ആറുവിഭാഗങ്ങളായി തരം തിരിച്ചിട്ടുണ്ട്. അവ കുടുംബസംബന്ധം, ആദ്ധ്യാത്മികം, രാഷ്ട്രീയം, ദേവസ്വം, വാണിജ്യം, വ്യാവസായികം എന്നിവയാണ്.

സമുദായത്തെ അവയവിയുമായി സാമ്യപ്പെടുത്തിയതിനാലാണ് സ്പെൻസർ കീർത്തിമാനായത്. അദ്ദേഹം നാലുതരത്തിൽ സാമ്യപ്പെടുത്തുന്നു.—

1. വികാസം— അതായത് അവയവങ്ങൾ വിസ്തൃതിയെ പ്രാപിക്കുന്നു.

2. വികാസത്തിന്റെ ഫലമായി അവയവങ്ങൾ കൂടുതൽ ചുമതലകൾ നിർവഹിക്കുന്നു.

3. അവയവങ്ങളെല്ലാം പരസ്പരാധീനങ്ങളായി സ്ഥിതിചെയ്യുന്നു.

4. സമുദായത്തിന്റെ ജീവിതം അവയവിയുടെ ജീവിതം പോലെ അതിലെ ഓരോ അംഗത്തിന്റേയും ജീവിതത്തെക്കാൾ ദീർഘമാണ്.

<u>വ്യത്യാസങ്ങൾ.</u> അവയവിയും സമുദായവും തമ്മിലുള്ള വ്യത്യാസം താഴെ കാണുന്ന വിധമാണ്.

1. സമുദായത്തിനു പ്രത്യേകരൂപമോ ഭേദമോ ഇല്ല.

2. സമുദായത്തിലെ അംഗങ്ങൾ സ്വതന്ത്രരാണ്. ഒരു ജീവിയെപ്പോലെ എന്നും ഒരേ രൂപത്തിലുള്ള ചട്ടയിൽ കഴിയുന്നില്ല.

3. സമുദായത്തിലെ അംഗങ്ങൾ സദാ ബോധപൂർവ്വം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവയവിയെപ്പോലെ സമുദായം മരിക്കണമെന്നു നിർബന്ധമില്ല.

മേൽപ്പറഞ്ഞ അഭിപ്രായങ്ങൾ പലതും ഭ്രമപ്രമാദങ്ങളായിക്കരുതാമെങ്കിലും സമുദായചിന്തയ്ക്ക് സ്പെൻസ

റിൽ നിന്നു ലഭിച്ചിട്ടുള്ള ദാനങ്ങൾ ഗണനീയങ്ങൾ തന്നെയാണ്. അദ്ദേഹം പ്രദാനം ചെയ്തിട്ടുള്ള പ്രധാനതത്വങ്ങൾ താഴെക്കാണുന്നവയാണ്.

1. പ്രകൃതിക്കെന്നപോലെ മനുഷ്യനെ സംബന്ധിച്ചും അദ്ദേഹം പരിണാമവാദം സ്വീകരിച്ചു. മനുഷ്യസമുദായം ക്രമേണ വികസിച്ചുവരികയാണെന്നു അദ്ദേഹം തീരുമാനിച്ചു.

2. പരിണാമവാദനിയമങ്ങളും പ്രകൃതിയിലെ കാര്യകാരണസംബന്ധവും ശ്രദ്ധാർഹമാണെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു.

3. മനുഷ്യസമുദായവും അവയവിയായ ഒരു ജീവിയും തമ്മിലുള്ള സാമ്യത്തെ അദ്ദേഹം നിർദ്ദേശിച്ചു.

4. സാമുദായികഘടനകളുടേയും സ്ഥാപനങ്ങളുടേയും സ്ഥാനത്തെ അദ്ദേഹം സ്പഷ്ടമാക്കി.

5. വ്യക്തിത്വത്തിന്റെ പ്രാധാന്യത്തെ അദ്ദേഹം പ്രഖ്യാപനം ചെയ്തു.

6. സകല വ്യക്തികളും യാതൊരു ആലോചനയും കൂടാതെ തന്നെ മഹായന്ത്രമായ രാഷ്ട്രത്തിനു അധീനപ്പെടണമെന്നുള്ള വാദത്തെ അദ്ദേഹം ഖണ്ഡിച്ചു.

ഫിസ്കേ (1842—1901) സ്പെൻസറിന്റെ ഒരു പ്രധാന അനുയായിയും സ്നേഹിതനുമായ ഈ അമേരിക്കൻ ചിന്തകൻ ഡാർവിന്റേയും സ്പെൻസരുടേയും പരിണാമവാദത്തെ സ്വീകരിച്ചുകൊണ്ട് തന്റെ സമുദായശാസ്ത്രവാദത്തെ സ്ഥാപിച്ചു. ഇദ്ദേഹത്തിന്റെ അഭിപ്രായം മനുഷ്യന്റെ ക്രമവികാസം ലോകവികാസത്തിൽ മൌലികമായ മാററത്തിനു കാരണമാകുന്നു എന്നാണ്. മനുഷ്യമനസ്സ് എന്നൊരു പുതിയ ശക്തിയുടെ വൈഭവം മനസ്സിലാക്കിയതോടു കൂടി കായികങ്ങളും ഭൌതികങ്ങളുമായ ശക്തികൾ പരാധീനങ്ങളാകുകയും മാനസികശക്തി

വിജയിക്കുകയും ചെയ്തു. തന്മൂലം ഇതരജന്തുക്കളേപ്പോലെ പരിതഃസ്ഥിതികൾക്കു അധീനപ്പെടാതെ മനുഷ്യന് അവയുടെ മേൽ ഒരു ആധിപത്യം ലഭിച്ചു. ക്രമേണ സാമുദായികതത്വങ്ങൾ മനസ്സിലാക്കി സംഘങ്ങൾ രൂപവൽക്കരിച്ചു. അനന്തരം സ്വവർഗ്ഗത്തെ നിലനിർത്തുക എന്ന പടിയിൽ നിന്നും ഉയൎന്ന് സാമുദായികമായ ഉത്തമാദർശങ്ങളെ സ്വീകരിക്കുന്നതിനു മനുഷ്യൻ ശ്രമിച്ചു.

കുടുംബങ്ങൾ താൽക്കാലികങ്ങളായിരിക്കാതെ സ്ഥിരസംഘടനകളായിത്തീൎന്നപ്പോൾ സാമുദായികപുരോഗതി ആരംഭിച്ചു. ഏകയോഗക്ഷേമമായി കഴിയുന്നതിനുള്ള ആഗ്രഹം മൂലം കെട്ടുറപ്പുള്ള ഒരു കുടുംബവും അതിനോടുള്ള കടമയും ആവിർഭവിച്ചു. മൃഗീയമായ അവസ്ഥ വിട്ട് മാതൃസ്നേഹം, പിതൃഭക്തി, പുത്രവാത്സല്യം, മുതലായവ മനുഷ്യരുടെ വിശേഷഗുണങ്ങളായി പ്രകാശിച്ചുതുടങ്ങി. മേൽ പറഞ്ഞ വികാസത്തിൽ മൂന്നു ഘടകങ്ങൾ ഉണ്ട്. 1. ദീർഘമായ ശൈശവം, 2. പിതൃവാത്സല്യത്തിന്റെ ആവിർഭാവം, 3. കൂടുതലായ ബുദ്ധിശക്തി. ഇവയെല്ലാം അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു.

വികാസത്തിന്റെ പ്രധാന കാരണം ഭാവിയെപ്പററി ആലോചിച്ച് വേണ്ട മുൻകരുതലുകൾ ചെയ്യാനുള്ള മനുഷ്യന്റെ സാമർത്ഥ്യമാണെന്നു ആദ്യമായി പ്രതിപാദിച്ച സമുദായചിന്തകൻ ഫിസ്കേ ആയിരുന്നു. ഭാവിയിൽ ഉണ്ടാകാവുന്ന വിപത്തുകളിൽ നിന്നും ഒഴിയുന്നതിനു വേണ്ടി താൽക്കാലികമായ സുഖത്തെ ഉപേക്ഷിക്കുവാൻ മനുഷ്യനു മാത്രമേ സാധിക്കുകയുള്ളൂ. ഈ മുൻകരുതൽ യഥാർത്ഥത്തിൽ സാന്മാർഗ്ഗികമായ അഭിവൃദ്ധിക്കു പ്രധാനകാരണമായ ആത്മസംയമനത്തിന്റെ സാരാംശം തന്നെയാണ്. ഒരു സമുദായം സമ്പത്സമൃദ്ധമാകുന്നതിനും ആത്മസംയമനം ആവശ്യം തന്നെയാണ്. പരിഷ്കൃതമനുഷ്യന്റെ ഭൌതികവ്യവസ്ഥകൾക്കും തത്വ

ജ്ഞാനത്തിനും മതത്തിനും ഇതുതന്നെയാണ് അടിസ്ഥാനം.

ഷായഫ്‌ളേ (1831—1903) സമുദായം മുഖ്യമായി ഒരു ശരീരമല്ല, പ്രത്യുത ഒരു ബൃഹത്തായ മനസ്സാണ് എന്നു ഷായഫ്‌ളേ പറയുന്നു. സ്പെൻസറിൻെറ പ്രധാന ദൃഷ്ടി സാമുദായികഘടനയിലും ഷായഫ്‌ളേയുടേതു സാമുദായികമായ പ്രവൎത്തനങ്ങളെ അടിസ്ഥാനപ്പെടുത്തി മാത്രവുമായിരുന്നു. ബുദ്ധിശക്തി സമുദായത്തിലെ നിയമകൎത്താവും ഇച്ഛാശക്തി പ്രവൎത്തകനും നിരൂപണശക്തി ന്യായാധിപനുമാണ്. ഷായഫ്‌ളേയുടെ അഭിപ്രായപ്രകാരം പ്രവൃത്തി ഘടനയെ നയിക്കുന്നു. ഘടന പ്രവൃത്തിക്കു പരിധി കല്പിക്കുന്നു. അതായത് പ്രവൎത്തനങ്ങൾകൊണ്ട് ശരീരഘടനയിൽ മാററം വരുന്നു. പുതിയ സാമുദായികസ്ഥാപനങ്ങൾ ഉണ്ടാകുന്നു. ഈ ഘടനയും സ്ഥാപനവും പ്രവൎത്തനങ്ങളേയും പ്രയോജനങ്ങളേയും ഒരുപോലെ നിയന്ത്രിക്കുകയും ചെയ്യുന്നു.

വ്യക്തി സമുദായത്തിൻെറ മൌലികഘടകമാണെന്നുള്ള വാദത്തെ ഷായഫ്‌ളേ നിരാകരിച്ചു. മൌലികമായ അംശം ജനസംഘം തന്നെയെന്നാണ് അദ്ദേഹം പ്രതിപാദിക്കുന്നതു്. ഭിന്നസംഘങ്ങളുടെ ആദൎശങ്ങൾ തമ്മിൽ സംഘട്ടനം ഉണ്ടാകുമ്പോൾ സമുദായവികാസത്തിന് ഉപയുക്തമായ ആദൎശങ്ങൾ മാത്രമെ നിലനില്ക്കുകയുള്ളു.

സമുദായത്തിലെ ദുൎബലാംഗങ്ങളെ രക്ഷിക്കുന്നതുകൊണ്ടു് ഗവൺമെൻറുഭരണം അപരിമിതമായ ഉപകാരം ചെയ്യുന്നു എന്നാണ് ഈ ചിന്തകൻെറ അഭിപ്രായം. വിദ്യാസമ്പന്നരും ധനാഢ്യരും സമുദായത്തിൻെറ നന്മയ്ക്കു വേണ്ടി പ്രവൎത്തിക്കാൻ പ്രത്യേകം ചുമതലപ്പെട്ടവരാണ്. വ്യക്തികളും സംഘങ്ങളും ഒരേ ഉദ്ദേശ്യം മുൻനിൎത്തി പ്രവൎത്തിക്കണമെന്നാണ് ഷായഫ്‌ളേയുടെ അഭിപ്രായം.

ജാൺ സ്റ്റുവർട്ട് മെക്കൻസി. സമുദായം ഒരു ശരീരമല്ലെങ്കിലും ശരീരത്തെപ്പോലെ സംഘടനയോടു കൂടിയതാണ് എന്ന് മെക്കൻസി പറയുന്നു. ഈ അഭിപ്രായത്തെ സാധൂകരിക്കാൻ മൂന്നു കാരണങ്ങൾ അദ്ദേഹം കാണിക്കുന്നു. 1. സമുദായത്തിലെ അവയവങ്ങളും സമുദായവും തമ്മിൽ ആന്തരമായ ഒരു സംബന്ധമുണ്ട്. ഒരു വ്യക്തിക്ക് ഏതു സമുദായത്തിൻെറ പരിശീലനം ലഭിക്കുന്നുവോ അതിൻെറസംസ്കാരംഅവൻ പ്രകാശിപ്പിക്കും. 2. ആന്തരമായ പ്രവൎത്തനങ്ങൾ കൊണ്ടാണ് ഒരു സമുദായം വളരുന്നത്. പ്രാചീനസംസ്കാരത്തിൽ നിന്നോ അന്യ ആളുകളിൽ നിന്നോ ലഭിക്കുന്ന ഗുണങ്ങൾ സ്വസ്വഭാവമായിത്തീരുമ്പോൾ അവ സ്വായത്തമായതായി പരിഗണിക്കാം. 3. ഒരു സമുദായം സ്വാഭാവികമായിത്തന്നെ ഒരു പ്രത്യേക ലക്ഷ്യത്തിലേയ്ക്കു പ്രയാണം ചെയ്യുന്നു. ഒരു സംഘത്തിൻെറ ആദൎശത്തേയും പ്രേരകശക്തികളേയും വിശ്ലേഷണം ചെയ്തു നോക്കിയാൽ ആ സംഘത്തിൻെറ ഗതി എങ്ങോട്ടാണ് എന്നു മനസ്സിലാക്കാം. ഐക്യത്തിൻെറ സന്നികടബന്ധങ്ങൾ പുലൎത്തുന്ന രണ്ടു തരം സംഘങ്ങളാണു കുടുംബവും രാഷ്ട്രവും. ഭാഷ സൎവ്വപ്രധാനമായ സാമുദായികസ്ഥാപനമാണ്. അതാണ് ഒരു സാമുദായികമനഃസ്ഥിതി വരുത്താൻ സഹായിക്കുന്നത്.

സാമുദായികമായ പ്രഗതി മൂന്നു വിധമാണ്. 1. മനുഷ്യശക്തിയാൽ ഭൌതികശക്തികളെ നിയന്ത്രിക്കുക. 2. സാമുദായികഭാവത്താൽ വ്യക്തികളെ നിയന്ത്രിക്കുക. 3. ആത്മസംയമനം ചെയ്യുക.

സാമുദായികമായ അഭ്യുദയത്തിന് ചില തടസ്സങ്ങൾ ഉണ്ട്. 1. അപരിഹാൎയ്യങ്ങളായ ശാരീരികാവശ്യങ്ങൾ—ആഹാരം മുതലായവ. 2. വികാരങ്ങൾ—സ്നേഹം വിദ്വേഷം മുതലായവ— 3. യന്ത്രത്തെ ആശ്രയിച്ചുള്ള സംഘടനയുടെ സമ്മൎദ്ദംകൊണ്ടു ജീവിതം ക്ലേശഭൂയിഷ്ഠമായി

ത്തിരുന്നു. സാമ്പത്തികപദ്ധതികൾ നിമിത്തം വ്യവസായാഭിവൃദ്ധിക്കു തടസ്സമുണ്ടാകുന്നു. ശുഷ്കമായ പാണ്ഡിത്യംകൊണ്ടു ആശയം നശിക്കുന്നു. 4. യാഥാസ്ഥിതികത്വം കൊണ്ടുണ്ടാകുന്ന സങ്കുചിതമനഃസ്ഥിതി മൂലം വിജയകരമായ പരിഷ്കാരത്തിനു വിഘാതം സംഭവിക്കുന്നു. പ്രാചീനമായതിനെ എല്ലാം മുറുകെപ്പിടിക്കുന്നു.

മെക്കൻസി സാർവ്വജനീനമായ ഒരു സംഘടനയെയാണ് ലക്ഷ്യമായിക്കരുതുന്നത്. സ്വദേശം എന്നത് ഭുവനം തന്നെയാണ്. ഭൂലോകവാസികളെല്ലാം ഒരൊററ രാഷ്ട്രത്തിലെ പൌരന്മാരാകുന്നു. ഏതാദൃശമായ വീക്ഷണഗതികൊണ്ടു മാത്രമേ ശാശ്വതമായ സമാധാനം സിദ്ധിക്കുകയുള്ളു എന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം.

## ലെസ്റ്റർ എഫ് വാർഡ് (1841—1913)

സമുദായചിന്തയിൽ പ്രാചീനവും ആധുനികവുമായ കാലഘട്ടത്തിനിടയ്ക്കാണ് വാർഡിൻെറ സ്ഥാനം. പ്രാചീനമായുള്ളതിൽ യോഗ്യമെന്നു തോന്നിയതിനെ സ്വീകരിച്ച് നവീനചിന്തയിലേയ്ക്കു പ്രവേശിപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. കാങ്ററിൻെറ അനുഭവാത്മകതത്വവും സ്പെൻസറുടെ ക്രമവികാസതത്വങ്ങളും അദ്ദേഹം സ്വീകരിച്ചു. സ്പെൻസറുടെ യാഥാസ്ഥിതികവാദത്തെ അദ്ദേഹം ബലമായി എതിർത്തിരുന്നു. സാമുദായികമായി വേണ്ട മാററങ്ങൾ ചെയ്യാൻ മനുഷ്യനു സാധിക്കുമെന്നായിരുന്നു ആ ചിന്തകൻെറ അഭിപ്രായം. മനുഷ്യൻ അവൻെറ ഉദ്ദേശ്യമനുസരിച്ച് സാമുദായികമായ ഭേദഗതികൾ വരുത്തണം. പ്രകൃതിയുടെ ഗതി മാററാനും, ഇല്ലാതാക്കാനും, ലഘൂകരിക്കാനും മനുഷ്യനു സാധിക്കും. ഭൌതികലോകത്തെ എന്നപോലെ തന്നെ സാമുദായികലോകത്തെയും മനുഷ്യനു സ്വന്തം ബുദ്ധിശക്തികൊണ്ടു രൂപാന്തരപ്പെടുത്താം. ഭൌതികശക്തികളെ മാത്രമല്ല സാമുദാ

യികശക്തികളേയും സാമുദായികോദ്ദേശ്യങ്ങൾക്ക വിധേയമാക്കാം എന്നാണ് അദ്ദേഹത്തിൻെറ സങ്കല്പം. പ്രസ്തുത സിദ്ധാന്തത്തെ സ്ഥാപിച്ചതോടുകൂടി സാമുദായികചിന്തകന്മാരുടെ കൂട്ടത്തിൽ അദ്ദേഹത്തിനു പ്രഥമസ്ഥാനം ലഭിച്ചു.

സുപ്രസിദ്ധനായ വാർഡ് 'ഇല്ലിനോയ്' രാജ്യത്തിലുള്ള 'ജോലിയററ്' എന്ന പട്ടണത്തിൽ ജനിച്ചു. വിദ്യാലയത്തിൽ അദ്ദേഹം അധികനാരം പഠിച്ചിരുന്നില്ല. ബാല്യത്തിൽ തന്നെ ഒരു തോട്ടത്തിൽ ജോലി സ്വീകരിക്കേണ്ടിവന്നു. അക്കാലത്തും പുസ്തകപാരായണത്തിൽ അദ്ദേഹത്തിനു ക്രമാതീതമായ അഭിരുചിയുണ്ടായിരുന്നു. ക്രമേണ അത്യഗാധമായ ഒരു വിജ്ഞാനഭണ്ഡാഗാരം അദ്ദേഹം സ്വായത്തമാക്കി. ഐക്യരാജ്യഗവമ്മെൻറിൽ ഒരുദ്യോഗസ്ഥനായി ഈ മഹാൻ നാല്പതിൽപരം വഷങ്ങൾ ജോലിനോക്കി. ചുമതലയേറിയ ഗവമ്മെൻറുജോലിക്കിടയിലും സ്വതന്ത്രമായി ചിന്തിക്കാനും സമുദായശാസ്ത്രം സംബന്ധിച്ച് അനേക ഗ്രന്ഥങ്ങൾ രചിക്കാനും അദ്ദേഹത്തിനു സാധിച്ചു. ആദ്യത്തെ ഗ്രന്ഥം പ്രവൃത്തിപരമായ സമുദായശാസ്ത്രമായിരുന്നു. 1906-ൽ തൻെറ 65-ാമത്തെ വയസ്സിൽ ബ്രൌൺസവ്കലാശാലയിലെ സമുദായശാസ്ത്രാചാര്യനായി അദ്ദേഹം നിയമിക്കപ്പെട്ടു. ഏഴുവഷത്തോളം അതായതു മരണംവരെ അദ്ദേഹം അവിടെത്തന്നെ ജോലി നോക്കി.

1875 വരെ സമുദായശാസ്ത്രചിന്ത ഫലോൽപാദകമല്ലാതിരുന്നതുകൊണ്ടാണ് പ്രവൃത്തിപരമായ സമുദായശാസ്ത്രം എഴുതാൻ താൻ പ്രേരിതനായത് എന്ന് അദ്ദേഹം ഒരിടത്തു പറയുന്നുണ്ട്. സ്പെൻസരുടെ പ്രതിപാദനം സ്ഥിതികമാണെന്നും അദ്ദേഹത്തിൻെറ ശിഷ്യന്മാരെപ്പോലും ഈ ദോഷം ബാധിച്ചിട്ടുണ്ടെന്നും വാർഡ് പറയുന്നു. സമുദായശാസ്ത്രസിദ്ധാന്തത്തെ സ്ഥാപിക്കുന്ന

തിനുമുമ്പ് അതിന്റെ പ്രവൃത്തിപരമായ ഘടകങ്ങളെ വിവരിക്കേണ്ടതാണെന്നു വാർഡ് ഗ്രഹിച്ചിരുന്നു. സാർവ്വജനീനമായ വിദ്യാഭ്യാസം അപരിഹാര്യമായ ആവശ്യമായി ആ ചിന്തകൻ ഗണിച്ചിരുന്നു. ശാസ്ത്രീയജ്ഞാനം പൊതുവേ പ്രചരിപ്പിക്കണമെന്ന് ആദ്ദേഹത്തിനു താൽപര്യമുണ്ടായിരുന്നു.

സ്പെൻസറുടെ യാഥാസ്ഥിതികവാദത്തെ വാർഡ് എതിർത്തത് ഇപ്രകാരമാണ്. മനുഷ്യരും ഇതരജന്തുക്കളും തമ്മിൽ എന്താണു വ്യത്യാസം.? മനുഷ്യനു ദീർഘദൃഷ്ടിയും ബുദ്ധിശക്തിയും ഉണ്ടെന്നുള്ളതാണ് വിശേഷം. ഇതുകൊണ്ട് മററു ശക്തികളെ തനിക്കു നിയന്ത്രിക്കാൻ സാധിക്കുന്നു. അതിനാൽ യാഥാസ്ഥിതികവാദം അസത്യവും ആപൽകരവുമായിട്ടു വേണം ഗണിക്കാൻ. ലക്ഷ്യത്തെ ബുദ്ധിപൂർവ്വം അനുഗമിച്ചാൽ സാമുദായികശക്തികൾ സമുദായത്തെ ഉന്നതിയിലേയ്ക്കു നയിക്കും.

സാമുദായികശാസ്ത്രം രണ്ടുവിധത്തിലുള്ള വിഷയങ്ങളെപ്പററി പ്രതിപാദിക്കുന്നു. (1) ഭൌതികനിയമങ്ങൾ അനുസരിച്ച് സമുദായത്തിൽ നടക്കുന്ന സംഗതികളെ വിശ്ലേഷണം ചെയ്തുവിവരിക്കുക. (2) പ്രായോഗികപദ്ധതി. അതായത് മനുഷ്യൻ ബുദ്ധിപൂർവ്വം സ്വാഭാവികമായ സമുദായശക്തിയെ തന്റെ ഉദ്ദേശ്യസാദ്ധ്യത്തിനായി വിനിയോഗിക്കുന്ന രീതി. ആദ്യത്തേത് കേവലവും രണ്ടാമത്തേതു പ്രായോഗികവും. കേവലം ശാസ്ത്രത്തെപ്പററിയും പ്രായോഗികം അഭിവൃദ്ധിയെപ്പററിയും ചർച്ച ചെയ്യുന്നു.

കാങ്ററിന്റെ സിദ്ധാന്തത്തെ എതിർത്തുകൊണ്ട് വാർഡു പറയുന്നത് ഇപ്രകാരമാണ്. മനുഷ്യൻ ആദ്യകാലങ്ങളിൽ അസാമുദായികനും സ്വാർത്ഥപരനുമായിരുന്നു. ഏകാന്തമായോ, ചെറിയ സമുദായത്തിൽ ഉൾപ്പെട്ടോ ആണ് ആദിമനുഷ്യൻ ജീവിച്ചിരുന്നത്. ഹിംസ്രജ

ന്തുക്കളുടെ ബാധയെത്തടുക്കാൻ അവനു സാധിച്ചിരുന്നി ല്ല. സമുദായത്തിൽ ചിലർ കൌശലംകൊണ്ട് അവയെ എതിർത്ത് കുടുംബത്തെ അഭിവൃദ്ധമാക്കി ജീവിച്ചിരുന്നു. കൌശലത്തോടു കൂടി ബുദ്ധിശക്തിയും വികസിച്ചു. അ പ്പോൾ സംഘമായി ചേർന്നാലുള്ള ഗുണം മനസ്സിലായി. ഇപ്രകാരം ഏകാന്തജീവിതത്തിൽ നിന്നു സംഘജീവിത ത്തിലേക്കു മാറി. എന്നാൽ ആഹാരസാധനങ്ങൾ പരി മിതമായിരുന്നതുകൊണ്ട് അവയ്ക്കു വേണ്ടി ഭയങ്കരങ്ങളായ കലഹങ്ങളിൽ ഏർപ്പെടേണ്ടിവന്നു. ഒരു സ്ഥിരമായ രാജ്യ ഭരണം സ്ഥാപിച്ചതോടു കൂടി മനുഷ്യസമുദായം മൂന്നാംഘ ട്ടത്തിൽ പ്രവേശിച്ചു. സ്വരക്ഷയ്ക്കുവേണ്ടി വർഗ്ഗങ്ങൾ യോ ജിക്കുകയും കേന്ദ്രാധിപത്യത്തിന് അധീനപ്പെടുകയുംചെ യ്തു. ഒരുകാലത്തു സമാധാനം പുലർത്തുന്നതിനു വേണ്ടി സ്ഥാപിക്കപ്പെട്ട രാഷ്ട്രംതന്നെ ഇതരരാഷ്ട്രങ്ങളുമായി യുദ്ധ ത്തിൽ ഏർപ്പെട്ടു. വിനാശകരമായ സമരത്തിലേയ്ക്കു ജന ങ്ങളെ നയിച്ചത് രാഷ്ട്രങ്ങളിലെ സ്വേച്ഛാപ്രഭുത്വവും അ ന്യരാജ്യങ്ങൾ കൈവശപ്പെടുത്താനുള്ള ആഗ്രഹവുമാണെ ന്നു വന്നുകൂടി. നാം ഇന്നും ഈ മൂന്നാമത്തെ ഘട്ടത്തിൽ തന്നെയാണു സ്ഥിതിചെയ്യുന്നത്. എന്നാൽ വാർഡി ന്റെ അഭിപ്രായത്തിൽ രാഷ്ട്രങ്ങൾ തമ്മിലുള്ള മത്സരം ഇ ല്ലാതെയായി ഭാഷ, ജാതി, മതം മുതലായ വ്യത്യാസങ്ങൾ മറന്ന് സകലരും ഒരേ രാഷ്ട്രത്തിലെ അംഗങ്ങളായിത്തീരു ന്ന ഒരു ഘട്ടം വന്നുചേരും. അന്നാണു സമുദായജീവിതത്തി ന്റെ പ്രധാന ആദർശപരിപാടി ആരംഭിക്കുന്നത്. അന്ന് ഒരു പ്രത്യേകദേശീയജീവിതം നയിക്കുന്നതിനു പകരംമനു ഷ്യൻ സാർവ്വജനീനസമുദായത്തിന്റെ അംഗമായിത്തീരും.

സാമുദായികശക്തികളിൽ ഒന്നാമത്തേത് ആഗ്രഹം തന്നെയാണ്. സമുദായജീവിതഗതിക്കു പ്രേരണ നല്കു ന്നത് ഇതുതന്നെ. സകല പ്രവൃത്തികൾക്കും കാരണം ആ ഗ്രഹമാണ്. ആഗ്രഹങ്ങൾ പലവിധത്തിലുള്ളതാണെങ്കി

ലും അവയെ രണ്ടായി തരംതിരിക്കാം. ഒന്നിന്റെ ഉദ്ദേശ്യം വ്യക്തിയുടെ രക്ഷയും മറേറതിൻേറത് വർഗ്ഗത്തിന്റെ നിലനില്പും ആകുന്നു. എല്ലാ ജീവികളുടേയും ആദ്യത്തെ ആഗ്രഹം ആഹാരം ലഭിക്കാൻ വേണ്ടിയാണ്. അതു ജീവിതകാലം മുഴുവൻ സർവ്വപ്രധാനമായിരിക്കുന്നു. ആഹാരം കുറഞ്ഞപ്പോൾ അതിനുവേണ്ടി കൂടുതൽ പ്രവർത്തിക്കേണ്ടിവന്നു; എങ്കിലും പ്രവൃത്തി മനുഷ്യൻെറ സ്വാഭാവികാവസ്ഥയല്ല. വിശപ്പിൻെറ അസഹനീയതകൊണ്ട് അവൻ പ്രവർത്തിക്കാൻ നിർബന്ധിതനായി. എന്നാൽ പൂർണ്ണഫലം ഉണ്ടാകണമെങ്കിൽ പ്രവൃത്തി ലക്ഷ്യപ്രാപ്തിവരെ ഏകാഗ്രതയോടെ തുടൎന്നുകൊണ്ടുപോകണം. പറക്കാൻ ചിറകുകളോ കുഴിക്കാൻ തേററയോ എതിൎക്കാൻ കൊമ്പുകളോ ഇല്ലാത്ത മനുഷ്യൻ ബുദ്ധിശക്തികൊണ്ട് ഉപകരണങ്ങൾ നിർമ്മിച്ച് സകല പ്രതിബന്ധങ്ങളും അകററി പ്രകൃതിയെ ജയിച്ചിരിക്കുന്നു. അവൻെറ ഉപകരണങ്ങൾ അവനു സ്വത്തായിത്തീൎന്നു. ഈ സ്വത്തുകൊണ്ട് അവൻെറ ശക്തിവളൎന്നു. ക്രമേണ സ്വത്തു സമ്പാദിക്കുന്നതിൽ മത്സരമുണ്ടായി. ധനസമ്പാദനം എന്ന ഏക ഉദ്ദേശ്യത്തിലല്ലാതെ അതു ലഭിക്കേണ്ട മാർഗ്ഗത്തിൽ മത്സരമുണ്ടായില്ല. അതുകൊണ്ട് ഇന്നും സ്വത്തുസമ്പാദിക്കുന്നതിനുള്ള മാർഗ്ഗം ധാർമ്മികമാണോ അല്ലയോ എന്ന് ചിന്തിക്കുന്നില്ല. വഞ്ചന വളൎന്നു. പരസ്വത്തു കൈവശപ്പെടുത്താനുള്ള ശ്രമം തന്നെ ഒരുതരം വഞ്ചനയാണ്. കൈവശപ്പെടുത്താൻ സാധിക്കുന്നവരെ സമുദായം ശ്ലാഘിക്കുന്നു. ഇക്കാലത്തും ഈ വഞ്ചന നിശ്ശേഷം നീങ്ങീട്ടില്ല. തന്മൂലം ലോകരംഗത്തു മഹാവിപത്തുകൾ ആവിർഭവിക്കുന്നു. ദാരിദ്ര്യമാണ് അതിൻെറ അന്ത്യഫലം.

ധനസമ്പാദനത്തിനുള്ള ആഗ്രഹം പ്രയോജനകരമാണെങ്കിലും ധനത്തെ ശരിയായി വിനിയോഗിച്ചില്ലെ

ങ്കിൽ ആ ആഗ്രഹം നന്നല്ല. വാണിജ്യവ്യവസായങ്ങൾക്കും പുതിയ ഗവേഷണങ്ങൾക്കും ധനം പ്രയോജനകരമാണ്. മനുഷ്യന്റെ ആഗ്രഹങ്ങളിൽ പലതും ധനംകൊണ്ടു സാധിക്കാം. അതാണു ധനസമ്പാദനത്തിനു ജനങ്ങൾ ഉററുശ്രമിക്കുന്നത്. എന്നാൽ ഇതു ദോഷവും ചെയ്യുന്നുണ്ട്. ലോഭത്തിനും അസമത്വത്തിനും കാരണം ധനം തന്നെയാണ്. ലക്ഷപ്രഭുക്കളായി ജനിക്കുന്ന ശിശുക്കളുടേയും നിത്യദാരിദ്ര്യത്തിൻെറ അന്ധകാരത്തിൽ കിടന്നുഴലുന്ന കിടാങ്ങളുടേയും അവസ്ഥാഭേദം മേൽപ്പറഞ്ഞ ദൃഷ്യത്തെ സ്പഷ്ടമാക്കുന്നു.

സമുദായത്തിൽ ഉൾപ്പെട്ടവരെ വ്യവസായികൾ എന്നും അവ്യവസായികൾ എന്നും രണ്ടായി വിഭജിക്കാം. കൌശലംകൊണ്ടു പരന്മാരുടെ ധനം കൈക്കലാക്കുന്നവരാണ് രണ്ടാമത്തേക്കൂട്ടർ. ഇവരുടെ പ്രവൃത്തികളിൽ കൊള്ള, മോഷണം, യുദ്ധം, രാജ്യതന്ത്രം, പൌരോഹിത്യം, കുത്തക, എന്നിവ ഉൾപ്പെടുന്നു. മേൽപ്പറഞ്ഞവ ചരിത്രദൃഷ്ട്യാ അനുക്രമമായിട്ടാണ് വർണ്ണിച്ചിരിക്കുന്നത്. ജോലി ചെയ്യാത്തവർ ഒത്തൊരുമിച്ച് സംഘം ചേരുന്നു. എന്നാൽ ഇതുപോലെ വ്യവസായികൾ യോജിക്കുന്നില്ല. അതിനുള്ള സംസ്കാരം അവൎക്കു വളരെ പരിമിതമാണ്. ബാല്യം മുതൽ ജോലിയിൽ ഏപ്പെടുന്നതു മൂലം പഠിക്കുന്നതിനോ മററുവിധത്തിൽ മനസ്സിനു വികാസം ഉണ്ടാകുന്നതിനോ അവൎക്കു സാദ്ധ്യമല്ലാതെ വരുന്നു.

കുടുംബം നിലനിൎത്തുക എന്നുള്ള പ്രയോജനത്തിനു വേണ്ടി മനുഷ്യൻ വിവാഹജീവിതത്തെ അവലംബിക്കുന്നു. അതിൽ നിന്നും ഭാൎയ്യാഭർത്തൃസ്നേഹം ഉളവാകുന്നു. അതു സ്ഥായിയായിത്തീരുകയും തന്മൂലം കുടുംബത്തിനു ഗുണം വർദ്ധിക്കുകയുംചെയ്യുന്നു. സന്താനങ്ങൾക്കു വേണ്ടി ഏതുവിഷമഘട്ടങ്ങളും അത്യാശ്ചൎയ്യകരമാംവണ്ണം തരണം ചെയ്യാൻ മാതൃസ്നേഹം പ്രേരിപ്പിക്കുന്നു.

മേൽ പറഞ്ഞ രണ്ടു് ആഗ്രഹങ്ങൾ—അതായതു് ജീവിതം പുലത്താനുള്ള ആഹാരാന്വേഷണം, കുടുംബം നിലനില്ക്കണമെന്നുള്ള ആകാംക്ഷ എന്നിവ കൂടാതെ സാമുദായികാഭ്യുന്നതിക്കുവേണ്ടി നമ്മെ പ്രവത്തിപ്പിക്കുന്ന മറെറാരു ശക്തിയുമുണ്ടു്. ഈ ശക്തിയെ സാന്മാൎഗ്ഗികം, കലാപരം, മാനസികം എന്നു മൂന്നു വിധമായി വിഭജിക്കാം. സാന്മാർഗ്ഗികം വ്യക്തിപരമോ വർഗ്ഗീയമോ ആകാം. വർഗ്ഗീയം ആചാരത്തിൽ നിന്നുണ്ടായതാണു്. വർഗ്ഗീയരക്ഷയ്ക്കാവശ്യമുള്ളതാണു് കത്തവ്യം. മനുഷ്യന്റെ രക്ഷയ്ക്കും നിലനില്പിനും യോജിച്ച മനോഭാവവും സ്വഭാവഗതിയുമാണു് സാന്മാർഗ്ഗികധമ്മം. സമുദായത്തിനു സുഖാധിക്യവും ദുഃഖശമനവും ഇതുകൊണ്ടുണ്ടാകുന്നു. കലാപരമായിട്ടുള്ളതു് സൌന്ദര്യത്തെ ആസ്വദിക്കുന്നതിനുള്ള ആന്തരമായപ്രേരണയാകുന്നു. അതുകൊണ്ടുതന്നെയാണു് സുകുമാരകലകളിൽ അതിപ്രധാനമായ സംഗീതം സാധാരണജനങ്ങൾക്കു സന്തോഷം നല്കുന്നതു്. മാനസികമായി മനുഷ്യരുടെ ആഗ്രഹം മൂന്നു വിധത്തിലാണു്. 1. ജ്ഞാനം സമ്പാദിക്കുക 2. സത്യം കണ്ടുപിടിക്കുക 3. അറിവു നല്കുക. ജ്ഞാനംസമ്പാദിക്കാനുള്ള ആഗ്രഹം യുവാക്കളിലാണു് സാധാരണമായി കണ്ടുവരാറുള്ളതു്. വിവേചനാശക്തി ഉപയോഗിക്കാതെ സകലതും ഗ്രഹിക്കുന്നതിലാണു് അവരുടെ താൽപര്യം. ഒരു പുതിയ സത്യം കണ്ടുപിടിക്കാൻ സാധിച്ചാൽ ഉണ്ടാകുന്ന ആനന്ദം അവണ്ണനീയമാണു്. വിദ്യാപ്രദാനം നാലുവിധത്തിലുണ്ടു്. 1. സംഭാഷണം 2. അദ്ധ്യാപനം 3. പ്രസംഗം 4. ലേഖനം.

വൎഗ്ഗത്തിന്റെ രക്ഷ ബുദ്ധിശക്തിയെ ആശ്രയിച്ചാണിരിക്കുന്നതെന്നു് വാർഡ് വിശ്വസിച്ചു. സാമുദായികശക്തിയെ തടുത്തു നിയന്ത്രിക്കാൻ അതിനു സാധിക്കും. പ്രകൃതിയിലെ അന്ധവും ക്രൂരവുമായ രീതിക്കു പകരം ബു

ദ്ധിശക്തി മൂലം അത്യുൽകൃഷ്ടങ്ങളായ മാർഗ്ഗങ്ങളെ കണ്ടു പിടിക്കാൻ സാധിക്കുന്നു. അനേകം പരീക്ഷണങ്ങൾ നടത്തിയതിനു ശേഷമാണ് പ്രകൃതി ഒരു നേർവഴിയിൽ എത്തുന്നത്. മുൻകൂട്ടി ആലോചിച്ച് സമുദായത്തിലെ പ്രവൃത്തിപരങ്ങളായ ശക്തികളെ ക്രമനിർദ്ദിഷ്ടമായ രീതിയിൽ വിനിയോഗിക്കുന്നത് ബുദ്ധിശക്തി മൂലമാണ്.

സാമുദായികാഭ്യുന്നതിക്ക് നാലു നിയമങ്ങളെ വാർഡ് നിർദ്ദേശിക്കുന്നുണ്ട്. 1. വ്യക്തികളുടെ അന്തർലീനമായ ശക്തികൾ തമ്മിലുള്ള അന്തരം ഉന്നതിക്കു കാരണമാണ്. ഭിന്നസംസ്കാരങ്ങൾ ഒരുമിച്ചു ചേരുമ്പോൾ ഉൽകർഷം ഉണ്ടാകുന്നു. രണ്ട് ആശയങ്ങൾ മനസ്സിൽ ഒരുമിച്ചു കൂടുമ്പോൾ വേറൊരു പുതിയ ആശയം ഉളവാകുന്നു. അത് അഭിവൃദ്ധിക്കു കാരണമാണ്.

2. നവീകരണം. വൈചിത്ര്യം പ്രകൃതിയിലെന്നപോലെ സമുദായത്തിലും കാണുന്നു. അതു ജീവിതത്തിന്റെ സമൃദ്ധിയിൽ നിന്നും ജനിക്കുന്നതാണ്. സാധാരണ നിയമങ്ങളെ ലംഘിച്ച് അതു പ്രവർത്തിക്കുന്നതു നമുക്കു കാണാം. പുതുതായി ഒന്നു കണ്ടുപിടിക്കുന്നതിലാണ് സമുദായത്തിന്റെ നവീകരണം പ്രകാശിക്കുന്നത്. നവീനങ്ങളായ ആശയങ്ങൾ യദൃച്ഛയാ ഉത്ഭവിക്കുകയാണ് പതിവ്.

3. ആഗ്രഹസാദ്ധ്യത്തിനും ജീവിതസംരക്ഷണത്തിനും വേണ്ടി പരിതഃസ്ഥിതികളെ മാററുന്നതിന് അവലംബിക്കുന്ന സാമുദായികപരിശ്രമങ്ങൾ നമ്മുടെ ആഗ്രഹങ്ങളെ ക്രമപ്രകാരം തൃപ്തിപ്പെടുത്തുന്നതുകൊണ്ട് സാമുദായികാഭിവൃദ്ധി ഉണ്ടാകുന്നു. ശിശുവിനെ സംരക്ഷിക്കുക എന്ന മാതാവിന്റെ പ്രവൃത്തി വർഗ്ഗരക്ഷ എന്നുള്ള സാമുദായികനന്മയ്ക്കു കാരണമായിത്തീരുന്നു. അതുപോലെ മാതാപിതാക്കന്മാർ സന്താനങ്ങൾക്കു വേണ്ടി ചെയ്യുന്ന ത്യാഗങ്ങൾ സാമുദായികനന്മയെ അഭിവൃ

ദ്ധമാകുന്നു. ഭൌതികവും മാനസികവുമായ പരിതഃസ്ഥിതിയെ ഔചിത്യപൂർവ്വം മാററുന്നതുകൊണ്ടും ഈ ഫലം സിദ്ധിക്കുന്നു.

4. മനുഷ്യൻെറ വികാരങ്ങളേയും ആഗ്രഹങ്ങളേയും സമുദായത്തിനു ഫലപ്രദമായ പ്രയോജനം ഉണ്ടാകത്തക്ക വിധത്തിൽ വിനിയോഗിക്കേണ്ടതാണ്. തെററായ ഉദ്ദേശ്യത്തിലേയ്ക്കു നയിക്കപ്പെടുന്ന വികാരങ്ങൾ ദോഷപരമായിത്തീരുന്നു. സമുദായാംഗങ്ങളായ വ്യക്തികൾ സാമുദായികങ്ങളായ പ്രയോജനങ്ങൾക്കുവേണ്ടി പ്രവൎത്തിച്ചാൽ മാത്രമെ ലോകനന്മ ഉണ്ടാകുകയുള്ളു.

മഹാന്മാരായിത്തീരുന്നതിനു ബുദ്ധിശക്തിയേക്കാൾ കൂടുതൽ ആവശ്യമായിട്ടുള്ളത് വികാരശക്തിയാണെന്നു വാർഡ് വിശ്വസിച്ചിരുന്നു. സാമാന്യം ബുദ്ധിശക്തിയുള്ളവർ പുതിയ പുതിയ കാൎയ്യങ്ങൾക്കായി പ്രവൎത്തിച്ചാൽ സമുദായത്തിന് അഭിവൃദ്ധിയുണ്ടാകുമെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. അതിനാൽ സാമാന്യബുദ്ധിശക്തിയുള്ളവരെ വിദ്യ അഭ്യസിപ്പിക്കേണ്ടത് സമുദായത്തിൻെറ കൎത്തവ്യമാണെന്ന് ആ ചിന്തകൻ വാദിച്ചു. മാനസികശക്തികളെ ഏകാഗ്രമാക്കിയാൽ ആൎക്കും പ്രതിഭാസമ്പന്നനാകാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞിരുന്നു. തന്മൂലം ഏതു വ്യക്തിക്കും പരിഷ്കാരത്തിന് ഏററവും പ്രയോജനകരമായ എന്തെങ്കിലും കണ്ടുപിടിക്കാൻ സാധിക്കും. സൌകൎയ്യം നല്കാത്തതുകൊണ്ട് അനേകം ആളുകൾ പ്രതിഭാശക്തിയെ വികസിപ്പിക്കാൻ നിവൃത്തിയില്ലാത്തവരായി തീൎന്നിട്ടുണ്ട്. അതിനാൽ എല്ലാവൎക്കും ഒരുപോലെ വിദ്യാഭ്യാസം നല്കേണ്ടത് അത്യാവശ്യമാണ്. സമുദായഹിതത്തെ മുൻനിറുത്തിയുള്ള ഒരു ഭരണമാണ് ആവശ്യം. സാമുദായികോന്നതിക്ക് ആവശ്യമുള്ളതിനെ സാധിപ്പിക്കുക എന്നതാണ് മനുഷ്യജന്മത്തിൻെറ ഒരു പ്രധാനോദ്ദേശ്യം.

# 4

# മാനവശാസ്ത്രവും സമുദായചിന്തയും

മനുഷ്യൻ ഏതോ ഒരു ഉൽകൃഷ്ടജന്തുവിൻെറ സന്താനമാണെന്നും ക്രമേണ വളരെക്കാലമായി വികസിച്ചതിൻെറ ഫലമായിട്ടാണ് മനുഷ്യാവസ്ഥയെ പ്രാപിച്ചതെന്നും മാനവശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ഉൽകൃഷ്ടജന്തുക്കൾക്കപോലും ഇല്ലാത്ത മാനസികവും ആത്മികവുമായ ഗുണങ്ങൾ മനുഷ്യനുണ്ടെന്നുള്ള വസ്തുതയും ഈ വാദത്തിന്ന പ്രാബല്യം നല്കുന്നുണ്ട്. ജന്തുക്കളിൽനിന്നും ലഭിച്ചിട്ടുള്ള ചില വാസനകൾ മനുഷ്യസമുദായത്തിൻെറ അപരിഹാര്യമായ അംശമായിത്തീർന്നിരിക്കുന്നതുകൊണ്ട് ഇന്നത്തെ സാമുദായികപ്രശ്നങ്ങളെ മനസ്സിലാക്കുന്നതിനും ഈ വാസനകളുടെ ജ്ഞാനം അത്യാവശ്യമായിരിക്കുന്നു. ഇപ്പോഴത്തെ തെളിവുകൾ അനുസരിച്ച് മനുഷ്യക്ക് ഒരു പൊതുവായ ഉൽപത്തിസ്ഥാനം ഉണ്ടെന്നു അനുമാനിക്കാം. പല വർഗ്ഗങ്ങളുടെ സമ്മിശ്രണത്തിൽ നിന്നും ഉദ്ഭൂതമായതാണ് ഇന്നത്തെ ജാതികൾ. പരിശുദ്ധമായ ഒരു ജാതിയെ വേർതിരിക്കാൻ ഇന്നു പ്രയാസമാണ്. മൂന്നു പ്രധാന ജാതികൾ അനേകം അവാന്തരജാതികളായി തരം തിരിഞ്ഞതായിട്ടാണ് വർഗ്ഗശാസ്ത്രഗവേഷകന്മാർ അഭിപ്രായപ്പെടുന്നത്. ഇങ്ങനെ നോക്കുമ്പോൾ ഇന്ന് അറുനൂറോളം ജാതികൾ ഉണ്ടെന്നു കണക്കാക്കാം. ഭിന്ന ജാതികളുടെ പരസ്പരമിശ്രണത്താൽ കൂടുതൽ ശക്തിയുള്ള ഒരു ജാതി സംജാതമാകുന്നു എന്നാണ് മാനവശാസ്ത്രജ്ഞന്മാരുടെ മതം.

ആചാരങ്ങളുടെ ആഗമപ്രചാരങ്ങളെപ്പററി 'സ്മ്നർ' ഇങ്ങനെ പറയുന്നു. പ്രാചീനമനുഷ്യരുടെ ആവ

ശ്യങ്ങൾ അനുസരിച്ച് അവയെ നിറവേററാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഇവ വീണ്ടും വീണ്ടും തുടൎന്നപ്പോൾ അഭേദ്യങ്ങളായ ആചാരങ്ങൾ ആവിർഭവിച്ചു. ഒരു സംഘത്തിൽ അംഗങ്ങളുടെ താൽപര്യങ്ങൾ സാധിക്കുന്നത് ആചാരങ്ങൾ മൂലമാണ്. സമുദായജീവിതം എന്നു പറയുന്നത് ഇപ്രകാരമുള്ള ആചാരങ്ങളെ സൃഷ്ടിച്ച് പ്രായോഗികമാക്കുന്നതാണ്. സമുദായശാസ്ത്രം എന്നതിന് ജനങ്ങളുടെ ആചാരങ്ങളെപ്പററി പ്രതിപാദിക്കുന്ന ശാസ്ത്രം എന്നുപോലും നിർവ്വചനം നല്കാവുന്നതാണ്. ഈ ആചാരങ്ങൾ അഭിവന്ദ്യരായ പൂർവികന്മാർ ആചരിച്ചിരുന്നതുകൊണ്ട് അവയ്ക്കു പ്രത്യേകം മാഹാത്മ്യവും പ്രാമാണ്യവും സിദ്ധിച്ചു. അവ മനുഷ്യനന്മയ്ക്കു ആവശ്യമാണ് എന്ന ബോദ്ധ്യം ഈ ആചാരങ്ങളുടെ നിലനില്പിന് സഹായകവുമാണ്.

ജാതിശ്രേഷ്ഠത എന്ന ധാരണ ചിലപ്പോൾ ആത്മപ്രശംസയായിത്തീൎന്നിട്ടുണ്ട്. പ്രാചീനഗ്രീക്കുകാരുടെ അഭിപ്രായം അവരൊഴിച്ച് മററു ജാതിക്കാരെല്ലാം അപരിഷ്കൃതരെന്നായിരുന്നു. യഹൂദന്മാർ വിചാരിച്ചുപോന്നത് ഈശ്വരനാൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ജാതി അവരുടേതാണെന്നായിരുന്നു.

മനുഷ്യപ്രവൃത്തികൾക്കു പ്രേരകങ്ങളായ നാലുശക്തികളെ സമ്നർ വിശദീകരിക്കുന്നു. അവ വിശപ്പ്, കാമം, ആഡംബരഭ്രമം, ഭീതി എന്നിവയാണ്.

1. <u>വിശപ്പ്</u>. അനേകം ആയുധങ്ങളും ഉപകരണങ്ങളും കണ്ടുപിടിക്കാൻ ഇത് മനുഷ്യനെ പ്രേരിപ്പിച്ചു. അസ്ത്രശസ്ത്രാദികൾ ആവിർഭവിച്ചത് ഇപ്രകാരമാണ്. അനന്തരം മററുസമ്പത്തുകൾ സമ്പാദിക്കാനുള്ള ശ്രമമായി. എന്നാൽ ധനം ധനവാന് പ്രായേണ ദോഷഫലത്തെയാണ് വരുത്തുന്നത്. അവൻ സ്വാൎത്ഥപരനും നാസ്തികനുമായി ജീവിതം നയിക്കുന്നു.

2. കാമം. ഇത് വിവാഹത്തിനും വിവാഹസംബന്ധമായ ആചാരങ്ങൾക്കും കാരണമായിത്തീരുന്നു. വിവാഹിതർക്ക് സമുദായത്തോടുള്ള കർത്തവ്യത്തേയും ഇതു വ്യവസ്ഥപ്പെടുത്തുന്നു.

3. ആഡംബരഭ്രമം. അന്യർ തന്നെ അഭിനന്ദിക്കുകയും സ്തുതിക്കുകയും ചെയ്യണമെന്ന് മനുഷ്യൻ അഭിലഷിക്കുന്നു. ഇതിനു വേണ്ടിയാണു അപരിഷ്കൃതജാതികൾ ദേഹം മുഴുവൻ ചുട്ടികുത്തുന്നത്. വേഷഭൂഷണാദികളിൽ പ്രത്യേകതാൽപര്യം പരിഷ്കൃതരുടെ ഇടയിൽ കാണുന്നതും ഇതുകൊണ്ടു തന്നെ.

4. ഭയം. ഭൂതപ്രേതാദികളിൽ നിന്നുള്ള ഭയം അപരിഷ്കൃതരിൽ കൂടുതൽ കാണുന്നു. മന്ത്രവാദവും മററും നിലനിന്നുപോരുന്നത് ഈ ഭയം കൊണ്ടുതന്നെയാണ്.

സമുദായത്തെ അഞ്ചായി സ്റ്റണ്ണർ വിഭജിക്കുന്നു.

1. ജനസാമാന്യം. ഇതിലെ അംഗങ്ങൾ മധ്യമാവസ്ഥയിൽ ഇരിക്കുകയും സാമാന്യമായ സാമുദായികപ്രയോജനത്തെ സാധിക്കുകയും ചെയ്യുന്നു.

2. ആശ്രിതന്മാർ. ഇവർ സമുദായത്തിനു ഭാരമാണെങ്കിലും പരോപദ്രവം ചെയ്യുന്നില്ല; ദുഷ്ടന്മാരല്ല.

3. ശിക്ഷാർഹർ. ഇവർ സമുദായത്തിനു എതിരായി നില്ക്കുന്നു. സമുദായത്തിനു വലിയ ഭാരവും കൂടിയാണ്.

4. ബുദ്ധിശാലികൾ.

5. പ്രതിഭാവിലസമുള്ളവർ.

ജനസാമാന്യം സമുദായത്തിൻെറ അടിത്തട്ടിലല്ല, മധ്യസ്ഥാനത്താണ് സ്ഥിതിചെയ്യുന്നത്. ഇതിലെ അംഗങ്ങൾ പ്രാചീനവ്യവസ്ഥകളെ പരിപാലിക്കുന്നതിൽ

താൽപര്യമുള്ളവരാകുന്നു. സ്വത്ത്, വിവാഹം, മതം എന്നിവയാണ് ആ വ്യവസ്ഥകൾ. ഇവ ആചാരങ്ങളായി ആരംഭിച്ച് രീതികളായി പരിണമിക്കുന്നു. മേൽപറഞ്ഞ വ്യവസ്ഥകൾ "കയ്യൂക്കുള്ളവൻ കാര്യക്കാരൻ" എന്ന ന്യായത്തിൽ ആരംഭിച്ചു എങ്കിലും ഇപ്പോൾ ബലം ഒരു ഉപകരണം മാത്രമായിത്തീൎന്നിട്ടുണ്ട്.

ആചാരങ്ങൾ. ആചാരങ്ങളും രീതികളും അതിശക്തിയോടുകൂടി നിലനില്ക്കുന്നു. ജീവിതവ്യവസ്ഥകൾ മാറുന്തോറും തദനുസരണമായ മാററം അതോടൊരുമിച്ച് ആചാരത്തിനുണ്ടാകുന്നില്ല. ആചാരങ്ങളെല്ലാം ഉടനടി മാറുന്നത് വിപ്ലവകാലത്താണ്.

ആചാരങ്ങൾക്ക് വ്യക്തിയുടെ മേലുള്ള പ്രഭാവം ശക്തിമത്താണ്. അവയുടെ ഉൽപത്തിയെപ്പററി വ്യക്തിക്കറിവില്ല. ആചാരങ്ങളുടെ ഇടയിൽ ജനിച്ച ഒരു വ്യക്തി ബാല്യത്തിൽ തന്നെ അവയെ സ്വീകരിക്കുന്നു. അവൻെറ സ്വഭാവത്തെ അവ രൂപവൽകരിക്കുന്നു. യൌവനപ്രാപ്തിയിൽ ഉത്തേജിതനായി അവയെ ധ്വംസനം ചെയ്യുന്നതിനു ശ്രമിച്ചാൽ ജാതി മുഴുവൻ അവനെ എതിൎക്കുന്നു. പുതിയ ആചാരത്തിനും ജനസമ്മതി ലഭിച്ചാൽ ശാന്തമായ പരിതഃസ്ഥിതി ഉണ്ടാകുന്നു.

ആചാരത്തിന് രണ്ടു ലക്ഷണങ്ങൾ ഉണ്ടെന്നാണ് 'വെസ്റ്റർ മാർക്കിൻെറ' അഭിപ്രായം. ഒന്നു ശീലം, വേറൊന്നു കൎത്തവ്യബോധം. മനുഷ്യൻെറ മനസ്സാക്ഷിപോലെ തന്നെ സംഘത്തിൻെറ മനസ്സാക്ഷിയും ഒരു തെററ് ആവൎത്തിക്കുമ്പോൾ അത് അനുവദിക്കാവുന്നതാണെന്നു വിചാരിക്കുന്നു. സന്മാൎഗ്ഗബോധം ഉണ്ടാകുന്നതു സമുദായത്തിലാണെന്നാണ് വെസ്റ്റർമാർക്കിൻെറ അഭിപ്രായം. സമുദായത്തിനു പൊതുവേ ഉണ്ടാകുന്ന വികാരങ്ങൾ ആചാരങ്ങളുടെ തോതായിത്തീരുന്നു. ഈ വികാരങ്ങൾ

പലതരത്തിലുള്ള സന്മാർഗ്ഗബോധത്തിന്ന കാരണമാകുന്നു. അതായത് സമുദായം അനുമോദിക്കുന്ന അനാചാരങ്ങളെ നന്മയെന്നും ധമ്മമെന്നും പുണ്യമെന്നും നാം കരുതുന്നു. അനുമോദിക്കാത്തവയെ തിന്മയെന്നും അധമ്മമെന്നും പാപമെന്നും നാം ഗണിക്കുന്നു.

ആദ്ധ്യാത്മികവിശ്വാസങ്ങൾ മനുഷ്യന് സന്മാർഗ്ഗബോധം ഉദിക്കാൻ ഒരു മുഖ്യകാരണമാണ്. സ്നേഹം, അഹിംസ, സത്യം മുതലായ മഹനീയഗുണങ്ങളെ ഉപദേശിക്കുന്നതു മതമാണ്.

ഹാബ്ഹൌസിന്റെ ഗ്രന്ഥങ്ങൾ ആചാരങ്ങളെപ്പററിയുള്ള പൂണ്ണവിവരം നല്കുന്നു.

സമുദായത്തെ സംഘടിപ്പിക്കുന്ന മൂന്നു ശക്തികളെപ്പററി അദ്ദേഹം പ്രതിപാദിക്കുന്നു. (1) രക്തബന്ധം, (2) അധികാരശക്തി (3) പൌരത്വം.

1. പ്രാചീനസമുദായത്തിൽ രക്തബന്ധമാണ് ഒരു സംഘത്തെ സംഘടിപ്പിച്ചു നിത്തീട്ടുള്ളത്. 2. ഒരു ജാതി മറെറാരു ജാതിയെ ജയിച്ചു പരാധീനമാക്കുമ്പോൾ അധികാരശക്തിതന്നെയാണ് ഘടകം. ഒരു ജാതിയിൽ വിഭിന്നകക്ഷികൾ ഉണ്ടാകുമ്പോൾ അവയെ യോജിപ്പിച്ച് ഐക്യം വരുത്തുന്നതിന്നും അധികാരബലം പ്രയോഗിക്കുന്നു. 3. ചില അംഗങ്ങളെ പൊതുസമുദായത്തിന്നു വേണ്ടി പ്രവത്തിക്കാൻ അധികാരപ്പെടുത്തുമ്പോഴാണ് പൌരത്വം പ്രകാശിക്കുന്നത്.

നിയമം, ന്യായം എന്നിവകളുടെ വളർച്ചയും ഇപ്പോഴത്തെ സാമുദായികസംഘടനാരൂപങ്ങളും തമ്മിൽ അടുത്ത ബന്ധം ഉണ്ടെന്ന് ഹാബ്ഹൌസ് വാദിക്കുന്നു. ഓരോ വഗ്ഗവും അതിൽ ഉൾപ്പെട്ട ഏതംഗത്തിന്റേയും പ്രവത്തികൾക്ക് ചുമതല വഹിച്ചിരുന്നു. അനന്തരം ഒരു നായകന്റേയോ ചില പ്രതിനിധികളുടേയോ അധി

കാരം പ്രബലമായി. അവസാനത്തിൽ വാദങ്ങൾ നിർണ്ണയിക്കുന്നതിനും കുററങ്ങൾ അമർത്തുന്നതിനും ഒരു പ്രത്യേക സാമുദായികസമിതി രൂപവല്ക്കരിച്ചു. ഇപ്രകാരം തെളിവുകേട്ട് നിർണ്ണയിക്കുന്ന രീതി നടപ്പിലായി.

പ്രൊഫസ്സർ "ബോയസ്" അഭിപ്രായപ്പെടുന്നത് പരിതഃസ്ഥിതി തന്നെയാണ് വർഗ്ഗങ്ങൾ തമ്മിലുള്ള വ്യത്യാസത്തിനു കാരണമെന്നാണ്. എല്ലാ വർഗ്ഗങ്ങളുടേയും സാമർത്ഥ്യം ഒരുപോലെയാണെന്നും പൊതുസംസ്കാരത്തിനു തക്ക പരിതഃസ്ഥിതിയും സൌകര്യവും ലഭിച്ചാൽ എല്ലാവരും ഒരുപോലെതന്നെ അഭിവൃദ്ധിയെ പ്രാപിക്കുമെന്നും അദ്ദേഹം പറയുന്നു. വിദ്യാഭ്യാസംകൊണ്ട് സാമുദായികപരിതഃസ്ഥിതി മാറി സകല ജാതികളും ഉൽകൃഷ്ടനിലയെ പ്രാപിക്കുമെന്നും ആ ചിന്തകൻ വാദിക്കുന്നു.

സംസ്കാരം പ്രചരിക്കുന്നത് അറിഞ്ഞും അറിയാതെയും ആയിരിക്കാം. ഒരു വർഗ്ഗം മറെറാരു സ്ഥലത്തേയ്ക്കു് മാറുമ്പോൾ അറിയാതെതന്നെ അതിൻെറ സംസ്കാരവും പുതുതായി താമസിക്കുന്ന ദിക്കിൽ പരക്കുന്നു. ഒരു രാഷ്ട്രത്തെ ജയിച്ചിട്ട് അവിടെ ജേതാവിൻെറ സംസ്കാരത്തെ സ്ഥാപിക്കുന്നതാണ് ബോധപൂർവ്വകമായ സംസ്കാരവികാസം. മനുഷ്യരിൽ ഓരോ വർഗ്ഗത്തിനും പൊതുവായി ചില സംസ്കാരമാതൃകകൾ ഉണ്ടെന്നു "വിസ്ലർ" പറയുന്നു. ഇവ ഭാഷ, കല, മതം, സ്വത്ത്, രാജ്യഭരണം, യുദ്ധം, ഐതിഹ്യങ്ങൾ, വിജ്ഞാനം, സാമുദായികവ്യവസ്ഥകൾ ഇങ്ങനെ ഒൻപതെണ്ണമാണ്. ഡബ്ല്യൂ. ജി. താമസ് ഇപ്രകാരം പറയുന്നു. "ഒരു ആപദ്ഘട്ടത്തിലാണ് വർഗ്ഗാഭിവൃദ്ധി ഉണ്ടാകുന്നത്. സാധാരണ സമയങ്ങളിൽ മനുഷ്യൻ അലസനായിരിക്കുന്നതേയുള്ളു. എന്നാൽ ആപത്തു വരുമ്പോൾ ഏകാഗ്രതയും ശ്രദ്ധയും ഉളവാകുന്നു. അപ്പോൾ മനുഷ്യൻ ആപത്തിനെ ജയിക്കാൻ സമർത്ഥ

നായിത്തീരുന്നു. ആപത്തു തന്റെ അധീനതയിലായി ത്തീരുന്നു." എന്നാൽ ഈ അഭിപ്രായം അത്ര ശരിയല്ല. ആപത്തിനെ എതിർക്കാൻ തക്ക ഏകാഗ്രതയും ജാഗരൂകതയും ലഭിക്കണമെങ്കിൽ ആ വ്യക്തിക്കും വർഗ്ഗത്തിനും നേരത്തേതന്നെ മനോബലം ഉണ്ടായിരിക്കണം. ഓരോ വർഗ്ഗത്തിനും ചില പ്രത്യേകഗുണങ്ങൾ ഉണ്ടെന്നും ജനനാൽതന്നെ അവ സന്താനങ്ങളിലേയ്ക്കു് പകരുന്നു എന്നും പരിതഃസ്ഥിതികൊണ്ടു് അവയ്ക്കു വലിയ മാററം വരുത്താൻ സാധിക്കുകയില്ലെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ടു്.

ഈ രണ്ടു വാദമുഖങ്ങളും പരിപൂർണ്ണമായ അംഗീകാരം അർഹിക്കുന്നില്ല. പരമാർത്ഥത്തിൽ പാരമ്പര്യം പരിതഃസ്ഥിതി എന്നിവ രണ്ടും മനുഷ്യസ്വഭാവത്തെ രൂപവൽകരിക്കുന്ന കാര്യത്തിൽ പങ്കെടുക്കുന്നുണ്ടു്. പരമ്പരാഗതങ്ങളായ ഗുണങ്ങൾ കൂടാതെ പരിതഃസ്ഥിതിക്കു പ്രവർത്തിക്കാൻ കാര്യമില്ല. ഉദ്ബോധകമായ പരിതഃസ്ഥിതിയില്ലെങ്കിൽ പരമ്പരാഗതങ്ങളായ ഗുണങ്ങൾ സുപ്താവസ്ഥയിൽ തന്നെയിരിക്കും. പരിതഃസ്ഥിതി കൊണ്ടു് ചില പരമ്പരാഗതഗുണങ്ങൾ പ്രകാശിക്കുന്നു. അതിനാൽ പരിതഃസ്ഥിതികളുടെ പ്രഭാവം സമ്മതിച്ചേ തീരു.

# 5

# സാമുദായികമത്സരം

സമുദായത്തിൽ മത്സരവും സഹകരണവും സാധാരണമായി കാണുന്നുണ്ട്. അവയിൽ ആദ്യത്തേതിനെപ്പററി ഇവിടെ ചിന്തിക്കാം.

ഗുംപ്ലോവിക്സ്. (1838-1910) സാമുദായികജീവിതത്തിലെ പ്രധാന ലക്ഷണം മത്സരം തന്നെയാണെന്ന് ഈ ചിന്തകൻ അഭിപ്രായപ്പെട്ടുന്നു. സമുദായത്തിൻെറ ആരംഭം സംഘയുക്തമല്ലാത്ത ആദിമജനക്കൂട്ടമാണ്. ഇങ്ങനെ പരാപേക്ഷകൂടാതെ ജീവിക്കുന്ന ജനക്കൂട്ടങ്ങൾ ആദ്യം ഉണ്ടായിരുന്നു. ഒരോ ജനക്കൂട്ടവും മററു ജനക്കൂട്ടങ്ങളുമായി യുദ്ധം ചെയ്തുകൊണ്ടുതന്നെയിരുന്നു. ഈ കൂട്ടങ്ങൾ വർദ്ധിച്ചപ്പോൾ ആഹാരം ആവശ്യത്തിന് പര്യാപ്തമല്ലാതെ വന്നു. തന്മൂലം പരസ്പരമത്സരം ആരംഭിക്കുകയും തൽഫലമായി ദുർബലങ്ങളായ കൂട്ടങ്ങൾ നശിക്കുകയോ മററുകൂട്ടരുടെ ദാസന്മാരായിത്തീരുകയോ ചെയ്തു. ഇപ്രകാരമുള്ള നിരന്തരകലഹങ്ങളാൽ ജനക്കൂട്ടത്തിൻെറ അംഗങ്ങളിൽ തന്നെ അനവധി മാററങ്ങൾ ഉണ്ടായിത്തുടങ്ങി. പരാജിതന്മാർ ജേതാക്കളുടെ കൂട്ടത്തിൽ ചേർന്നലയിച്ചുപോന്നു. ഓരോജനക്കൂട്ടത്തിൻേറയും സ്വാർത്ഥതൽപരത കൊണ്ടു തന്നെയാണ് സാമുദായികാഭിവൃദ്ധി ഉണ്ടാകുന്നത്. ഈ സ്വാർത്ഥതൽപരതയിൽ നിന്നും അമിതമായ അഭിമാനവും സംഘൈക്യത്തിനുള്ള ആഗ്രഹവും ജനിക്കുന്നു. അനന്തരം സംഘങ്ങൾ തമ്മിലുള്ള സംഘർഷം ഉളവാകുന്നു. അവസാനത്തിൽ ചിലതിന് അഭിവൃദ്ധി ഉണ്ടാകുന്നു. ഈ സ്വാർത്ഥത്തിൻെറ അടിത്തട്ടിൽ സംഘാംഗങ്ങളുടെ കായികപ്രയോജനങ്ങളും ധനസംബന്ധമായ ആഗ്രഹങ്ങളും സ്ഥിതി

ചെയ്യുന്നു. സംഘയുക്തമാകുന്നതിനു ചില ഘടകങ്ങൾ ഉണ്ട്. അവ പൊതുസമുദായജീവിതം, പൊതുഭാഷ, പൊതുമതം, പൊതുസംസ്കാരം ഇത്യാദികളാകുന്നു.

ഇന്നത്തെ സകല വർഗ്ഗങ്ങളും സങ്കരജാതികൾ ആണെന്നു ഗുംപ്ലോവിക്സ് വാദിച്ചിരുന്നു. ശുദ്ധജാതികൾ ഇല്ലതന്നെ. ഓരോ ജാതിയും അനേകം ജാതികളുടെ സമ്മിശ്രണമായതുകൊണ്ട്, ഇപ്പോഴുള്ള ഏതു ജാതിക്കും തുല്യമായ അവസ്ഥയേ ഉള്ളു. ഈ സംഗതികൾ മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഗുംപ്ലോവിക്സ് വ്യക്തിയുടെ പ്രാധാന്യത്തെ ശരിയായി മനസ്സിലാക്കിയിട്ടില്ല. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ സംഘങ്ങൾ ഭരിക്കുന്നു. അനേകകാലങ്ങളിലെ ഐതിഹ്യം പ്രബലമായി സ്ഥിതിചെയ്യുന്നു. വ്യക്തിയുടെ ആശയങ്ങൾ സാമുദായിക പരിതഃസ്ഥിതിയുടെ പ്രതിഫലനം മാത്രമാണ്. സംഘത്തെപ്പററി അഭിമാനവും ഭക്തിയും സംഘാംഗങ്ങളിൽ ഉണ്ടാകുന്നു. സംഘത്തിൻെറ ഒരു ആപദ്ഘട്ടത്തിൽ സംഘത്തിൻെറ ഇച്ഛയെ പ്രകാശിപ്പിക്കുന്ന ആൾ തന്നെയാണ് ബഹുമാന്യനായ നേതാവ്. ഗുംപ്ലോവിക്സിൻെറ അഭിപ്രായത്തിലുള്ള പ്രധാന ദോഷം വ്യക്തിസ്വാതന്ത്ര്യത്തെ അവഗണിച്ചു എന്നുള്ളതാണ്. വ്യക്തികളെപ്പോലെതന്നെ സമുദായവും അഭിവൃദ്ധിക്കും അധഃപതനത്തിനും വിധേയമാകുന്നതുകൊണ്ട് സാമുദായികമാററങ്ങളിൽ വ്യക്തികൾ ഇടപെടുന്നതു ശരിയല്ല എന്ന് അദ്ദേഹം പറയുന്നു. ഈ അഭിപ്രായം യുക്തിയുക്തമല്ല. സാമുദായികമാററങ്ങളും മനുഷ്യന് വിധേയമാണെന്ന് അദ്ദേഹം മനസ്സിലാക്കിയില്ല.

<u>നീച്ചേ.</u> (1844—1900) ഈ ജർമ്മൻ തത്വജ്ഞാനി സാമുദായികസംഘർഷവാദത്തെ വേറൊരു വിധത്തിൽ പ്രതിപാദിച്ചു. ആധിപത്യത്തിനുള്ള ആഗ്രഹംതന്നെ

യാണ് ഈ സംഘർഷത്തിനു കാരണമെന്നാണ് അദ്ദേഹത്തിൻെറ വാദം. നേതാക്കന്മാർ സേഛ്ഛാധികാരം ആഗ്രഹിക്കുന്നു. അതുകൊണ്ടു് അവർ പുരോഗമനം ചെയ്യുന്നു. ആധിപത്യം ഉള്ളവന് എതിരായിട്ട് സംഘത്തിലെ ദുർബലന്മാർ അസൂയമൂലം ഒരുമിച്ചു ചേരുന്നു. ഇങ്ങനെയാണ് സംഘർഷം ആരംഭിക്കുന്നത്.

പ്രകൃതിയുടെ പരമമായ ഉദ്ദേശ്യം അതീതന്മാരായ മനുഷ്യരെ സൃഷ്ടിക്കുക എന്നതാണ്. അവരുടെ ശക്തി വർദ്ധിപ്പിക്കാൻ മററുള്ളവർ സഹായിക്കണമെന്ന് അവർ തന്നെ വിചാരിക്കുന്നു. അവരുടെ സ്വന്തം അഭിവൃദ്ധിയിലാണ് ഈ അതീതന്മാരുടെ ശ്രദ്ധ. അധീനരായി കഴിയുന്നവർ ദുർബലരും ദാസമനോഭാവത്തോടുകൂടിയവരുമാണ്. ശക്തിമാന്മാരുടെ അനിയന്ത്രിതമായ സേഛ്ഛാഭരണം തന്നെയാണ് സമുദായത്തിൻെറ യഥാർത്ഥലക്ഷ്യമെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. നീച്ചേ ജനകീയഭരണത്തിന് എതിരായിരുന്നു.

നീച്ചേയുടേയും ഗുംപ്ലോവിക്സിൻേറയും മൌലികതത്വങ്ങൾ തന്നെ ഭിന്നങ്ങളാണ്. ശക്തിമാന്മാരായ വ്യക്തികളുടെ ആധിപത്യത്തെയാണ് നീച്ചേ വാഴ്ത്തുന്നത്. ഗുംപ്ലോവിക്സിൻെറ വാദത്തിൽ ഒരു വ്യക്തിക്കും സ്ഥാനമില്ല. ഈ രണ്ടു ചിന്തകന്മാരുടെ മതങ്ങളും അത്യുഭാന്തങ്ങളായിത്തന്നെയിരിക്കുന്നു. ഒന്നിൽ വ്യക്തിക്കും മററതിൽ സമുദായത്തിനും ശരിയായ സ്ഥാനമില്ല.

പാററൻ. ശത്രുക്കളേയും ക്ലേശത്തേയും ഒഴിക്കാനുള്ള ശ്രമത്തിൽക്കൂടിയാണ് മനുഷ്യസമുദായം അഭിവൃദ്ധിയെ പ്രാപിച്ചിരിക്കുന്നത് എന്നാണ് പാററൻെറ അഭിപ്രായം. ക്ലേശപരിഹാരത്തിനുള്ള മാർഗ്ഗം ആദർശങ്ങൾ, സംസ്കാരങ്ങൾ, വിശ്വാസങ്ങൾ എന്നിവയിൽ സ്ഥാപിതമാണ്.

ഇപ്പോൾ സമുദായം ഒരു സന്ധിഘട്ടത്തിലാണ് സ്ഥിതിചെയ്യുന്നത് — അതായത്തു സുഖാനുഭൂതിയിലേയ്ക്കു് പ്രയാണം ചെയ്യുകൊണ്ടിരിക്കുന്ന ഘട്ടം. പരിഷ്ക്കാരത്തിൻെറ ഫലമായി അനേകം ക്ലേശകാരണങ്ങൾ നശിച്ചിട്ടുണ്ട്. ഹിംസ്രജന്തുക്കളുടെ ഉപദ്രവം കുറഞ്ഞിരിക്കുന്നു. അന്ധവിശ്വാസങ്ങളും പരിഷ്കൃതരുടെ ഇടയിൽ കുറവാണ്. സുഖാനുഭവംകൊണ്ടുണ്ടാകുന്ന അലസത, ദുർബലത, അവസാദം മുതലായ ദോഷങ്ങളെ തടുക്കാൻ ആവശ്യമുള്ള സംസ്കാരങ്ങൾ അഥവാ വാസനകൾ, ശീലങ്ങൾ, ആദർശങ്ങൾ എന്നിവയെ വ്യക്തികളും ജാതികളും കൈക്കൊള്ളാത്തതിനാൽ ഈ സുഖാനുഭവസന്ധി നാശഗത്തത്തിലേക്ക് നയിക്കുന്നു.

കാർവർ. കാർവർ ഇപ്രകാരം പറയുന്നു. സകല സംഘഷങ്ങളും പൂവ്വകാലത്ത് ബലപ്രയോഗംകൊണ്ടു നിണ്ണയിച്ചിരുന്നു. എന്നാൽ വിവേചനാശക്തിയുടെ ഉദ്ബോധനത്താൽ യുദ്ധംകൂടാതെതന്നെ മററു വഴികളിൽകൂടി പരസ്പരകലഹങ്ങളെ തീരുമാനിക്കാൻ ജനങ്ങൾ പ്രേരിതരായിത്തുടങ്ങി. ഇപ്രകാരമാണ് അവക്ക് ന്യായബോധം ഉണ്ടായത്. ന്യായം എന്നാൽ പരസ്പരവിരുദ്ധങ്ങളായ താൽപയ്യങ്ങളെ സമന്വയിച്ച് സംഘത്തെ ബലപ്പെടുത്തുക എന്നതാണ്. നന്മയും ബലവും ഒന്നുതന്നെയാണ്. സാവ്വജനീനമാകാൻ ശക്തിയുള്ളതാണ് ബലം എന്നാണ് അദ്ദേഹം നിവ്വചിക്കുന്നത്. സാമഗ്രികളുടെ ദൌർലഭ്യത്തിൽനിന്ന് സംഘഷം ജനിക്കുന്നു. ഒരേ വസ്തു രണ്ടുപേർ ആഗ്രഹിക്കുമ്പോഴാണ് സംഘഷം ആരംഭിക്കുന്നത്. താൽപയ്യങ്ങളുടെ ഈ സംഘട്ടനം ന്യായാന്യായങ്ങളേയും നന്മതിന്മകളേയും നിർണ്ണയിക്കാൻ പ്രേരിപ്പിക്കുന്നു. സമുദായത്തിൽ മനുഷ്യരുടെ ആഗ്രഹങ്ങൾ വദ്ധിച്ചുവരുന്നു. ആഗ്രഹങ്ങളെ കുറയ്ക്കുകയും ഉൽപന്നങ്ങളെ

വർദ്ധിപ്പിക്കുകയും ചെയ്താൽ സംഘർഷങ്ങൾ കുറയും. സംഘട്ടനങ്ങൾ മൂന്നു വിധത്തിലുണ്ട്. (1) മനുഷ്യനും പ്രകൃതിയും തമ്മിൽ (2) മനുഷ്യനും മനുഷ്യനും തമ്മിൽ (3) ഒരു മനുഷ്യൻെറ ഭിന്നതാൽപര്യങ്ങൾ തമ്മിൽ.

ഇപ്രകാരമുള്ള സംഘർഷങ്ങൾ ഇല്ലായിരുന്നു എങ്കിൽ നന്മതിന്മകളെപ്പററിയുള്ള ചോദ്യത്തിനു പോലും അവകാശം ഉണ്ടാകുമായിരുന്നില്ല. താൽപര്യങ്ങൾ തമ്മിലുള്ള സംഘർഷം കൊണ്ടുതന്നെയാണ് സ്വത്ത്, കുടുംബം, രാഷ്ട്രം മുതലായ സ്ഥാപനങ്ങൾ ആവിർഭവിച്ചത്. മേൽപറഞ്ഞ സാമുദായികസംഘർഷവാദങ്ങളുടെ പ്രധാനമായ ന്യൂനത എന്തെന്നാൽ സഹകരണവും സംഘർഷവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നുള്ള തത്വത്തെ വിഗണിച്ചതുതന്നെയാണ്. ഇവ രണ്ടും ഒരുപോലെ പ്രാചീനങ്ങളാണ്. മനുഷ്യൻെറ ആവശ്യങ്ങളിൽനിന്നുമാണ് ഇവ ഉണ്ടാകുന്നതും. സാമുദായികജീവിതത്തിൻെറ ആരംഭത്തിൽ സംഘർഷം കൂടുതൽ പ്രബലമായി ഇരുന്നിരിക്കാം. എന്നാൽ സാമുദായികജീവിതത്തിൻെറ ഉച്ചമായനിലയെ നിയന്ത്രിക്കുന്നതു സഹകരണം തന്നെയാണ്.

## 6

# സഹകരണവാദങ്ങൾ

<u>വീസോ.</u> (1668—1744) ഇററലി നിവാസിയായ ഇദ്ദേഹം ഒരു സുപ്രസിദ്ധചിന്തകനായിരുന്നു. 'സാമുദായികഉടമ്പടി' എന്ന വാദത്തെ വീസോ നിരാകരിച്ചു. സഹകരണതത്വമാണ് ഇദ്ദേഹത്തിൻെറ ചിന്താവിഷയം. സാമുദായികസംഭവങ്ങളിൽ നിന്നും ഇദ്ദേഹം സാമുദായികനിയമങ്ങൾ കണ്ടുപിടിക്കാൻ ശ്രമിച്ചു.

സമുദായങ്ങളുടെ അഭിവൃദ്ധിയേയും അധഃപതനത്തേയും നിയന്ത്രിക്കുന്ന നിയമങ്ങൾ സമുദായചരിത്രവിശ്ലേഷണം കൊണ്ട് ആരാഞ്ഞറിയുവാൻ തുടങ്ങി. സാമുദായികസഹകരണവാദത്തിന്റെ മൂലതത്വം പ്രഖ്യാപനം ചെയ്തതു വീസോ ആയിരുന്നു. സകല മനുഷ്യസംഘങ്ങൾക്കും ഒരു പൊതുസ്വഭാവമുണ്ട് എന്നതാണ് ഈ തത്വം. അനേകം ദേശങ്ങളിലെ സ്ഥാപനങ്ങളെ താരതമ്യപ്പെടുത്തി മനുഷ്യജാതിക്ക് ഒരുപൊതുമനസ്സുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കി. തന്മൂലം വീസോവിന് "സമുദായശാസ്ത്രജനകൻ" എന്ന പേരു സിദ്ധിച്ചു.

ഇദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ച് ജനങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്ക് അനുരൂപമായി സാമുദായികസ്ഥാപനങ്ങൾ ക്രമേണ വികസിക്കുന്നു. ഇതാണ് സാമുദായികഗതി. മനുഷ്യരുടെ ബുദ്ധിയും വികാരവുമാണ് സാമുദായികവികാരത്തിനു കാരണം. സഹകരണഭാവം ഉദിക്കാനും അഭിവൃദ്ധമാകാനും കാരണമായിട്ടുള്ളത് മനുഷ്യന്റെ സാമുദായികഭാവം തന്നെയാണ്. ഈ ഭാവം സാമുദായികങ്ങളായ ബന്ധങ്ങളും സ്ഥാപനങ്ങളും ആരംഭിക്കാൻ മനുഷ്യനെ പ്രേരിപ്പിച്ചു. സാമുദായികസംഘടനകളുടെ ഉദ്ദേശ്യം പരിപൂർണ്ണത പ്രാപിക്കാൻ വ്യക്തികളെ സഹായിക്കുക എന്നതാണ്. സാമുദായികവികാസം ചക്രഗതി പോലെയാണ്. ആരംഭദശയിൽ ഉണ്ടായിരുന്നതിനേക്കാൾ ഉച്ചമായ സഹകരണസ്ഥാനത്തിലാണ് ഓരോ കാലഘട്ടത്തിന്റെ അവസാനത്തിലും മനുഷ്യസമുദായം എത്തിച്ചേരുന്നത്.

<u>ഗ്രോഷിയസ്.</u> (1583—1645) വിഖ്യാതനായ ഈ ഡച്ചുചിന്തകൻ സാമുദായികചിന്തകൾക്ക് ഒരു അഖിലദേശീയഭാവം നല്കി. ഇദ്ദേഹത്തിന്റെ കാലത്തു യൂറോപ്പിലെ വിവിധരാഷ്ട്രങ്ങൾ തമ്മിൽ മത്സര

ക്കകയും പ്രായേണ കലഹിക്കുകയുംചെയ്യുക പതിവായിരുന്നു. ഇതു പരിഹരിക്കാൻ സകല രാഷ്ട്രങ്ങളും സഹകരിക്കേണ്ട ആവശ്യത്തെക്കുറിച്ച് ഇദ്ദേഹം ശക്തിയായി ഉപദേശിച്ചു. അപ്രകാരം സഹകരിക്കാൻ ആവശ്യമായ നിയമങ്ങളേയും തത്വങ്ങളേയും ഉപദേശിക്കുകയും ചെയ്തു. യുദ്ധവും സന്മാർഗ്ഗപരങ്ങളായ നിയമങ്ങൾക്ക് വിധേയമായിരിക്കേണ്ടതാണെന്നു കാണിച്ച് വേണ്ട വ്യവസ്ഥകൾ നിർദ്ദേശിച്ചു. യുദ്ധനടപടികളെ നിയന്ത്രിച്ച് അതിൻെറ ക്രൂരതയെ ശമിപ്പിക്കാൻ സഹായിച്ചത് ഇദ്ദേഹത്തിൻെറ ഗ്രന്ഥമാണ്.

<u>സ്പെനോസാ</u> എന്ന പ്രസിദ്ധ തത്വജ്ഞാനി പറയുന്നത് ഇപ്രകാരമാണ്. സമ്പാദിക്കാനുള്ള വാസന കൊടുക്കാനുള്ള വാസനയെക്കാൾ മനുഷ്യരിൽ പ്രബലമായിരിക്കുന്നു. അതിനാൽ സഹകരണപരമായ ജീവിതത്തിൻെറ ഗുണങ്ങളെപ്പററി അവരെ ധരിപ്പിക്കേണ്ടത് ആവശ്യമാണ്. അപ്രകാരം മനസ്സിലാക്കുന്നതോടുകൂടി സ്വാർത്ഥപരങ്ങളായ ആഗ്രഹങ്ങളെ പരോപകാരപരമായ ജീവിതത്തിലുള്ള താൽപര്യമായി പരിണമിപ്പിക്കാൻ ശ്രമിക്കും. ക്രമേണ സ്വാർത്ഥപരങ്ങളായ വാസനകളെ മനുഷ്യർ ജയിക്കും.

<u>ക്രൊപോത്കിൻ.</u> ക്രൂരപ്രകൃതിക്ക് എതിരായി സംഘർഷം ഉണ്ടെങ്കിലും ഒരേ ജാതിയിൽ ഉൾപ്പെട്ട മൃഗങ്ങൾക്കുപോലും തമ്മിൽ കലഹം കുറവാണ്. അതിനാൽ സംഘർഷം പുരോഗമനത്തിന് ആവശ്യമുള്ള ഒരു വ്യവസ്ഥയല്ല. സാമുദായികമായ വികാസത്തിന് യുദ്ധം ആവശ്യമില്ല.

സമുദായത്തിൻെറ ആരംഭം വ്യക്തിയിലല്ല, കുടുംബത്തിലുമല്ല. കുലം അഥവാ വർഗ്ഗമാണ് അതിന് അടിസ്ഥാനം. ഒരേ പൂർവികൻെറ വംശജന്മാർ എന്നുള്ള

വിശ്വാസവും പൂർവികന്മാരുടെ പൂജയും നിമിത്തം ഒരു വർഗ്ഗത്തിൽ ഏതാനും ആചാരങ്ങളും വ്യവസ്ഥകളും നടപ്പിലായി. പൊതുവസ്തുക്കളുടെ ഉടമസ്ഥതയും ഈ ബന്ധത്തെ ദൃഢപ്പെടുത്തി. ആദിമമനുഷ്യൻ സ്വതേ സമാധാനതൽപരനായിരുന്നതു കൊണ്ട് അത്യാവശ്യമുള്ള ഘട്ടത്തിലല്ലാതെ യുദ്ധം ചെയ്തിരുന്നില്ല.

പ്രാചീനസാമുദായികഘടനയിൽ ന്യായാധിപനും യുദ്ധനേതാവും സ്വാധിപത്യരക്ഷണത്തിനായി ഒരുമിച്ചുചേർന്നു. പുരോഹിതനേയും സഹായത്തിനായിട്ടു സ്വീകരിച്ചു. ക്രിസ്തുവർഷം പന്ത്രണ്ടാം ശതാബ്ദത്തിൽ യൂറോപ്പിൽ ദേശീയബോധം ഉണ്ടായതോടുകൂടി അനേകം വർഗ്ഗങ്ങൾ ആവിർഭവിച്ചു. ക്രമേണ സ്വതന്ത്രനഗരങ്ങൾ അഭിവൃദ്ധിയെ പ്രാപിക്കുകയും കലകൾ പരിപുഷ്ടങ്ങളാകുകയും ചെയ്തു. 'റഫെയലി'ന്റെ സൌന്ദര്യപൂർണ്ണങ്ങളായ ചിത്രങ്ങളും 'ഡാന്റെ'യുടെ മനോഹരങ്ങളായ കവിതകളും ഇതിന് ദൃഷ്ടാന്തങ്ങളാണ്. വടക്കുനോക്കിയന്ത്രം, വാച്ച്, ക്ലാക്ക്, അച്ചടി, വെടിമരുന്നു മുതലായവയുടെ സൃഷ്ടിയും അക്കാലത്തായിരുന്നു.

അനന്തരം ആധുനികരാഷ്ട്രം ആരംഭിച്ചു. ഈ ദശയിൽ, യുദ്ധനേതാവ്, ന്യായാധിപതി, പുരോഹിതൻ, എന്നിവർക്കുള്ള സകല അധികാരങ്ങളോടുംകൂടെയാണ് രാഷ്ട്രാധിപതി ഭരിക്കുന്നത്.

'പരസ്പരസഹായം' എന്ന മഹനീയമായ ആശയം സാമുദായികസംഘടനയ്ക്കു് ആവശ്യമെന്നു പ്രതിപാദിച്ചതിനാൽ ക്രോപോത്കിൻ സ്മരണീയനായിത്തീർന്നു.

<u>റാററ്സൻഹോഫർ.</u> (1842—1904) സാമുദായികരീതിയിൽ സഹകരണവും സംഘർഷവും ഉണ്ടെന്നു വിശ്ലേഷണം ചെയ്തു് ഇദ്ദേഹം സ്ഥാപിച്ചു. മനുഷ്യതാ

ൽപര്യങ്ങളുടെ പ്രവത്തനം കൊണ്ടു് പൃഥക്കരണവും സമുദായീകരണവും ഉണ്ടാകുന്നു. ബലവും താൽപര്യവും പ്രാഥമികതത്വങ്ങൾ തന്നെയെന്നു ഇദ്ദേഹം പ്രതിപാദിക്കുന്നു. ഈ രണ്ടു ഘടകങ്ങളും ചേന്നു് വ്യക്തിവികാസത്തിന്റെ പരിപൂത്തിയുണ്ടാകാൻ സഹായിക്കുന്നു. പുരോഗമനത്തോടുകൂടി വ്യക്തിയുടെ താൽപര്യങ്ങൾ സമുദായനന്മയ്ക്കു അധീനപ്പെടുന്നു. സഹകരണം ജയിക്കുന്നു.

സ്മാൾ. ആരംഭദശയിൽതന്നെ താൽപര്യങ്ങളുണ്ടായിരുന്നു എന്നു് ഈ ചിന്തകൻ പറയുന്നു. ഒരാഗ്രഹം സാധിക്കണം അഥവാ നമുക്കു് ആവശ്യമുള്ളതായ ഒന്നു് ലഭിച്ചിട്ടില്ല, അതു ലഭിക്കണം എന്ന വിചാരത്തെ ആണു് താൽപര്യം എന്നു പറയുന്നതു്. ഒരു വ്യക്തി ഏതെങ്കിലും ഒന്നു സങ്കല്പിക്കുകയും അറിയുകയും അനുഭവിക്കുകയും ചെയ്യുമ്പോൾ ആ ആഗ്രഹം പരിപുഷ്ടമാകുന്നു. അതിനാൽ താൽപര്യങ്ങളെ വികസിപ്പിക്കുകയും പരസ്പരം യോജിപ്പിക്കുകയും തൃപ്തിപ്പെടുത്തുകയും ചെയ്യുന്നതാണു് വ്യക്തിപരവും സാമുദായികവുമായ പുരോഗമനം. താൽപര്യങ്ങൾ അനേകവിധത്തിലുണ്ടു്. അവയെ താഴെപ്പറയുന്നപ്രകാരം വിഭജിക്കാം. (1) ആരോഗ്യം (2) ധനം (3) സാമുദായികത (4) ജ്ഞാനം (5) സൌന്ദയ്യം (6) ധാമ്മികത. ഇവയിൽ ഓരോന്നും മററുള്ളതിനെ വിഗണിച്ചു് സവ്വപ്രധാനമാകാൻ ശ്രമിക്കുന്നു. അതിനാൽ താൽപര്യങ്ങൾ തമ്മിൽ വലുതായ സംഘഷം ഉണ്ടായിക്കൊണ്ടിരിക്കുന്നു. മനുഷ്യചരിത്രത്തിൽ സംഘഷം പ്രബലമായിരുന്നു. ചില താൽപര്യങ്ങളിൽ യോജിപ്പും മററു ചിലതിൽ വൈരുദ്ധ്യവും ഉള്ള വ്യക്തികൾ സ്വതാൽപര്യങ്ങളെ അടിസ്ഥാനമാക്കിയാണു് സംഘങ്ങൾ ഏപ്പെടുത്തിയിട്ടുള്ളതു്. ചരിത്രദൃഷ്ട്യാ നോക്കുമ്പോൾ സമുദായം സംഘഷത്തെ കഴിയുന്നത്ര കുറച്ചു് സഹകരണ

ത്തിലേയ്ക്കാണ കൂട്ടതലായി പ്രയാണം ചെയ്യുന്നത്. സംഘത്തെ സഹകരണമാക്കുന്നതിനുള്ള മാർഗ്ഗം സമുദായീകരണമാണ്. ഇണക്കം അഥവാ പൊരുത്തമാണ് സമുദായീകരണത്തിന് അടിസ്ഥാനം.

സമുദായീകരണം തഴെപ്പറയുന്ന മാർഗ്ഗങ്ങളിൽ കൂടി സഫലമാകുന്നു എന്ന് 'ബ്രിസ്റ്റൽ' പറയുന്നു. അവ സഹനശീലം,രാജി,ഇണക്കം, ഏകീകരണം ഇത്രയുമാണ്. സഹകരണത്തിൻെറ ലഘുവായ രൂപം പരസ്പരസഹായം തന്നെ. സംഘദൃഷ്ട്യാ നോക്കുന്നതായാൽ ഒരു വ്യക്തി പൊതുപ്രവത്തനങ്ങളിൽമാനസികമായി പങ്കുകൊള്ളുന്നു. വ്യക്തിയുടെ ദൃഷ്ടിയിൽ നോക്കുമ്പോൾ സംഘത്തിൻെറ മനസ്സ്, ഉദ്ദേശ്യം, ജ്ഞാനം, കർമ്മപദ്ധതി, തീരുമാനം, ഇവയിൽ വ്യക്തി ഭാഗഭാക്കാകുന്നു. ഇങ്ങനെ വ്യക്തിപരമായും സാമുദായികമായും നോക്കുമ്പോൾ സമുദായീകരണത്തിനു രണ്ടുവശങ്ങളുണ്ടെന്നു കാണാം. വ്യക്തി തൻെറ പെരുമാററത്തേയും ഉദ്ദേശ്യത്തേയും സംഘത്തിൻെറ മഹത്തായ നന്മയെ സാധിക്കാൻ വിനിയോഗിക്കുന്നു.

സമുദായീകരണത്തിൽ സ്മരണീയമായ ഒരു സംഗതി സംഘടനയാണ്. പലരുടേയും പരിശ്രമങ്ങൾ സംഘടിതമായാൽ ഫലം മഹത്തരമാണ്. ഒരു തൊഴിലിൻെറ പരിപൂർണമായ ഫലപ്രാപ്തിക്കു വേണ്ടി അതിനെ യോഗ്യതാനുസരണം വിഭജിച്ചുകൊടുക്കുന്നതാണ് ഉത്തമമാർഗ്ഗം. വിഭജിച്ചുകൊടുത്താൽ ഓരോപ്രവൃത്തിയും വൈദഗ്ദ്ധ്യത്തോടുകൂടി ചെയ്യാൻ സാധിക്കും. തന്മൂലം പ്രയത്നത്തെ അനാവശ്യമായി വിനിയോഗിക്കാതിരിക്കണം. ഇതാണ് സംഘടനകൊണ്ടുള്ള ഗുണം. സംഘടനയ്ക്കു ചില ദോഷങ്ങൾ ഉണ്ടായി എന്നു വരാം. അവ (1) അമിതവ്യയം. (2) റിപ്പോർട്ടു തയ്യാറാക്കുക മുതലായ കൃ

ത്യങ്ങൾക്കുവേണ്ടി സമയം വ്യയംചെയ്യുക (3) വ്യക്തിഗതമായ സമ്പത്തു കുറയുന്നതുകൊണ്ടുള്ള ന്യൂനത (4) ചടങ്ങുകളിൽ ഉള്ള കൂടുതൽ പ്രസക്തി. (5) ഉപകരണങ്ങളിൽ കൂടുതൽ താൽപര്യം (6) സ്വാർത്ഥപരമായ കാര്യസാധ്യത്തിനായി ശക്തിയെ ദുർവിനിയോഗം ചെയ്യുക. (7) പൃഥക്കരണം (8)സംഘടന മാത്രം ലക്ഷ്യമായിത്തീരുന്നു എന്ന ന്യൂനത.

ജനങ്ങളുടെ ഇടയിൽ തുല്യവികാരം ഉദിച്ച് ആ വികാരം ഏകോപിച്ചുപ്രവർത്തിക്കാനുള്ള ഇച്ഛയും ശക്തിയുമായി പരിണമിക്കുന്നതാണ് സമുദായീകരണത്തിൻെറ സ്വഭാവം. ഒരേ വർഗ്ഗത്തിൽ പെട്ടവർ എന്നുള്ള ബോധം ഇതുകൊണ്ടുണ്ടാകുന്നു. ചില പ്രത്യേകകാര്യങ്ങളിൽ സാമ്യമോ യോജിപ്പോ ഉണ്ടെന്നുള്ള അറിവാണ് ഈ തോന്നലിനു കാരണം. ദേശീയത ഈ ബോധത്തിന് ഉദാഹരണമാണ്.

ആദിമസമുദായം അനേകം മാതാക്കളും അവരുടെ സന്താനങ്ങളും ചേർന്നതായിരുന്നു എന്നാണ് റാസിൻെറ അഭിപ്രായം. ഈമാതിരി സംഘങ്ങളിലാണ് സമുദായീകരണം ആരംഭിച്ചത്. ആദിമസമുദായങ്ങളിൽ മനുഷ്യപ്രവർത്തനത്തിന് ആവശ്യമുള്ള കുഞ്ഞപ്പതത്വങ്ങൾ പ്രത്യക്ഷമായി. ആ തത്വങ്ങളിൽ പ്രധാനമായിട്ടുള്ളത് ആധിപത്യമാണ്. മാതാപിതാക്കന്മാർക്ക് സന്താനങ്ങളുടെ മേലുള്ള ആധിപത്യം, ഭർത്താവിന് ഭാര്യയുടെമേലുള്ള ആധിപത്യം, ധനവാന്മാർക്ക് ദരിദ്രരുടെ മേലുള്ള ആധിപത്യം മുതലായവ ഉദാഹരണങ്ങളായി പറയാം.

സമുദായത്തെ കൂടുതൽ കൂടുതൽ സഹകരണപരമായി വീക്ഷിക്കുന്നതിനാണ് ഹാബ്ഹൌസിൻ്റെ പരിശ്രമം. സാമുദായികമായ പുരോഗമനം എന്നത് ഐക്യം, ക്രമം, സഹകരണം, യോജനം, ഇവയുടെ വികാസമാണ്.

സമുദായതത്വജ്ഞനായ 'ക്രലി'യുടെ അഭിപ്രായപ്രകാരം സാമുദായികരീതി നിത്യമായ പുരോഗമനംതന്നെ. തന്മൂലം ദയ, യുക്തിയുക്തത, സഹകരണം മുതലായ ഗുണങ്ങൾ ജനങ്ങൾക്ക് പൂർവ്വാധികം ഉണ്ടാകുന്നു. സംഘർഷം മനുഷ്യർക്ക് ഉദ്ബോധജനകമാണെങ്കിലും കൂടുതൽ നിയന്ത്രണശക്തി കിട്ടുന്നത് സഹകരണവും സംഘടനയുംകൊണ്ടുതന്നെയാണ്. വിജയം വേണമെങ്കിൽ സംഘർഷം ഉണ്ടാക്കുന്നവർ തമ്മിൽ യോജിച്ചു സഹകരിക്കണം — സംഘടിതമാകണം.

ക്ഷയകരവും മാത്സര്യപൂർണ്ണവും ആയ രീതിയിൽനിന്നും നിയന്ത്രിതവും അഭിവൃദ്ധികരവും സഹകരണപൂർവകവുമായ മാർഗ്ഗത്തിലേയ്ക്കു തന്നെയാണ് സമുദായം പുരോഗമനം ചെയ്യുന്നത്. സഹകരണത്തെ തടുക്കുന്ന ചില പ്രതിബന്ധഗതികളും ഉണ്ട്. എന്നാൽ യുക്തിപൂർവ്വം പ്രവർത്തിക്കാൻ പഠിക്കുമ്പോൾ സംഘർഷത്തിന്റെ അനിഷ്ടഫലങ്ങൾ വെളിപ്പെടുകയും അതിനെ നിശ്ശേഷം നശിപ്പിക്കാൻ സാധിക്കുകയും ചെയ്യും. എങ്കിലും വ്യക്തിപരവും സാമുദായികവുമായ വളർച്ചക്ക് സംഘർഷം അത്യാവശ്യമായ ഒരു ഘടകമാണ്.

സാമുദായികമായ പുരോഗമനത്തിന്റെ മൂന്നു ലക്ഷണങ്ങൾ (1) ഒരു സംഘത്തിന്റെ ഭൗതികമായ പരിതഃസ്ഥിതിയെ ഉപയോഗിക്കുന്ന തോത്, (2) സാമ്പത്തികവും സാമുദായികവുമായ സ്വത്തിനെ ന്യായമായി വിഭജിക്കുക, (3) സാമുദായികനന്മകളെ ജനങ്ങൾ ശരിയായി മനസ്സിലാക്കുക എന്നിവയാണ്.

# 7

# സാമുദായികമനശ്ശാസ്ത്രം

ഈ ശാസ്ത്രത്തിന്റെ യഥാർത്ഥപ്രവർത്തകൻ 'ടാർഡ്' (1834—1904) ആണ്. സാമുദായികമനഃശാസ്ത്രത്തെ കുറിച്ചുള്ള പ്രധാനമായ പ്രമാണഗ്രന്ഥം ഇദ്ദേഹത്തിൻെറ 'അനുകരണനിയമങ്ങൾ' എന്നതാണ്. അസാമുദായികമായ പ്രവർത്തനത്തിൻെറ കാരണങ്ങളെപ്പററി നിയമതത്വാന്വേഷകനായ ഈ മഹാൻ ചർച്ചചെയ്തു. അക്രമപ്രവൃത്തികൾ സംഭവിക്കുന്നതിന് ഒരു നിയമം ഉണ്ടെന്ന് ഇദ്ദേഹം കണ്ടുപിടിച്ചു. അനുകരണം ഇതിൻെറ പ്രധാന ഘടകമാണെന്ന് മനസ്സിലാക്കി. അനന്തരം അനുകരണനിയമങ്ങളെ വിശ്ലേഷണം ചെയ്യാനാരംഭിച്ചു. തന്മൂലം സകലതും അനുകരണം എന്നു മനസ്സിലായി. എതിർപ്പും മനുഷ്യൻെറ ആചരണത്തിന് കാരണം തന്നെയാണ്. അനുകരണവും എതിർപ്പും ചേർന്ന് മൂന്നാമത്തെ ഘടകമായ നവീനസൃഷ്ടിക്ക് കാരണമായി. ഇങ്ങനെ തുടർച്ചയായി സമുദായം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. മനസ്സുകൾ തമ്മിൽ പരസ്പരം എങ്ങനെ പ്രവർത്തിക്കുന്നു എന്നതും സമുദായജ്ഞാനത്തിന് ആവശ്യമായ ഒരു വിഷയമാണ്.

അനുകരണം കൊണ്ടോ എതിരാചരണം കൊണ്ടോ ഉണ്ടായിട്ടുള്ള വിവിധസാമ്യതകളോടുകൂടിയ ഒരു ജനക്കൂട്ടമാണ് സമുദായം. പരസ്പരസഹായത്തോടുകൂടി കഴിയുന്ന വ്യക്തികളുടെ സമൂഹമാണിത്. പലവിധ വിശ്വാസങ്ങളാൽ സംഘടിതമായ ജനസമൂഹം എന്നും മറെറാരു വിധത്തിൽ പറയാം. എന്നാൽ സമുദായത്തിൻെറ ശീലം അനുകരണമാണ്.

ഒരു മനുഷ്യൻെറ സാമുദായികത അനുകരണശീലം കൊണ്ടാണ് പ്രത്യക്ഷമാകുന്നത്. ശിശു ആദ്യമായി അനുകരിക്കുന്നത് മാതാപിതാക്കന്മാരെയായിരിക്കും. സ്നേഹ ബഹുമാനങ്ങൾക്കു പാത്രങ്ങളായ മനുഷ്യരെ അനുകരിക്കുക സഹജമാണ്. അനുകരണം പൂർത്തിയാകാൻ കാലതാമസമുണ്ട്. പൂർത്തിയായാലും കുറെക്കഴിഞ്ഞ് ക്ഷയിച്ചെന്നു വരാം. അനുകരണം രണ്ടുതരത്തിലാകാം. ഒന്ന് യുക്തിയുക്തവും മറേറതു ബാഹ്യവും. യുക്തിയുക്തം എന്നത് മനസ്സിനു സമ്മതമായുള്ള തത്വങ്ങൾ അനുസരിച്ച് ആചാരങ്ങളെ സ്വീകരിക്കുക. രണ്ടാമത്തേത് കാലം ദേശം മുതലായ ബാഹ്യഘടകങ്ങളെ ആശ്രയിച്ച് അനുകരിക്കുക.

ഉൽകൃഷ്ടനിലയിലിരിക്കുന്നവനെ താഴുന്നവൻ അനുകരിക്കുന്നു. ഉൽകൃഷ്ടൻ എന്ന പദംകൊണ്ട് അനുകരിക്കുന്ന ആളിൻെറ ദൃഷ്ടിയിൽമാത്രം ഉൽകൃഷ്ടൻ എന്നാണ് വിവക്ഷിക്കുന്നത്. ഉൽകൃഷ്ടൻ എന്നറിയപ്പെടുന്ന ഒരാളെ അനുകരിക്കുക എന്നത് സർവസാധാരണമാണ്. ഇതാണ് അനുകരണനിയമത്തിൻെറ സ്വരൂപം.

സമുദായശാസ്ത്രത്തിൻെറ ഒരു പ്രധാനഭാഗം അനുകരണത്തെപ്പററി അറിഞ്ഞ് അതിനെ നിയന്ത്രിക്കുക എന്നതുതന്നെ. അനുകരണം പലവിധത്തിലുണ്ട്. അതിൽ ആചാരം, രീതി, സഹാനുഭൂതി, അനുസരണം, വിശ്വാസം എന്നിവയാണു പ്രധാനമായിട്ടുള്ളത്. ആചാരാനുകരണം കൊണ്ട് ആചാരങ്ങൾക്ക് അലംഘനീയമായ ശക്തി ഉണ്ടാകുന്നു. അവ ശീലത്തെ നിയന്ത്രിക്കുന്നു; സ്വഭാവത്തെ നിയമനംചെയ്യുന്നു; സന്മാർഗ്ഗത്തെയും സദാചാരത്തെയും നിർണ്ണയിക്കുന്നു.

അനുകരണത്തിനെതിരായി സംഘർഷം, മത്സരം മുതലായവ വന്നുചേരുന്നു. എതിർപ്പിൻെറ ഫലമായി

പുതിയ ആചാരങ്ങൾ സൃഷ്ടമാകുന്നു. ഓരോ നൂതന സൃഷ്ടിയും മററനേകം നവീനസൃഷ്ടികൾക്കു കാരണമായി ത്തീരുന്നു.

കണ്ടുപിടിക്കാൻ യത്നിക്കുന്നവൻ അതിൽത്തന്നെ സദാ ജാഗരൂകനായിരിക്കണം. തൽകാലത്തേയ്ക്കു സാമു ദായികരീതിയിൽനിന്ന് അകന്ന് പരിതഃസ്ഥിതികൾ മറന്നു വർത്തിക്കണം. ഒരാഗ്രഹം തോന്നിയിട്ട് അതിനെ സാധിപ്പിക്കുന്നതിനുള്ള ശ്രമത്തിലാണ് കണ്ടുപിടിത്തം സാധിക്കുന്നത്. ഇങ്ങനെ കണ്ടുപിടിത്തം വദ്ധിക്കുന്നതു തന്നെയാണ് പുരോഗമനത്തിൻെറ ലക്ഷ്യം.

ഒരു ഉപജ്ഞാതാവിനെ മറെറാരുവൻ അനുകരി ക്കുന്നു. തന്മൂലം അനേകം ഉൽകൃഷ്ടസൃഷ്ടികൾ ഉണ്ടാകുന്നു. ഈ സൃഷ്ടികൾ ക്രമേണ സമ്പൂണ്ണതയിലേയ്ക്കു വഴിതെളി ക്കുന്നു. ഇവയിൽ മിക്കതും ലോകോപകാരപ്രദവും ആയി ത്തീരുന്നു. ഇങ്ങനെ കാലംചെല്ലുന്തോറും മതം, കല, തത്വ ജ്ഞാനം മുതലായവയിൽ നൂതനസൃഷ്ടി സംഭവിച്ചുകൊ ണ്ടേയിരിക്കുന്നു.

മേൽപറഞ്ഞ അനുകരണവും നൂതനസൃഷ്ടിയും സമുദായത്തിലെ പ്രധാന ശക്തികളാണ്. നൂതനസൃഷ്ടി അപൂവ്മായി ഇടയ്ക്കിടയ്ക്കു പൊട്ടിത്തെറിക്കുന്നതുപോലെ യാണ് ഉണ്ടാകുന്നത്. അതിൽനിന്നാണ് ആഭിജാത്യം, അവകാശം, ഉച്ചനീചഭേദം മുതലായവ ഉദ്ഭൂതമാകു ന്നത്.

ടാർഡിൻെറ ഗ്രന്ഥം സമുദായശാസ്ത്രത്തിൽ ഒരു പുതിയ അദ്ധ്യായം ഉദ്ഘാടനംചെയ്തിട്ടുണ്ട്. സാമുദാ യികതത്വജ്ഞാനത്തിൽ ഉപരിചച്ച നടത്തുന്നതിനു 'റാസ്' മുതലായ തത്വചിന്തകരെ പ്രേരിപ്പിച്ചത് ഈ ഗ്രന്ഥംതന്നെയാണ്. അനുകരണതത്വത്തെ വികസിപ്പി ക്കുക എന്നതാണ് പ്രസ്തുത ഗ്രന്ഥകാരൻ പ്രധാനമായി

ചെയ്തിട്ടുള്ളത്. ഈയിടെയായി അനുകരണത്തെ ആചരണമാത്രക എന്ന രീതിയിൽ വ്യാഖ്യാനിച്ചുവരുന്നു. ജ്ഞാനപൂർവ്വകമായ അനുകരണത്തിനുപോലും അപ്രധാനമായ സ്ഥാനമേ നല്കുന്നുള്ളു. അജ്ഞാനപൂർവ്വകമായ അനുകരണത്തെ ആധുനികചിന്തകന്മാർ സമുദായചിന്തയിൽനിന്നും ബഹിഷ്കരിക്കുകയാണു ചെയ്യുന്നത്.

വർഗ്ഗബോധം എന്ന തത്വത്തെ പ്രചരിപ്പിച്ചത് 'ഗിഡിങ്സ്' ആണ്. ഏതു ജീവിക്കും മറെറാരു ജീവിക്കെന്നപോലെ ഒരേവിധം മനസ്സുള്ളതായി വിചാരിക്കുന്ന അവസ്ഥയാണ് വർഗ്ഗബോധം. ഈ ബോധത്തിൻെറ വികാസം അനുസരിച്ച് ജനങ്ങൾ സംഘങ്ങളായി കൂടുന്നു. ഇപ്രകാരമുള്ള സംഘങ്ങൾ നാലുവിധമുണ്ട്. (1) അസാമുദായികം—അതായത് വർഗ്ഗബോധം തീരെ വികസിച്ചിട്ടില്ലാത്ത അവസ്ഥ. (2) സമുദായവിരുദ്ധം—വർഗ്ഗബോധം തീരെ നശിച്ചിട്ടുള്ള അവസ്ഥ. ഇതിൻെറ ഫലം സമുദായത്തോടുള്ള വെറുപ്പാണ്. കുററംചെയ്തു ജയിൽവാസം അനുഭവിക്കുന്നവർ ഇതിന് ഉദാഹരണമാണ്. (3) പാപ്പർ—വർഗ്ഗബോധം അധഃപതിച്ചിട്ടും ഉണ്ടെന്നു നടിക്കുന്നവർ. (4) സാമുദായികം—ഇത് വർഗ്ഗബോധം നല്ലവണ്ണം വികസിച്ചിട്ടുള്ള അവസ്ഥ. ഈ ബോധം വേണ്ടപോലെ പ്രകാശിപ്പിക്കുന്നവർ ജീവിതത്തേയും സമ്പത്തിനേയും സമുദായത്തിനായി സമർപ്പിക്കുന്നു.

വർഗ്ഗബോധത്തെ നിലനിർത്താൻ ഭൂപ്രകൃതിയും സഹായിക്കുന്നു. ഫലഭൂയിഷ്ഠമായ ഒരു ഭൂമി, അനുകൂലമായ ശീതോഷ്ണാവസ്ഥ എന്നിവ ജനങ്ങളെ ഒരുമിച്ചുചേരാൻ സാദ്ധ്യമാക്കുന്നു. ഇതിനു കാരണം സംഘടനയാണ്. അതിൽ നിന്നും വർഗ്ഗബോധവും പരിപുഷ്ടമായിത്തീരുന്നു. അനുകരണം, സഹനശീലം, സഹ

കരണം, യോജിപ്പ് ഇത്യാദി രീതികളിൽക്കൂടി സാമുദായികവർഗ്ഗങ്ങൾ ഉണ്ടാകുന്നു. ഗിഡിങ്ങ്സിൻെറ അഭിപ്രായപ്രകാരം അനുകരണമാണു യോജിപ്പിനു പ്രധാന കാരണമെന്നു വന്നുകൂടുന്നു.

സംഘം വ്യക്തികളിൽ ആത്മബോധത്തെ ഉളവാക്കുന്നു. അതു ക്രമേണ സാമുദായികമായ ആത്മബോധത്തെ സൃഷ്ടിക്കുന്നു. ഈ ബോധത്തിൻെറ സ്വഭാവം യുക്തിയുക്തമായ ചർച്ചയാണ്. ഈ ചർച്ചമൂലം സാമുദായികബോധം ഉറയ്ക്കുന്നു. അപ്പോൾ പൊതുക്കാര്യങ്ങളെ സംബന്ധിച്ച് സമുദായത്തിൽ നിന്നുതന്നെ അഭിപ്രായം പുറപ്പെടുന്നു. ദൃശ്യവും അദൃശ്യവുമായ ലോകങ്ങളെപ്പററി ഉണ്ടാകുന്ന ധാരണകളാണ് ഐതിഹ്യങ്ങൾ. ഈ ഐതിഹ്യങ്ങളും അതതു വിഷയങ്ങളിൽ അക്കാലത്തെ ജനസാമാന്യത്തിൻെറ അഭിപ്രായവും കൂടിച്ചേർന്ന് അന്നത്തെ മാതൃകകൾ, ആദർശങ്ങൾ, വിശ്വാസങ്ങൾ ഇവയായി പരിണമിക്കുന്നു.

സാമുദായികസമ്പത്തു നാലുവിധത്തിലാണ്. (1) വർഗ്ഗബോധം. (2) സാമുദായികമായ ഐക്യം. ഇതിനുവേണ്ടി അനവധി ത്യാഗങ്ങൾ ചെയ്‌വാൻ സമുദായം തയ്യാറാണ്. (3) സമുദായത്തിൻെറ പ്രത്യേക വസ്തുവകകൾ. ഇതിൽ പരിശുദ്ധസ്ഥലങ്ങൾ, ചരിത്രപ്രധാനമായ സ്ഥാനങ്ങൾ, വീരപുരുഷന്മാർ, ചടങ്ങുകൾ മുതലായവ ഉൾപ്പെടും. (4) സംഘാഭിവൃദ്ധിക്ക് കാരണങ്ങളായ പൊതുതത്വങ്ങൾ അതായത് സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം മുതലായവ.

(ബാൾഡ്)വിന്റെ അഭിപ്രായത്തിൽ ആത്മബോധം എന്നതു സാമുദായികജീവിതത്തിലെ ആദാനപ്രദാനങ്ങളിൽനിന്നും ഉണ്ടാകുന്നതെന്നാണ്. മററു ജീവികളിൽനിന്നും താൻ വ്യത്യസ്തനാണെന്നു കണ്ടിട്ടാണ് ഒരു ശിശു

വിനു സ്വാത്മബോധം ഉണ്ടാകുന്നത്. ഈ ബോധം വളരുന്നത് സമുദായജീവിതത്തിൽ നിന്നുമാണ്. ഒരുവൻ തന്നെപ്പററി വിചാരിക്കുന്നതും അന്യരെപ്പററി വിചാരിക്കുന്നതും ചേർന്നതാണ് സ്വാത്മബോധം. അനുകരണമെന്നു പറഞ്ഞത് അറിഞ്ഞോ അറിയാതെയോ മററൊരു വ്യക്തിയെ അനുകരിക്കുക അഥവാ മനസ്സിൽ തോന്നിയ ഒരു ആദർശത്തെ അനുസരിക്കുക എന്നതാണ്. വ്യക്തി സമുദായഭാവത്തെ സ്വായത്തമാക്കുകയും വ്യക്തികളുടെ വ്യക്തിത്വഭാവങ്ങളെ സമുദായം പൊതുവാക്കുകയും ചെയ്യണം. സാമുദായികപുരോഗതിക്ക് ഈ രണ്ടു രീതികളും അത്യന്താപേക്ഷിതമാണ്.

ക്രൂലി. ഇദ്ദേഹം 'മനുഷ്യസ്വഭാവവും സാമുദായികവ്യവസ്ഥയും' എന്ന ഗ്രന്ഥം 1902-ൽ പ്രസിദ്ധപ്പെടുത്തി. വ്യക്തിയും സാമുദായികരീതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഇത് ഒരു പ്രമാണഗ്രന്ഥമായി സ്വീകരിക്കപ്പെട്ടു. ഇതുകൂടാതെ സാമുദായികമനഃശാസ്ത്രവിഷയകമായ വേറേ രണ്ടു ഗ്രന്ഥങ്ങൾ ഇദ്ദേഹം രചിച്ചിട്ടുണ്ട്. ഇവയിലെ പ്രധാനപ്രമേയം വ്യക്തിയും സമുദായവും ഒരേഭവത്തിൻെറ രണ്ടുവശങ്ങൾ എന്നുള്ളതാണ്. അതിനാൽ ഇവ രണ്ടും ഒരുമിച്ചു ജനിക്കുകയും ഒരുമിച്ചു തന്നെ അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നു. പരമ്പരാഗതവും സാമുദായികവുമായ ഭാവങ്ങൾകൊണ്ട് ഒരുവൻ സമുദായവുമായി അഭേദ്യമായ വിധത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ വ്യക്തികൾ കൂടിച്ചേർന്നു സമുദായം ഉണ്ടാകുന്നതുപോലെതന്നെ സമുദായം വ്യക്തിത്വനിർമ്മിതിക്കും കാരണമാകുന്നു.

സ്വബോധം, സാമുദായികബോധം, പൊതുജനബോധം എന്നു മൂന്നുവിധം ബോധങ്ങളെ 'ക്രൂലി' നിർവ്വചിക്കുന്നു. സ്വബോധം എന്നത് ഒരുവൻ തന്നെപ്പററി വിചാരിക്കു

ന്നത്. രണ്ടാമത്തേത് ഒരുവൻ അന്യനെപ്പററി വിചാരിക്കുന്നത്; മൂന്നാമത്തേത് സകല അംഗങ്ങളുടെ സാമുദായികബോധത്തിൻെറയും സ്വബോധത്തിൻേറയും ഒരു പൊതുവീക്ഷണമാണ്. ഒരു വ്യക്തിയുടെ സാന്മാൎഗ്ഗികമായ ജീവിതവും സാമുദായികൈക്യത്തിൻെറ ഒരു ഘടകമാണ്. സാന്മാൎഗ്ഗികാഭിവൃദ്ധിയെന്നു പറയുന്നത് ഉത്കൎഷത്തിനുവേണ്ടിയുള്ള പ്രയത്നമാണ്. സഹാനുഭൂതി, സ്നേഹം, സാന്മാൎഗ്ഗബോധം മുതലായ ഉൽകൃഷ്ടഗുണങ്ങൾ മനുഷ്യൻെറ യഥാൎത്ഥ ധൎമ്മങ്ങളാണ്. സമുദായത്തിൻെറ ഉന്നമനം എന്നത് മനുഷ്യധൎമ്മങ്ങളെ പാടെ മാററുകയല്ല, നേരെമറിച്ച് അവയെ കുറേക്കൂടി വ്യാപകമായ പ്രയോജനത്തിന് വിധേയമാക്കുക എന്നതാണ്.

സാമുദായികരീതിയുടെ പ്രധാനഫലം വ്യക്തിത്വവികാസമാണ് എന്ന് മേൽ പറഞ്ഞ അഭിപ്രായങ്ങളിൽ നിന്നു മനസ്സിലാക്കാം. വ്യക്തികൾക്ക് അഭിവൃദ്ധിപ്പെടാൻ വേണ്ട സൌകൎയ്യം നല്കുന്നതു സാമുദായികരീതിയാണ്. ഈ സൌകൎയ്യങ്ങളെ പ്രയോജനപ്പെടുത്താൻ വിദ്യാഭ്യാസം വ്യക്തികളെ സഹായിക്കുന്നു.

<u>മാക്ഡൂഗൽ.</u> ഇദ്ദേഹം 1908-ൽ സാമുദായികശാസ്ത്രത്തെപ്പററി ഒരു ഗ്രന്ഥം നിൎമ്മിച്ചു. ഇതിലെ പ്രതിപാദനരീതി മനസ്തത്വശാസ്ത്രമനുസരിച്ചാണ്. സാമുദായികമായ മനസ്സ് എന്നത് വ്യക്തികളുടെ സാമുദായികവാസനകൾ ചേൎന്നതാണ്. സാമുദായികജീവിതത്തിൻെറ അടിസ്ഥാനവും വാസനകൾ തന്നെയാണ്. ഇവ പരമ്പരാഗതമായിട്ടു നമുക്കു ലഭിക്കുന്നു. ഇവയിൽ നിന്നാണ് ശീലങ്ങൾ ഉറയ്ക്കുന്നതു്. പ്രാഥമികവാസനകൾ സന്താനേച്ഛ, ഒന്നുചേൎന്നിരിക്കാനുള്ള ആഗ്രഹം, ജിജ്ഞാസ, പ്രതിരോധിക്കാനുള്ള വാഞ്ഛ, ഒഴിയാനുള്ള വിചാരം എന്നിവയാണ്. ഒഴിയാനുള്ളതിനോട് ഭയവും, ജിജ്ഞാ

സയോട് അത്ഭുതവും ബന്ധപ്പെട്ടിരിക്കുന്നതുപോലെ മററു വാസനകളോട് ഓരോ വികാരങ്ങൾ ബന്ധപ്പെട്ടിരിക്കുന്നു. ഈ വാസനകളെ അടിസ്ഥാനമാക്കിയാണ് സകല സമുദായസ്ഥാപനങ്ങളും സ്ഥാപിതങ്ങളായിട്ടുള്ളത്. വിഷയാസക്തി, മാതാപിതാക്കളുടെ സ്നേഹം മുതലായവയാണു കുടുംബജീവിതത്തിന്റെ അടിസ്ഥാനം. സ്വായത്തമാക്കാനുള്ള വാസനയാണു ധനസമ്പാദനത്തെ പ്രേരിപ്പിക്കുന്നതു്. ഒരുവന്റെ പ്രത്യേകസ്വത്ത് എന്നു പറയുന്നതും ഈ വാസനയിൽ നിന്നുണ്ടായതാണ്. മാത്സര്യവാസന യുദ്ധത്തിനുമനുഷ്യരെ പ്രേരിപ്പിക്കുന്നു.

സ്നേഹം, വിദ്വേഷം, ബഹുമാനം എന്നിങ്ങനെ മൂന്നു പ്രധാനവികാരങ്ങളെപ്പററി മാക്ഡൂഗൽ പ്രസ്താവിക്കുന്നു. സഹാനുഭൂതിയും മൌലികവികാരമായിട്ടാണ് അദ്ദേഹം ഗണിക്കുന്നത്. മേൽ പറഞ്ഞ വികാരങ്ങൾ മനുഷ്യമനസ്സിന്റെ ഒരു പ്രധാന ഭാഗമാകുന്നു. സാമുദായികമായ പ്രവൎത്തനത്തെ നിൎണ്ണയിക്കുന്നത് ഇതു മൂലമാണ്.

<u>റാസ്.</u> സാമുദായികശാസ്ത്രത്തെ സംബന്ധിച്ച് റാസിന്റെ ആദ്യത്തെ ഗ്രന്ഥം 1901-ൽ പ്രസിദ്ധപ്പെടുത്തി. മനുഷ്യനും അവന്റെ പരിതഃസ്ഥിതിയാകുന്ന സമുദായവും തമ്മിലുള്ള പരസ്പരപ്രവൎത്തനമാണ് അതിലെ പ്രതിപാദ്യവിഷയം. ഈ പ്രവൎത്തനം രണ്ടുവിധത്തിലുണ്ട്. (1) സമുദായം വ്യക്തിയെ അധീനപ്പെടുത്തുക. ഇവിടെ സമുദായത്തിനു കൂടുതൽ പ്രാധാന്യം കല്പിക്കുന്നു. (2) വ്യക്തി സമുദായത്തെ അധീനപ്പെടുത്തുക. ഇവിടെ വ്യക്തിക്കാണു കൂടുതൽ പ്രാധാന്യം. റാസിന്റെ അഭിപ്രായത്തിൽ മാനസികതലങ്ങളും മാനസികതരംഗങ്ങളും തന്നെയാണു സാമുദായികമനശ്ശാസ്ത്രത്തിന്റെ വിഷയം.

നിയന്ത്രണത്തിനുള്ള മാൎഗ്ഗങ്ങൾ സഹാനുഭൂതി, സാമുദായികത, ന്യായബോധം എന്നിവയാണ്. ചില

വ്യക്തികളുടെ സ്വഭാവം സമുദായത്തെ അസഹ്യപ്പെടുത്തുന്നതിനു കാരണമാകുന്നു. ക്രോധം, പ്രതികാരം എന്ന രണ്ടു വികാരങ്ങളും സമുദായനിയന്ത്രണപരിധിയിൽ ഉൾപ്പെട്ടവയാണ്. വ്യക്തികളെ നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങൾ പൊതുജനാഭിപ്രായവും നിയമവുമാണ്. എന്നാൽ ആദ്യത്തേത് അനിശ്ചിതവും രണ്ടാമത്തേതു സാധാരണമായി അവസ്ഥാഭേദങ്ങൾക്ക വഴങ്ങാത്തതുമാകുന്നു. ഇവയിൽ നിന്നു ഒഴിഞ്ഞാലും മനസ്സാക്ഷി ഒരുവനെ ശിക്ഷിക്കുന്നു. അതിനാൽ വ്യക്തിപരങ്ങളായ ആദർശങ്ങളും വിശ്വാസങ്ങളും ഏററവും ഉപയോഗപ്രദങ്ങളെന്നു വന്നു കൂടുന്നു.

സാമുദായികനിയന്ത്രണം രാഷ്ട്രീയമോ സാന്മാർഗ്ഗികമോ ആകാം, പ്രസ്തുത നിയന്ത്രണത്തെ സംബന്ധിച്ചു നേരിടാവുന്ന പ്രശ്നങ്ങൾ രണ്ടു തരത്തിലുണ്ട്. 1. ഏതു തരത്തിലുള്ള നിയന്ത്രണമാണു കൂടുതൽ പ്രയോജനകരം? 2. അവയെ ഏതു വിധത്തിലാണ് പ്രയോഗിക്കേണ്ടത്?

വ്യാപാരം എന്നത് ലാഭത്തിനുവേണ്ടി ചെയ്യുന്ന തൊഴിലാണ്. ലാഭോദ്ദേശ്യത്തെ തടുക്കുന്ന ചില ഘടകങ്ങൾ ഉണ്ട്. അവ താഴെ കാണുന്നവയാണ്. 1. പുതുതായി ഒന്നു കണ്ടുപിടിക്കുന്നതിലുള്ള സന്തോഷം. 2. സ്വന്തം പ്രവൃത്തിയുടെ ഫലം നന്നാകണം എന്നുള്ള അഭിവാഞ്ഛ. 3. സമുദായം സ്വീകരിച്ചിട്ടുള്ള ഉൽകൃഷ്ടമാതൃകകൾ അനുസരിച്ചു ജീവിക്കുന്നതിനുള്ള ആഗ്രഹം. 4. തന്റെ ജോലിയിൽ അശ്രദ്ധ കാണിക്കുന്നതിലുള്ള വൈമുഖ്യം. 5. തന്നോടുകൂടി ഇടപെടുന്നവർക്ക് അഭിവൃദ്ധിയുണ്ടാകണമെന്നുള്ള ആകാംക്ഷ. 6. സമുദായത്തിനു പൊതുവേ അഭിവൃദ്ധിവരുത്താനുള്ള അഭിലാഷം. ലാഭേച്ഛയെ സഹായിക്കുന്ന ചില ഘടകങ്ങളും ഉണ്ട്. അവ

1. ഇടപെടുന്നവർ തമ്മിലുള്ള അകല്ച. 2. പ്രധാനികളും അധീനരും തമ്മിലുള്ള അകല്ച. 3. ഒരു തൊഴിൽ ഏർപ്പെടുത്താനോ വ്യവസായം ആരംഭിക്കാനോ ഉള്ള മൂലധനം ഉണ്ടായിരിക്കേണ്ടതിൻെറ ആവശ്യം.

സാമുദായികപരിഷ്ക്കാരത്തിനുതകുന്ന ചില നിയമങ്ങൾ റാസ് നല്കീട്ടുള്ളത് താഴെ പറയുന്നവയാണ്. 1. പരിഷ്ക്കാരങ്ങൾ ഒരിക്കലും മനുഷ്യസ്വഭാവത്തിന് എതിരായിരിക്കരുത്. 2. അവ ഗണനീയങ്ങളായ വസ്തുതകൾക്ക് അനുരൂപമായിരിക്കണം. 3. മാററാൻ ഉദ്ദേശിക്കുന്ന അവസ്ഥയെ സൂക്ഷ്മമായി സാമുദായിക രീതിയിൽ പഠിക്കണം. 4. ചെറിയ തോതിൽ ആരംഭിച്ച് ഫലപ്രാപ്തി കണ്ടതിൽ പിന്നെ മാത്രമേ വലിയ തോതിൽ ആരംഭിക്കാവൂ. 5. സാമുദായികമായ പുരോഗതിയുടെ ഫലമായിരിക്കണം പരിഷ്ക്കാരം. പരിഷ്ക്കാരങ്ങൾ ന്യായമായും ചട്ടമനുസരിച്ചും ഇരിക്കണം. സാമുദായികസ്ഥാപനങ്ങളെ ഒരു മാതൃക വച്ചു കൊണ്ടു വേണം പരിഷ്ക്കരിക്കാൻ.

വിവാഹത്തെ സംബന്ധിച്ച് ഒരു ഉത്തമമാതൃക സ്വീകരിച്ചാൽ കുടുംബജീവിതം ഉൽകൃഷ്ടമായിരിക്കും. ഒരു രാജ്യത്തോടും സമുദായത്തോടും ഉള്ള ഭക്തി സന്താനങ്ങൾക്ക് മാതാപിതാക്കന്മാരോടുള്ള അനുസരണയെ ആശ്രയിച്ചിരിക്കും. ഉത്തമകുടുംബം സമുദായത്തെ പരിരക്ഷിക്കുന്നു.

റാസിൻെറ ഗ്രന്ഥം സമുദായശാസ്ത്രത്തിൻെറ പരിധിയെ ക്ലിപ്തപ്പെടുത്തുകയും മനസ്തത്വശാസ്ത്രപ്രകാരം സമുദായത്തെ പഠിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

ഗ്രഹാം വാലസ് എന്ന മഹാൻ 'മഹൽ സമുദായം' എന്ന തത്വത്തെയാണ് പ്രഖ്യാപനം ചെയ്തത്. ഇപ്പോൾ നിലനിന്നുപോരുന്ന സമുദായത്തെ മഹൽ സമു

ദായം എന്നാണ് അദ്ദേഹം വിളിക്കുന്നത്. അവയവി എന്ന ഭാവത്തിനുപകരം സംഘടന എന്ന ഭാവത്തെയാണ് വാലസ് സ്വീകരിച്ചിട്ടുള്ളത്. സംഘടനയ്ക്കു വിചാരം, ഇച്ഛാശക്തി, സുഖം എന്നിങ്ങനെ മൂന്നു ഘടകങ്ങൾ ഇദ്ദേഹം നല്കുന്നു. ആദ്യത്തെ രണ്ടെണ്ണം മാത്രമേ ഇപ്പോൾ പ്രചാരത്തിലുള്ളു. ധനസമ്പാദനത്തിലുള്ള വ്യഗ്രത മൂലം സുഖം പ്രായേണ കുറഞ്ഞു വരികയാണ്.

സമുദായത്തിൽ മാററങ്ങൾ രണ്ടു വിധത്തിൽ സംഭവിക്കുന്നു എന്ന് പ്രൊഫസർ 'എൽഉഡ്'' പറയുന്നു. അവ, ഒന്ന് അറിഞ്ഞും മറേറത് അറിയാതേയും. താഴ്ന്ന സമുദായത്തിൽ ഉണ്ടായിട്ടുള്ള മാററങ്ങൾ മിക്കതും അറിയാതെ സംഭവിച്ചിട്ടുള്ളതാണ്. ചില സാമുദായികഭാവങ്ങൾ ഒരു തലമുറയിൽ കണ്ടത് അടുത്ത തലമുറയിൽ ഉപയോഗശൂന്യമായി വരുന്നു. അപ്പോൾ ആ ഭാവങ്ങളെ അനുകരിക്കാതിരിക്കുന്നു. ജനസംഖ്യയുടെ വൎദ്ധന, പുതിയ പരിതഃസ്ഥിതി മുതലായവ മാററത്തിനു കാരണങ്ങളാണ്.

ഏതെങ്കിലും ഒരു സാമുദായികരീതി ശരിയായി നടക്കുന്നില്ല എന്നു കാണുമ്പോൾ അതിനെ മാററാൻ ചിലർ മനഃപൂൎവ്വം ശ്രമിക്കുന്നു. ഉടൻ അതുസംബന്ധിച്ച ചർച്ച ആരംഭിക്കുന്നു. തൽഫലമായി ആ രീതിയിലുള്ള ദോഷങ്ങൾ മനസ്സിലാക്കി അതിനെ മാററാനുള്ള ആലോചന ആരംഭിക്കുകയും പുതുതായി ഉണ്ടാകുന്ന മാററം പൊതുവേ സ്വീകരിക്കപ്പെടുകയും ചെയ്യുന്നു.

ആധുനികപരിഷ്കാരത്തിൻെറ ഫലമായി വ്യക്തിസ്വാതന്ത്ര്യം കൂടുന്നതുകൊണ്ടു സമുദായനന്മയെ പരിഗണിക്കുന്നില്ല് എന്നും വ്യക്തിത്വത്തെ തീരെ നശിപ്പിക്കുന്ന ദോഷകരമായ സാമുദായികസ്ഥിതി അഭിവൃദ്ധിപ്പെട്ടുവരുന്നു എന്നും രണ്ട് ദോഷങ്ങൾ സംഭവിക്കാം. ഈ

ഘട്ടത്തിൽ വ്യക്തിക്ക് സാമുദായികബോധം ഉണ്ടാകാനും അതോടുകൂടി വ്യക്തിത്വത്തിന്റെ ശരിയായ മാത്രകയെ നിലനിർത്താനും ഉതകുന്ന ഒരു വിദ്യാഭ്യാസം അത്യന്താപേക്ഷിതമായിത്തീരുന്നു.

ഇപ്പോൾ ഒഴിച്ചുകൂടാൻ പാടില്ലാത്ത സാമുദായികപരിഷ്കാരങ്ങൾ മൂന്നാണ്. (1) സ്വാർത്ഥനിഷ്ഠമായ ദേശീയതയ്ക്കുപകരം നിസ്സ്വാർത്ഥമായ സാർവ്വജനീനത പുലർത്തുക. (2) ജഡവിജ്ഞാനത്തിനുപകരം ആദ്ധ്യാത്മികമായ പരിഷ്കാരം നടപ്പിൽ വരുത്തുക. (3) വ്യക്തിത്വബോധത്തെക്കാൾ സാമുദായികബോധം സുദൃഢമാക്കുക.

## 8

# പ്രായോഗികസാമുദായികശാസ്ത്രം

സമുദായശാസ്ത്രത്തെ എപ്രകാരം പ്രയോഗത്തിൽ വരുത്താൻ സാധിക്കും എന്നതിനെക്കുറിച്ച് ചർച്ചചെയ്യുന്നതാണ് പ്രായോഗികസാമുദായികശാസ്ത്രം. വസ്തുതകൾ, കാരണങ്ങൾ, തത്വങ്ങൾ ഇവയെല്ലാം കേവലസമുദായശാസ്ത്രത്തിലെ വിഷയങ്ങളാകുന്നു.

ഉദ്ദേശ്യത്തെപ്പററി പ്രതിപാദിക്കുന്നതാണ് പ്രായോഗികസമുദായശാസ്ത്രം. മനുഷ്യജീവിതരീതി നന്നാക്കാനുള്ള മാർഗ്ഗം നിർദ്ദേശിക്കുകയാണ് ഈ ശാസ്ത്രംചെയ്യുന്നത്. പ്രസ്തുത വിഷയത്തിൽ സ്മരണീയരായ ചിന്തകന്മാർ, ഹെൻഡേർസൻ, ബാർനെററ്, ററായിൻബി, റീസ്, ആഡംസ് മുതലായവരാണ്. പ്രായോഗികശാസ്ത്രത്തിലെ പ്രധാന വിഷയങ്ങളെപ്പററി താഴെ പ്രസ്താവിക്കാം.

ദാരിദ്ര്യം. യാചിക്കുക എന്നത് ഒരു തൊഴിലാക്കാൻ പാടില്ല. വിദ്യാഭ്യാസം മുതലായവകൊണ്ട് ഭിക്ഷാടനത്തിന്റെ ദോഷങ്ങളെയും സ്വാശ്രയശക്തി പുലർത്തുന്നതിന്റെ മാഹാത്മ്യത്തെയും കുറിച്ച് വ്യക്തിക്ക് ബോധം ഉണ്ടാക്കുകയും തദ്വാരാ വ്യക്തിക്ക് പരാശ്രയം കൂടാതെ ജീവിക്കാൻ ശക്തിവരുത്തുകയും ചെയ്യണം.

കുററം. കുററത്തെപ്പററിയുള്ള ചർച്ച അടുത്ത കാലത്ത് കൂടുതൽ പ്രയോഗികമായിത്തീർന്നിട്ടുണ്ട്. കുററങ്ങളെയും ശിക്ഷകളെയും പററി പഠിച്ച് ഗവേഷണം നടത്തി അതിമഹത്തായ ഒരു ഗ്രന്ഥം 'ബക്കേറിയ' (1735-1794) രചിച്ചിട്ടുണ്ട്. ഭയപ്പെടുത്തി കുററത്തെ അമർച്ചചെയ്യുന്നതും പക വീട്ടുന്നതും ദോഷകരമാണെന്ന് അദ്ദേഹം ശക്തിപൂർവം പ്രതിപാദിച്ചു. ശിക്ഷയുടെ ഉദ്ദേശ്യം കുററം ചെയ്തവരുടെ സ്വഭാവത്തെ സംസ്കരിച്ച് നന്നാക്കാനായിരിക്കണമെന്നുള്ള തത്വത്തെ യൂറോപ്പു മുഴുവൻ പ്രചരിപ്പിച്ചത് 'ബക്കേറിയ' ആണ്.

സാധാരണമായി കുററക്കാരെ സംസ്കരിച്ച് നന്നാക്കാമെന്നും അപ്രകാരം ചെയ്യേണ്ടത് രാഷ്ട്രത്തിന്റെ കടമയാണെന്നും കുററക്കാരെയും മനുഷ്യരായി ഗണിക്കണമെന്നും വിദ്യാഭ്യാസം, നിയന്ത്രണം, ജോലിചെയ്യിക്കുക മുതലായവകൊണ്ട് തടവുശിക്ഷ അനുഭവിക്കുന്നവരുടെ സ്വഭാവത്തെയും ശീലത്തേയും സംസ്കരിക്കാമെന്നും ആണ് ഇക്കാലത്ത് സ്വീകരിച്ചിട്ടുള്ള ശിക്ഷാതത്വങ്ങൾ. ചെറുപ്പത്തിൽതന്നെ വിദ്യാഭ്യാസംകൊണ്ട് മനുഷ്യനെ നന്നാക്കണമെന്നും പ്രായപൂർത്തിവരുന്നതിനു മുമ്പുതന്നെ സ്വഭാവം സംസ്കരിച്ച് രൂപവല്ക്കരിക്കേണ്ടതാണെന്നും പരീക്ഷണം കൊണ്ട് തെളിഞ്ഞിട്ടുണ്ട്.

മനുഷ്യൻ സാധാരണമായി കുററംചെയ്യാനുള്ള കാരണങ്ങൾ താഴെപ്പറയുന്നവയാണ്. (1) ഗൃഹത്തിൽ ശരി

യായ നിയന്ത്രണം ഇല്ലാതിരിക്കുക. ഏററവും പ്രധാന മായ കാരണം ഇതുതന്നെയാണ്. (2) പരമ്പരാഗതങ്ങളും പരിതഃസ്ഥിതികൊണ്ടു സിദ്ധിച്ചവയുമായ ദുർവ്വിചാരങ്ങൾ. (3) മാനസികമായ ന്യൂനത. ഈ ദോഷം പ്രലോഭനങ്ങൾക്കു വശംവദരാകാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു. (4) സ്മുദായത്തിൻെറ ഉദാസീനത. (5) സാമുദായികമായ അന്യായം. ഇതിൽനിന്നും വർഗ്ഗവിദ്വേഷം ഉണ്ടാകുന്നു. (6) സന്മാർഗ്ഗബോധരാഹിത്യവും മതത്തെപ്പററിയുള്ള അശ്രദ്ധയും.

ജോലി. ശിശുക്കളെക്കൊണ്ട് അമിതമായി ജോലി ചെയ്യിക്കുമ്പോൾ അവർക്ക് ആവശ്യമുള്ള ശാരീരികവും മാനസികവുമായ വികാസം ലഭിക്കുന്നില്ല. ഇതു വ്യക്തിക്കും സമുദായത്തിനും ഒരുപോലെ ഹാനികരമാണ്. സ്ത്രീകൾ ക്രമാതീതമായി ജോലി ചെയ്യുന്നതുകൊണ്ടും ഈ ദോഷം സംഭവിക്കുന്നു. കൂടാതെ അവർക്ക് ഗൃഹകാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കാൻ സൌകര്യം കിട്ടാതെവരുന്നു. ഇങ്ങനെ സമുദായത്തിൻെറ പ്രധാന്യമേറിയ അടിസ്ഥാനമായ കുടുംബം ശിഥിലമാകുന്നു. തൊഴിലാളികളും മുതലാളികളും ഒന്നുചേർന്ന് ഇതിന് ഒരു പരിഹാരം ഉണ്ടാക്കേണ്ടതു് ആവശ്യമാണ്.

കുടുംബം. ഒരു വികാസത്തിൻെറ ഫലമാണ് കുടുംബം. ആദിമകുടുംബം മാതാവിനേയും ശിശുവിനേയും മാത്രം കേന്ദ്രമാക്കിയിരുന്നു എന്നും ക്രമേണ പിതൃഭരണം വന്ന് കുടുംബത്തിൽ പുരുഷാധിപത്യവും പിതൃഗതമായ അവകാശവും സ്ഥാപിതമായി എന്നും അഭിപ്രായപ്പെടുന്നവരുണ്ട്. ആധുനികകാലത്തു സ്വാതന്ത്ര്യത്തിൻെറയും സമത്വത്തിൻേറയും പ്രേരണകൊണ്ട് കുടുംബത്തിൽ വലുതായ മാററങ്ങൾ സംഭവിച്ചിട്ടുണ്ട്.

'എംഗൽസ്' എന്ന ചിന്തകൻ കുടുംബത്തിന്റെ വരവുചിലവുകളെ സംബന്ധിച്ച ചില നിയമങ്ങൾ കണ്ടുപിടിക്കാൻ ശ്രമിച്ചു. (1) വരവു കുറവായിരിക്കുന്നതിനെ ആശ്രയിച്ച് ആഹാരച്ചിലവിന്റെ ശതമാനം കൂടുതലായിരിക്കും. (2) വസ്ത്രധാരണം വാടക മുതലായവ വരവനുസരിച്ചു മാറുന്നു. (3) വരവു കൂടുതലാകുന്തോറും അത്യാവശ്യങ്ങളല്ലാത്ത സുഖാനുഭവങ്ങൾക്കുള്ള ചിലവുകൾ വർദ്ധിക്കുന്നു.

ഭിന്നവർഗ്ഗങ്ങൾ. അനവധി വർഗ്ഗങ്ങൾ ഉള്ളതിൽ ചിലതു കൂടുതൽ പരിഷ്കാരം സിദ്ധിച്ചവയാകുന്നു. തന്മൂലം ഇതരവർഗ്ഗങ്ങളുമായി ഭിന്നത ഉണ്ടാകുന്നു. എന്നാൽ ഇതരവർഗ്ഗങ്ങൾക്കു പരിഷ്കാരം സിദ്ധിക്കുമ്പോൾ ഭിന്നത മാറുന്നു. ഇതുപോലെ തന്നെയാണ് അന്യരാജ്യങ്ങളിൽ നിന്നും വന്നു താമസിക്കുന്നവരുടെ അവസ്ഥയും. അവരോടു സഹോദരബുദ്ധ്യാ സമമായി പെരുമാറുകയും അവർക്ക് ജീവിക്കുന്നതിനു തുല്യസൌകര്യങ്ങൾ അനുവദിക്കുകയും ചെയ്താൽ അവരും ദേശവാസികളോട് സർവ്വഥാ യോജിച്ചുതന്നെ കഴിഞ്ഞുകൂടും. അവക്ക് താമസിക്കാനും വ്യക്തിത്വത്തെ വികസിപ്പിക്കുവാനും സകല സൌകര്യങ്ങളും നല്കേണ്ടതാണ്.

ആരോഗ്യരക്ഷ. ഒരു വൈദ്യന്റെ യഥാർത്ഥമായ കർത്തവ്യം സമുദായത്തിന്റെ സ്വാസ്ഥ്യം നിലനിറുത്തുക എന്നുള്ളതാണ്. അല്ലാതെ ദീനം പിടിപെട്ടതിൽ പിന്നീടു ചികിത്സിക്കുകയെന്നതല്ല. ഇന്നത്തെ പ്രായോഗികശാസ്ത്രം നിഷ്കർഷിക്കുന്നത് ആരോഗ്യരക്ഷയും രോഗനിവാരണവുമാണ്. സമുദായപരിഷ്കാരത്തിന്റെ പൂർണ്ണരൂപം സിദ്ധിക്കണമെങ്കിൽ വ്യക്തികളുടെ ആരോഗ്യപരമായ ആവശ്യങ്ങൾ മനസ്സിലാക്കി അവയെ നിറവേററുകയും ന്യൂനതകളെ കണ്ടുപിടിച്ചു പരിഹരിക്കുകയും ചെയ്യണം.

നാം വ്യക്തികളായിട്ടാണ് ജനിക്കുന്നത്. സമുദായത്തിൽ നമുക്കുള്ള സ്ഥാനം നേടിയിട്ട് നാം സമുദായാംഗങ്ങളായിത്തീരണം. ഇതിനെ സ്ഹായിക്കുന്നതുതന്നെയാണ് ഉത്തമമായ സാമുദായികപ്രവർത്തനം.

ഇതുവരെയുള്ള അനുഭവങ്ങളെ അടിസ്ഥാനമാക്കി സമുദായപരിഷ്കാരം സാധിക്കാൻ ശ്രമിക്കുകയാണ് പ്രായോഗികസമുദായശാസ്ത്രം കൊണ്ടു സാധിക്കുന്നത്.

# 9

# വിദ്യാഭ്യാസപരമായ സമുദായശാസ്ത്രം

പെസ്റ്റലോട്സി. (1746—1827) ഇന്നത്തെ വിദ്യാഭ്യാസതത്വങ്ങളുടെ പ്രധാനപ്രവർത്തകനായ ഈ മഹാൻ മനുഷ്യസമുദായത്തെ നിസ്സ്വാർത്ഥം സ്നേഹിച്ചിരുന്നു. ദരിദ്രന്മാരുമായി സഹവസിച്ച് അവരെ സഹായിക്കാനുള്ള താൽപര്യം ഇദ്ദേഹത്തിന് സീമാതീതമായിരുന്നു. എത്ര ദരിദ്രയായാലും സ്വഭാവഗുണമുള്ള ഒരു സ്ത്രീയുടെ കൃത്യം ഗൌരവമേറിയതാണെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. സ്ത്രീകളുടെ പ്രധാനകർത്തവ്യം സന്താനങ്ങളെ പഠിപ്പിക്കുകയും കുടുംബകൃത്യങ്ങൾ ശരിയായി നിർവഹിക്കുകയുമാണ്. അയൽവാസികളോടും സമുദായത്തോടും അവർക്കു ചില കടമകൾ ഉണ്ട്. അവരുടെ സൽപ്രവൃത്തികൾ അന്യർക്കും ഉൽകൃഷ്ടമായ പ്രേരണ നല്കണം. തന്മൂലം അവരെ അനുകരിക്കാൻ ആളുകൾ കൂടും.

പെസ്റ്റലോട്സി ദരിദ്രരെ മാത്രമല്ല ശിശുക്കളേയും സങ്കടമനുഭവിക്കുന്ന സകലരേയും ഒരുപോലെ സ്നേഹിച്ചിരുന്നു. സാധുക്കൾക്കുവേണ്ടി അദ്ദേഹം ഒരു വ്യവസായവിദ്യാലയം സ്ഥാപിച്ചു. അനേകം ചുമതലകൾ വഹിക്കേണ്ടിയിരുന്ന ദരിദ്രന്മാർക്ക് ഉന്നതിക്കു വഴിയില്ലെന്നു കണ്ടു് അതിലേക്കു വിദ്യാഭ്യാസപരമായ വ്യവസ്ഥകൾ ആവശ്യമെന്നു തോന്നിയാണ് അദ്ദേഹം ഇപ്രകാരം പ്രവൎത്തിച്ചത്. മനുഷ്യശക്തികളെയെല്ലാം തുല്യമായി വികസിപ്പിക്കണമെന്നും വ്യക്തിത്വത്തിൻെറ നാനാമുഖങ്ങളേ പുഷ്ടിപ്പെടുത്തണമെന്നും ആയിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. ഈ കാൎയ്യസാദ്ധ്യത്തിനു സകലൎക്കും ഒരുപോലെ ആവശ്യമുള്ള സൎവ്വപ്രധാനമായ സമ്പത്ത് വിദ്യ തന്നെയാണ്. ദരിദ്രബാലന്മാരെ മററുകുട്ടികളോടു ചേൎത്തു വിദ്യാഭ്യാസം ചെയ്യിക്കുന്ന കാൎയ്യത്തിൽ അദ്ദേഹം പ്രത്യേകം നിഷ്കൎഷിച്ചു.

ഫ്രേബൽ (1782—1852) കിൻറർഗാർഡൻ രീതി സ്ഥാപിച്ച മഹാൻ ഇദ്ദേഹമാണ്. ശിശുക്കൾ ഉദ്യാനത്തിലെ ചെടികളാണെന്ന് ഇദ്ദേഹം പ്രസ്താവിക്കുന്നു. ശൈശവകാലം തന്നെയാണ് വിദ്യാഭ്യാസത്തിന് ഉപയുക്തമായ സമയം. വിനോദങ്ങളിൽക്കൂടി കുട്ടികളെ വിദ്യ അഭ്യസിപ്പിക്കാൻ സാധിക്കും എന്ന് ഇദ്ദേഹം ഉപദേശിക്കുകയും പ്രസ്തുതപദ്ധതി നടപ്പിൽവരുത്താൻ യത്നിക്കുകയും ചെയ്തു. ശിശുക്കളുടെ താൽപൎയ്യങ്ങളെപ്പററി ശരിയായി മനസ്സിലാക്കിയിരുന്ന ഫ്രേബലിൻെറ പ്രധാനതത്വം സാമുദായികവാസനകളെ ഉദ്ദീപിപ്പിച്ച് ശിശുക്കളെ പഠിപ്പിക്കണമെന്നായിരുന്നു.

മാൻ. (1796—1859) ഇദ്ദേഹത്തിൻെറ നിൎദ്ദേശങ്ങൾ താഴെക്കാണുന്നവയാണ്. വിദ്യാഭ്യാസം പരസ്യമായി നടത്തണം. സകലൎക്കും ഒരുപോലെ പ്രദാനം

ചെയ്യേണ്ട ഒന്നാണത്. കുടുംബങ്ങളെ ശരിയായി പരിപാലിക്കുന്നതിനും സഹകരണപരമായി സാമുദായികജീവിതം നയിക്കുന്നതിനും ജീവിതത്തിലെ ഓരോ പ്രവൃത്തിയും സ്വദേശനന്മയെ മുൻനിർത്തിമാത്രം ചെയ്യുന്നതിനും വിദ്യാഭ്യാസം ആവശ്യമാണ്. പൊതുവിദ്യാലയങ്ങൾ രാജ്യരക്ഷയ്ക്ക് സമുചിതങ്ങളായ ദുർഗ്ഗങ്ങളാണ്. വിദ്യാഭ്യാസം കൊണ്ട് യഥാർത്ഥമായ ഈശ്വരവിശ്വാസത്തെ പോഷിപ്പിക്കണം. അദ്ധ്യാപകന്മാർക്ക് അദ്ധ്യയനവിഷയത്തിൽ പ്രത്യേകപരിശീലനം നടത്തേണ്ടതാണെന്ന് ഇദ്ദേഹം വാദിച്ചു. അതിൻെറ പ്രായോഗികപദ്ധതിയായിട്ടാണ് ഇദ്ദേഹം 'നാർമൽ ട്രെയിനിംഗ് പദ്ധതി' സ്ഥാപിച്ചത്.

വിദ്യാഭ്യാസത്തെക്കുറിച്ച് ഇദ്ദേഹത്തിൻെറ ഉൽകൃഷ്ടചിന്തകൾ സ്മരണീയങ്ങളാണ്. "മനുഷ്യസമുദായത്തിനുവേണ്ടി എന്തെങ്കിലും നേടാതെ മരിക്കുന്നത് ലജ്ജാവഹമാണെന്നു കരുതണം", എന്ന് ഒരിടത്ത് അദ്ദേഹം പറയുന്നുണ്ട്.

തുല്യമായ വിചാരങ്ങളും വികാരങ്ങളും ഭാവങ്ങളും ഉൽഭവിപ്പിക്കുന്നതെല്ലാം വിദ്യാഭ്യാസം തന്നെ. സമുദായത്തിൽ യോഗ്യമായി പെരുമാറത്തക്കവണ്ണം ആളുകളെ അഭ്യസിപ്പിക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യം. അതിനാൽ സമുദായത്തിന്റെ ഒരു പ്രതിബിംബമായിരിക്കണം വിദ്യാലയം. സമുദായനിയന്ത്രണം കൊണ്ടു സാധിക്കേണ്ടത് പൊതുവായ ഒരു മാനസികരീതി വരുത്തുകയാണ്. അത് പ്രമേയങ്ങൾ, സംഭവങ്ങൾ, പ്രവൃത്തികൾ മുതലായവയെ ഒരേ വിധത്തിൽ മനസ്സിലാക്കാനുള്ള മാർഗ്ഗവും ആയിരിക്കണം. വ്യക്തിയുടെ വിജയം അഥവാ ഉന്നതി മാത്രമായിരുന്നു ഒരു കാലത്തു വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം. എന്നാൽ യഥാർത്ഥത്തിൽ അതല്ല

വേണ്ടതെന്നു് ഇപ്പോൾ മനസ്സിലായിത്തുടങ്ങിയിരിക്കുന്നു. വ്യക്തിക്ക് സമുദായത്തോടുള്ള കർത്തവ്യം മനസ്സിലാക്കി അതിനെ പരിപാലിക്കാൻ സഹായിക്കുന്ന ഒരു മാതൃകാ പഠനമായിരിക്കണം വിദ്യാഭ്യാസം. സാമുദായികമായ കർത്തവ്യത്തിൽ സാന്മാർഗ്ഗികമായ യോഗ്യതയാണ് ശ്രദ്ധേയമായിട്ടുള്ളത്. ചരിത്രം പഠിക്കുന്നവർ സംഭവങ്ങളെപ്പററി മാത്രം ഗ്രഹിച്ചതുകൊണ്ടു് കാര്യമില്ല. ഓരോ്.കാലത്തിൽ ഓരോ സംഭവങ്ങൾ നടന്നു എന്നു നാം ഗ്രഹിച്ചതുകൊണ്ടു് സംസ്കാരത്തിനു വഴിയില്ല. നേരേമറിച്ച് അവയിൽക്കൂടി സാമുദായികമായ പുരോഗമനത്തെ അഥവാ സംസ്കാരത്തിൻെറ ക്രമവികാസത്തെ ശരിയായി മനസ്സിലാക്കുകയാണ് ഉത്തമമാർഗ്ഗം.

# 10

# സാമുദായികശാസ്ത്രത്തിലെ ഗവേഷണപദ്ധതി

1. <u>പ്രാഗംവൈജ്ഞാനികം.</u> സാമുദായത്തെപ്പററി പഴഞ്ചൊല്ലുകൾ നടപ്പിൽവരുത്തിയ പ്രാചീനന്മാർ പല പ്രാവശ്യം സത്യമെന്നു അറിഞ്ഞിട്ടുള്ളതിനേയും ശ്രവിച്ചിട്ടുള്ളതിനേയും രേഖപ്പെടുത്തുകയാണു ചെയ്തിട്ടുള്ളത്. അവ കാലക്രമേണ സമുദായത്തിൽ സംക്രമിച്ച് രൂഢമൂലങ്ങളായിത്തീർന്നു. എന്നാൽ അവരുടെ ആശയങ്ങളിൽ ഭ്രമങ്ങളും പ്രമാദങ്ങളും കടന്നുകൂടാതിരുന്നില്ല.

സാർവ്വജനീനമായ ഒരു ദൃഷ്ടിയെ അവലംബിച്ച് ജീവിതത്തെ വീക്ഷിച്ചിരുന്ന സമുദായശാസ്ത്രജ്ഞന്മാരിൽ പ്ലേറേറാവും അരിസ്റ്റട്ടിലും സ്മരണീയരാണ്. പ്ലേറേറാ

തത്വജ്ഞാനിയും ആദർശവാദിയും ആയിരുന്നതിനാൽ ആ ദൃഷ്ടിയിൽക്കൂടിയാണ് സമുദായത്തെ ചർച്ചചെയ്തത്. അരിസ്റ്റോട്ടിൽ പ്രത്യക്ഷവാദിയും വൈജ്ഞാനികനും ആയിരുന്നു. അതുകൊണ്ട് സ്ഥിതിഗതികൾ അനുസരിച്ചുമാത്രം സമുദായത്തെ നിരൂപണംചെയ്തു.

'സർ തോമസ് മൂർ' വിഖ്യാതമായ 'ഉതോപ്പിയ' എന്ന ഒരു ഗ്രന്ഥം രചിച്ചു. ഇതിൽ തൽകാല മാതൃകകൾക്ക് ഉപരിയായ ഒരു ആദർശത്തിനു മുൻഗണന നല്കി. കല്പനാശക്തിയിൽനിന്നും ഉദ്ഭൂതമാകുന്ന ഇത്തരംആദർശം കൊണ്ട് വലിയ പ്രയോജനമില്ല. എങ്കിലും സങ്കുചിതമായ ബുദ്ധിയെ അകററി ഉന്നതമായ ഒരു വീക്ഷണഗതി നല്കാൻ ഇത് ഉപകരിക്കുന്നു.

ക്രിസ്ത്വാബ്ദം പതിനേഴും പതിനെട്ടും ശതാബ്ദങ്ങളിൽ വ്യക്തികൾക്ക് ജനനാൽതന്നെ ചില അവകാശങ്ങൾ ഉണ്ട് എന്നുള്ള വാദത്തെ അടിസ്ഥാനപ്പെടുത്തി ചിലർ സമുദായശാസ്ത്രത്തെ വ്യാഖ്യാനിക്കാൻ ശ്രമിച്ചു. ഇവരിൽ ചിലർ 'സമുദായ ഉടമ്പടിവാദം' എന്ന ഒരു പുതിയ വാദത്തെ പ്രചരിപ്പിച്ചു. സമുദായഉടമ്പടിവാദത്തിന്റെ ഏകദേശരൂപം താഴപ്പറയുന്നതാണ്. അനിയന്ത്രിതരായിക്കഴിഞ്ഞ വ്യക്തികളുടെ അവകാശസ്വാതന്ത്ര്യത്തെ സംരക്ഷണാർത്ഥം ഒരു നായകനിൽ സമർപ്പിച്ചു. നായകനും വ്യക്തികളും തമ്മിലുള്ള ഉടമ്പടിക്രമം മൂന്നുതരത്തിലുള്ള വാദമുഖങ്ങളെ അവലംബിക്കുന്നു. (1) ഹാബ്സിന്റെ തത്വം അനുസരിച്ച് നായകനിൽ വ്യക്തികളുടെ അവകാശങ്ങൾ അവരുടെ സമ്മതപ്രകാരം സമർപ്പിച്ചിരിക്കുന്നതുകൊണ്ട് വ്യക്തികളെ അപേക്ഷിച്ചു നായകൻ സ്വതന്ത്രനാണ്. അതായത് കരാറു നായകനെ ബന്ധിക്കുന്നില്ല എന്നു സാരം. (2) ലാക്കിന്റെ അഭിപ്രായപ്രകാരം വ്യക്തികളുടെ അവകാശം പുലർത്തുന്നതി

നം നിയന്ത്രിക്കുന്നതിനും വേണ്ടി ചുമതല വഹിക്കുന്ന നായകൻ വ്യക്തികളെപ്പോലെ കത്തവ്യങ്ങൾ നിവ്ഹിക്കുന്നതിന്ന നിർബന്ധിതനും ഉടമ്പടിക്കു വിധേയനുമാകുന്നു. (3) മൂന്നാമത്തെ വാദം പ്രചരിപ്പിച്ച റൂസോ പറയുന്നത് ഇപ്രകാരമാണ്. നായകൻ എന്നത് വ്യക്തികളുടെ അവകാശങ്ങളിൽ വ്യക്തികൾക്കു വേണ്ടി മേൽനോട്ടം വഹിക്കാൻ വ്യക്തികളാൽ നിയമിതനായ ഒരു പ്രതിനിധി മാത്രമാണ്.

2. വൈജ്ഞാനികസമുദായശാസ്ത്രം. സമുദായശാസ്ത്രത്തെ വൈജ്ഞാനികരൂപത്തിൽ ആദ്യമായി പ്രദശിപ്പിച്ചത് കാങ്ററ് ആയിരുന്നു. സമുദായത്തെ അവയവിയായി ഉപമിച്ച ചിന്തകന്മാരും പ്രസ്തുത ഉപമയെ തത്വമായി സ്ഥാപിക്കാൻ ശ്രമിക്കുകയാണുചെയ്തത്. അവർ സൃഷ്ടിച്ച സാങ്കേതികശബ്ദങ്ങൾ ഈ ശാസ്ത്രത്തിൻെറ ശരിയായ ജ്ഞാനത്തിനും വർളച്ചയ്ക്കും വിഘ്നമായിത്തന്നെ ഇരുന്നു. കല്പനാശക്തി, സ്വാഭിപ്രായം മുതലായവയിൽ സ്ഥാപിതമായ ഈ രീതി അവൈജ്ഞാനികമായിരുന്നു.

ഇതുവരെയുണ്ടായിട്ടുള്ള ചിന്തകന്മാരിൽ മനസ്തത്വപരമായി കൂടുതൽ യുക്തിയുക്തമായ വാദങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത് വാർഡാണ്. സമുദായം മാനസികഭാവമാണെന്നുള്ള വാർഡിൻെറ അഭിപ്രായം വൈജ്ഞാനികമായ സാമുദായശാസ്ത്രപ്രവത്തനത്തിനു കാരണമായിത്തീൎന്നു. ആധുനികസമുദായശാസ്ത്രത്തിൻെറ ബീജാവാപം ചെയ്തതു വാർഡാണെന്നു പറയാം.

സാമുദായികമായ സെൻസസ് കണക്ക് 'സെൻസസ് ശാസ്ത്രരീതി'യിൽ ആയിത്തീന്നതു 1820-ൽ ആണ്. 'കെററലെ' (1796—1875) എന്ന ചിന്തകനായിരുന്നു ഇതിൻെറ പ്രധാനപ്രവത്തകൻ. ഈ രീതി അദ്ദേഹം സമുദായശാസ്ത്രത്തിൽ വിനിവേശിപ്പിച്ചു. ഒരു മാതൃക നിർ

ദ്ദേശിച്ച് ആദർശജീവിതം നയിക്കേണ്ടതെങ്ങനെയാണെന്നു കാണിച്ചുകൊടുത്തതും ഇദ്ദേഹംതന്നെയായിരുന്നു. സാമുദായികസെൻസസ് എന്ന വിഷയത്തിൽ ഇദ്ദേഹത്തെ അനുഗമിച്ചത് 'ലെപ്ലേ' (1806-1882) ആയിരുന്നു. ഇദ്ദേഹം ഭൗതികവിജ്ഞാനത്തിലെ രീതികൾ സമുദായശാസ്ത്രത്തിൽ പ്രയോഗിക്കാൻ ശ്രമിച്ചു. വസ്തുതകൾ പരിശോധിച്ച് മനസ്സിലാക്കി അവയിൽനിന്നും പൊതുനിയമങ്ങൾ കണ്ടുപിടിക്കണമെന്ന് ഇദ്ദേഹം ഉദ്ബോധിപ്പിച്ചു. കുടുംബത്തിലെ ആയവ്യയക്കണക്ക് മനസ്സിലാക്കാൻ ഇദ്ദേഹം ചില കുടുംബങ്ങളിൽ താമസിച്ച് നേരിട്ടുതന്നെ ജനങ്ങളുടെ ജീവിതക്രമങ്ങളെ സൂക്ഷ്മമായി നിരീക്ഷണംചെയ്തു.

സമുദായശാസ്ത്രത്തിൽ ഈ സെൻസസ് രീതിക്ക് കൂടുതൽ പ്രചാരം വരുത്തിയത് ഗിഡിങ്സ് ആണ്. അതിനെത്തുടർന്ന് സാമുദായികസർവ്വേയും ആരംഭിച്ചു. ഈ സർവ്വേ സാമുദായികങ്ങളായ വരവുചിലവുകണക്ക് മുതലായവയേയും സൃഷ്ടിപരവും നാശകരവും ആയ ശക്തികളേയും പററി ഗവേഷണം ചെയ്യുന്നു. സാമുദായികശാസ്ത്രത്തിൽ ഇത് ഏററവും ഉപയോഗപ്രദമായ ഒരു പദ്ധതിയാണ്.

൧

Printed at The City Press, Trivandrum.

# ശുദ്ധിപത്രം

| പുറം | വരി | അശുദ്ധം | ശുദ്ധം |
|---|---|---|---|
| 7 | 4 | താമസിക്കുവർ | താമസിക്കുന്നവർ |
| 14 | 28 | സമുദായികബന്ധവും | സാമുദായികബന്ധവും |
| 19 | 14 | കാങ്ഗ്റേറ | കാങ്ഗ്ററ് |
| 24 | 5 | സുഹൃത്തുക്കൾ | സുഹൃത്തുകൾ |
| 28 | 22 | പരിതഃസ്ഥിതി | പരിതഃസ്ഥിതിയെ |
| 63 | 11 | നിഗ്രോ | നീഗ്രോ |
| 74 | 17 | മാത്രമായതുകൊണ്ട്. | മാത്രമായതുകൊണ്ട് |
| 75 | 11 | ചട്ടമായിതിരുകയും | ചട്ടമായിത്തീരുകയും |
| 93 | 11 | സാമുദായചിന്തയ്ക്കു് | സമുദായചിന്തയ്ക്കു് |
| 94 | 10 | കന്നചെന്നാൻ | കന്നചെന്നാൽ |
| 94 | 15 | ആറേബിയൻ | അറേബീയൻ |
| 95 | 8 | വ്യവച്ഛേത്" | വ്യവച്ഛേത്സീഃ" |
| 101 | 4 | പ്ലറേറാ | പ്ലേറേറാ |
| 101 | 9 | സ്ത്രീപുരുഭേദ | സ്ത്രീപുരുഷഭേദ |
| 109 | 11 | സാമുദായക | സാമുദായിക |
| 148 | 11 | ദൃഷ്ടിയിൽ | ദൃഷ്ടിയാൽ |
| 155 | 26 | (ബാൾഡ്")വിൻെറ | ബാൾഡ്വിൻെറ |
| 157 | 8 | സാന്മാർഗ്ഗബോധം | സന്മാർഗ്ഗബോധം |

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No M.330 Acc. No 11422

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 26 MAR 1993 | | |
| 20 NOV 1994 | | |
| 5 NOV 1995 | | |
| 24 MAY 1996 | | |

If the book is not returned on due date a fine of 10 (Ten) Ps. per day will be charged.

M330 11422

ശേഷാദ്രി അയ്യർ. പി

സമുദായശാസ്ത്രം

KOTTAYAM PUBLIC LIBRARY

Call No. M.330 Acc. No. 11422

Author. വേങ്കാദ്രി അയ്യർ. പി

Title. സമുദായശാസ്ത്രം